ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

മാടക്കത്തറ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസനരേഖ







# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# മാടക്കത്തറ ഗ്രാമപഞ്ചായത്ത്

# സമഗ്ര വികസനരേഖ

❑

**ചീഫ് എഡിറ്റർ**
ലിസ്സി വിൽസൺ

❑

**എഡിറ്റർ**
കെ.ഡി. അപ്പച്ചൻ

❑

**പത്രാധിപ സമിതി**
വി.എസ്.സത്യശീലൻ
കെ.കെ.രാഘവൻ മാസ്റ്റർ
എം.ഇ.രാജൻ
വി.എസ്.റോയ്
എം.ജി.ബാലകൃഷ്ണൻ
പി.എൻ.വിനോദൻ
ഡോ.സുധീഷ്കുമാർ
ടി.എം.ബിജു
കെ.കൃഷ്ണദാസ്
ഐ.എസ്.ഉമാദേവി
പി.എൻ.മാധവി
ടി.വി.ഗോപിഹാസൻ
എം.എം.അവറാച്ചൻ

❑

**മുഖ്യ സാങ്കേതികോപദേഷ്ടാവ്**
പ്രൊഫ: എം.എൻ. സുധാകരൻ

❑

**പ്രിന്റിങ്**
**മാർസ് കമ്മ്യൂണിക്കേഷൻസ്, തൃശ്ശൂർ. ✆ 336793**

# MAP OF KERALA



# MAP OF TRICHUR DISTRICT



# MADAKATHARA PANCHAYAT ADMINISTRATIVE MAP



## INDEX

- റോഡ് മെറ്റൽഡ്
- മെറ്റൽ ചെയ്യാത്തത്
- കനാൽ
- തോട്
- കുളങ്ങൾ ഡാം
- സ്പിന്നിങ്ങ് മിൽ

1. പഞ്ചായത്ത് ഓഫീസ്
2. വില്ലേജ് ഓഫീസ്
3. കൃഷിഭവൻ
4. പ്രാഥമികാരോഗ്യകേന്ദ്രം, കരുവാൻകാട്
5. ബ്ലോക്ക് പി.എച്ച്.സി.
6. കച്ചിത്തോട് ഡാം



**ലിസ്സി വിൽസൺ**
പ്രസിഡണ്ട്



**കെ.എ.സുരേന്ദ്രൻ**
വൈസ് പ്രസിഡണ്ട്



**പി.എൻ. സുലോചന**
സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർമാൻ

**ഭരണ സമിതി അംഗങ്ങൾ**

**എ.കെ. അച്യുതൻ**

**എം.ആർ. അരുൺ**

**ശശീധരൻ കള്ളാടത്തിൽ**

**എം.പി.സുമംഗലി**

**ശ്രീധരൻ വരടിയാട്ടിൽ**

**കുട്ടപ്പൻ ചാത്താട്ട്**

**ലീല തങ്കച്ചൻ**



**കെ.കെ. സുരേന്ദ്രൻ**
പ്രഥമ പ്രസിഡണ്ട്



**എം.എം.അവറാച്ചൻ**
മുൻ പ്രസിഡണ്ട്



**കെ.എസ്സ്.ഷംസദ് ബീഗം**
ഗ്രാമപഞ്ചായത്ത് സെക്രട്ടറി



**കെ.കെ. രാഘവൻ മാസ്റ്റർ**
വികസന സമിതി കൺവീനർ

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | ആമുഖം | | 11 |
| 2. | പഞ്ചായത്ത് പൊതുവിവരണം | | 13 |
| 3. | ഇന്നലെകളിലേക്ക് ഒരെത്തിനോട്ടം | | 14 |
| 4. | ഭൂപ്രകൃതി - ജനപ്രകൃതി | | 19 |
| 5. | സാമൂഹ്യസാമ്പത്തിക മേഖലകൾ | | |
| | 5.1 | കൃഷിയും ജലസേചനവും | 33 |
| | 5.2 | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 49 |
| | 5.3 | വ്യവസായം | 53 |
| | 5.4 | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 59 |
| | 5.5 | വിദ്യാഭ്യാസം | 71 |
| | 5.6 | കുടിവെള്ളവും, പൊതുജനാരോഗ്യവും | 82 |
| | 5.7 | പാർപ്പിടവും സാമൂഹ്യക്ഷേമവും | 88 |
| | 5.8 | സംസ്ക്കാരം | 99 |
| | 5.9 | വനിത | 105 |
| | 5.10 | സഹകരണം | 109 |
| | 5.11 | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 114 |
| | 5.12 | വിഭവസമാഹരണം | 117 |

# 1 ആമുഖം

കച്ചവടത്തിനു വന്ന ബ്രിട്ടീഷുകാർ രാജ്യഭരണം കൈയടക്കിയപ്പോൾ തങ്ങളുടെ ആധിപത്യം ഉറപ്പിക്കുന്നതിന് സഹായകമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി. 1947 കൊളോണിയൽ ഭരണമവസാനിച്ചതു മുതൽ ആസൂത്രണത്തെ സംബന്ധിച്ച് ദേശീയ നേതാക്കൾ കൂലംകഷമായ ചർച്ചകൾ നടത്തിയതിന്റെ ഫലമായാണ് 1951ൽ പഞ്ചവൽസരപദ്ധതികൾക്ക് രൂപം നൽകിയത്. കാർഷിക രാജ്യമായ ഇന്ത്യയുടെ വളർച്ച ഗ്രാമങ്ങളിലാണെന്ന് മനസ്സിലാക്കി അതിനനുസൃതമായ പദ്ധതികൾക്ക് ഒന്നാം പദ്ധതിയിൽ തന്നെ രൂപ രേഖ തയ്യാറാവുകയും ചെയ്തു.

കാർഷിക വ്യാവസായിക മേഖലയിൽ ഉന്നതവളർച്ചാ നിരക്ക് ലക്ഷ്യമിട്ട പദ്ധതികൾ ജനപങ്കാളിത്തമില്ലായ്മ മൂലം പ്രതീക്ഷിത വിജയത്തിലേക്കെത്തിയില്ല.

ഇതിനകം എട്ടു പഞ്ചവൽസര പദ്ധതികളും ഇടക്കാലത്ത് വാർഷിക പദ്ധതികളും വഴി നാം നേടിയ പുരോഗതി കുറച്ചു കാണാനാവില്ല. എന്നാൽ പദ്ധതി വിഹിതങ്ങൾ പലതും എത്തേണ്ടിടത്ത് എത്തിയില്ല എന്ന വസ്തുത കാണാതിരുന്നുകൂടാ. ആസൂത്രണം അടിത്തട്ടിൽ നിന്നായിരുന്നില്ല നിർണ്ണയിച്ചിരുന്നത്. അതിനാൽ ആസൂത്രണത്തിന്റേയും നടത്തിപ്പിന്റേയും പിന്നിൽ ഇട നിലക്കാർക്ക് യഥേഷ്ടം വിലസാൻ അവസരം സൃഷ്ടിക്കപ്പെട്ടു. അധികാരം ജനങ്ങളിലേക്ക് എന്ന ആശയം പ്രാവർത്തി കമാക്കാൻ ഭരണഘടനാ ഭേദഗതി പോലും വേണ്ടിവന്നു. സ്വതന്ത്രഭാരതത്തിന് നിരവധി മാതൃക പകർന്നു നല്കുന്നതിൽ എക്കാലത്തും ശ്രദ്ധിക്കപ്പെട്ട കേരളം ആസൂത്രണത്തിൽ ഒരു പുത്തൻ പന്ഥാവ് വെട്ടിത്തുറന്നിരിക്കുകയാണ്. 9-ാം പദ്ധതിയുടെ കരട് രൂപരേഖ തയ്യാറാക്കുന്നതിന് ജനങ്ങൾക്ക് അധികാരം കൈമാറി എന്നതാണ് 1996 സെപ്റ്റംബർ പകുതിയോടെ ആരംഭിച്ച കേരളത്തിലെ ഗ്രാമസഭകളിൽ മുഴങ്ങി കേട്ടത്.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി കേരളത്തിലെ 25 പഞ്ചായത്തുകളിൽ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തിയ വിഭവ ഭൂപട നിർമ്മാണത്തിന് 1991ൽ മാടക്കത്തറ പഞ്ചായത്ത് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ഭൗമശാസ്ത്രപഠന കേന്ദ്രം, കേരള ഭൂവിനിയോഗ ബോർഡ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിഭവ ഭൂപടം നിർമ്മിച്ചപ്പോൾ ആസൂത്രണത്തിന് വിഭവ ഭൂപടം മാത്രം മതിയാവുകയില്ല എന്ന് ബോദ്ധ്യമാവുകയും സാമൂഹ്യസാമ്പത്തിക സർവേ സംഘടിപ്പിക്കുകയും ചെയ്തു.

വിഭവഭൂപടം, സാമൂഹ്യ സാമ്പത്തിക സർവ്വേയിൽ കണ്ടെത്തിയ വിവരങ്ങൾ, എന്നിവ ശാസ്ത്രീയമായി വിലയിരുത്തി സാമൂഹ്യ രാഷ്ട്രീയ സന്നദ്ധ പ്രവർത്തകരുടെ യോഗം 29.5.1996ന് പഞ്ചായത്തിൽ ചേർന്ന് പഞ്ചായത്ത് വികസന സമിതി രൂപീകരിക്കുന്നതിന്റെ സാധ്യതകൾ ചർച്ച ചെയ്തു. അതിനായുള്ള നിയമാവലി തയ്യാറാക്കി, 1996 ജൂൺ 5-ാം തിയ്യതി 211-ാം നമ്പ്രായി മാടക്കത്തറ പഞ്ചായത്ത് വികസന സമിതി 1955 ലെ 12-ാമത് തിരുകൊച്ചി സാഹിത്യശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രാക്കൽ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്തു. ഇതിനകം ജനകീയാസൂത്രണപദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്ത് മാടക്കത്തറ ഉൾപ്പെടെ 5 പഞ്ചായത്തുകളെ സി.ഡി.എസും ( Centre for Development studies ) കേരളാ ശാസ്ത്ര സാഹിത്യപരിഷത്തും ചേർന്ന സംയുക്ത പ്രോജക്ടിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണത്തിന് ദ്വിതീയ വിവരശേഖരം കൂടി അവശ്യം ആവശ്യമാണെന്ന ബോധ്യം 1996 ജൂലായ് 16,17,18 തീയതികളിൽ താണിക്കുടം സ്കൂളിൽ വെച്ചു നടന്ന സംസ്ഥാന തല ത്രിദിന ശില്പശാലയാണ് രൂപപ്പെട്ടത്. ഈ ശില്പശാലയാണ് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാനശിലയായി വർത്തിച്ചതെന്നു കരുതുന്നതിൽ തെറ്റില്ല.

വികസന സമിതിയുടെ ആദ്യപ്രവർത്തനം കേന്ദ്രീകരിച്ചത് വിദ്യാഭ്യാസം, ആരോഗ്യം, മണ്ണ്-ജലസംരക്ഷണം എന്നീ മേഖലകളിലാണ്. ഈ പ്രവർത്തനത്തിന് പഞ്ചായത്ത് തലത്തിൽ മൂന്ന്

ഉപസമിതികൾ രൂപീകരിച്ചു.

വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് സ്കൂൾ കോംപ്ലക്സ് സമിതി 31.6.96ന് രൂപീകരിച്ചു. ടെസ്റ്റ് നടത്തിത അവശ്യം നേടേണ്ട നിലവാരമില്ലെന്നു കണ്ടെത്തിയ വിദ്യാർത്ഥികളുടെ പഠന പ്രോത്സാഹനത്തനാവശ്യമായ മോഡ്യൂളുകളും പഠനോപകരണങ്ങളും തയ്യാറാക്കി സ്കൂളുകൾക്ക് നല്കി.

പഞ്ചായത്തിൽ നീരൊഴുക്ക് സർവ്വേ പൂർത്തീകരിച്ച് 50 ലക്ഷം രൂപയുടെ ഒരു പദ്ധതി നീർത്തട വികസന പദ്ധതി കപാർട്ടിന് (CAPART) സമർപ്പിച്ചിട്ടുണ്ട്.

വികസന സമിതിയുടെ ആഭിമുഖ്യത്തിൽ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ പഠിക്കുന്നതിന് 'പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ അറിയുക' എന്ന പരിപാടിയുടെ ഭാഗമായി ജനപ്രതിനിധികളും സന്നദ്ധപ്രവർത്തകരും പി.എച്ച്. സി.കൾ സന്ദർശിച്ചു.

ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കാൻ ഗ്രാമസഭകൾക്കു മുന്നോടിയായി 14.9.96ന് പഞ്ചായത്തിൽ പരിശീലനം നടന്നു. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിക്കായുള്ള വിശേഷാൽ ഗ്രാമസഭകളുടെ പഞ്ചായത്ത തല ഉത്ഘാടനം 15.9.96ന് 3-ാം വാർഡിലെ ബോസ്ക്കോ നഗറിൽ നടന്നു. 29.9.96ന് എല്ലാ വാർഡു ഗ്രാമസഭകളും സംഘടിപ്പിച്ചു. പഞ്ചായത്തിലാകെ ഗ്രാമസഭകളിൽ പങ്കെടുത്തത് 1385 പേരാണ്? ഏറ്റവും കൂടുതൽ ജനകീയ പങ്കാളിത്താ 236 പേർ പങ്കെടുത്ത 8ാം വാർഡിലായിരുന്നു.

ഗ്രാമസഭകളിൽ മുഖരിതമായത് തീവ്രമായ ജനവികാരങ്ങളായിരുന്നു. നാട്ടറിവുകളുടെ സമ്മേളനം കൂടിയായി പരിണമിച്ചു. ഗ്രാമസഭകളോരൊന്നും. ലാഘവ ബുദ്ധിയോടെ ഒരു ഗ്രാമസഭയിലും ഒരു വിഷയവും ചർച്ച ചെയ്യപ്പെട്ടിട്ടില്ല എന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടിൻെറ ക്രോഡീകരണവും ദ്വിതീയ വിവരശേഖരണവും സംബന്ധിച്ച് 13.10.96ന് തെരഞ്ഞെടുക്കപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ട് ഏകദിനശില്പശാല നടത്തി. ശില്പശാലയിൽ വെച്ച് 20 പേരടങ്ങുന്ന കോർ ഗ്രൂപ്പിനെ തെരഞ്ഞെടുത്തു. പ്രസ്തുത കോർ ഗ്രൂപ്പിൻെറ നേതൃത്വത്തിൽ 14.10.96 മുതൽ 31.10.96 വരെ ശരാശരി 18 സന്നദ്ധ പ്രവർത്തകരുടെ 324 പ്രവൃത്തിദിനങ്ങളുടെ അദ്ധ്വാനം ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

30.10.96ന് പഞ്ചായത്ത് കമ്മിറ്റി വായിച്ച് അംഗീകരിച്ച റിപ്പോർട്ട് പഞ്ചായത്തിൻെറ സമഗ്ര വികസന രേഖയായി മാറുകയാണ്. നാളെയുടെ പരിവർത്തനത്തിൻെറ രഥം നയിക്കാൻ നാമോരുത്തർക്കും ആത്മാർത്ഥമായി പരിശ്രമിക്കാം.

# 2 പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര് : മാടക്കത്തറ ഗ്രാമപഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജുകൾ : മാടക്കത്തറ, കുറിച്ചിക്കര, വെള്ളാനിക്കര

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ : മാടക്കത്തറ

ബ്ലോക്ക് പഞ്ചായത്ത് : ഒല്ലൂക്കര

താലൂക്ക് : തൃശ്ശൂർ

അസംബ്ലി മണ്ഡലം : ഒല്ലൂർ

വിസ്തീർണം : 25.04 ച. കി.മീറ്റർ

അതിരുകൾ

വടക്ക് : തെക്കുംകര പഞ്ചായത്ത്

കിഴക്ക് : പാണഞ്ചേരി പഞ്ചായത്ത്

തെക്ക് : ഒല്ലൂക്കര പഞ്ചായത്ത്

പടിഞ്ഞാറ് : വില്വട്ടം പഞ്ചായത്ത്, കിള്ളന്നൂർ പഞ്ചായത്ത്

ജനസംഖ്യ : 20,964 (1991 സെൻസസ്)

കുടുംബങ്ങൾ : 4,268 (1991 സെൻസസ്)

വാർഡുകൾ : 10

പ്രസിഡണ്ട് : ശ്രീമതി. ലില്ലി വിൻസന്റ്

വൈസ് പ്രസിഡണ്ട് : ശ്രീ. കെ.എ. സുരേന്ദ്രൻ

1969 ഒക്ടോബർ രണ്ടിനാണ് പഞ്ചായത്ത് രൂപീകൃതമാവുന്നത്. അന്ന് നിലവിലുണ്ടായിരുന്ന പാണഞ്ചേരി, വില്വട്ടം പഞ്ചായത്തുകളിൽ പെട്ടിരുന്ന പ്രദേശങ്ങൾ കൂട്ടിച്ചേർത്താണ്

[illegible] അക്ഷാംശം വടക്ക് 10°32'20", [illegible] 35'8" [illegible]

# 3 ഇന്നലെകളിലേക്ക് ഒരെത്തിനോട്ടം

സഹ്യപർവ്വത ശാഖയായ വെള്ളാനിമല കോട്ടയായ് വർത്തിക്കുന്ന താഴ്‌വരപ്രദേശമുൾക്കൊള്ളുന്ന മാടക്കത്തറയുടെ ഭൂതകാലശേഷിപ്പുകൾ തമിഴ് സംഘകാല കൃതികളിൽ വരെ എത്തി നില്ക്കുന്നു. പ്രാചീനകേരളത്തിന്റെ ഭൂമിശാസ്ത്രസാമൂഹ്യ പ്രത്യേകതകൾ സംഘകവികൾക്ക് വർണ്ണനാ വിഷയങ്ങളായിരുന്നു. കുറിഞ്ചി (മല) മുല്ല (കാട്) പാല (വരണ്ട പ്രദേശം) മരുതം (കാർഷികമേഖല) നെയ്തൽ (കടലോരം) എന്ന ഐന്തിണകൾ അഥവാ അഞ്ചുതരം ഭൂമണ്ഡലങ്ങളായി ഭൂപ്രദേശത്തെ തരം തിരിച്ചിരുന്നതായി പ്രസ്തുത കൃതികൾ വ്യക്തമാക്കുന്നു. ഇവ സ്ഥല നാമ ഉത്ഭവത്തിലേക്ക് വെളിച്ചം വീശുന്ന അനേകം ചരിത്ര സൂചനകൾ പ്രദാനം ചെയ്യുന്നുണ്ട്.

സംഘം കൃതികളിലെ കുറിഞ്ചിപ്പാട്ടിൽ മാടക്കത്തറ എന്ന സ്ഥലനാമത്തിനാധാരമായ സൂചനകളുള്ളതായി കാണുന്നു. വനപ്രദേശ സ്ഥലനാമങ്ങൾക്കു ഹേതുവായ 'മുല്ലൈത്തിണ' യിൽ നിന്നാണ് 'മാടം' എന്ന വാക്കിന്റെ ഉത്ഭവം. കൃഷി നശിപ്പിക്കുന്ന വന്യമൃഗങ്ങളെ ആട്ടിയോടിക്കാൻ മരത്തിന്റെ മുകളിൽ ഏറുമാടങ്ങൾ കെട്ടി കാവലിരിക്കുക പതിവായിരുന്നുവെന്ന് കുറിഞ്ചിപ്പാട്ട് വ്യക്തമാക്കുന്നു. കുറിഞ്ചി എന്ന വാക്കിന്റെ അർത്ഥം മല എന്നാണ്. മലയുടെ താഴ്‌വര പ്രദേശ നാമത്തിന് നിദാനമായ കുറിഞ്ചി 'കുറിച്ചി' എന്ന് പരിണമിച്ചാണ് 'കുറിച്ചിക്കര' എന്ന പേര് പിറവിയെടുത്തത്. 85 വർഷം മുമ്പുള്ള സർവ്വേ ആന്റ് സെറ്റിൽമെന്റ് രജിസ്റ്ററിൽ തൃശൂരിൽ നിന്നും എട്ടു കിലോമീറ്റർ വടക്കുകിഴക്കുള്ള ഒരു വില്ലേജിന്റെ പേര് കുറിച്ചിക്കര എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. നിബിഡവന പ്രദേശമായതിനാൽ വന്യമൃഗങ്ങളുടെ രൂക്ഷമായ ശല്യവും ഉണ്ടായിരുന്നതായും അതിൽ പ്രതിപാദിച്ചിരുന്നു.

കുറിച്ചിക്കര (പൊങ്ങണംകാട് മാറ്റാംപുറം ഭാഗം)ക്കു കിഴക്കു പ്രദേശങ്ങളിലേയും ചുറ്റുപാടുമുള്ള വിശാലമായ കൃഷിയിടങ്ങളുടേയും സംരക്ഷണത്തിന് അനേകം 'പരണുകൾ' (ഏറുമാടങ്ങൾ) ഹിംസ്ര മൃഗശല്യത്തെ ചെറുക്കുന്നതിന് കെട്ടിയുണ്ടാക്കിയിരിക്കാനുള്ള സാധ്യത സുവ്യക്തമാണ്. ഇങ്ങിനെയുള്ള മാടങ്ങളുടെ കേന്ദ്രം പിന്നീട് ലോപിച്ചോ കൂട്ടിച്ചേർത്തോ മാടക്കത്തറ ആയി രൂപാന്തരം പ്രാപിച്ചിരിക്കാനിടയുണ്ട്. മാടങ്ങളുടെ തറ എന്ന സംജ്ഞയുടെ ഉത്ഭവത്തിന് ഉപോൽബലകമായി മാടമാണ് അടിസ്ഥാനമെന്ന് കരുതുന്നതാണുചിതം.

1087 അടി ഉയരമുള്ള വെള്ളാനിമല (വെള്ളാനിമുടി, വെള്ളാനിപ്പച്ച) ചരിത്രാന്വേഷകർക്ക് ഇന്നും ഒരു പ്രഹേളികയാണ്. വെള്ളാനിമലയുടെ ഏറ്റവും ഉയരമാർന്ന കരടിക്കൂമ്പ് എന്ന് നാട്ടുകാർ വിശേഷിപ്പിക്കുന്ന ഗിരിശീർഷത്തിന് അല്പം കിഴക്കുമാറി വിസ്തൃതമായ ചതുരക്കുളവും കോട്ടയും കിടങ്ങും വനനിബിഡതയിൽ ഇന്നും ചരിത്രാവശിഷ്ടങ്ങളായി നിലനിൽക്കുന്നു. 'ബാണൻ കോട്ട' എന്നും 'കുതിരാൻ കോട്ട' എന്നും രണ്ടു പക്ഷമുണ്ട്. ബാണൻ കോട്ട എന്നതിനാണ് കൂടുതൽ പ്രസക്തി കാണുന്നത്. വെള്ളാനിയുടെ തെക്കു പ്രദേശ താഴ്‌വരക്കു പാണഞ്ചേരി എന്നു പേരുണ്ടാവാൻ ബാണൻ എന്ന സംജ്ഞ വഴിയൊരുക്കിയെന്നു കരുതാവുന്നതാണ്. എന്നാൽ വ്യക്തമായ ചരിത്രരേഖകളൊന്നുമില്ല എന്ന് 1932ൽ പ്രസിദ്ധീകൃതമായ 'പ്രോഗ്രസ്സ് ഓഫ് കൊച്ചിൻ' എന്ന ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. വെള്ളാനിമലയുടെ താഴ്‌വരയെ വെള്ളാനിക്കര എന്ന നാമധേയത്താൽ വിളിക്കപ്പെടാനിടയായി എന്നു കരുതുന്നതിൽ സന്ദേഹിക്കേണ്ടതില്ല.

ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്ര സൃഷ്ടാക്കളായ ഒരു കൂട്ടം യുവ ദേശാഭിമാനികളെക്കൊണ്ട് മാടക്കത്തറ ഗ്രാമം ധന്യമായിട്ടുണ്ട്. 1919ൽ തന്നെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു കമ്മിറ്റി തൃശൂരിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. നിയമലംഘനപ്രക്ഷോഭണവും നിസ്സഹകരണ പ്രസ്ഥാനവും ശക്തിപ്പെട്ട ഇരുപതുകളിൽ തന്നെ മാടക്കത്തറയിലും ദേശീയാവബോധത്തിന്റെ ബീജാവാപം നടന്നിരുന്നു. സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ തീവ്ര ചിന്തകൾ പ്രസ്ഥാന രൂപമാക്കി വളർത്തുന്നതിന് നേതൃത്വം നൽകിയത് കെ.എ. ഗോവിന്ദൻ എഴുത്തച്ഛൻ (അപ്പുമാസ്റ്റർ) പൂക്കാടൻ നാരായ

ണൻ, സി.കെ.കൃഷ്ണൻ, കെ.എ.ദാമോദരൻ മാസ്റ്റർ, തൃപ്രാക്കൽ ചാത്തു തുടങ്ങിയവരായിരുന്നു. 1927ൽ മദ്രാസിൽ വെച്ചു നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ വൊളണ്ടിയറായി കെ. എ. ഗോവിന്ദൻഎഴുത്തച്ഛൻ അക്കാലത്ത് പങ്കെടുത്തിട്ടുണ്ട് എന്നത് ദേശീയ പ്രസ്ഥാനത്തിൻെറ വളർച്ചയുടെ അടയാളമായി കാണാവുന്നതാണ്.

ക്വിറ്റ് ഇന്ത്യ പ്രക്ഷോഭം ആരംഭിച്ച 1942 കാലയളവിൽ ഇ.എൻ. നീലകണ്ഠൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ഹിന്ദിപ്ര ചാരണ ക്ലാസ്സുകൾ മാടക്കത്തറ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുകയുണ്ടായി. ദേശീയ ബോധത്തിൻെറ വികാസത്തിന് അദ്ദേഹത്തിൻെറ സംഭാവനകൾ വിലമതിക്കത്തക്കതായിരുന്നു.

മഹാത്മാഗാന്ധി തൃശൂർ സന്ദർശിച്ച വേളയിൽ ചില്ലിക്കാശുകൾ സംഭരിച്ച് പണക്കിഴി സംഭാവന ചെയ്യുന്നതിന് കെ.എ.ദാമോദരൻ മാസ്റ്റർ നേതൃത്വം നല്കിയത് ദേശീയാവബോധത്തിൻെറ ഉദാത്ത ദൃഷ്ടാന്തമാണ്. ആതുര ശുശ്രൂഷാ സൗകര്യം ലഭ്യമല്ലാതിരുന്ന അക്കാലത്ത് വ്യാപകമായിരുന്ന വസൂരി തുടങ്ങിയ പകർച്ച വ്യാധി ബാധിത മേഖലകളിൽ സന്നദ്ധപ്രവർത്തനത്തിന് നേതൃത്വം വഹിച്ചതും പ്രജാമണ്ഡലത്തിൻേറയും കോൺഗ്രസ്സിൻെറയും പ്രവർത്തകരായിരുന്നു.

നവോത്ഥാന പ്രസ്ഥാനത്തിൻെറ ആചാര്യനായ ശ്രീ നാരായണഗുരു ഇവിടെയെത്തി നേതൃത്വം നല്കി വളർത്തിയെടുത്ത ശ്രീനാരായണ പ്രസ്ഥാനം മാടക്കത്തറ പഞ്ചായത്തിൻെറ ചരിത്രത്തിലെ വലിയ നാഴികക്കല്ലാണ്. അക്കരപ്പുറം, പൊങ്ങണംകാട് പ്രദേശത്ത് ശ്രീനാരായണ ഗുരു രണ്ടു പ്രാവശ്യം സന്ദർശിക്കുകയുണ്ടായിട്ടുണ്ട്. ആദ്യ സന്ദർശന വേളയിൽ ചിറക്കാക്കോടും ഗുരു എത്തിയിട്ടുണ്ട്.

അയിത്താചരണം കൊടുമ്പിരികൊണ്ടിരുന്ന അക്കാലത്ത് 'സംഘടിച്ച് ശക്തരാകുക' എന്ന ഗുരു സന്ദേശം നെഞ്ചേറ്റി ലാളിച്ച, ഗുരുഭക്തനായ അമ്പഴപ്പിള്ളി അയ്യപ്പൻചോഴി 1921 (1097 കുംഭമാസത്തിൽ ) ശ്രീ നാരായണഗുരുവിൻെറ പേരിൽ പൊങ്ങണം കാട്ടിൽ 4 ഏക്ര 32 സെൻറ് സ്ഥലം പരപ്രേരണയില്ലാതെ ദാനം നല്കിയതോടെയാണ് നവോത്ഥാന പ്രസ്ഥാനത്തിന് നാന്ദികുറിക്കപ്പെട്ടത്. പ്രസ്തുത സ്ഥലത്ത് 1922ൽ (കൊല്ലവർഷം 1098ൽ) ശ്രീനാരായണ സേവാ മഠം സ്ഥാപിതമായതിനെ തുടർന്ന് സുബ്രഹ്മണ്യപ്രതിഷ്ഠ നടത്തി ആരാധനാ സൗകര്യം ഈഴവർക്ക് സാധ്യമായി. അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരായ ശ്രീനാരായണപ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾ രൂക്ഷ സംഘട്ടനങ്ങളിലേക്ക് വഴി തിരിഞ്ഞ സംഭവങ്ങളൊന്നും ഉണ്ടായിട്ടില്ല.

മാടക്കത്തറയുടെ കാർഷിക ചരിത്രം കേരളത്തിലെ പൊതുവിലുള്ള കാർഷിക മേഖലയുടേതിൽ നിന്നും ഭിന്നമല്ല. കൃഷിയിടങ്ങൾ ബ്രാഹ്മണാധിപത്യമുള്ള ഏതാനും ജന്മിമാരുടെ അധീനതയിലായിരുന്നു. ചേലൂർ മന പെരുമ്പടപ്പ് സ്വരൂപം, പെരുമ്പടത്തു മന, പാലത്തോട് മന, എളങ്ങല്ലൂർ മന, പട്ടത്ത് മന, ഇട്ട്യാണത്ത് തറവാട്, എടക്കുന്നി വാരിയം, ചെറുവത്തൂർ മന, വെള്ളുള്ളാനി മന എന്നീ ജന്മികളായിരുന്നു ഇവരിൽ പ്രമുഖർ. താണിക്കുടം ഭഗവതി ക്ഷേത്ര ദേവസ്വത്തിൻെറ അധീനതയിലും കുറെയെറെ കൃഷിഭൂമിയുണ്ടായിരുന്നതായി കാണുന്നു.

വാക്കാൽ പാട്ടം എന്ന നിലയിൽ നെൽ കൃഷിക്കായി കുടിയാന്മാർക്കു നല്കി അവരിൽ നിന്നും ഒരു നിശ്ചിത അളവ് നെല്ല് പാട്ടമായി സ്വീകരിച്ചു കൊണ്ടുള്ള പൊതു രീതിയാണ് ഇവിടെ നിലവിലിരുന്നത്. കൊച്ചിൻ സ്റ്റേറ്റ് മാനവൽ നല്കുന്ന വിവരമനുസരിച്ച് 1910 - ൽ 1107 ഹെക്ടർ പ്രദേശത്ത് നെൽകൃഷിയുണ്ടായിരുന്നു!! നാല്പതുകളുടെ അവസാനത്തിൽ വൻതോതിലുണ്ടായ കുടിയേറ്റം നാണ്യവിളകളുടെ വികസനത്തിന് വഴി തെളിച്ചു.

കൊച്ചി രാജ്യത്തിലെ രണ്ടാമത്തെ റബ്ബർതോട്ടമായ കൊച്ചിൻ റബ്ബർ എസ്റ്റേറ്റ് 1905ൽ ചിറയ്ക്കാക്കോട് ആരംഭിച്ചു. കൊച്ചി രാജ്യഖജനാവിലേക്ക് നാമമാത്രമായ തുക പാട്ടമടച്ചാണ് ഈ തോട്ടം വെള്ളക്കാർ ആരംഭിച്ചത്. തട്ടിൽ കൊച്ചു വറീത് വിലക്കെടുത്ത 1600 ഏക്രയുള്ള ഈ തോട്ടത്തിൻെറ 1000 ഏക്കർ പിന്നീട് കേരളാ കാർഷിക സർവ്വകലാശാലക്കുവേണ്ടി റബ്ബർ മരത്തിൻെറ വില നിശ്ചയിച്ച് സർക്കാർ ഏറ്റെടുത്തു. കൊച്ചിൻ റബ്ബർ എസ്റ്റേറ്റ് ജനറൽ മാനേജരായിരുന്ന നോർമൺ സായിപ്പ് ആരംഭിച്ച തോട്ടമാണ് മേപ്പാടം റബ്ബർ എസ്റ്റേറ്റ്. മേൽപ്പറഞ്ഞ രണ്ടു തോട്ടങ്ങളിലെ തൊഴിലാളികളുടെ സംഘടനയിലൂടെ മാടക്കത്രയിലെ സംഘടിത

തൊഴിലാളി പ്രസ്ഥാന ചരിത്രത്തിന് നാന്ദി കുറിക്കുന്നു.

കൊച്ചിൻ റബ്ബർ എസ്റ്റേറ്റിലെ 247 തൊഴിലാളികളെ അടിമകളെപ്പോലെയാണ് ജോലി ചെയ്യിപ്പിച്ചിരുന്നത്. മിനിമം കൂലി , ബോണസ്സ്, ഗ്രാറ്റ്വിറ്റി, അവധി, ചികിൽസാവധി തുടങ്ങിയാതൊരാനുകൂല്യവും തൊഴിലാളികൾക്ക് അനുവദിച്ചിരുന്നില്ല. തൊഴിലാളികളുടെ ന്യായമായ ഇത്തരം ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങ ളുടെ തുടക്കമെന്നോണം ''വെള്ളാനിക്കര ആൻറ " തട്ടിൽ റബ്ബർ എസ്റ്റേറ്റ് തൊഴിലാളി യൂണിയൻ'' എന്ന പേരിൽ ഒരു സംഘടനക്ക് രൂപം നൽകി. തൊഴിലാളികളെ സംഘടിപ്പിച്ച് രാത്രി സമയങ്ങളിൽ യോഗം ചേർന്ന് യൂണിയൻെറ ആവശ്യകത ബോധ്യപ്പെടുത്തി, 1945 മദ്ധ്യത്തോടെ കൊച്ചി രാജ്യത്ത് ആരംഭിച്ച ആദ്യത്തെ ഈ തൊഴിലാളി പ്രസ്ഥാനത്തിന് ജീവൻ നല്കിയത് മുൻ കേരളാ മുഖ്യമന്ത്രിയും കേന്ദ്രമന്ത്രിയുമായിരുന്ന ശ്രീ. കെ. കരുണാകരനാണ്. മാനേജ്മെൻറിൻെറ കിരാത സമീപനങ്ങൾക്കെതിരായി യൂണിയൻെറ നേതൃത്വത്തിൽ 22 ദിവസം നീണ്ടുനിന്ന പണിമുടക്ക് സമരം തോട്ടം തൊഴിലാളി മേഖലയിലെ ആദ്യപ്രക്ഷോഭമാണ്. സമരത്തിനാധാരമായ ആവശ്യങ്ങളിൻമേൽ എറണാകുളം ലേബർ കോടതി പൂർണ്ണമായ തീർപ്പുണ്ടാക്കാതിരുന്നതിനാൽ ലക്നൗ ലേബർ കോടതി തൊഴിലാളികൾ ഉന്നയിച്ച ന്യായമായ ആനുകൂല്യങ്ങളെല്ലാം നൽകി ഉത്തരവായി.

ദേശീയ രാഷ്ട്രീയത്തിൽ ഏറെ ശ്രദ്ധേയനായ ശ്രീ. കെ. കരുണാകരൻെറ രാഷ്ട്രീയ പ്രവർത്തനത്തിൻെറ ആദ്യപടവുകൾ വെള്ളാനിക്കരയുമായി ബന്ധപ്പെട്ടാണ് തുടങ്ങുന്നത്. മേപ്പാടം തോട്ടത്തിലെ തൊഴിലാളി യൂണിയൻ സംഘടിപ്പിച്ചതും നേതൃത്വം നല്കിയതും അദ്ദേഹമാണ്. ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായ ഖാദി പ്രചരണം, മദ്യവർജ്ജനബോധവൽക്കരണ പ്രവർത്തനം എന്നിവ നാല്പതുകളിൽ മാടക്കത്തറ ഗ്രാമത്തിൽ അദ്ദേഹം നടത്തിയിട്ടുണ്ട്.

രണ്ടാം ലോകയുദ്ധം ദുരിതം വാരി വിതറിയ 1939-'45 കാലഘട്ടം. രൂക്ഷമായ ഭക്ഷ്യക്ഷാമം കൊച്ചിരാജ്യത്തെ പട്ടിണിയിലേക്ക് തള്ളിയിട്ടു.ഇതേ തുടർന്ന് 1941ൽ'ഹിൽ പാഡി സ്കീം' (മലയോര നെല്ലുല്പാദന പദ്ധതി) എന്ന പേരിൽ കൊച്ചി സർക്കാർ ഒരു ബൃഹത് പദ്ധതിക്കു രൂപം നൽകി. വനം സർക്കാർ ഏറ്റെടുത്തു. വനഭൂമി പാട്ടത്തിനു നല്കുന്ന ഒരു പദ്ധതി മുമ്പുതന്നെ സർക്കാർ ആരംഭിച്ചിരുന്നു. കാട് വെട്ടിത്തെളിച്ച് മലയോരഭൂമിയിൽ നെൽകൃഷി പദ്ധതി നടപ്പിലാക്കി. കൃഷി നടത്തുന്നതിനുള്ള കർഷകരോ കർഷകത്തൊഴിലാളികളോ അക്കാലത്ത് യഥേഷ്ടം ഉണ്ടായിരുന്നില്ല. ഹിൽപാഡി സ്കീമിനെ തുടർന്നും 1949ലെ തിരുവിതാംകൂർ - കൊച്ചി സംയോജനത്തെത്തുടർന്നും കൊച്ചിയിലെ മലയോരങ്ങളിലേക്ക് വൻതോതിൽ തിരുവിതാംകൂറിൽ നിന്നും കുടിയേറ്റം ആരംഭിച്ചു. ഈ മലയോരഗ്രാമത്തിൻെറ ബഹുമുഖമാറ്റത്തിനായുള്ള ചലനങ്ങളിൽ കുടിയേറ്റം വഹിച്ച പങ്ക് വിസ്മരിക്കാനാവുകയില്ല.

വിദ്യാഭ്യാസം സാമൂഹ്യ പുരോഗതിയുടെ മുന്നുപാധിയാണെന്ന കാഴ്ചപ്പാടുണ്ടായിരുന്ന അപൂർവ്വം വ്യക്തികളുടെ അശ്രാന്തപരിശ്രമത്താൽ രണ്ടു പ്രാഥമിക വിദ്യാലയങ്ങൾ 1926ൽ കിഴക്കേ വെള്ളാനിക്കരയിലും മാടക്കത്രയിലും ആരംഭിച്ചു. കൊല്ലവർഷം 1101 ഇടവം 22ാം തിയ്യതി വെള്ളാനിക്കര എൽ.പി.സ്കൂളും 1101 ഇടവം 23ന് മാടക്കത്ര നാറ്റീവ് സമാജം എൽ.പി. സ്കൂളും സ്ഥാപിതമായി.

ദേശീയ പ്രസ്ഥാനത്തിൻെറ മുന്നണി പ്രവർത്തനത്തിന് കേന്ദ്രമായിത്തീർന്ന മാടക്കത്ര എൻ.എസ്.എൽ.പി. സ്കൂളാരംഭിക്കുന്നത് ഒരു ജനകീയ സംഘത്തിൻെറ ഭാഗമായാണ്. നാറ്റീവ് സമാജം എന്ന പേരിൽ മാടക്കത്തറയിലെ ജനങ്ങൾ രൂപീകരിച്ച സമിതിക്ക് സജീവ നേതൃത്വം നല്കിയവർ കെ.എ. ഗോവിന്ദൻ എഴുത്തച്ഛൻ (അപ്പുമാസ്റ്റർ) ചമ്മങ്ങാട്ടുവളപ്പിൽ ബാലൻ മാസ്റ്റർ, കെ. ഇണ്ണീരിനായർ, തോട്ടാൻ ആൻറണി എന്നിവരാണ്. കെ.എ.ഗോവിന്ദൻമാസ്റ്റർ പ്രഥമ ഹെഡ്മാസ്റ്ററായി സ്കൂളാരംഭിച്ചെങ്കിലും ചില സാങ്കേതിക കാരണത്താൽ ചമ്മങ്ങാട്ടുവളപ്പിൽ ബാലൻ മാസ്റ്റർ പിന്നീട് ഹെഡ്മാസ്റ്ററായി ചുമതലയേറ്റു. സ്ഥാപക മാനേജരായി കെ. ഇണ്ണീരി നായർ ഏറെക്കാലം തൽസ്ഥാനത്ത് തുടർന്നു. സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻെറ മുൻനിര പ്രവർത്തകരും മേൽപ്പറഞ്ഞവരായിരുന്നു.

വെള്ളാനിക്കരയിൽ കൊച്ചിൻ റബ്ബർ എസ്റ്റേറ്റിലെ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം നല്കുന്നതിനുള്ള ലക്ഷ്യത്തോടെയാണ് തോട്ടം ജനറൽ മാനേജരായിരുന്ന നോർമൻ സായിപ്പ് എൽ.പി.സ്കൂൾ ആരംഭിച്ചത്. പഴ

ഞാപ്പറമ്പിൽ ശങ്കുണ്ണി റൈറ്റർ, രാഘവൻ റൈറ്റർ തുടങ്ങിയ തോട്ടം ഉദ്യോഗസ്ഥന്മാരായിരുന്നു ഇതിൻെറ പ്രേരകശക്തി.മാടക്കത്തറയുടെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനത്തിൻെറ പ്രഥമ പ്രധാനാദ്ധ്യാപകൻ സി.എൻ. രാമൻ മേനോനാ യിരുന്നു.

പ്രാചീന കേരളത്തിൻെറ കാർഷിക ചരിത്രത്തിൽ ദുർഗ്ഗാ ക്ഷേത്രങ്ങൾക്ക് പ്രധാന സ്ഥാനമുണ്ടായിരുന്നതായി ചരിത്രകാരന്മാർ ഏകാഭിപ്രായക്കാരണ്. നൂറ്റാണ്ടുകളുടെ പഴമയും ഒട്ടേറെ ഐതിഹ്യങ്ങളുമവശേഷിപ്പിച്ചിട്ടുള്ള താണിക്കുടം ഭഗവതി ക്ഷേത്രത്തിനു ചുറ്റും വിശാലമായ കൃഷിയിടങ്ങളിലായി ഒരു ജനപദം അധിവസിച്ചിരുന്നു. ക്ഷേത്രത്തിനടുത്തുകൂടി ഒഴുകുന്ന താണിക്കുടം പുഴ (തോട്) ഗതിമാറി ഒഴുക്കിയതാണെന്നാണ് ഈ ഐതിഹ്യങ്ങളിൽ മുഖ്യമായിട്ടുള്ളത്. വടക്കും പുറം തെക്കുംപുറം എന്ന് ദേശത്തെ വേർതിരിച്ചിരുന്നത് ഈ പുഴയായിരുന്നു. ക്ഷേത്ര ദർശനത്തിനെത്തിയ ഒരു ഭക്തന് അഭയം നല്കാൻ വിസമ്മതിച്ച വടക്കും പുറത്തുള്ള ഏതാനും ഇല്ലങ്ങളെ രൗദ്രഭാവം പൂണ്ട് സംഹരിച്ച്, അന്നുവരെ വടക്കുംപുറത്ത് കുടിയിരുന്ന ദേവി തെക്കുംപുറത്തേക്ക് മാറി താണിക്കുടം പുഴയുടെ ഗതി മാറ്റി എന്നാണ് ഐതിഹ്യം.

സാധാരണ ക്ഷേത്രങ്ങളിൽ ദേവീദേവൻമാരെ ആറാട്ടിനായി പുറത്ത് പുഴയിലേക്കാനയിക്കുമ്പോൾ ഇവിടെ പുഴ ക്ഷേത്രത്തിനകത്തെത്തി ആറാട്ട് നടത്തുകയാണ് ചെയ്യുന്നത്. നനദുർഗ്ഗ എന്ന അപരനാമത്താൽ അറിയപ്പെടാൻ ഇത് ഇടയാക്കിയിട്ടുണ്ട്. ഈ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് താഴ്ന്ന ജാതിക്കാരുടെ വൈവിധ്യമാർന്ന നാടൻ കലാരൂപങ്ങളുടെ അർച്ചന കലാ സാസ്ക്കാരിക വിനിമയത്തിൻെറ സാമൂഹ്യസമന്വയം സാധ്യമാക്കിയിരുന്നു. തൃശൂർ ജില്ലയുടെ മിക്കവാറും പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന 18 തട്ടകങ്ങളുള്ള ഈ ക്ഷേത്രം കൊച്ചിൻദേവസ്വത്തിനു കീഴിലുള്ള ഒരു പ്രധാന ആരാധനാ കേന്ദ്രമാണ്.

പുരാതനത്വം അവകാശപ്പെടാവുന്ന നാശോന്മുഖമായ അനവധി ക്ഷേത്രങ്ങൾ കൊണ്ടു സമൃദ്ധമാണ് മാടക്കത്തറ. ആണ്ടുണ്ണി തേവർ ക്ഷേത്രത്തിന് ഇക്കൂട്ടത്തിൽ ശ്രദ്ധേയസ്ഥാനമുണ്ട്. സാംസ്കാരിക വികാസത്തിനു കളമൊരുക്കിയ ഒട്ടേറെ ചരിത്രങ്ങൾ ഈ ക്ഷേത്രങ്ങളോടനുബന്ധിച്ചുണ്ടാകാനിടയുണ്ട്.

ആധുനിക സാംസ്കാരിക പശ്ചാത്തലത്തിന് ഔപചാരിക തുടക്കം കുറിച്ച സാംസ്കാരിക കേന്ദ്രമായിരുന്നു മാടക്കത്തറ എൻ.എസ്. എൽ.പി.സ്കൂളിടോനുബന്ധിച്ച് ദേശീയ പ്രസ്ഥാനത്തിൻെറയും കൊച്ചി പ്രജാമണ്ഡലത്തിൻെറയും പ്രവർത്തകർ 1939ൽ ആരംഭിച്ച ഗ്രാമീണവായനശാല. പഴമയുടെ പാരമ്പര്യം പേറി സ്വന്തം കെട്ടിടത്തിൽ നിലനില്ക്കുന്ന ഈ വായനശാലക്ക് കലാസാസ്കാരിക മുന്നേറ്റത്തിൽ അദ്വിതീയ സ്ഥാനമാണുണ്ടായിരുന്നത്.

മലബാർ പ്രദേശത്തെ കർഷക പ്രസ്ഥാനത്തിൻെറ അലയോലികൾ കൊച്ചി രാജ്യത്തേക്കും വ്യാപിച്ചത് സാമൂഹ്യ-സാസ്കാരിക ഉന്നതിക്ക് ഹേതുവായിട്ടുണ്ട്. വെറും പാട്ടക്കാരെ ഒഴിപ്പിക്കുന്നതിന് കൊച്ചി രാജ്യത്ത് നിയമമുണ്ടായിരുന്നു. അതിനെതിരായി 1939-ൽ കൊച്ചികർഷകസഭ എന്ന കർഷകപ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ തിരുവില്ല്വാമലയിൽ നിന്നാരംഭിച്ച് കാൽനടജാഥയായി തൃപ്പൂണിത്തുറ കൊട്ടാരത്തിലെത്തി മഹാരാജാവിന് നിവേദനം നൽകിയ ചരിത്രം കർഷകർക്കിടയിൽ ഒരു സംഘടനയുടെ ആവശ്യകത ബോധ്യപ്പെടുത്തി. അമ്പതുകളുടെ ആരംഭം മുതൽ മാടക്കത്തറയുടെ വിവിധ പ്രദേശങ്ങളിൽ കർഷക സംഘത്തിൻെറ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. 1955-ൽമാറ്റാംപുറം ചാത്തുക്കുട്ടിയുടെ വീട്ടിൽവെച്ചാണ് ഔപചാരികമായി കർഷകസംഘം രൂപീകരിച്ചത്. എ.വി. ആര്യൻ, വി.വി.രാഘവൻ, സി. ജനാർദ്ദനൻ എന്നിവരാണ് കർഷകരെ സംഘടിപ്പിച്ചത്. ആദ്യസെക്രട്ടറി കുറ്റിക്കാട് സെയ്തു മുഹമ്മദാണ്. തേഞ്ഞാമൂച്ചി വേലായുധൻ, വരടിയാട്ടിൽ ശ്രീധരൻ തുടങ്ങിയവർ ആദ്യകാല പ്രവർത്തകരായിരുന്നു. ഇതേ തുടർന്ന് കട്ടിലപ്പൂവ്വം പുല്ലംകണ്ടം മലയോര പ്രദേശത്തും കർഷക സംഘം പ്രവർത്തനം വ്യാപിച്ചു. മാടക്കത്തറയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വളർച്ചയുടെ ആദ്യ പടവുകളായിരുന്നു ഈ പ്രവർത്തനം.

പാട്ടക്കുടിയാമ്കൾക്കെതിരായും കുടിയേറ്റപ്രശ്നങ്ങളിലെ കുടിയൊഴിപ്പിക്കൽ ഭീഷണി ഉയർത്തി കർഷകരെ പീഡിപ്പിച്ചിരുന്ന വനം വകുപ്പു നയത്തിനെതിരെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള കർഷക സംഘം സംഘടിത മുന്നേറ്റത്തിന് വഴിമരുന്നിട്ടു.

കർഷകസംഘത്തിൻെറ സമ്മേളനങ്ങളോടനുബന്ധിച്ച് പൊതുജനങ്ങളെ ആകർഷിക്കുന്നതിന് ജനകീയനാടകസംഘങ്ങൾ രൂപം കൊണ്ടിരുന്നു. കട്ടിലപ്പൂവ്വം കേന്ദ്രീകരിച്ചുള്ള മലയോര കർഷകരുടെ ഇത്തരം സമ്മേളന വേദികൾ നിരവധി നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. 1956ൽ എസ്.എൽ. പുരം സദാനന്ദൻെറ 'ഒരാൾ കൂടി കള്ളനായി'എന്ന നാടകമാണ് ആദ്യമായി അരങ്ങേറിയത്. കർഷകസംഘത്തിൻെറ ആഭിമുഖ്യത്തിലുള്ള ഇത്തരം സമ്മേളനങ്ങളുടെ ഭാഗമായി പഞ്ചായത്തിലും സമീപപ്രദേശത്തുമായി 50ൽ പരം നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്.

1936ൽ മാടക്കത്തറ പഞ്ചായ ത്തിലെ പ്രഥമ സഹകരണ സംഘം 337ാം നമ്പർ ശ്രീനാരായണ വിലാസം പരസ്പര സഹകരണ സംഘം എന്ന പേരിൽ വരടിയാട്ടിൽ പറങ്ങോടൻ പ്രസിഡണ്ടായി 11 അംഗങ്ങളുള്ള സംഘമായാണ് ജന്മമെടുത്തത്. പിന്നീട് പാട്ടക്കുടികർഷക സഹകരണ സംഘം, വിൽവട്ടം ഗ്രാമീണ സഹകരണ സംഘം, വിൽ വട്ടം ഗ്രാമീണ റീജിണൽ സഹകരണ ക്രെഡിറ്റ് സംഘം, വിൽവട്ടം സർവീസ് സഹകരണ സംഘം എന്നീ പേരുകളിലെല്ലാം പ്രവർത്തിച്ച് 1976ൽ വിൽവട്ടം സർവീസ് സഹകരണ ബാങ്കായി രൂപാന്തരപ്പെട്ടു.

## മാടക്കത്തറ പഞ്ചായത്തിൻെറ ഉദയം

നീതിന്യായാധികാരം പോലും ഗ്രാമപഞ്ചായത്തുകൾക്കനുവദിച്ചിരുന്ന കൊച്ചി രാജ്യത്ത് 1914ലാണ് ഗ്രാമ പഞ്ചായത്തുകൾ രൂപം കൊണ്ടത്. മാടക്കത്തറ പഞ്ചായത്ത് രൂപം കൊള്ളുന്നതിനു മുമ്പ് വെള്ളാനിക്കര മാടക്കത്തറ വില്ലേജുകൾ ചേർന്ന് നികുതിദായകർക്ക് വോട്ടവകാശമുള്ള ഒരു ഗ്രൂപ്പ് പഞ്ചായത്ത് മാടക്കത്തറയിൽ പരേതനായ തോട്ടാൻ ആൻറണിയുടെ കെട്ടിടത്തിൽ ആരംഭിച്ചു. ഒരു വർഷത്തിലധികം അത് നില നില്ക്കുകയുണ്ടായില്ല. പഞ്ചായത്ത് രൂപീകരിക്കുന്നതിന് മുമ്പ് പാണഞ്ചേരി പഞ്ചായത്തിൻെറയും വിൽവട്ടം പഞ്ചായത്തിൻെറയും ഭാഗമായിരുന്നു. പാണഞ്ചേരി പഞ്ചായത്തിൻെറ 8,9,10 വാർഡുകളും (ഇന്നത്തെ 1,2,3,4,5,6 വാർഡുകൾ) വിൽവട്ടം പഞ്ചായത്തിൻെറ 9,10 വാർഡുകളും (നിലവിലുള്ള 7,8,9,10 വാർഡുകൾ) കൂടി സംയോജിപ്പിച്ച് മാടക്കത്തറ പഞ്ചായത്ത് രൂപീകരിച്ചുകൊണ്ട് 20.9.1969 സർക്കാർ ഉത്തരവായി. സർക്കാർ നോമിനേറ്റ് ചെയ്ത പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ യഥാക്രമം സി.കെ. രാജൻ, കെ.കെ. സുരേന്ദ്രൻ, എം.കെ. കുഞ്ഞൻ, പി.എ.വേലപ്പൻ, പി.കെ. രാവുണ്ണി, കെ.ടി.വർഗ്ഗീസ് എന്നിവരായിരുന്നു. പ്രസിഡണ്ടായി സി.കെ.രാജനെയാണ് സർക്കാർ നാമനിർദ്ദേശം ചെയ്തിരുന്നത്. എന്നാൽ അദ്ദേഹം സത്യപ്രതിജ്ഞ ചെയ്യാത്തതിനെതുടർന്ന്, ശ്രീ. കെ.കെ. സുരേന്ദ്രൻ 3.10.1969ന് പ്രസിഡണ്ടായി സത്യപ്രതിജ്ഞ ചെയ്തു. പഞ്ചായത്ത് ഓഫീസ് താണിക്കുടത്ത് ഒരു പീടിക മുറിയിലാണ് പ്രവർത്തനം ആരംഭിച്ചത്.

പതിനഞ്ച് സെൻറ് സ്ഥലം നാട്ടുകാരുടെ സംഭാവനകൊണ്ട് വാങ്ങി അക്കരപ്പുറത്ത് ഇന്നു കാണുന്ന കെട്ടിടം പണിത് 10.2.1972ന് സ്വന്തം കെട്ടിടത്തിലേക്ക് മാറി.

രണ്ടാമത്തെ പഞ്ചായത്ത് ഭരണ സമിതി 1.10.1979 ന് നിലവിൽ വന്നു. 1988 ഫെബ്രുവരിയിൽ മൂന്നാമത്തെ പഞ്ചായത്ത് ഭരണ സമിതി സ്ഥാനമേറ്റു. മൂന്നു ഭരണസമിതിയിലും പ്രസിഡണ്ട് പദം അലങ്കരിച്ചത് ശ്രീ.കെ.കെ. സുരേന്ദ്രനാണ്. പഞ്ചായത്തിൻെറ ആവിർഭാവത്തിനു പിന്നിൽ അക്ഷീണം യത്നിച്ചതും അദ്ദേഹം തന്നെയായിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

1988 ഒക്ടോബറിൽ ശ്രീ. കെ.കെ. സുരേന്ദ്രൻപ്രസിഡണ്ട് പദത്തിൽ നിന്നും സ്വമേധയാ വിരമിക്കുകയും ശ്രീ.എം.എം. അവറാച്ചൻ (നിലവിൽ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്) രണ്ടാമത്തെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

1995 സെപ്തംബറിലെ തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീമതി. ലിസ്സി വിൽസൺ പ്രസിഡണ്ടായി അവരോധിതയായി. വൈസ്സ് പ്രസിഡണ്ടായി ശ്രീ. കെ. എ. സുരേന്ദ്രനും, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനായി ശ്രീമതി. പി.എൻ സുലോചനയും ഉൾപ്പെടുന്ന വിപുലമായ ഭരണഘടനാ ദത്ത ജനകീയ ഗ്രാമപഞ്ചായത്തിന് നേതൃത്വം നൽകുന്നു.

❋ ❋ ❋

# 4 ഭൂപ്രകൃതി-ജനപ്രകൃതി

## ഭൂപ്രകൃതി

വിശാലമായ താഴ്‌വരകളും ഉയർന്ന കുന്നിൻ പ്രദേശങ്ങളും ഇവയെ ബന്ധിപ്പിക്കുന്ന ഇടത്തരം ഉയരമുള്ള പ്രദേശങ്ങളും ചേർന്നതാണ് മാടക്കത്തറയുടെ ഭൂപ്രകൃതി. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന ഭാഗത്തിന് സമുദ്രനിരപ്പിൽ നിന്നും 360 മീറ്റർ ഉയരമുണ്ട്. തെക്കു പടിഞ്ഞാറു ഭാഗത്ത്, താഴ്‌വരകളിൽ അങ്ങിങ്ങായി കാണപ്പെടുന്ന ചെറിയ കുന്നുകൾ ദ്വീപുകൾ പോലെ കാണപ്പെടുന്നു. കുന്നിൻ പ്രദേശം പ്രധാനമായും പഞ്ചായത്തിന്റെ വടക്ക് കിഴക്ക് ഭാഗത്താണ് ഉള്ളത്. പഞ്ചായത്തിന്റെ 9,10 വാർഡുകൾ പൂർണ്ണമായും 5,8 വാർഡുകൾ ഭാഗികമായും ഉയർന്ന പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഭൂപടം 1 കാണുക.

പഞ്ചായത്തിന്റെ വിസ്തീർണ്ണം സമുദ്രനിരപ്പിൽ നിന്നുമുള്ള ഉയരക്രമത്തിൽ പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

### ചെരിവ്

പഞ്ചായത്തിലെ വാരികുളത്തിന്റെ പടിഞ്ഞാറ്, ചെങ്കല്ലിക്കുന്ന് പ്രദേശങ്ങളിൽ ഗുരുതരമായ മണ്ണൊലിപ്പുണ്ടാക്കുന്ന കുത്തനെയുള്ള ചെരിവുണ്ട്. (27°യിൽ കൂടുതൽ)

പഞ്ചായത്തിൽ ഉൾപ്പെട്ട വെള്ളാനിമലയുടെ പ്രദേശം കൂടിയ ചെരിവുള്ളതും (18°27°) മണ്ണൊലിപ്പ് സാധ്യതയുള്ളതുമാണ്. വാരികുളം, കച്ചിത്തോട് പ്രദേശങ്ങൾ 10°-18° വരെ ചെരിവുള്ളതും മണ്ണൊലിപ്പ് സാധ്യതയുള്ളതുമായ പ്രദേശങ്ങളാണ്.

കട്ടിലപൂവ്വം, മരോട്ടിച്ചോട്, മുട്ടിക്കൽ, കരുവാൻകാട്, നീർധാനി, കള്ളായിയുടെ മേൽ ഭാഗങ്ങൾ, കോതറ എന്നീ പ്രദേശങ്ങളിൽ 5°-10° ചരിവുള്ളതും മണ്ണൊലിപ്പുള്ളതുമായ പ്രദേശങ്ങളാണ്.

ബാക്കിഭാഗങ്ങൾ ഭൂരിഭാഗവും 5°യിൽ കുറവ് മാത്രം ചെരിവുള്ള മണ്ണൊലിപ്പ് സാധ്യത തീരെയില്ലാത്ത, പ്രദേശങ്ങളാണ്. വിശദാംശങ്ങൾക്ക് ഭൂപടം 2 നോക്കുക.

### മണ്ണ്

അഞ്ച്തരം മണ്ണിനങ്ങളാണ് മാടക്കത്തറയിൽ കണ്ടുവരുന്നത്. നല്ല നീർവാർച്ചയുള്ള ചെങ്കൽ മണ്ണാണ് ഏറ്റവും കൂടുതൽ ഉള്ളത്. മണ്ണൊലിപ്പുമൂലം കനംകുറഞ്ഞ, വ്യതിയാന സ്വഭാവമുള്ള മൺതരമാണ് വിസ്തൃതിയിൽ

പട്ടിക 1

| ക്രമനമ്പർ | ഉയരം (മീറ്ററിൽ) | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| 1 | 20ൽ താഴെ | 687.5000 |
| 2 | 20- 40 | 773.8281 |
| 3. | 40-60 | 486.7187 |
| 4. | 60- 100 | 502[illegible].437 |
| 5 | 100-200 | 418.3593 |
| 6 | 200-300 | 92.1875 |
| 7 | 300ന് മുകളിൽ | 15.2343 |

അവലംബം : വിഭവ ഭൂപടം

## ഭൂപടം 1

MADAKATHARA PANCHAYAT — RELIEF MAP



INDEX

- RELIEF ≤ 20M FROM MSL
- RELIEF 20-40M FROM MSL
- RELIEF 40-60M FROM MSL
- RELIEF 60-100M FROM MSL
- RELIEF 100-200M FROM MSL
- RELIEF 200-300M FROM MSL
- RELIEF ≥ 300M FROM MSL
- POND/TANK
- STREAM/THODU
- DRAINAGE DIVIDE
- CANAL

# ഭൂപടം 2

MADAKATHARA PANCHAYAT LANDFORM MAP



രണ്ടാം സ്ഥാനത്ത്. ഏറ്റവും ഉയരമുള്ള പ്രദേശങ്ങളിൽ (വെള്ളാനിമലയുടെ ഭാഗത്ത്) വനമണ്ണ് കാണപ്പെടുന്നു. താഴ്‌വരയിൽ നീർവാർച്ച കുറഞ്ഞ എക്കൽ മണ്ണ് കാണപ്പെടുന്നു. വളരെ കുറവ് പ്രദേശങ്ങളിൽ മണൽ കലർന്ന പശിമ രാശി മണ്ണും കാണപ്പെടുന്നു. മൺതരങ്ങൾ കാണപ്പെടുന്ന വിസ്തീർണ്ണം പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2**

| ക്രമ നമ്പർ | മൺതരം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | ചെങ്കൽ മണ്ണ് | 1242.5781 |
| 2 | കനംകുറഞ്ഞ മണ്ണ് | 648.6468 |
| 3 | വനമണ്ണ് | 253.9002 |
| 4. | എക്കൽ മണ്ണ് | 287.5000 |
| 5. | മണൽ കലർന്ന മണ്ണ് | 59.3750 |

**അവലംബം: വിഭവഭൂപടം**

കനം കുറഞ്ഞ മണ്ണ് കാണപ്പെടുന്ന പ്രദേശങ്ങളിൽ അവിടിവിടെയായി പാറപുറത്തേക്ക് തള്ളി നിൽക്കുന്ന ഭാഗങ്ങൾ കാണാൻ കഴിയും. ഭൂപടം 3 കാണുക.

## ജലപ്രകൃതി

പഞ്ചായത്തിലെ 793.3593 ഹെക്ടർ പ്രദേശത്ത് മഴക്കാലത്ത് മാത്രം വെള്ളം ലഭ്യമാകുന്നതാണ്. 478.1250 ഹെക്ടർ പ്രദേശം കുറഞ്ഞ അളവിൽ മാത്രം ജലലഭ്യതയുള്ളതും 564.8437 ഹെക്ടർ പ്രദേശം മിതമായ രീതിയിൽ വെള്ളം ലഭ്യമായതുമാണ്. പൂർണ്ണമായും ജലലഭ്യതയുള്ളത് 468.3593 ഹെക്ടർ പ്രദേശത്ത് മാത്രമാണ്. ഭൂപടം 4 കാണുക.

ഇതിൽ നിന്നും താഴ്‌വരകളിൽ മാത്രമാണ് ജല ലഭ്യത ഉള്ളതെന്നും മറ്റുഭാഗങ്ങളിൽ ജല ക്ഷാമം അനുഭവപ്പെടുന്നു എന്നും കാണാം.

സമീപ പഞ്ചായത്തായ പാണഞ്ചേരിയിൽ സ്ഥിതിചെയ്യുന്ന പീച്ചി ഡാമിൽ നിന്നും പഞ്ചായത്തിലെ നെൽ കൃഷിയ്ക്കാവശ്യമായ ജല ലഭ്യമാകുന്നതിന് കനാലുകൾ നിർമ്മിച്ചിട്ടുണ്ട്. പീച്ചി വലത്കര മെയിൻ കനാൽ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നുണ്ട്. ഇതിന്റെ ഒരു ബ്രാഞ്ച് കനാലും (വെള്ളാനിക്കര ബ്രാഞ്ച് കനാൽ) കോൾ നിലങ്ങളിലേക്ക് വെള്ളം കൊണ്ടുപോകുന്ന കോൾകനാലും പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ഈ കനാലുകൾക്ക് എല്ലാം കൂടി 30 കി.മീ. നീളമുണ്ട്.

പഞ്ചായത്തിൽ ഒരു ഡാമും (കച്ചിത്തോട്) 9 ചിറകളും 16 പൊതുകുളങ്ങളും ഉണ്ട്. കൂടാതെ 48.6381 ഹെക്ടർ പ്രദേശത്തായി വ്യാപിച്ചുകിടക്കുന്ന തോടുകളുടെ ഒരു ശൃംഖലയും ഉണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് വെള്ളാനിമലയിൽ നിന്നും ഉൽഭവിച്ച പഞ്ചായത്തിലെ 10,9, 8,7,6 വാർഡുകളിലൂടെ കടന്നുപോകുന്ന താണിക്കുടം തോടാണ്.

എന്നാൽ മേൽപറഞ്ഞ ജലസേചന സൗകര്യങ്ങൾ ഇന്ന് അതേപടി ഉപയോഗയോഗ്യമല്ല. പീച്ചി കനാൽ മണ്ണ് നിറഞ്ഞ് തൂർന്നുകൊണ്ടിരിക്കുകയാണ്. കുന്നുകൾ അവസാനിക്കുന്ന ഭാഗത്താണ് കനാൽ സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന മെയിൻ കനാലിന്റെ ഒരു ഭാഗം സമുദ്ര നിരപ്പിൽ നിന്നും 40 മീറ്റർ വരെ ഉയരവും 5° യിൽ താഴെ ചെരിവും ഉള്ളതും മറ്റുഭാഗം 40 മീറ്ററിൽ കൂടുതൽ ഉയരവും 5° മുതൽ 27° വരെ ചെരിവ് ഉള്ളതുമാണ്. ഉയരം കൂടിയഭാഗത്ത് നിന്നും മണ്ണ് ഒലിച്ചു വരുന്നത് തടയുന്നതിന് ഒരു സംരക്ഷണ കനാൽ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ നിന്നും താഴെ ഭാഗത്തേക്ക് വെള്ളം ഒഴുകി പോകുന്നതിന് ഓവു പാലങ്ങളും കൾവർട്ടുകളും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ സംരക്ഷണ കനാൽ മുഴുവനും തൂർന്ന് വെള്ളം നേരെ മെയിൻ കനാലിലേക്കാണ് ഒഴുകിയെത്തുന്നത്. സംരക്ഷണ കനാൽ കൃത്യമായി സംരക്ഷിച്ചില്ലെങ്കിൽ മെയിൻ കനാൽ പൂർണ്ണമായും മണ്ണ് മൂടുന്നത് തടയാനാവില്ല. എന്നാൽ സംരക്ഷണകനാൽ സംരക്ഷിക്കുന്നത് തങ്ങളുടെ ഉത്തരവാദിത്വമല്ല എന്ന നിലപാടാണ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുള്ളത്. അമിതമായ ജല ചോർച്ച തടയുന്നതിന് ഡിപ്പാർട്ടുമെന്റ് ലക്ഷകണക്കിന് രൂപ ചെലവ് ചെയ്യുന്നു. എന്നാൽ സംരക്ഷണ കനാൽ സംരക്ഷിക്കുകയും വർഷാവർഷം അറ്റകുറ്റപണികൾ നടത്തുകയും ചെയ്താൽ ഒരളവു വരെ കനാലിൽ നിന്നുള്ള ജലചോർച്ച തടയാവുന്നതാണ്. മണ്ണ് ഇടിഞ്ഞ് നികന്ന ഭാഗത്ത് വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് തടയപ്പെടുന്നതിനാലാണ് കൂടുതലും ജലചോർച്ച ഉണ്ടാകുന്നത്.

# ഭൂപടം 3

MADAKATHARA PANCHAYAT SURFACE MATERIAL MAP



INDEX

- RIVERINE ALLUVIUM
- COLLUVIUM
- LATERITE SOIL
- VARIABLE SHALLOW SOIL
- FOREST LOAM
- STREAMS OR THODU
- WATER BODY
- ROAD
- CANAL
- PANCHAYAT BOUNDARY

| SOIL TYPE | TEXTURE | COLOUR | DEPTH | DRAINAGE |
|---|---|---|---|---|
| RIVERINE ALLUVIUM | SILTYCLAY LOAM (SCL) | BROWN | 35-1M | POOR |
| COLLUVIUM | SANDY LOAM (SL) | REDISH BROWN | 1-1.5M | WELL |
| LATERITIC SOIL | SANDY LOAM (SL) | REDISH BROWN | 0.5-1M | WELL |
| VARIABLE SHALLOW SOIL | SANDY LOAM (SLG) | GREYISH BROWN | 0.5M | WELL |
| FOREST LOAM | SANDY LOAM (SLG) GRAVELLY | GREISH BROWN | 0.5-1M | WELL |

## ഭൂപടം 4

MADAKATHARA PANCHAYAT — WATER AVAILABILITY MAP



### INDEX

- SEASONAL AREA
- LOW POTENTIAL AREA
- MODERATE POTENTIAL AREA
- HIGH POTENTIAL AREA
- STREAM/THODU
- POND/TANK
- CANAL
- ROAD
- SPRING
- PANCHAYAT BOUNDARY

കനാൽ രൂപ കല്പന ചെയ്ത എഞ്ചിനീയർമാരുടെ ദീർഘദർശിത്വം കാണാൻ ഇപ്പോഴുള്ളവർ തയ്യാറല്ല എന്നാണ് കനാലിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും മനസ്സിലാകുന്നത്.

ഇത്രയും കനാൽ സൗകര്യം നിലവിലുണ്ടെങ്കിലും പീച്ചിയിലെ ജലദൗർലഭ്യം മൂലം വളരെ കുറച്ച് നാളുകൾ മാത്രമാണ് വെള്ളം ലഭ്യമാകുന്നത്. രണ്ടാം വിളക്കാലത്ത് വെള്ളം തുറന്ന് വിടുമെങ്കിലും വിളയുടെ മുഴുവൻ കാലയളവിലും ജലം ലഭ്യമല്ല. കുറെക്കാലത്തേക്ക് പ്രദേശിക ജല സ്രോതസ്സുകളെ ആശ്രയിക്കേണ്ടിവരുന്നു. ഇത് കൊണ്ട് കനാൽ വെള്ളം മാത്രം ആശ്രയിച്ച് നെൽകൃഷി ചെയ്തിരുന്ന സ്ഥലങ്ങൾ മുഴുവൻ മറ്റു വിളകളിലേക്ക് മാറിയിരിക്കുന്നു. വേനൽക്കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 15 ദിവസത്തോളം ജലം ലഭ്യമാകുന്നു എന്നതാണ് മെയിൻ കനാലുകൊണ്ട് ഇപ്പോഴുള്ള പ്രധാന ഉപയോഗം.

കച്ചിത്തോട് ഡാമിന്റെ വൃഷ്ടി പ്രദേശം ഉയർന്ന ചെരിവുള്ളതായതുകൊണ്ട് മണ്ണൊലിച്ച് ജലസംഭരണി നികന്നു പോയിരിക്കുന്നു. ഇതിന്റെ കെട്ടിന് ചോർച്ചയും ഉണ്ട്. നിർമ്മാണം കൊണ്ട് ഉദ്ദേശിച്ച യാതൊരു ഫലവും ഇപ്പോഴില്ല. മണ്ണ് നീക്കം ചെയ്യുകയും ചോർച്ച അടച്ച് അണ ശക്തമാക്കുകയും ചെയ്യേണ്ടതാണ്. കോതറയിൽ നിർമ്മിച്ച ചിറ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ ജലസംഭരണിയിൽ ഇപ്പോൾ സ്വകാര്യവ്യക്തികൾ റബ്ബർ കൃഷി ചെയ്യുകയാണ്. ബാക്കി ചിറകൾ മുഴുവനും നല്ല ചീർപ്പ് പലകകൾ ഇല്ലാത്തതുകൊണ്ടും സംരക്ഷണ സൗകര്യങ്ങളുടെ അഭാവം മൂലവും പൂർണമായി ഉപയോഗയോഗ്യമല്ലാതായിട്ടുണ്ട്. 16 കുളങ്ങളുടേതായി 2.4079 ഹെക്ടർ പുറമ്പോക്ക് പ്രദേശം പഞ്ചായത്തിൽ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ കണക്കിൽ 8 കുളങ്ങൾ മാത്രമാണുള്ളത്. ബാക്കിയുള്ളവ നികന്ന് പോവുകയോ, സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തുകയോ ചെയ്തിരിക്കുകയാണ്. പഞ്ചായത്തിന്റെ കണക്കുകളിൽ ലഭ്യമായ കുളങ്ങൾ തന്നെ സംരക്ഷണയില്ലാതെ , നികന്ന് പോയിക്കൊണ്ടിരികയാണ്. ഈ കുളങ്ങൾ ഒന്നും തന്നെ ജലസേചന ആവശ്യത്തിന് ഉപയോഗിക്കപ്പെടുന്നില്ല.

പീച്ചി കനാൽ സ്ഥിതി ചെയ്യുന്നതിന്റെ മേൽഭാഗത്ത് ഫലത്തിൽ ജലസേചന സൗകര്യങ്ങൾ ഒന്നും തന്നെ നിലവിലില്ല. ഉള്ളവ (കച്ചിത്തോട് ഡാമും, ഏതാനും ചിറകളും) ഉപയോഗശൂന്യമായി കിടക്കുകയാണ്. ഈ പ്രദേശത്ത് കൂടെ ഒഴുകുന്ന തോടുകളിൽ അവിടിവിടെയായി തടയണകൾ നിർമ്മിക്കാനുള്ള സൗകര്യവുമുണ്ട്. 49 ഹെക്ടറിലായി കിടക്കുന്ന തോടുകൾ ഇതുവരെയും ഫലപ്രദമായി ജലസംഭരണത്തിന് ഉപയോഗിക്കപ്പെട്ടിട്ടില്ല.

പൊതുവെ ജലക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്താണെങ്കിലും ലഭ്യമായ ജലസ്രോതസ്സുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണെങ്കിൽ ജലക്ഷാമം പരിഹരിക്കാവുന്നതാണ്. പഞ്ചായത്തിലെ ശരാശരി വർഷപാതം (കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് ) 284 സെ.മീ. ആണ്. ഈ ജലം സംഭരിയ്ക്കുന്നതിന് പഞ്ചായത്തിൽ ഉൾപ്പെട്ട 14 നീർത്തടങ്ങളെ അടിസ്ഥാനപ്പെടുത്തി പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

## ഭൂവിനിയോഗം

പഞ്ചായത്തിന്റെ തെക്ക് - തെക്കുപടിഞ്ഞാറ് ഭാഗങ്ങളിൽ നെൽകൃഷി ചെയ്യുന്ന വിശാലമായ താഴ്വരകളും അവയ്ക്കിടയിൽ കാണപ്പെടുന്ന പാർപ്പിട പ്രദേശങ്ങളും ആണുള്ളത്. പാർപ്പിട പ്രദേശങ്ങളിൽ സമ്മിശ്ര കൃഷിയാണ് പ്രധാനമായും കാണപ്പെടുന്നത്. പാർപ്പിടങ്ങൾ അടുത്തടുത്തായാണ് സ്ഥിതി ചെയ്യുന്നത്. മദ്ധ്യഭാഗം മുതൽ വടക്കോട്ടുള്ള മലയോര പ്രദേശങ്ങളിൽ സമ്മിശ്ര കൃഷി, സമ്മിശ്ര മരങ്ങൾ , കശുമാവ് റബ്ബർ മുതലായ കൃഷിയാണ് പ്രധാനമായും കണ്ടുവരുന്നത്. അങ്ങിങ്ങായി മരച്ചീനി കൃഷിയും കണ്ടുവരുന്നു.ഈ പ്രദേശത്ത് സർക്കാർ വക തേക്കിൻ തോട്ടമുണ്ട്. വടക്ക് , കിഴക്ക് ഭാഗത്ത് കുറച്ച് വനപ്രദേശവും കാണപ്പെടുന്നു. മലയോരപ്രദേശങ്ങളിൽ ആളുകൾ കൃഷിയിടങ്ങളിൽ താമസിക്കുമ്പോൾ താഴ്വരകളിൽ പാർപ്പിടകൃഷി ചെയ്യുന്ന രീതിയാണ് കാണുന്നത്. പഞ്ചായത്തിന്റെ തെക്ക്, കിഴക്ക് 407 ഹെക്ടർ പ്രദേശത്തായി കേരള കാർഷിക സർവ്വകലാശാല കോമ്പൗണ്ട് വ്യാപിച്ചുകിടക്കുന്നു. മദ്ധ്യഭാഗത്ത് നിന്നും അല്പം തെക്കുമാറി 40 ഹെക്ടർ പ്രദേശത്തായി കെ.എസ്സ്.ഇ.ബി.യുടെ 400 കെ.വി. സബ്ബ്സ്റ്റേഷൻ സ്ഥിതിചെയ്യുന്നു. ഇതിലേക്ക് വരുന്നതും ഇതിൽനിന്നു പോകുന്നതുമായ ടവർ ലൈനുകൾ ചേർന്ന് പഞ്ചായത്തിൽ ഒരു വലിയ എട്ടുകാലിവല തീർത്തിരിക്കുകയാണ്. ഈ ലൈനുകൾ കടന്നുപോകുന്ന പ്രദേശങ്ങളിലെ വൃക്ഷവിളകളും വനപ്രദേശങ്ങളും വെട്ടിമാറ്റിയിട്ടുണ്ട്. ഇത് ഈ പഞ്ചായത്തിലെ

വൃക്ഷവിളകൾക്ക് വൻനഷ്ടം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ നിലവിലുള്ള കൃഷിരീതികളും അവയുടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളും ആശാസ്യമായ കൃഷിരീതികളും സംബന്ധിച്ച് വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

**പട്ടിക 3**

| ഭൂഘടന | നിലവിലുള്ള ഭൂവിനിയോഗം | പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ | ആശാസ്യമായ ഭൂവിനിയോഗ രീതികൾ |
|---|---|---|---|
| കുന്നിൻ മണ്ടകൾ | കുറ്റിച്ചെടികൾ, തേക്ക്, കശുമാവ് | കുറ്റിച്ചെടികൾ നിലവിലുള്ള പ്രദേശത്ത് മണ്ണൊലിപ്പ് സാധ്യതയുണ്ട്. | കുറ്റിച്ചെടികൾ നിലവിലുള്ള സ്ഥലങ്ങളിൽ ദീർഘകാല വൃക്ഷവിളകൾ വെച്ചു പിടിപ്പിക്കേണ്ടതാണ്. തേക്കും കശുമാവും കൃഷി തുടരാവുന്നതാണ്. |
| കുത്തനെയുള്ള ചെരിവുകൾ | വനപ്രദേശം, തേക്ക്, കശുമാവ്, റബ്ബർ, മരച്ചീനി | കുത്തനെയുള്ള ചെരിവും ഉയർന്ന മഴ ലഭ്യതയും ഉള്ള പ്രദേശമായതുകൊണ്ട് ബാക്കിയുള്ള മണ്ണു കൂടി ഒലിച്ചുപോകാൻ സാധ്യതയുണ്ട്. | ദീർഘകാല വൃക്ഷങ്ങൾ കൃഷി ചെയ്യേണ്ടതാണ്. തേക്ക്, റബ്ബർ, മുതലായ വിളകൾ ആശാസ്യമായ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളോടെ നടത്താവുന്നതാണ്. പാർപ്പിടങ്ങളും, മരച്ചീനി മുതലായ കിഴങ്ങുവർഗ്ഗവിളകളും ഒഴിവാക്കേണ്ടതാണ്. |
| ഇടത്തരം ചെരിവുകൾ | മിശ്രകൃഷി, തെങ്ങ്, കവുങ്ങ്, തേക്ക്, റബ്ബർ, മരച്ചീനി, കുറ്റിച്ചെടികൾ, വീടുകൾ | ചെരിവിന്റെ മേൽ ഭാഗത്ത് മരച്ചീനി കൃഷിയും കുറ്റിച്ചെടികളും ഉള്ളതുകൊണ്ട് മണ്ണൊലിപ്പുണ്ട്. | കുറ്റിച്ചെടികൾ ഉള്ള പ്രദേശത്ത് ദീർഘകാല വൃക്ഷവിളകൾ നടത്തേണ്ടതും മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. മരച്ചീനി ഒഴിവാക്കണം. |
| ചെറു ചെരിവുകൾ | മിശ്രകൃഷി, തെങ്ങ്, കവുങ്ങ്, റബ്ബർ, തേക്ക്, മരച്ചീനി | മേൽഭാഗത്ത് മരച്ചീനി കൃഷിയുള്ളതുകൊണ്ട് മണ്ണൊലിപ്പുണ്ട്. | എല്ലാ കൃഷിരീതികളും തുടരേണ്ടതാണ്. മണ്ണിന്റെ ഉല്പാദനക്ഷമത നിലനിർത്താൻ ഇടവിളകളുടെ തീവ്രത കുറക്കേണ്ടതാണ്. മരച്ചീനി താഴെ ഭാഗത്ത് മാത്രം കൃഷി ചെയ്യേണ്ടതാണ്. |
| താഴ്വരകൾ | നെല്ല്, വാഴ, റബ്ബർ, നഴ്സറി, വീടുകൾ | നെൽപാടങ്ങൾ നികത്തുന്നതുകൊണ്ട് വെള്ളം നിലനിർത്താനുള്ള കഴിവ് കുറയുന്നു. | നെൽകൃഷി, നിലനിർത്തേണ്ടതാണ്. തുടർവിളയായി പയറുവർഗ്ഗവിളകൾ കൃഷി ചെയ്യാവുന്നതാണ്. |

# ജനപ്രകൃതി

പഞ്ചായത്തിലെ ആകെ ജനസംഖ്യ 20.964 ആണ്. (1991ലെ കാനേഷുമാരി കണക്ക്) ഇതിൽ 10788 സ്ത്രീകളും 10176 പേർ പുരുഷന്മാരും ആണ്. സ്ത്രീ പുരുഷ അനുപാതം 1060 ആണ്. സംസ്ഥാന തലത്തിൽ ഇത് 1036 ഉം ജില്ലാതല ത്തിൽ 1085ഉം ആണ്. ഇവിടത്തെ ജനസാന്ദ്രത 837 ആണ്. സംസ്ഥാനതലത്തിൽ ഇത് 746ഉം ജില്ലാതലത്തിൽ 903ഉം ആകുന്നു.

പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 1766 ആണ് (8.4 ശതമാനം) ഈ വിഭാഗത്തിലെ സ്ത്രീ പുരുഷ അനുപാതം 1087 ആണ്.

ആറുവയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 2578 (13%) ആണ്. കുട്ടികളുടെ ആൺ - പെൺ അനുപാതം 998 ആണ്. ആകെ ജനസംഖ്യയിൽ സ്ത്രീപുരുഷ അനുപാതം സ്ത്രീകൾക്ക് അനുകൂലമാണെങ്കിലും കുട്ടികളുടെ കാര്യത്തിൽ ഇത് നേരെ മറിച്ചാണ്. കൂടുതൽ ശ്രദ്ധ ആവശ്യപ്പെടുന്ന പഠനം ഇക്കാര്യത്തിൽ നടത്തേണ്ടതാണ്. ഒരു കുടുംബത്തിലെ അംഗങ്ങളുടെ ശരാശരി എണ്ണം 4.94 ആണ് സംസ്ഥാന തത്തിൽ ഇത് 5.3 ഉം ജില്ലാതലത്തിൽ ഇത് 5.226 ആണ്.

**പട്ടിക ഒന്ന്**

**ജനസംഖ്യ**

| | |
|---|---|
| സ്ത്രീകൾ | 10788 |
| പുരുഷന്മാർ | 10176 |
| ആകെ | 20964 |
| **പട്ടികജാതി / പട്ടികവർഗ്ഗം** | |
| സ്ത്രീകൾ | 920 |
| പുരുഷന്മാർ | 846 |
| ആകെ | 1766 |
| **ആറുവയസ്സിൽ താഴെയുള്ള കുട്ടികൾ** | |
| പെൺകുട്ടികൾ | 1288 |
| ആൺകുട്ടികൾ | 1290 |
| ആകെ | 2578 |

അവലാംബം കാനേഷുമാരി 1991

പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 89.33% ആണ്. പുരുഷന്മാരുടെ നിരക്ക് 93.5% ഉം സ്ത്രീകളുടേത് 85.4% ഉം ആണ്.

**പട്ടിക 2**

**വിദ്യാഭ്യാസ അവസ്ഥ**

| വിഭാഗം | ശതമാനം |
|---|---|
| നിരക്ഷരർ | 14.74 |
| സാക്ഷരത നേടിയവർ | 2.55 |
| പ്രൈമറിക്കു താഴെ | 10.28 |
| പ്രൈമറി | 15.74 |
| അപ്പർ പ്രൈമറി | 16.57 |
| സെക്കൻഡറി | 29.00 |
| പ്രീഡിഗ്രി | 5.80 |
| ബിരുദതലം | 2.96 |
| ബിരുദനാന്തരതലം | 0.80 |
| പ്രൊഫഷണൽ ബിരുദം | 0.43 |
| ഐ.ടി.ഐ. | 0.39 |
| ഡിപ്ലോമ | 0.69 |
| മറ്റുള്ളവർ | 0.06 |
| ആകെ | 100.00 |

അവലംബം: സാമൂഹ്യ സാമ്പത്തിക സർവ്വേ, 1993

ഈ പ്രദേശത്തെ വിദ്യാഭ്യാസ അവസ്ഥയുടെ ചിത്രം പട്ടിക രണ്ടിൽ നിന്നും വ്യക്തമാകുന്നു. സാമൂഹ്യ സാമ്പത്തിക സർവേയിലൂടെ ലഭ്യമാകുന്ന നിരക്ഷരതാ നിരക്ക് (14.74%) സെൻസസിലെ കണക്കിനേക്കാൾ (11.66%) കൂടുതലാണ്.

പഞ്ചായത്ത് നിവാസികളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് 35.7 ശതമാനമാണ്. സ്ത്രീകളുടെ കാര്യത്തിൽ ഇത് കേവലം 21.24

ശതമാനം മാത്രമാണ്. സ്ത്രീകളുടെ വളരെ താഴ്ന്ന തൊഴിൽ പങ്കാളിത്ത നിരക്ക് കൂടുതൽ ശ്രദ്ധ ആവശ്യപ്പെടുന്ന ഒരു പ്രശ്നമാണ്. ജനസംഖ്യയിൽ 1.5 ശതമാനം ജനങ്ങൾക്ക് ഒരു വർഷത്തിൽ 6 മാസത്തിൽ കുറവ് ദിവസം മാത്രമെ പണി ലഭിക്കുന്നുള്ളൂ. ആറുമാസത്തിൽ കൂടുതൽ ജോലി (മുഖ്യതൊഴിൽ) ലഭിക്കുന്നവർ 34.2 ശതമാനം മാത്രമേയുള്ളൂ.തൊഴിൽ പങ്കാളിത്ത നിരക്ക് സംസ്ഥാന ശരാശരി (31.43%)യേക്കാൾ ഉയർന്നതാണെങ്കിൽ കൂടി ഏതാണ്ട് മൂന്നിൽ രണ്ടുഭാഗം ജനങ്ങൾ തൊഴിൽ ലഭിക്കാത്തവരാണ് എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

മാടക്കത്തറ പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് സംസ്ഥാന-ജില്ലാ ശരാശരിയേക്കാൾ ഉയർന്നതാണ്. (കേരളം 15.85%) തൃശൂർ ജില്ല (17.94%)

വിവിധ തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം പൊതുവെ മോശമാണ്. കാർഷിക തൊഴിൽ മേഖലയിൽ മാത്രമാണ് സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരുടെ ഒപ്പം അടുത്തുവരുന്നത്. ആകെ തൊഴിലാളികളിൽ 44.70% വ്യവസായമേഖലയിൽ സ്ത്രീ തൊഴിലാളികൾ 21 ശതമാനം മാത്രമേയുള്ളൂ. മറ്റു തൊഴിൽ മേഖലയിൽ ഇത് 38.2% ആണ് വിവിധ മേഖലകളിലുള്ള തൊഴിലാളികളുടെ എണ്ണം

പട്ടിക 3

## തൊഴിലെടുക്കുന്നവരുടെ എണ്ണം

| വിഭാഗം | സ്ത്രീ | പുരു | മൊത്തം |
|---|---|---|---|
| മുഖ്യതൊഴിൽ | 2168 | 5002 | 7170 |
| ഭാഗിക തൊഴിൽ | 123 | 191 | 314 |
| മൊത്തം | 2291 | 5193 | 7484 |
| തൊഴിൽ പങ്കാളിത്ത നിരക്ക് ശതമാനം | 21.24 | 53.03 | 35.7 |

അവലംബം കാനേഷുമാരി 1991

വിവിധ മേഖലകളിലായി ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിശദവിവരങ്ങളാണ് പട്ടിക 4ൽ കൊടുക്കുന്നത്. പ്രധാന തൊഴിലാളികളുടെ എണ്ണം മാത്രമേ ഇതിനായി പരിഗണിച്ചിട്ടുള്ളൂ.

കാർഷിക മേഖലയിലാണ് തൊഴിലാളിക

പട്ടിക 4

## മുഖ്യതൊഴിലുകൾ

| തൊഴിൽ | സ്ത്രീ | പുരു | മൊത്തം | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 208 | 845 | 1053 | 14.7 |
| കർഷകത്തൊഴിലാളികൾ | 968 | 1199 | 2167 | 30.2 |
| മൃഗസംരക്ഷണം / മത്സ്യബന്ധനം | 122 | 235 | 357 | 5.0 |
| ഖനനം പാറപൊടിക്കൽ | 46 | 89 | 135 | 1.9 |
| കുടിൽ വ്യവസായം | 28 | 72 | 100 | 1.4 |
| കുടിലേതര വ്യവസായം | 181 | 711 | 892 | 12.4 |
| കെട്ടിടം / റോഡ് നിർമ്മാണം | 69 | 176 | 245 | 3.4 |
| വാണിജ്യം | 42 | 484 | 526 | 7.3 |
| ഗതാഗതം | 8 | 389 | 397 | 5.5 |
| മറ്റു സേവനങ്ങൾ | 496 | 802 | 1298 | 18.1 |
| മൊത്തം തൊഴിലെടുക്കുന്നവർ | 2168 | 5002 | 7170 | 100 |
| ഭാഗിക തൊഴിൽ ചെയ്യുന്നവർ | 123 | 191 | 314 | |
| പണിചെയ്യാത്തവർ | 8497 | 4983 | 13480 | |
| മൊത്തന ജനസംഖ്യ | 10788 | 10176 | 20964 | |

അവലംബം കാനേഷുമാരി 1991

ളിൽ പകുതി പണിയെടുക്കുന്നത്. കർഷകത്തൊഴിലാളികൾ 30.2% ഉണ്ട്. കർഷകർ 14.7% മാത്രമേ വരൂ. മൃഗസംരക്ഷണമേഖലയിൽ 5% തൊഴിൽ ലഭിക്കുന്നു. വ്യവസായ മേഖലയിൽ 13.8% തൊഴിലാളികൾ മാത്രമേ പണിയെടുക്കുന്നുള്ളൂ. മറ്റു സേവന മേഖലകളിൽ 18.10% തൊഴിലാളികൾ ജോലി ചെയ്യുന്നു.

പഞ്ചായത്തിലെ ജനസംഖ്യയിൽ 64.3% ഒരു തൊഴിലും ചെയ്യാത്തവരാണ്. ചിത്രം 1 നോക്കുക.

ആകെ ജനങ്ങളിൽ 5.2% പേർ കൃഷിക്കാരാണ് . കർഷകത്തൊഴിലാളികൾ 10.3% വരും. കുടിൽ വ്യവസായ രംഗത്ത് 0.5% പേർ മാത്രം പണിയെടുക്കുമ്പോൾ കുടിലേതര വ്യവസായ രംഗത്ത് 4.3% പേരാണ് പണിയെടുക്കുന്നത്.

ചിത്രം 1



# 5

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

# 5 - 1 കൃഷി

മാടക്കത്തറ ഒരു കാർഷിക ഗ്രാമമാണ്. കേരളത്തെ 13 കാർഷിക മേഖലകളായി തരം തിരിച്ചിരിക്കുന്നതിൽ ഉയരമുള്ള മേഖല (High Land) യിലാണ് മാടക്കത്തറയെ പെടുത്തിയിരിക്കുന്നത്. എന്നാൽ മദ്ധ്യ ഇടനാടിൻെറ ചില സവിശേഷതകളും ഈ പഞ്ചായത്തിൽ ദൃശ്യമാണ്. മദ്ധ്യ ഇടനാടിൻെറ വിളകളെന്ന് വിശേഷിപ്പിക്കാവുന്ന കവുങ്ങ്, വാഴ, നെല്ല്, തെങ്ങ്, എന്നിവയ്ക്ക് പുറമെ ഉയർന്ന മേഖലയിലെ വിളകളായ റബ്ബർ, കുരുമുളക് എന്നിവയും പഞ്ചായത്തിൽ ധാരാളമായി കൃഷി ചെയ്യുന്നു. മാടക്കത്തറ, വെള്ളാനിക്കര, കുറിച്ചിക്കര, അക്കരപ്പുറം, താണിക്കുടം തുടങ്ങിയ സമതലമേഖലകളും, കട്ടിലപൂവ്വം, പുല്ലംകണ്ടം, നിന്നുകുഴി, കച്ചിതോട് മുതലായ മലയോര മേഖലകളും ഉൾക്കൊ ള്ളുന്നതാണ് ഈ പഞ്ചായത്ത്.

### കാലാവസ്ഥ

താരതമ്യേന നല്ല മഴ ലഭിക്കുന്നതാണ് ഈ പ്രദേശം. 1986 മുതൽ1995 വരെയുള്ള മഴയുടെ കണക്ക് പരിശോധിച്ചാൽ ശരാശരി ഒരു വർഷത്തിൽ 284 സെ.മീ. മഴ ഈ പഞ്ചായത്തിൽ ലഭിച്ചുവെന്ന് മനസ്സിലാക്കാം. കഴിഞ്ഞ പത്തു വർഷത്തെ മഴയുടെ ശരാശരി കണക്കിൽ ഓരോ മാസവും ലഭ്യമായ മഴയുടെ ഒരു വൃത്ത ചിത്രീകരണം താഴെ കൊടുത്തിരിക്കുന്നു.



## മാസം തോറുമുള്ള ഏറ്റവും ഉയർന്നതും താഴ്ന്നതുമായ അന്തരീക്ഷ ഊഷ്മാവിൻെറ ശരാശരി




## മാസം തോറുമുള്ള ആപേക്ഷിക ആർദ്രതയുടെ ശരാശരി കണക്ക്



## 1. d.കാലാവസ്ഥാ കലണ്ടർ

പഞ്ചായത്തിൽ വർഷകാലം സാധാരണയായി ആരംഭിക്കുന്നത് ജൂൺ മാസാരംഭത്തിൽ തന്നെയാണ്. ചില വർഷങ്ങളിൽ മേയ് അവസാനവും കാലവർഷം ആരംഭിക്കാറുണ്ട്. അതുപോലെ തന്നെ തുലാവർഷം ആരംഭിക്കുന്നത്. ഒക്ടോബർ 5നും 20നും ഇടയിലാണ്. കൂടുതൽ മഴ ലഭിക്കുന്നത് കാലവർഷത്തിൽ ആണ്. ചില വർഷങ്ങളിൽ തുലാവർഷം വളരെ ശുഷ്ക്കമാവാറുണ്ട്. മഞ്ഞ് കാലം ആരംഭിക്കുന്നത് നവംബർ അവസാനത്തോടു കൂടിയാണ്. ഇത് ജനുവരി മാസം പകുതി വരെ തുടരും. അത് കഴിഞ്ഞാൽ വേനൽ കാലം ആരംഭിക്കുകയായി. ഏപ്രിൽ മാസത്തിൽ വിഷു കാലയളവിൽ കുറച്ച് മഴ മുടക്കമില്ലാതെ ലഭിക്കാറുണ്ട്. അതാണ് ഒരു കാർഷിക വർഷത്തിന്റെ ആരംഭമായി കണക്കാക്കുന്നത്. ഇടമഴ ലഭിക്കുന്നത് ഫെബ്രുവരി, ഏപ്രിൽ മാസങ്ങളിലാണ്. വർഷത്തിൽഏതാണ്ട് എട്ടുമാസക്കാലവും മഴ ലഭിക്കുന്നു എന്നത് ഒരു അനുഗ്രഹമാണ്.

ധാരാളമായി മഴ ലഭിക്കുന്ന പ്രദേശമാണെങ്കിലും അത് ഫലപ്രദമായി സംഭരിക്കാനോ ജല ദൗർലഭ്യമുള്ള സമയത്ത് ഉപയോഗപ്പെടുത്താനോ ഉള്ള സംവിധാനങ്ങൾ ഇപ്പോൾ പഞ്ചായത്തിൽ നിലവിലില്ല. മാത്രമല്ല ചിത്രത്തിൽ നിന്നു മനസ്സിലാക്കാവുന്ന ചില മാസങ്ങളിലുള്ള അതിവൃഷ്ടിസാരമായ മണ്ണൊലിപ്പിനും മണ്ണിന്റെ ഫലപുഷ്ടിശോഷണത്തിനും കാരണമായിത്തീരുകയും ചെയ്യുന്നു. കയറ്റിറക്കമുള്ള ഭൂമിയുടെ കിടപ്പും ഈ പ്രതിഭാസത്തിന് ആക്കം കൂട്ടുന്ന വസ്തുതയാണ്. അതിനാൽ, വേനൽ കാലമാകുമ്പോഴേക്കും ഉയർന്ന പ്രദേശങ്ങളിലും മാടക്കത്തറ പോലുള്ള താരതമ്യേന ഉയർന്ന സമതല പ്രദേശങ്ങളിലും കുടിവെള്ളത്തിനു പോലും ദൗർലഭ്യം അനുഭവപ്പെടുന്നു. പഞ്ചായത്തിൽ നിന്നും ലോറികളിൽ വെള്ളമെത്തിച്ചാണ് ഈ പ്രതിസന്ധി പരിഹരിക്കുന്നത്. അതുകൊണ്ട് മഴവെള്ളം സംഭരിച്ചുനിർത്തുന്നതിനും അത് ഫലപ്രദമായി ഉപയോഗിക്കുന്നതിനും വേണ്ടുന്ന പദ്ധതികൾ നടപ്പിലാക്കുക എന്നത് പഞ്ചായത്തിലെ പ്രഥമ പരിഗണന അർഹിക്കുന്ന വിഷയമാണ്.

## മണ്ണ്

മാടക്കത്തറ പഞ്ചായത്തിൽ പ്രധാനമായും ചെങ്കൽ മണ്ണാണ് ഏറ്റവും കൂടുതൽ ഉള്ളത്. നല്ല നീർവാർച്ച ഈ മണ്ണിന്റെ സവിശേഷതയാണ്. വെള്ളം പിടിച്ചു നിർത്താനുള്ള കഴിവും ഫലപുഷ്ടിയും ഈ മണ്ണിന് താരതമ്യേന കുറവാണ്. ധാരാളം വായുസഞ്ചാരമുണ്ടായിരിക്കും എന്നതാണ് മറ്റൊരു പ്രത്യകത ചെടികളുടെ വളർച്ചക്ക് ഇതൊരു അനുകൂല ഘടകമാണ്. ഈ മണ്ണിൽ കൃഷിയിറക്കുമ്പോൾ ധാരാളം ജൈവ വളം ചേർത്ത് മണ്ണിന്റെ ഫലപുഷ്ടിയും ജലാഗിരണ ശേഷിയും വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്. പാടങ്ങളിൽ പൊതുവെ കളിമണ്ണാണ് കാണപ്പെടുന്നത്. ഈ മണ്ണിന് ജലസംഭരണശേഷി വളരെ കൂടുതലാണ്. ഫലപുഷ്ടിയും താരതമ്യേന മെച്ചപ്പെട്ടതാണ്. ഈ പഞ്ചായത്തിലെ നെൽപ്പാടങ്ങളിൽ നീർവാർച്ച ഒരു വലിയ പ്രശ്നമായി അനുഭവപ്പെടാറില്ല. എങ്കിലും തുടർച്ചയായ മഴയുണ്ടാകുമ്പോൾവയലുകളിൽ രണ്ട് മൂന്ന് ദിവസം വെള്ളം കെട്ടിക്കിടക്കാറുണ്ട്. പഞ്ചായത്തിലെ വിവിധ മണ്ണിനങ്ങളുടെ ഒരു ചിത്രീകരണം താഴെ കൊടുക്കുന്നു.



## ഭൂവിനിയോഗം

ഓരോരോ ഭൂപ്രകൃതി വിഭാഗങ്ങളിലും വിഭിന്നമായ വിളകളാണ് കൃഷിചെയ്തു പോരുന്നത്. കുന്നിൻ മണ്ടകളിൽപ്രധാനമായും റബ്ബർ കൃഷിയാണ് വ്യാപകമായി കാണുന്നത്. ചെരിവ് പ്രദേശങ്ങളിൽ കശുമാവ്, കുരുമുളക്, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിളകൾ കൃഷിചെയ്യുന്നു. താഴ്‌വരകളിൽ തെങ്ങ്, കവുങ്ങ്, കപ്പ തുടങ്ങിയ കൃഷികളും , പാടങ്ങളിലും അതുപോലുള്ള പ്രദേശങ്ങളിലും നെല്ല്, വാഴ, പച്ചക്കറികൾ, പയർവർഗ്ഗങ്ങൾ, എള്ള് എന്നിവയും കൃഷിചെയ്യുന്നു.

പഞ്ചായത്തിലെ ഭൂവിനിയോഗം താഴെ കാണിക്കും പ്രകാരമാണ്. (പട്ടിക 1)

**പട്ടിക 1**
**ഭൂവിനിയോഗം**

| | | |
|---|---|---|
| 1 | കൃഷിയോഗ്യതരിശ് | 20 ഹെക്ടർ |
| 2 | കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിച്ച ഭൂമി | 148 ഹെക്ടർ |
| 3 | കൃഷിയോഗ്യമല്ലാത്ത തരിശ് | 35 ഹെക്ടർ |
| 4 | ഒരു പ്രാവശ്യത്തിൽ കൂടുതൽ വിളവിറക്കുന്ന സ്ഥലം | 273 ഹെക്ടർ |
| 5 | കൃഷിക്ക് ഉപയുക്തമായ ഭൂമി | 1440 ഹെക്ടർ |

മാടക്കത്തറ പഞ്ചായത്തിലെ വനം ഒഴിച്ചുള്ള ഭൂമിയിലെ വിവരങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.

## കാർഷിക ചരിത്രം

മാടക്കത്തറ പഞ്ചായത്തിൻെറ കാർഷിക ബന്ധങ്ങളിലും വിളകളിലും കൃഷിരീതിയിലും വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. ഉയർന്ന പ്രദേശങ്ങൾ ഒഴിച്ചുള്ള സ്ഥലങ്ങളെല്ലാം ഒരുപ്പൂവ് കൃഷി ഇറക്കുന്ന നെൽ വയലുകളായിരുന്നു. കള്ളായി കുന്നിൽ നിന്ന് നോക്കിയാൽഏതാണ്ട് പഞ്ചായത്തിൻെറ അതിർത്തിയോളം നീണ്ടുകിടന്നിരുന്ന വയലേലകൾ കാണാമായിരുന്നു. അക്കാലത്ത് മഴയെ മാത്രം ആശ്രയിച്ചുള്ള ഒരുപ്പൂ കൃഷിയായിരുന്നു ബഹുഭൂരി പക്ഷം പാടശേഖരങ്ങളിലും ചെയ്തിരുന്നത്. തലക്കുളങ്ങൾ നിലവിലുണ്ടായിരുന്ന മാടക്കത്തറ പാടം പോലുള്ള സ്ഥലങ്ങളിൽ നിന്നുള്ള വെള്ളം ഉപയോഗപ്പെടുത്തി മുണ്ടകൻകൃഷിയും നടത്തിയിരുന്നു. മഴ കഴിഞ്ഞാൽപിന്നെ ഇവിടങ്ങളിൽ വെള്ളം തേവിയായിരുന്നു ജലസേചനം നടത്തിയിരുന്നത്.

ഒട്ടുമിക്ക ഭൂമികളും താണിക്കുടം ദേവസ്വം വകയും ചെറുവത്തൂർ മന, വേണാട് മന, കുറുപ്പത്തു വീട് തുടങ്ങിയ തറവാട്ടുകാരുടെ വകയും ആയിരുന്നു. കൃഷി ഇറക്കിയിരുന്നത് കുടിയാന്മാർ എന്ന പേരിലറിയപ്പെട്ടിരുന്ന സാധാരണ കർഷകർ ആയിരുന്നു. ഇരുപ്പൂ നിലങ്ങളിൽ 7 മുതൽ 9 പറ വരെയും ഒരുപ്പൂ നിലങ്ങളിൽ 4.5 പറയുമായിരുന്നു സാധാരണ നിശ്ചയിച്ചിരുന്ന പാട്ടം, അശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങളും, വിളവ് കുറഞ്ഞ നെല്ലിനങ്ങളുടെ ഉപയോഗവും മൂലം വിളവ് തുലോം തുച്ഛമായിരുന്നു. കഠിനമായ അദ്ധ്വാനത്തിനുശേഷം കർഷകർക്ക് ലഭിക്കുന്നത് 7 അല്ലെങ്കിൽ 8 വിളവായിരുന്നു. 10 വിളവ് കിട്ടുകയെന്നാൽ വളരെ നല്ല വിളവായിട്ടാണ് കരുതി പോന്നിരുന്നത്. ഇങ്ങനെ കിട്ടുന്ന നെല്ലിൽ നിന്നും പാട്ടം കൊടുത്തു കഴിയുമ്പോൾ കർഷകർക്ക് എന്നും പട്ടിണിയായിരുന്നു മിച്ചം. ഇരുപ്പൂ കൃഷി ചെയ്യുന്ന കുടിയാന്മാർക്ക് ഒരുപൂവിലെ നെല്ലെങ്കിലും സ്വന്തം ആവശ്യത്തിനു കിട്ടുമായിരുന്നു. അതുകൊണ്ട് ഏറെ ശാരീരികാദ്ധ്വാനം ആവശ്യമുള്ളതാണെങ്കിലും വെള്ളം തേവി രണ്ടാം വിളവിറക്കാൻ കുളത്തിനു സമീപമുള്ള കൃഷിക്കാർ ശ്രദ്ധിച്ചിരിന്നു. ഒരുപൂവിറക്കുന്ന കർഷകർക്ക് ഏക ആശ്വാസം വയ്ക്കോൽ തല്ലി കിട്ടുന്ന നെല്ലാണ്. ഇവർ വയ്ക്കോൽ കൂന കൂട്ടി വെക്കും കന്നിമാസമാകുമ്പോൾ വയ്ക്കോൽ തല്ലിക്കും. അതിൽ നിന്നു കിട്ടുന്ന നെല്ലിൽ കൂലി കൊടുത്ത ശേഷമുള്ളത് ഉപയോഗിച്ചാണ് ഭക്ഷണം കഴിച്ചിരുന്നത്. ഒരു സ്ത്രീക്ക് ഒരു ദിവസം വയ്ക്കോൽ തല്ലാൻ ഏതാണ്ട് 3 ഇടങ്ങഴി നെല്ല് കൂലി കൊടുക്കണമായിരുന്നു. അതുപോലെതന്നെ കൊയ്ത്തിനും പതമ്പായിരുന്നു കൊടുത്തിരുന്നത്. 8ന് ഒന്ന് എന്നതായിരുന്നു സാധാരണ പതമ്പ്.

രണ്ടാം ലോക മഹായുദ്ധത്തിൻെറ അവസാനമായപ്പോഴേക്കും ഭാരതത്തിൽ ഭക്ഷ്യകമ്മി വളരെയേറെ വർദ്ധിച്ചിരുന്നു. ആ കാലത്ത് ഈ പഞ്ചായത്ത് ഉൾപ്പെട്ടിരുന്ന കൊച്ചി സംസ്ഥാനത്ത് ഭക്ഷ്യക്ഷാമം നേരിടുന്നതിനുവേണ്ടി ഒരു ഭക്ഷ്യഉൽപാദന സമിതി (Food Production

Committee) നിലവിൽ വന്നു. കുന്നുകളിലെ നെല്ലുല്പാദനം (Hill Paddy Production) എന്നായിരുന്നു സർക്കാർ ഈ പദ്ധതിക്ക് കൊടുത്തിരുന്ന പേര്. ഈ സമിതിയുടെ തീരുമാന പ്രകാരം വളരെ സാന്ദ്രത കുറഞ്ഞ കാടുകൾ വെട്ടിതെളിച്ച് ഒരുപ്പൂ കൃഷിയിറക്കാൻ സർക്കാർ മുന്നോട്ട് വന്നു. അക്കാലത്ത് ഇപ്പോഴത്തെ പ്രധാന കനാലിന് മുകളിലുള്ള ഭാഗത്ത് മുഴുവൻ കൊടും കാടായിരുന്നു. അതിന് താഴെ കള്ളായി കോളനി സ്ഥിതിചെയ്യുന്ന സ്ഥലം കുറ്റിക്കാടായിരുന്നു. ഈ പ്രദേശം വില്ലേജുകാട് എന്നറിയപ്പെട്ടിരുന്നു. കുറെ നാൾ നാട്ടുകാരുടെ വളർത്തു മൃഗങ്ങളെ മേക്കുവാനുള്ള സ്ഥലമായി ഇത് ഉപയോഗിക്കുകയുണ്ടായി. പിന്നീടാണ് അതു കള്ളായി പട്ടികജാതി കോളനിയായി അംഗീകരിച്ച് പതിച്ചുകൊടുത്തത്. കാടല്ലാതെയുള്ള കര പ്രദേശങ്ങളിൽ മുളംകൂട്ടവും കശുമാവുകളും മറ്റുമാണ് സാധാരണയായി കാണപ്പെട്ടിരുന്നത്. മേൽപറഞ്ഞ നെല്ലുല്പാദന പദ്ധതി പ്രകാരം സർക്കാരിൻെറ നേതൃത്വത്തിൽ താണിക്കുടം മുതൽ അമ്പലപ്പാട് വരെയുള്ള പ്രദേശം കാടു വെട്ടിതെളിച്ച് കൃഷിചെയ്യുകയുണ്ടായി. ഇതുപോലെ നെൽകൃഷിചെയ്യുന്നതിനു കർഷകരെയും സർക്കാർ പ്രോത്സാഹിപ്പിച്ചു. നിലവിലുള്ള കൃഷിസ്ഥലത്തുനിന്നും ഉല്പാദന വർദ്ധനവ് അന്നുനിലവിലുണ്ടായിരുന്ന അറിവുകൾ വെച്ച് വർദ്ധിപ്പിക്കാൻ അസാദ്ധ്യമായതിനാലാവാം കൂടുതൽ സ്ഥലത്തേക്ക് നെൽകൃഷി വ്യാപിപ്പിക്കാനുള്ള ഇത്തരം പദ്ധതികൾനടപ്പിലാക്കിയത് ഏതായാലും ആ പദ്ധതി 4-5 വർഷം മാത്രമെ നീണ്ടുനിന്നുള്ളു. അതു ലാഭകരമല്ലെന്ന് തോന്നിയത് കൊണ്ടോ എന്തോ സർക്കാർ തന്നെ അത് നിർത്തലാക്കുകയായിരുന്നു.

തിരുകൊച്ചി സംയോജനത്തിനുശേഷമാണ് ഈ പഞ്ചായത്തിലെ മലയോരമേഖലകളിലേക്ക് തിരുവിതാംകൂറിൻെറ പല പ്രദേശങ്ങളിൽ നിന്നുമായി വളരെയേറെ കുടിയേറ്റക്കാർ വന്നു തുടങ്ങിയത്. 1949 മുതൽക്കാണ് കുടിയേറ്റം ആരംഭിച്ചത്. അവർ കുണ്ടുകാട് മുതൽ മുകളിലേക്കുള്ള സ്ഥലങ്ങളിലെ കാടു വെട്ടിതെളിച്ച് കൃഷി ഇറക്കി. അക്കാലത്ത അവരുടെ പ്രധാനപ്പെട്ട കൃഷി കപ്പയായിരുന്നു. ഏറെ വളക്കൂറുള്ള കാട്ടുമണ്ണിൽ നിന്ന് അദ്ധ്വാന ശീലരായ കുടിയേറ്റക്കാർ വിയർപ്പ് ചിന്തി കനകം വിളയിച്ചിരുന്നു. കപ്പകൃഷിമൂലം മണ്ണൊലിപ്പ് നിയന്ത്രണാതീതമായി എന്നതും ഒരു വസ്തുതയാണ്. ഏതാണ്ട് പത്തുവർഷത്തെ കപ്പ കൃഷിക്ക് ശേഷം കുറഞ്ഞുവരുന്ന വിളവിൽ നിന്നും ഈ വസ്തുത അവർക്ക് മനസ്സിലായെന്ന് വേണം കരുതാൻ അതിനുശേഷം കുരുമുളക്, കശുമാവ്, തെങ്ങ് മുതലായ വിളകൾ കൃഷി ചെയ്തു തുടങ്ങി.

റബ്ബർ വളരെ വൈകിയാണ് ഇവർ കൃഷി ചെയ്തു തുടങ്ങിയത്. ഈ നൂറ്റാണ്ടിൻെറ ആദ്യ വർഷങ്ങൾ മുതൽ തന്നെ ഇവിടെ വലിയ രണ്ട് റബ്ബർ തോട്ടങ്ങളുണ്ടായിരുന്നു. ഇപ്പോൾ തട്ടിൽ എസ്റ്റേറ്റ്, മേപ്പാടം റബ്ബർ എസ്റ്റേറ്റ് എന്നിങ്ങനെ അറിയപ്പെടുന്നവയാണ് ഈ തോട്ടങ്ങൾ. ഒരേക്കറിന് ഒരു വർഷത്തേക്ക് ഒരു രൂപ പാട്ടം നിശ്ചയിച്ചാണ് കൊച്ചി സർക്കാരിൽ നിന്നും ബ്രിട്ടീഷുകാർ സ്ഥലം പാട്ടത്തിനെടുത്ത് ഈ എസ്റ്റേറ്റുകൾ വളർത്തിയെടുത്തതത്രെ. ബ്രിട്ടീഷുകാരിൽ നിന്നാണ് അത് ഇന്ത്യക്കാരായ ഉടമസ്ഥർ കൈവശപ്പെടുത്തിയത്. അതിൽ തട്ടിൽ എസ്റ്റേറ്റ് 1972 മുതൽ കേരള കാർഷിക സർവ്വകലാശാലയുടെ ആസ്ഥാനമാണ്. മേപ്പാടം എസ്റ്റേറ്റ് ഇപ്പോൾ തുണ്ടുതുണ്ടായി പലരുടെയും കൈവശമാണ്. റബ്ബർ കൃഷിയാണ് ഈ പ്രദേശത്ത് ലാഭമുണ്ടാക്കാൻ നല്ലതെന്ന് മനസ്സിലാക്കിയ കുടിയേറ്റക്കാർ ക്രമേണ വ്യാപകമായി ഈ കൃഷി ആരംഭിച്ചു.

പീച്ചി ജലസേചന പദ്ധതി പ്രാവർത്തികമായതോട് കൂടി നിലങ്ങളെല്ലാം ഇരുപ്പൂവും, മുപ്പൂവും നിലങ്ങളായി മാറി. ഭൂപരിഷ്ക്കരണം നടപ്പിലായതോടുകൂടി കൃഷിഭൂമികളെല്ലാം കുടിയാന്മാരുടെ കൈവശത്തിലായി. നിലങ്ങളോടൊപ്പം തന്നെ കുടികിടപ്പവകാശം സിദ്ധിച്ച കരഭൂമികളിലും കർഷകർ ദീർഘകാലവിളകൾ നട്ടുപിടിപ്പിച്ചു തുടങ്ങി. അതിനുമുമ്പ് ഈ കര ഭൂമികളിൽ അന്യാധീന ഭൂമി എന്നുള്ള സങ്കൽപ്പത്താൽ പുതിയ വിളകളൊന്നും നടാൻ കർഷകർ താല്പര്യപ്പെട്ടിരുന്നില്ല. ഉള്ളവയിൽ നിന്നു ജന്മിയും കുടിയാനും വീതിച്ചെടുക്കുകയായിരുന്നു പതിവ്.

ഇങ്ങനെയുള്ള കർഷകർക്ക് ഭൂപരിഷ്ക്കരണത്തിൻെറ ഫലമായി ഭൂമി സ്വന്തമായി ലഭിച്ചു കഴിഞ്ഞപ്പോൾ പുതിയ കൃഷികൾ ആരംഭിക്കാൻ എന്തെന്നില്ലാത്ത ആവേശമായി . അവിടെനിന്ന് മാടക്കത്തറ പഞ്ചായത്തിലെ കാർഷിക വികസനം ഒരു യാഥാർത്ഥ്യമാവുകയായിരുന്നു. നെൽപാടങ്ങൾ ഇരുപ്പൂവ്വും മുപ്പൂവ്വുമാക്കി മാറ്റപ്പെട്ടതോടൊപ്പം അഖിലേന്ത്യാതലത്തിൽ നടപ്പിലാക്കിയിരുന്ന ഹരിത വിപ്ലവത്തിൻെറ അലകൾ

ഇവിടെയും വന്നെത്തി. അങ്ങനെ ശാസ്ത്രീയ മായ കൃഷിമുറകളിലേക്ക് കർഷകർ സാവധാനം നീങ്ങുകയായി. പട്ടാമ്പിയിൽ നിന്നുള്ള പുതിയ നെല്ലിനങ്ങളുടെ ആവിർഭാവത്തോടെ വിളവ് ഇരട്ടിയും രണ്ടിരട്ടിയുമായി വർദ്ധിച്ചു. എന്നാൽ ഈ കാലഘട്ടത്തിൽ തന്നെ ജനസംഖ്യാ വർദ്ധനവു മൂലം ഉള്ള കരപ്രദേശങ്ങൾ ആളു കൾക്ക് താമസിക്കാൻ തികയാതെ വന്നു. അങ്ങനെ അവർ നെൽഭൂമികൾ മണ്ണിട്ടു നികത്തി പുരകൾ പണിതു തുടങ്ങി. അതിനു ചുറ്റും മറ്റു കരകൃഷികൾ ചെയ്തു. ഇങ്ങനെ ഭക്ഷ്യധാന്യ ഉൽ പാദന നഷ്ടം, വർദ്ധിച്ച ഉൽപാദനക്ഷമതയി ലൂടെ കുറെനാൾ പിടിച്ചു നിർത്താൻ സാധിച്ചു വെങ്കിലും, ക്രമാതീതമായ നികത്തൽ മൂലം ഉൽ പാദനം കുറയുന്നതാണ് പിന്നീട് നാം കണ്ടത്. അതുപോലെ തന്നെ, വാഴ, പച്ചക്കറി, മുതലായ കൃഷികളും ആദായകരമായി കണ്ടു. നെൽപാട ങ്ങളിൽ ഉൽപാദനച്ചെലവ് വർഷം തോറും കൂടി കൂടി വന്നു. എന്നാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും വളരെ കുറഞ്ഞ നിരക്കിൽ അരി ലഭ്യമാ യിരുന്നതുകൊണ്ട് നെല്ലിന് വില ആനുപാതിക മായി വർദ്ധിച്ചില്ല. പണ്ടുണ്ടായിരുന്ന ലെവി അളക്കൽ സമ്പ്രദായവും മറ്റും ഉപയോഗിച്ച് കാലാകാലങ്ങളിൽ അരിവില പിടിച്ചു നിർത്താ നായിരുന്നു സർക്കാർ ശ്രമിച്ചത്. ഇതുകൂടാതെ നിലവിലുണ്ടായിരുന്ന കർഷക തൊഴിലാളിക ളുടെ അടുത്ത തലമുറ കാർഷികവൃത്തിയിലേക്ക് തിരിയാൻ മടിച്ചപ്പോൾകാർഷിക തൊഴിലാളിക ളുടെ അനുക്രമമായ ദൗർലഭ്യം അനുഭവപ്പെട്ടു. സ്വാഭാവികമായും ഉള്ള തൊഴിലാളികളുടെ കൂലി ഗണ്യമായി വർദ്ധിച്ചു. ഇതെല്ലാം മൂലം വള രെയേറെ തൊഴിൽ ദിനങ്ങൾ ആവശ്യപ്പെടുന്ന നെൽകൃഷി അനാകർഷകമായി. അങ്ങിനെ കർഷ കർ ആദായകരങ്ങളായ വാഴ പോലുള്ള കൃഷികളി ലേക്ക് തിരിഞ്ഞു. പിന്നെ തെങ്ങ് മുതലായ മറ്റു വിളവുകൾ കൃഷിചെയ്ത് കൂടുതൽ ആദായമു ണ്ടാക്കുന്നതിനുവേണ്ടിയും നിലങ്ങൾ നിക ത്താൻ തുടങ്ങി. പീച്ചി കനാലിൽ നിന്ന് ഉദ്ദേശിച്ച പോലെ ജലം നെൽകൃഷിക്ക് ലഭ്യമല്ലാതെ പോയതും ഈ പ്രവണതക്ക് ആക്കം കൂട്ടി.

വില്ലേജ് ഓഫീസിലെ കണക്ക് അനുസരിച്ച് ഈ പഞ്ചായത്തിൽ 548 ഹെക്ടർ ഭൂമി നിലമാണ്. പക്ഷേ ഇപ്പോൾ പാടത്തിൻെറ രൂപത്തിൽ അവശേഷിക്കുന്നത് ഏകദേശം 270 ഹെക്ടർ ഭൂമി മാത്രം ആണ്. ഈ ഒരു കണക്കിൽ നിന്നു തന്നെ കഴിഞ്ഞ 3 പതിറ്റാണ്ടിനിടക്ക് നെൽകൃഷിക്ക് സംഭവിച്ച ശോഷണം മനസ്സിലാക്കാം. വില്ലേജ് ഓഫീസിലെ രേഖകൾ അനുസരിച്ചുള്ള ഭൂമിയുടെ തരം പട്ടിക 2ൽ കൊടുത്തിരിയ്ക്കുന്നു.

### പട്ടിക 2
### ഭൂമിയുടെ തരം

| ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടറിൽ | | |
|---|---|---|
| പുരയിടം | 1132.2454 | 52.4% |
| നിലം | 548.0780 | 25.4% |
| പുറമ്പോക്ക് | 479.4471 | 22.2% |
| തരിശ് | - | - |
| ആകെ | 2159.8205 | |

**ഭൂമിയുടെ ഉടമസ്ഥത**

ഏകദേശം 30 ശതമാനം ആളുകൾ മാത്രമെ പൂർണ്ണമായി കൃഷിയെ ആശ്രയിച്ചു ജീവിക്കു ന്നുള്ളൂ. ബഹുഭൂരിപക്ഷം പേർക്കും കൃഷി ഒരു ഉപവരുമാന മാർഗ്ഗമാണ്. കൃഷിയിൽ നിന്നു കിട്ടുന്ന വരുമാനം കൊണ്ടു ജീവിക്കാൻ സാധി ക്കാത്ത ഒരു സാഹചര്യമാണ് അവരെ മറ്റു ഉപജീ വനമാർഗ്ഗങ്ങൾ തേടാൻ പ്രേരിപ്പിച്ചതെന്നു വ്യക്തം. ഭൂവിതരണത്തിൻെറ സ്വഭാവം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നു വ്യക്ത മാകും.

### പട്ടിക 3
### ഉടമസ്ഥത

| | ഉടമസ്ഥരുടെ എണ്ണം |
|---|---|
| 1-10 സെൻറ് | 2160 |
| 10-25 സെൻറ് | 1580 |
| 25-50 സെൻറ് | 837 |
| 50-100 സെൻറ് | 823 |
| 1-2 ഏക്കർ | 589 |
| 2-5 ഏക്കർ | 282 |
| 5 ഏക്കറിൽ കൂടുതൽ | 54 |

ഇങ്ങിനെയുള്ള ഭൂവുടമകളിൽ യഥാർത്ഥ കർഷകരുടെ (Effective Farm Families ) എണ്ണം 3100 മാത്രമാണ് അതിൽ തന്നെ ചെറുകിട കർഷകർ (1-2 ഹെക്ടർ വരെ ഭൂമി) 102 പേരും വൻകിട കർഷകർ (2ഹെക്ടറിനു മുകളിൽ) 42 പേരുമാണ് ഉള്ളത്. ബാക്കിയുള്ള 2956 പേരും പരിമിത കർഷകരാണ്.

## വിളകളുടെ ഉൽപാദനം-ഉൽപാദനക്ഷമത

പഞ്ചായത്തിൽ ഏറ്റവും അധികം കൃഷി ചെയ്യപ്പെടുന്നത് തെങ്ങ് തന്നെയാണ്. ഈയിടെ നടത്തിയ സമഗ്രമായ സർവ്വേയിൽ നിന്നും വ്യക്തമാകുന്നത് 608 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷിയുണ്ടെന്നാണ്. പഞ്ചായത്തിലെ മുഖ്യവിളകൾ, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച ഒരു ഏകദേശ വിവരം പട്ടിക 4ൽ കൊടുക്കുന്നു .

അത്യുല്പാദനശേഷിയുള്ള ജ്യോതി, ചുവന്ന ത്രിവേണ I, തുടങ്ങിയ ഇനങ്ങളും '0-10' തുടങ്ങിയ നെല്ലിനങ്ങളുമാണ് 90 ശതമാനവും കൃഷി ചെയ്യുന്നത്. മുണ്ടകൻ വിളക്ക് കാലബന്ധിയായ ചിറ്റ്യാനി, പട്ടാമ്പി തുടങ്ങിയ നാടൻ നെല്ലിനങ്ങളാണ് 90% പാടങ്ങളിലും കൃഷിചെയ്യുന്നത്. വയ്ക്കോൽ ലഭിക്കുന്നതിനു വേണ്ടിയാണ് കർഷകർ ഈ വിത്തുകളെ ആശ്രയിക്കുന്നത്. പുഞ്ച കൃഷിക്ക് അത്യുല്പാദന ഇനങ്ങളായ അന്ന പൂർണ്ണ , ചുവന്നത്രിവേണി തുടങ്ങിയ ഇനങ്ങ ളാണ് കൃഷി ഇറക്കുന്നത്.

## കാർഷിക വികസന പദ്ധതികൾ ഒരു വിലയിരുത്തൽ

പഞ്ചായത്തിലെ കാർഷിക വികസന പ്രവർത്തനങ്ങളിൽ കൃഷിഭവന് പ്രധാനമായ പങ്കുണ്ട്. വളരെയേറെ ആസൂത്രിത പദ്ധതികൾ നടപ്പിലാക്കേണ്ടിവരുന്നതുകൊണ്ട് പരിമിതമായ കൃഷിഭവൻ ഉദ്യോഗസ്ഥരെ കൊണ്ട് കാർഷിക വികസനത്തിൻെറ ഏറ്റവും പ്രധാന മേഖലയായ വിജ്ഞാന വ്യാപനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ല. മുൻപ് നിലവിലുണ്ടായിരുന്ന സന്ദർശന പരിശീലനപരിപാടി കർഷകർക്ക് വളരെ അനുഗ്രഹമായിരുന്നു. ഓരോ രണ്ടാഴ്ച തോറും ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങളിലെത്തി ആവശ്യമായ നിർദ്ദേശങ്ങളും അവർക്ക് കിട്ടേണ്ടതായ ആനുകൂല്യങ്ങളുടെ ഉദ്യോഗ

**പട്ടിക 4**
**ഉൽപാദനം ഉൽപാദനക്ഷമത**

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം | ഉല്പാദനക്ഷമത | ഉല്പാദനം |
|---|---|---|---|---|
| 1 | നെല്ല് വിരിപ്പ് | 273 ഹെക്ടർ | 2400 Kg/Ha. | 655.200 MT |
| | മുണ്ടകൻ | 278 ഹെ. | 2000 Kg/Ha. | 556.000 MT |
| | പുഞ്ച | 65 ഹെ. | 2500 Kg/Ha. | 162.5 MT |
| 2 | തെങ്ങ് | 608 ഹെ. | 42 Nuts/Tree/Year | 4468800 Nuts |
| 3 | റബ്ബർ | 280 ഹെ. | 1400 Kg/Ha. | 392000 Kg Latex |
| 4 | കുരുമുളക് | 42 ഹെ. | 350 Kg/Ha. | 14700 Kg |
| 5 | കവുങ്ങ് | 112 ഹെ. | 244800 Nuts/HaYear. | 27417600 Kg |
| 6 | കപ്പ | 65 ഹെ. | 16.750 MT/Ha. | 1088.75 MT |
| 7 | പച്ചക്കറികൾ | 80 ഹെ. | - | 720 MT |
| 8 | വാഴ | 72 ഹെ. | 15 MT/Ha. | 1080 MT |
| 9 | പയറിനങ്ങൾ | 25 ഹെ. | 800 Kg/Ha. | 20 MT |
| 10 | കശുമാവ് | 80 ഹെ. | 875 Kg/Ha. | 70 MT |
| 11 | ഇഞ്ചി | 40 ഹെ. | 3875 Kg/Ha. | 155 MT |
| 12 | മാവ് | 10 ഹെ. | 4 MT/Ha. | 40 MT |
| 13 | കൈതച്ചക്ക | 12 ഹെ. | 16 MT/Ha. | 192 MT |
| 14 | എള്ള് | 45 ഹെ. | 210 Kg/Ha. | 9.45 MT |
| 15 | ജാതി | 12 ഹെ. | 1800 Kg/Ha. | 21.6 MT |
| 16 | മഞ്ഞൾ | 32 ഹെ. | 2350 Kg/Ha. | 75.2 MT |
| 17. | മധുരക്കിഴങ്ങ് | 9 ഹെ. | 12000 Kg/Ha. | 108 MT |

സ്ഥർക്ക് മറ്റ് ജോലിയും നിർവ്വഹിക്കാനുണ്ടായിരുന്നില്ല. അങ്ങനെയുള്ള ഒരു സംവിധാനം വീണ്ടും നടപ്പിലാക്കിയാൽ കർഷകർക്ക് അത് വളരെ ഉപകാരപ്രദമായിരിക്കും പരീക്ഷണശാലകളിൽ നിന്നും അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകൾ കർഷകരിലേക്കെത്തിക്കാവുന്ന ഒരു കണ്ണിയായി വർത്തിക്കാൻ ഈ സംവിധാനത്തിന് ഫലപ്രദമായി സാധിക്കുന്നതാണ്. കൃഷിഭവന്റെ സ്ഥാനം യാത്രാസൗകര്യമില്ലാത്ത പ്രദേശത്തായിരിക്കുന്നതും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നടീൽ വസ്തുക്കളും വളവും മറ്റുപാധികളും കൃഷിഭവനിൽനിന്നും കൊണ്ടുപോകാൻ കർഷകർ വളരെയേറെ ക്ലേശിക്കുന്നു. കൃഷിഭവൻ മുഖാന്തിരം എട്ടാം പദ്ധതിയിൽ നടപ്പിലാക്കിയ പരിപാടികളുടെ പ്രയോജനം ലഭിച്ചവരെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു. (പട്ടിക 5)

**പട്ടിക 5**

**8ാം പദ്ധതിയിൽ പ്രയോജനം ലഭിച്ച കർഷകരുടെ വിവരം**

| ക്രമനമ്പർ | പദ്ധതിയുടെ പേര് | നേരിട്ട് പ്രയോജനം ലഭിച്ചവർ | പരോക്ഷമായി പ്രയോജനം ലഭിച്ചവർ |
|---|---|---|---|
| 1 | സമഗ്രഭക്ഷ്യവികസന പദ്ധതി | 105 | 272 |
| 2 | രാസവള കീടനാശിനി ഗുണ നിയന്ത്രണ പദ്ധതി | എല്ലാ കർഷകരും | |
| 3 | പച്ചക്കറി വികസന പദ്ധതി | 3236 | 2400 |
| 4 | സുഗന്ധദ്രവ്യ വികസന പദ്ധതി | 128 | |
| 5 | എള്ള് കൃഷി വികസന പദ്ധതി | 325 | 640 |
| 6 | ഫലവൃക്ഷ കൃഷി വികസന പദ്ധതി | 76 | 32 |
| 7 | കവുങ്ങ് വികസന പദ്ധതി | 368 | 412 |
| 8 | ബയോഗ്യാസ് വികസന പദ്ധതി | 18 | 74 |
| 9 | മണ്ണ് പരിശോധന പദ്ധതി | 1675 | |
| 10 | പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി | 1218 | 78 |
| 11 | വിള ഇൻഷുറൻസ് പദ്ധതി | 136 | |
| 12 | ജൈവ വള വികസന പദ്ധതി | 646 | 310 |
| 13 | ഗ്രൂപ്പ് ഫാമിംഗ് പദ്ധതി | 577 | |
| 14 | പ്രത്യേക ഘടക പദ്ധതി | 296 | |
| 15 | കശുമാവ് വികസന പദ്ധതി | 466 | 360 |
| 16 | വികേന്ദ്രീകൃത നഴ്സറി പദ്ധതി | 2 | 140 |
| 17 | പയറ് വർഗ്ഗ വികസന പദ്ധതി | 682 | |
| 18 | വിത്തുല്പാദന പരിപാടി | 187 | 118 |
| 19 | ഔഷധ സസ്യവികസന പദ്ധതി | 90 | 120 |
| 20 | നാളികേര വികസന ബോണസ് പദ്ധതി | 36 | |
| 21 | കണിക ജലസേചനം | 14 | 32 |
| 22 | ഗ്രീൻ ഹൗസ് പദ്ധതി | 1 | |
| 23 | നെൽകർഷകർക്ക് ഉൽപാദക ബോർഡ് പദ്ധതി | 577 | |
| 24 | കൊക്കോ വികസന പദ്ധതി | 8 | |
| 25 | യുവജന പദ്ധതി | 105 | |
| 26 | സമഗ്ര നാളികേര വികസന പദ്ധതി | 95 | 272 |

## കർഷകസംരംഭങ്ങൾ

പഞ്ചായത്തിൽ പ്രധാനമായി പ്രവർത്തിക്കുന്ന കാർഷിക സംഘടനകൾ താഴെ പറയുന്നവയാണ്.

1. ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ

1. തുറുപ്പാടം പാടശേഖരസമിതി
2. ഊരഞ്ചേരി പാടശേഖര സമിതി
3. മാടക്കത്തറ പാടശേഖര സമിതി
4. പാണ്ടിപ്പറമ്പ് പാടശേഖര സമിതി
5. അക്കരപ്പുറം പാടശേഖര സമിതി
6. താണിക്കുടം പാടശേഖര സമിതി
7. മേപ്പാടം പാടശേഖര സമിതി
8. കട്ടിലപൂവ്വം പാടശേഖരസമിതി

ഗ്രൂപ്പ് ഫാമിംഗ് പദ്ധതി ആരംഭിച്ച 1988 കാലത്തെ പ്രവർത്തനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇപ്പോൾ മിക്കസമിതികളിലും വളരെ കുറവായിട്ടാണ് കാണപ്പെടുന്നത്. കൂട്ടായ പ്രവർത്തനങ്ങൾ ഉഴവയിൽ മാത്രം ഒതുങ്ങുന്നു. ഈ സമിതികളുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കിയെടുക്കേണ്ടതുണ്ട്. കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ സർക്കാരിൽനിന്നും നേടികൊടുക്കുന്നതിൽ ഈ സമിതികൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

## കേരസംരക്ഷണ സമിതികൾ

ഓരോ വാർഡിലും ഓരോ കേരസംരക്ഷണ സമിതിയുണ്ട്. അതാത് വാർഡിലെ നാളികേര കൃഷിയുടെ പ്രശ്നങ്ങളെ അപഗ്രഥിച്ച് പരിഹാരം കണ്ടെത്തേണ്ട ഈ സമിതികൾ ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണെന്ന് പറയാം.

## 3. കേരവികസന സമിതി

കേരസംരക്ഷണ സമിതികളുടെ തെരഞ്ഞെടുത്ത പ്രതിനിധികൾ ഉൾകൊള്ളുന്ന ഒരു പഞ്ചായത്ത് തല സമിതിയാണിത്. ഇപ്പോൾ ഈ സമിതിയുടെ പ്രവർത്തനവും മന്ദഗതിയിലാണ്.

## 4. റബ്ബർ മാർക്കറ്റിങ്ങ് സൊസൈറ്റി കട്ടിലപൂവ്വം

റബ്ബർ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി രൂപീകരിച്ചിരിക്കുന്ന സമിതിയാണിത്. ഇതിന്റെ പ്രവർത്തനം തൃപ്തികരമായി മുമ്പോട്ട് പോകുന്നുണ്ട്. കർഷകർക്ക് കാലാകാലങ്ങളിൽ ഉൽപാദനോപാധികൾ വിതരണം ചെയ്യുന്നതിനും അവരുടെ ഉൽപന്നങ്ങൾ വാങ്ങി അവയ്ക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് ആവശ്യമായ പരിശീലനവും സാമൂഹ്യസുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനും ഈ സൊസൈറ്റിക്ക് സാധിക്കുന്നുണ്ട്. റബ്ബർ ബോർഡുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഈ സമിതി , കാലാകാലങ്ങളിൽ ബോർഡിൽ നിന്നും അനുവദിക്കുന്ന സഹായങ്ങൾ കർഷകർക്ക് എത്തിച്ചുകൊടുക്കുവാനുള്ള ഉത്തരവാദിത്വവും വഹിക്കുന്നു.

## ജലസേചന സൗകര്യങ്ങൾ

പീച്ചി ജലസേചന പദ്ധതിയിൽ നിന്നുള്ള 21 കി.മീ. ദൈർഘ്യമുള്ള വലതുകര പ്രധാന കനാലും 4.3 കി.മീ. ദൈർഘ്യമുള്ള വെള്ളാനിക്കര ബ്രാഞ്ച് കനാലും പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. മൊത്തം 466 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതികൊണ്ട് ജലസേചനം നടത്തുന്നുണ്ട്. 2992 കിണറുകൾ ജലസേചനയോഗ്യമായിട്ടുണ്ട്. ഇതു മൂലം 219 ഹെക്ടർ സ്ഥലം നനക്കപ്പെടുന്നു. 27 ഉപയോഗ യോഗ്യമായ കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഇതുമൂലം 22 ഹെക്ടർ സ്ഥലവും നനക്കാൻ കഴിയുന്നു. 18 കുഴൽ കിണറുകളിൽ നിന്നായി 16 ഹെക്ടർ സ്ഥലവും, രണ്ട് നീർച്ചാലുകളിൽ സ്ഥിതിചെയ്യുന്ന 6 ചെക്ക് ഡാമുകൾ മുഖാന്തിരം 70 ഹെക്ടർ സ്ഥലവും നനച്ചുപോരുന്നു.

## രാസവള ഉപയോഗം

രാസവളത്തിന്റെ മൊത്തം ഉപയോഗം 1995-96 വർഷത്തിൽ 79770 കി.ഗ്രാം ആയിരുന്നു. ദ്രവകീട-കുമിൾ നാശിനികളുടെ ഉപയോഗം 1240 ലിറ്ററും ഖര കീടകുമിൾ നാശിനികളുടെ ഉപയോഗം 4110 കി.ഗ്രാമും ആയിരുന്നു. റബ്ബർ, വാഴ പോലുള്ള വിളകൾക്കാണ് ഏറ്റവും കൂടുതൽ രാസവളം പ്രയോഗിക്കപ്പെടുന്നത്. വാഴക്ക് ആവശ്യമുള്ളതിൽ കൂടുതൽ വളം ഉപയോഗിക്കുന്നുണ്ട്. എന്നാൽ തെങ്ങ്, കവുങ്ങ് എന്നീ വിളകൾക്ക് ആവശ്യമായത്ര വളം ഉപയോഗിക്കപ്പെടുന്നില്ല. കീടനാശിനികൾ ഭൂരിഭാഗവും ഉപയോഗപ്പെടുത്തുന്നത് നെൽകൃഷിക്കും വാഴക്കൃഷിക്കുമാണ്.

## രോഗകീടബാധ

ഒന്നാംവിളക്ക് നെല്ലിന്ന് പ്രധാനമായി കണ്ടുവരുന്ന രോഗം കുലവാട്ടം, പോളരോഗം എന്നിവയാണ്. ഗാളിച്ച, കാരവണ്ട്, ചാഴി, കുഴൽ പുഴു എന്നിവയാണ് പ്രധാന കീടങ്ങൾ. രണ്ടാം വിളക്ക്, ഇലപ്പുള്ളി രോഗം, പോളചീയൽ രോഗം എന്നിവ വ്യാപകമായി കണ്ടുവരുന്നു. കീടബാധയിൽ പ്രധാനം തണ്ടുതുരപ്പൻ, നീല വണ്ട്, ചാഴി, ഓലചുരുട്ടി പുഴു എന്നിവയാണ്. തെങ്ങിൻെറ പ്രധാനരോഗങ്ങൾ കൂമ്പുചീയൽ, ഓലകരിച്ചിൽ, ചെന്നീരൊലിപ്പ്, പെൻനിൽ പോയിൻറ് രോഗം എന്നിവയാണ്. അങ്ങിങ്ങ് കാറ്റു വീഴ്ചയുടെ ആരംഭവും കണ്ടുവരുന്നുണ്ട്. കീടങ്ങളിൽ പ്രധാനം ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, പുങ്കുലച്ചാഴി എന്നിവയാണ്.

റബ്ബറിന് കീടബാധകൾ വളരെ കാര്യമായി കാണുന്നില്ലെങ്കിലും രോഗബാധ കൂടുതലായി കണ്ടുവരുന്നുണ്ട്. ഇലകൊഴിച്ചിൽ (വർഷക്കാലത്തെ) പട്ടമരപ്പ്, ചീക്കുപൊട്ടൽ എന്നിവയാണ് സാധാരണ കണ്ടുവരുന്ന രോഗങ്ങൾ.

കവുങ്ങിന് പ്രധാനമായി മഹാളി രോഗവും മഞ്ഞളിപ്പും ആണ് ഉള്ളത്. കീടങ്ങളിൽ മീലിമൂട്ട, സ്കെയിൽസ് എന്നിവയും കണ്ടുവരുന്നു. വാഴക്ക് വളരെ ഉപദ്രവകാരിയായി അടുത്തകാലത്ത് മാറിയിരിക്കുന്ന ഒരു കീടമാണ് പിണ്ടി വണ്ട് (Pareudsterm Weevial) രോഗങ്ങളിൽ മുഖ്യമായവ പട്ടപഴുപ്പ് (ഇലപ്പുള്ളി രോഗം) മഞ്ഞളിപ്പ് എന്നിവയാണ് കുരുമുളകിന് ദ്രുത വാട്ടവും , പൊള്ളവുമാണ് പ്രധാനരോഗങ്ങൾ. കശുമാവിൻെറ പ്രധാന പ്രശ്നങ്ങൾ തേയില കൊതുകും, തണ്ടുതുരപ്പനുമാണ്. ഇഞ്ചിക്കും മഞ്ഞളിനും മൂട് ചീയൽ രോഗം വ്യാപകമായി കണ്ടുവരുന്നു. ജാതിക്ക്, കായ്പൊഴിച്ചിലും, ഇലപുള്ളി രോഗവും വ്യാപകമാണ്.

## കൂലി സേവനവ്യവസ്ഥകൾ

ഈ അദ്ധ്യായത്തിൻെറ ആരംഭത്തിൽ പരാമർശിച്ചിരുന്നതുപോലെ തൊഴിലാളികളുടെ ദൗർലഭ്യം പഞ്ചായത്തിൽ പരക്കെ അനുഭവപ്പെടുന്നു. വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ കാർഷികോല്പാദന വർദ്ധനവിന് വിഘാതമായി നിൽക്കുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായി ചൂണ്ടികാട്ടിയിരിക്കുന്നത് ഇതാണ്. ആയതിനാൽ കർഷകർ കുറെയൊക്കെ യന്ത്രങ്ങളെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. നിലമുഴൽ പൂർണ്ണമായും ട്രാക്ടർ/ടില്ലർ ഉപയോഗിച്ചാണ് നടത്തുന്നത്. അതിനുശേഷം നിരത്തുന്നതിനു വേണ്ടി മാത്രമാണ് ചിലരെങ്കിലും മൃഗങ്ങളെ ഉപയോഗിക്കുന്നത്. 4 മണിക്കൂർ പണിയുന്നതിനു വേണ്ടി വരുന്ന ചെലവ് 175 രൂപ മുതൽ 200 രൂപ വരെയാണ്. കിളക്കൽ തുടങ്ങിയ മറ്റു പണികൾക്ക് പുരുഷന് 100 മുതൽ 125 രൂപ വരെ കൂലിയുണ്ട്. സ്ത്രീകളുടെ പണികളായ ഞാറ് വലി , നടീൽ, പുല്ലുപറിക്കൽ തുടങ്ങിയവക്ക് 60 രൂപ മുതൽ 80 രൂപ വരെ കൂലി കൊടുക്കണം. കൊയ്ത്ത് , മെതി എന്നിവ സാധാരണയായി പതമ്പ് അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. 5 പറക്ക് ഒന്ന് എന്നതാണ് പൊതുവെയുള്ള പതമ്പ്. ചില സ്ഥലങ്ങളിൽ കൂലിക്ക് മാത്രമെ തൊഴിലാളികൾ കൊയ്യുകയുള്ളൂ. തേങ്ങയിടുന്നതിന് തെങ്ങൊന്നിന് മൂന്ന് രൂപ നിരക്കിൽ നൽകണം. തെങ്ങ് വൃത്തിയാക്കുന്നതിന് 5 രൂപ വരെയാണ നിലവിലുള്ള നിരക്ക്. റബ്ബർ ടാപ്പ് ചെയ്യുന്നതിന് മാത്രമായി മരമൊന്നിന് 25 മുതൽ 30 പൈസ വരെ കൊടുക്കണം. ടാപ്പ് ചെയ്ത് പാൽ ഷീറ്റടിച്ചുകൊടുക്കുന്നതിന് 35 പൈസ മുതൽ 40 പൈസ വരെ മരമൊന്നിന് കൂലി കൊടുക്കണം. കീടനാശിനി തളിക്കുന്നതിന് തളിച്ച സമയവും സ്ഥലവും അനുസരിച്ച് കൂലി കൊടുക്കുകയാണ് പതിവ്. ചില സ്ഥലങ്ങളിൽ കുറ്റി ഒന്നിന് 8 മുതൽ 10 രൂപ വരെയാണ് നൽകാറ്. എന്തായാലും ഈ കൂലി സാധാരണ കൂലിയുടെ ഇരട്ടിയലധികം വരുന്നതാണ്.

## കാർഷിക വിപണന സൗകര്യങ്ങൾ

പഞ്ചായത്തിൽ വിപണന കേന്ദ്രങ്ങൾ ഇല്ല. ആയതിനാൽ വിളകളുടെ വിപണനത്തിന് തൃശൂർ മാർക്കറ്റിനെ ആശ്രയിക്കേണ്ടതായി വരുന്നു. ഇടനിലക്കാരാണ് പ്രധാനമായും കച്ചവടം നടത്തുന്നത്. ഇതിൽ വളരെ വലിയ ചൂഷണം നടന്നുപോരുന്നുണ്ട്. വിലയുടെ 8% കമ്മീഷൻ തൃശൂർ മാർക്കറ്റിൽ ഇടത്തട്ടുകാരൻ ചൂഷണം ചെയ്യുന്നു. പലപ്പോഴും അദ്ധ്വാനിച്ച് വിളവുണ്ടാക്കുന്ന കർഷകർക്ക് കിട്ടുന്ന ആദായത്തെക്കാളും അധികം ഇടത്തട്ടുകാർക്ക് ലഭിക്കുന്ന സാഹചര്യം നിലവിലുണ്ട്.

## വായ്പാസൗകര്യങ്ങൾ

കർഷകർക്ക് കാർഷികാവശ്യത്തിനുള്ള തുക നൽകുവാൻ ഇവിടെയുള്ള ധനകാര്യസ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. ഇതുമൂലം വായ്പാബന്ധിതമായ ചില പദ്ധതികളുടെ നടത്തിപ്പ്

പോലും വഴിമുട്ടി നില്ക്കുന്ന അവസ്ഥയുണ്ട് നബാർഡിൻെറ ചില പുതിയ നിയന്ത്രണങ്ങളും കർഷക താല്പര്യങ്ങൾക്ക് വിഘ്നമാണെന്ന് പരാതിയുണ്ട്. ഏതായാലും കർഷകർക്ക് ആവശ്യമുള്ള സമയത്ത് വേണ്ടതായ തോതിൽ വായ്പ ലഭ്യമാക്കിയാൽ മാത്രമെ കാർഷിക വികസനം യാഥാർഥ്യമാവുകയുള്ളൂ. അതുപോലെ തന്നെ വായ്പ നൽകാനുള്ള നടപടി ക്രമങ്ങൾ അടിയന്തിരമായി ലഘൂകരിക്കുകയും കാലതാമസമില്ലാതെ കർഷകർക്ക് അനുവദിക്കുകയും വേണം.

## കാർഷിക സർവ്വകലാശാല

കേരളത്തിലെ കാർഷിക രംഗത്തിന് വഴി കാട്ടിയാകേണ്ട 'കേരള കാർഷിക സർവ്വകലാശാലയുടെ ആസ്ഥാനം സ്ഥിതി ചെയ്യുന്നത് മാടക്കത്തറയിലാണ് എന്ന് പഞ്ചായത്ത് നിവാസികൾക്കാകെ അഭിമാനികരമായ സംഗതിയാണ്. സർവ്വകലാശാലയുടെ ആസ്ഥാനത്തിനു പുറമെ, ഹോർട്ടികൾച്ചർ കോളേജ്, ഫോറസ്ട്രി കോളേജ്, കൈതച്ചക്ക ഗവേഷണ കേന്ദ്രം, കശുമാവ് ഗവേഷണ കേന്ദ്രം, യൂണിവേഴ്സിറ്റി റബ്ബർ എസ്റ്റേറ്റ്, സെൻട്രൽ നഴ്സറി എന്നിവയും വിവിധ പ്രോജക്റ്റുകളും സ്കീമുകളും സർവകലാശാലയുടേതായി പഞ്ചായത്തിലെ 407 ഹെക്ടർ പ്രദേശത്ത് വ്യാപിച്ചു കിടക്കുന്നു. ഈ സ്ഥാപനം പഞ്ചായത്തിലെ ഒരു മുഖ്യതൊഴിൽ ദായകനാണ്. സർവകലാശാലയിൽ നിന്നുള്ള തൊഴിൽ നികുതി പഞ്ചായത്തിൻെറ ഒരു പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നാണ്.

കേരളത്തിലെ കാർഷികരംഗത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സർവ്വകലാശാലയുടെ കേന്ദ്രം സ്ഥിതിചെയ്യുന്ന പഞ്ചായത്തിൽ സർവകലാശാല രൂപം കൊടുക്കുന്ന ഗവേഷണ ഫലങ്ങൾ ഏറ്റവും ആദ്യം എത്തിച്ചേരേണ്ടതാണ്. എന്നാൽ ആധുനികരീതികൾ സ്വായത്തമാക്കുന്നതിന് കൃഷിക്കാരുടെ വൈമുഖ്യം മൂലമാണോ, അതോ കൃഷിക്കാരിലേക്കിറങ്ങിച്ചെല്ലാൻ സർവകലാശാലയ്ക്ക് കഴിയാഞ്ഞിട്ടാണോ എന്നറിയില്ല, മാടക്കത്തറ കാർഷിക രംഗത്ത് വൻ കുതിച്ചു ചാട്ടമൊന്നും നടത്തിയിട്ടില്ല. ആ സ്ഥാനം സ്ഥിതിചെയ്യുന്ന പഞ്ചായത്തിലെ കാർഷിക വികസനത്തിനു വേണ്ടി സർവ്വകലാശാല പ്രത്യേകമായൊന്നും ചെയ്തിട്ടില്ല. എന്നതും പറയാതെ വയ്യ.

## നേഴ്സറികം

ഏറ്റവു കൂടുതൽ നേഴ്സറികൾ ഉള്ള പഞ്ചായത്താണ് മാടക്കത്തറ. അലങ്കാരച്ചെടികൾ, ഫലവൃക്ഷത്തൈകൾ, എന്നിവ ഉൽപാദിപ്പിക്കുന്ന 130ഓളം നേഴ്സറികൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. കേരള കാർഷികസർവകലാശാലയെ കേന്ദ്രീകരിച്ച് മണ്ണുത്തിയിലാണ് നേഴ്സറികൾ ഉടലെടുത്തത്. സർവ്വകലാശാലയിൽ നിന്നുള്ള വിത്തും, സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി സ്വകാര്യവ്യക്തികൾ നഴ്സറികൾ ആരംഭിക്കാൻ തുടങ്ങി. സർവ്വകലാശാലയുടെ വിശ്വാസ്യ ഉപയോഗപ്പെടുത്തിയ ഇത്തരം സ്ഥാപനങ്ങൾ മണ്ണുത്തിയിലും പരിസര പ്രദേശത്തുമായി അതിവേഗം പടർന്നു പന്തലിച്ചു. ആവശ്യക്കാരുടെ വർദ്ധനവിനനുസരിച്ച് മണ്ണുത്തി പ്രദേശത്ത് നേഴ്സറി വികസനം സാധ്യമായിരുന്നില്ല. ഈ സാഹചര്യത്തിലാണ് നേഴ്സറി ഉടമകളുടെ ശ്രദ്ധ മാടക്കത്തറയിലേക്ക് തിരിയുന്നത്. മണ്ണുത്തിയിലുള്ള വിപണന കേന്ദ്രങ്ങൾക്കാവശ്യമായ തൈകൾ ഉൽപാദിപ്പിക്കുകയായിരുന്നു ഉദ്ദേശം. ഇതേ തുടർന്ന് തദ്ദേശവാസികളും ധാരാളമായി ഈ രംഗത്തേക്ക് കടന്നുവന്നു. ഇന്ന് മാടക്കത്തറയുടെ സമ്പദ്‌രംഗത്ത് നഴ്സറികൾക്കുള്ള സ്ഥാനം ചെറുതല്ലാത്തതാണ്. ഇത്തരം നേഴ്സറികൾ ഫലവൃക്ഷത്തൈകളല്ല കൂടുതൽ ഉൽപാദിപ്പിക്കുന്നത്. അലങ്കാരച്ചെടികൾക്കാണ് ഇവ മുൻ തൂക്കം നൽകി വരുന്നത്. കേരളത്തിനകത്ത് വിദൂര ജില്ലകളിലേക്കും കേരളത്തിനുപുറത്തേക്കും ഇവർ തൈകൾ കയറ്റി അയക്കുന്നുണ്ട്.

ഫലവൃക്ഷത്തൈകളുടെ ഉൽപാദനരംഗത്ത് ഇപ്പോഴും കാർഷിക സർവ്വകലാശാല തന്നെയാണ് മുൻ നിരക്കാർ. പഞ്ചായത്തിനകത്തെ വിവിധ സ്ഥാപനങ്ങളിലായി തെങ്ങ്, കവുങ്ങ്, കശുമാവ്, വിവിധ ഇനം മാവുകൾ തുടങ്ങി കർഷകർക്കാവശ്യമായ നടീൽ വസ്തുക്കളാണ് ഇവർ പ്രധാനമായും ഉൽപാദിപ്പിക്കുന്നത് അലങ്കാരച്ചെടികളും ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്.

നേഴ്സറികളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങളൊന്നും തന്നെ നിലവിലില്ല. കൂടുതൽ പേർ ഈ രംഗത്തേക്ക് കടന്നുവരികയും മത്സരം ശക്തമാവുകയും ചെയ്യുന്നതുകൊണ്ട് ഗുണനിലവാരം കുറയാനുള്ള സാധ്യത ഏറെയാണ്. ഇങ്ങനെ സംഭവിച്ചാൽ ഈ രംഗത്ത് വൻ തിരിച്ചടിക്ക് സാധ്യതയുണ്ട്. ആയതുകൊണ്ട് കൃഷിഭവൻെറ നേതൃത്വത്തിൽ ഗുണനിലവാരപരിശോധനക്ക് വേണ്ട ഏർപ്പാടുകൾ ആലോചിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. ചിലപ്രദേശങ്ങളിൽ ജലസേചനത്തി നുള്ള വെള്ളം വേണ്ടത്ര കിട്ടാനില്ല.

2. ജൈവവളം കുറഞ്ഞ ചെലവിൽ വേണ്ടത്ര ലഭ്യമല്ല.

3. തൊഴിലാളികളെ കിട്ടാനില്ല. ഉള്ളവർക്ക് നിലവിലുള്ള കൂലി നിരക്ക് വളരെ കൂടുതലാണ്.

4. നിലവിലുള്ള ജലസേചന, ജലസംഭരണ സംവിധാനങ്ങൾ ശരിയായി പ്രവർത്തിക്കുന്നില്ല.

5. മോട്ടോറുകൾ പ്രവർത്തിപ്പിക്കുവാൻ വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല. വൈദ്യുതി ഉണ്ടെങ്കിൽ തന്നെ വോൾട്ടേജ് ക്ഷാമം മൂലം ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ല.

6. നെൽപാടങ്ങൾ മറ്റാവശ്യങ്ങൾക്ക് നികത്തപ്പെടുന്നു. നിലവിലുള്ള പാടങ്ങൾ തന്നെ തരിശിടുന്നു.

7. കാർഷിക ആവശ്യത്തിനുപയോഗിക്കുന്ന എൻജിൻ പമ്പുസെറ്റുകളിൽ ഉപയോഗിക്കുവാൻ ആവശ്യമായത്ര മണ്ണെണ്ണ പെർമിറ്റ് മുഖാന്തിരം ലഭിക്കുന്നില്ല.

8. മണ്ണിന് ഫലപുഷ്ടി കുറവാണ്. വ്യാപകമായ തോതിൽ മണ്ണ് പരിശോധന നടത്തേണ്ടതുണ്ട്.

9. ഉൽപാദനക്ഷമത സാദ്ധ്യമായ നിവാരത്തേക്കാൾ വളരെ കുറവാണ്.

10. കന്നുകാലികളെ വ്യാപകമായി അഴിച്ചുവിടുന്നതുമൂലം മൂന്നാം വിള സമയത്ത് തരിശിടുന്ന പാടശേഖരണങ്ങളിൽ മറ്റു വിളകൾ കൃഷി ചെയ്യുവാൻ കർഷകർ മുതിരുന്നില്ല.

11. ആവശ്യമായ സമയത്ത് യന്ത്രങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. യന്ത്രോപകരണങ്ങളുടെ അപര്യാപ്തതയാണ് കാരണം.

12. പണ്ട് ലഭിച്ചിരുന്നതുപോലെ (പരിശീലന സന്ദർശന പരിപാടി ) ആധുനിക കൃഷിരീതിയിലുള്ള ബോധവൽക്കരണം കർഷകർക്ക് ലഭിക്കുന്നില്ല. അതുപോലെ തന്നെ ആവശ്യമായ തോതിലുള്ള ആനുകൂല്യങ്ങളും ലഭ്യമാവുന്നില്ല.

13. രാസവളത്തിൻെറ വിലവർദ്ധന

14. വിളകൾക്കുള്ള കീട രോഗബാധകൾ

15. കുടിയറ്റേ കർഷകർക്ക് പട്ടയം ലഭിച്ചിട്ടില്ല

16. പുതിയ ഇനം വിത്തുകൾ ആവശ്യാനുസരണം ലഭ്യമല്ല.

17. ട്രാക്ടർ, ടില്ലർ, വളം എന്നിവ കൊണ്ടുപോകുന്നതിനുള്ള സൗകര്യം ചില പാടങ്ങളിൽ കുറവാണ്.

18. ചിലയിടങ്ങളിൽ നീർവാർച്ച ഒരു പ്രശ്നമാണ്.

19. വിപണന സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല,

20. കരപ്രദേശം കുറെ ഭാഗം തരിശിട്ടിട്ടുണ്ട്.

21. മണ്ണൊലിപ്പ് ചില പ്രദേശങ്ങളിൽ ഗണ്യമാണ്.

22. വായ്പാ സൗകര്യം വളരെ പരിമിതമാണ്.

23. ഉൽപന്ന സംസ്കരണത്തിനുള്ള സംവിധാനങ്ങളില്ല.

24. കൃഷിഭവൻ ഉൾപ്രദേശത്തായതിനാൽ കർഷകർക്ക് എത്തിച്ചേരുവാനും ഉപാധികൾ കൊണ്ടുപോകുന്നതിനും പ്രയാസം നേരിടുന്നു.

## സാദ്ധ്യതകൾ

1. കാർഷിക മേഖലയിലെ വെല്ലുവിളികൾ ഏറ്റെടുക്കത്തക്ക വിധം കൃഷിഭവനെ ശക്തിപ്പെടുത്തണം. അതിനുവേണ്ടി താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

a. ഇപ്പോൾ പുല്ലാനിക്കാട് സെൻററിൽ കൃഷിഭവൻ പണിയാൻ വേണ്ടി കണ്ടിരിക്കുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിച്ചും

കൃഷി ഭവൻ പ്രവർത്തനം അങ്ങോട്ടുമാറ്റുക. കർഷകർക്ക് ഏറെ ആശ്വാസകരമാവും ഈ നടപടി.

b. പണ്ടുണ്ടായിരുന്ന പരിശീലന സന്ദർശന പരിപാടി പ്രത്യേകം ഉദ്യോഗസ്ഥരെ ഇതിനു മാത്രം ചുമതലപ്പെടുത്തി നടപ്പിലാക്കുക. ബോധവൽക്കരണം ഇത് മൂലം സാധ്യമാകും.

c. കാലാകാലങ്ങളിൽ കർഷകർക്ക് നൽകേണ്ട സഹായങ്ങൾ കൃഷിഭവൻ ഉദ്യോഗസ്ഥർ, തയ്യാറാക്കുന്ന പാക്കേജ് അനുസരിച്ച് പഞ്ചായത്ത് സമിതി അനുമതി നൽകി ആവശ്യാനുസരണം വിതരണം നടത്തുക.

d. കൃഷിഭവൻ കമ്പ്യൂട്ടർ വൽക്കരിക്കുക, വിവരശേഖരണത്തിനും അപഗ്രഥനത്തിനും ഇത് ഏറെ സഹായകമായിരിക്കും.

e. മണ്ണ് പരിശോധന നടത്തുന്നതിന് ഒരു സ്ഥിര സംവിധാനം പഞ്ചായത്തിൽതന്നെ ഏർപ്പെടുത്തണം. ഇത് ബ്ലോക്കിന് ഒരു സഞ്ചരിക്കുന്ന മണ്ണ് പരിശോധന ശാല ഉണ്ടെങ്കിൽ സാദ്ധ്യമാവുന്നതാണ്. മണ്ണ് പരിശോധനാ യജ്ഞങ്ങൾ സംഘടിപ്പിക്കുവാൻ ഇതു മൂലം സാധിക്കും.

2. ജലസേചനം

ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ളവ പ്രവർത്തനക്ഷമമാക്കുന്നതിനും താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്.

ഒന്നാംവാർഡ്

a. തോട്ടം ചിറ അറ്റ കുറ്റ പണി ചെയ്ത് ഊരഞ്ചേരി ചിറ വരെ രണ്ട് വശവും കെട്ടി സംരക്ഷിക്കണം.

b. നിലവിലുള്ള CADA ചാൽ വെഞ്ചാൽ വരെ നീട്ടണം

c. ഊരഞ്ചേരിയുടെ പലക ഇട്ട് സംരക്ഷിക്കണം. പെരുന്താണി ചിറയുടെ പാലം ശരിയാക്കണം.

d. ഒരു പഞ്ചായത്തുകുളം തോട്ടാൻ ചിറയുടെ അടുത്തും മറ്റൊരെണ്ണം ഊരഞ്ചേരി ചിറയുടെ അടുത്തും നിർബന്ധമാക്കണം.

രണ്ടാംവാർഡ്

a. പനഞ്ചകം ചിറയിൽ നിന്നും താഴോട്ടുപോകുന്ന തോട്ടിൽ ഒരു ചെക്ക് ഡാം പണിയണം.

b. ആറിലെ കുളം അളന്ന് തിട്ടപ്പെടുത്തി പുനരുദ്ധരിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യമുണ്ടാക്കണം.

c തുറുപ്പാടത്ത് വന്നു നില്ക്കുന്ന CADA ചാൽ ശങ്കരം കുളം റോഡിന്റെ വശത്തുകൂടി P.W.D. റോഡ് വരെ ദീർഘിപ്പിക്കുക.

d. പീച്ചിയിൽ നിന്നും തുടങ്ങിയ 1-ാം ബ്രാഞ്ച് കനാൽ ലെവൽ ശരിയാക്കി ഉപയോഗപ്രദമാക്കിയാൽ 150 ഏക്കർ കൃഷിക്ക് ഉപയോഗപ്പെടും.

e. ആനകുഴി പാടത്ത് കുളം നിർമ്മിച്ച് പമ്പ് സെറ്റ ്സ്ഥാപിക്കണം. സ്ഥലം ലഭ്യമാണ്.

f. ശങ്കരംകുളം നന്നാക്കി തെക്കേ തോട്ടിൽനിന്നും സിമന്റ് ചാൽ നിർമ്മിച്ച് ശങ്കരം കുളത്തിൽ വെള്ളം ചാടിച്ച് സംഭരിക്കണം.

g. മങ്കുഴി തോട്ടിൽ ഇപ്പോൾ നിലവിലുള്ള നടപ്പാലം ചീർപ്പാക്കി ശക്തിപ്പെടുത്തിയാൽ ജലസേചനത്തിനും ട്രാക്ടർ മുതലായവ കൊണ്ടുപോകുന്നതിനും ഉപയോഗപ്പെടും.

h. മണ്ണുമുണ്ണിക്കുളം അളന്ന് തിട്ടപ്പെടുത്തി പുനരുദ്ധരിക്കണം.

I. കാരച്ചാൽ അളന്ന് തിട്ടപ്പെടുത്തി മാറ്റുപുറം റോഡ് മുതൽ മങ്കുഴി തോട് വരെ ഒരു ഫാം റോഡ് നിർമ്മിച്ച് നീർച്ചാൽ കെട്ടി സംരക്ഷിക്കണം.

മൂന്നാംവാർഡ്

a. ഒന്നാം ബ്രാഞ്ച് പീച്ചി കനാലിൽ നിന്നും വെള്ളം കിട്ടാനുള്ള സംവിധാനം ഉണ്ടാക്കണം.

b. കുളം നിർമ്മിച്ച് ജലസേചനം ഏർപ്പെടുത്തണം.

വാർഡ് നാല്

a. കാഡ ചാലുകൾ നിർമ്മിക്കണം.

b. പോളകുളം നന്നാക്കി സൈഡുകൾ കെട്ടി സംരക്ഷിക്കണം

c. തണ്ണിച്ചാൽ റോഡിൻെറ മുകളിലെ വയലിലെ തോട്ടിൽ തടയണ നിർമ്മിക്കണം

d. കുറ്റിക്കാട് ചീർപ്പിന് പലകയിടണം.

വാർഡ് അഞ്ച്

a. കാഞ്ഞിരം ചാലിൽ 3 ചീർപ്പുകളിൽ പലക ഇടണം. സൈഡുകൾ കെട്ടി സംരക്ഷിക്കണം.

b. അരുവാക്കുളം, പുല്ലുകുളം എന്നിവ പുനരുദ്ധരിക്കണം. അരുവാക്കുളത്തിൽ സ്ഥാപിച്ച പമ്പ് സെറ്റിന് കണക്ഷൻ ലഭ്യമാക്കണം.

c. കച്ചിത്തോട് ഡാം പുനരുദ്ധരി ക്കണം.

d. പീച്ചി കനാലിൽ നിന്നും ജലസേചന ത്തിനും ജലം ലഭ്യമാക്കണം.

വാർഡ് ആറ്

a. അക്കരപ്പുറം ചിറ അറ്റകുറ്റപണി ചെയ്ത് സംരക്ഷിക്കണം.

b. അക്കരപ്പുറം ചിറയിൽ നിന്ന് പോകുന്ന വെള്ളം കൊണ്ടുപോകേണ്ട ചാലുകൾ അറ്റകുറ്റപണി ചെയ്യണം.

c. പമ്പ് സെറ്റ് വെച്ച് ജലസേചന പദ്ധതി നടപ്പിലാക്കണം.

d. മെയിൻ കനാലിൽ കൂടി വരുന്ന വെള്ളം ആനകുഴിങ്ങര കൂടി വിടണം.

e. പോളകുളത്തിൽ പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചനം സാദ്ധ്യമാക്കണം.

f. പാണ്ടിപറമ്പ് കനാലിൻെറ വശത്തുകൂടി പോകുന്ന റോഡിനു ഓവ് തുറന്ന് ശരിയാക്കണം.

h. കോതറ കുളം പുനരുദ്ധരിക്കണം.

വാർഡ് ഏഴ്

a. പെരുന്താണിച്ചിറയിൽ ചെക്ക് ഡാം നിർമ്മിക്കണം.

വാർഡ് എട്ട്

a. കള്ളായി ചിറ അറ്റകുറ്റ പണിചെയ്ത് ബല പ്പെടുത്തണം.

b. താണിക്കുടം പുഴയിൽ പുതിയതായി ഒരു ചീർപ്പും ഒരു തടയണയും നിർമ്മിക്കണം.

c. കള്ളായി ചിറയിൽ നിന്നുള്ള ചാൽ രണ്ട് വശവും കെട്ടി സംരക്ഷിക്കണം.

d. കുട്ടി കനാൽ വർഷം തോറും വൃത്തിയാ ക്കണം.

വാർഡ് ഒൻപത്

a. താണിക്കുടം പുഴയിൽ ആനക്കുഴിങ്ങര പാലത്തിനടുത്ത് തടയണ കെട്ടണം.

വാർഡ് പത്ത്

a. കറപ്പം ചിറയുടെ പ്രദേശം അളന്ന് തിട്ടപ്പെടുത്തി അറ്റകുറ്റപണി ചെയ്ത് പലകയിടണം.

3. ജൈവവളം

ജൈവവളത്തിൻെറ ലഭ്യത കൂടുന്നതിനു വേണ്ടി ഏപ്രിൽ മാസം മഴകിട്ടുന്നതോട് കൂടി പാടങ്ങളിൽ ഒരു വട്ടം ഉഴുത്, പച്ചില വളച്ചെടി വിത്തുകൾ വിതച്ചാൽ നാല് പത്തി അഞ്ച് ദിവസം കൊണ്ട് ധാരാളം പച്ചില ലഭിക്കുന്നതിനു പുറമെ മണ്ണിൻെറ വളകൂറ് വർദ്ധിക്കുന്നതുമാണ്. കർഷകർ ഇതിനു തയ്യാറായാൽ കൃഷിഭവൻ മുഖാന്തിരം വിത്ത് എത്തിച്ചുകൊടുക്കാ വുന്നതാണ്. കൂടാതെ തരിശ് പ്രദേശത്തും പുറമ്പോക്കുകളിലും ധാരാളം പച്ചില

തരുന്ന സസ്യങ്ങളായ ശീമക്കൊന്ന, സുബാബുൾ എന്നിവ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്യാവുന്നതാണ്. ഇതിനായി പീച്ചി വനംവകുപ്പിന്റെ പുറംപോക്കും ഉപയോഗപ്പെടുത്തണം. ജൈവ വളത്തിന്റെ ഉപയോഗം കൃഷിഭവന്റെ സഹായത്തോടുകൂടി വർദ്ധിപ്പിക്കാൻ ശ്രമിക്കാവുന്നതാണ്. ഓരോ വീട്ടിലും ഒരു കമ്പോസ്റ്റ് കുഴി നിർബന്ധമായി എടുക്കണമെന്നത് ഒരു ചിട്ടയായി തന്നെ കർഷകർ പാലിക്കുകയാണെങ്കിൽ ഈ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമായി മണ്ണിര കമ്പോസ്റ്റ് പോലുള്ള ആധുനിക രീതികളും പ്രായോഗികമാക്കാവുന്നതാണ്.

4. യന്ത്രവൽക്കരണം.

തൊഴിലാളികളുടെ ദൗർലഭ്യത്തിന് യന്ത്രവൽക്കരണമല്ലാതെ മറ്റ് മാർഗ്ഗമില്ല. ഇപ്പോൾ വിത്തിടുന്നതിനും നടുന്നതിനും കൊയ്യുന്നതിനും മെതിക്കുന്നതിനും, പാറ്റുന്നതിനും എന്നുവേണ്ട ചക്കയിടുന്നതിനും, തേങ്ങ പൊതിക്കുന്നതിനും വരെ യന്ത്രങ്ങൾ ലഭ്യമാണ്. പാടശേഖര സമിതി അടിസ്ഥാനത്തിൽ യന്ത്രങ്ങൾ 50 ശതമാനം സബ്സിഡി നിരക്കിൽ ഇപ്പോൾ തന്നെ ലഭ്യമാണ്. ഈ പദ്ധതി പരമാവധി പ്രയോജനപ്പെടുത്തണം. പഞ്ചായത്തിന്റെ നേതൃത്വത്തിൽ രണ്ടോ മൂന്നോ അഗ്രോ ക്ലിനിക്കുകൾ വിവിധ സ്ഥലങ്ങളിൽ ആരംഭിച്ച് അവിടെ അങ്ങനെയുള്ള യന്ത്രങ്ങൾ വാടകക്ക് ലഭ്യമാക്കിയാൽ ഈ പ്രശ്നത്തിന് ഒരു പരിഹാരമാവുന്നതാണ്. മൂന്ന് വാർഡിന് ഒരു ട്രാക്ടർ വീതം നൽകണം എന്ന നിർദ്ദേശവും ഗ്രാമസഭയിൽ പൊന്തിവന്നിട്ടുണ്ട്.

5. നെൽപാടങ്ങൾ മറ്റാവശ്യങ്ങൾക്ക് നികത്തപ്പെടുന്നത് തടയുവാൻ സാമൂഹിക സമ്മർദ്ദം ഉയർത്തികൊണ്ടുവരുന്നത് മൂലം മാത്രമെ സാധിക്കൂ.

6. ഇന്ധനം

ഈ പഞ്ചായത്തിൽ വളരെയേറെ പമ്പ് സെറ്റുകൾ മണ്ണെണ്ണയും ഡീസലും ഉപയോഗിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇവക്ക് ഇന്ധനം സബ്സിഡി നിരക്കിൽ നൽകുവാൻ സംവിധാനമേർപ്പെടുത്തണം.

7. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വളരെ ഉൽപാദനം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി നല്ല ഇനങ്ങൾ കൃഷി ചെയ്യാവുന്നതാണ്. ശാസ്ത്രീയപരിചരണങ്ങളിലൂടെയും ജലസേചനത്തിലൂടെയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാം. ഇതിനുവേണ്ടി വിത്തും വളവും സബ്സിഡി നിരക്കിൽ ലഭ്യമാക്കണമെന്ന നിർദ്ദേശവും ഉയർന്നിട്ടുണ്ട്. മൂന്നാം വാർഡിൽ നിന്നും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടി അവരുടെ ഗ്രാമം കേരള കാർഷിക സർവ്വകലാശാല ദത്തെടുക്കണമെന്നും നടീൽ വസ്തുക്കളും വളവും,സാങ്കേതിക ജ്ഞാനവും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

8. നീർവാർച്ച

KNR റോഡിൽ കുരിയപ്പാടത്ത് കൾവർട്ട് ഇടിഞ്ഞതിനാൽ താൽക്കാലികമായി ഗതാഗതത്തിന് തുറന്നുകൊടുത്തിരിക്കുകയാണ്. വെള്ളം ഒഴിഞ്ഞുപോകാതെ കൃഷിനാശമുണ്ടാകുന്നു. ഈ കൾവർട്ട് പുന:സ്ഥാപിക്കണം.

9. മൃഗശല്യം

ഇതു നിയന്ത്രിക്കുന്നതിനു വേണ്ടി നിലവിലുള്ള പൗണ്ട് പുനരുദ്ധരിച്ച് വിളകൾ നശിപ്പിക്കുന്ന മൃഗങ്ങളെ നിയമപ്രകാരം പൗണ്ടിലടക്കുവാനുള്ള സംവിധാനമുണ്ടാക്കിയാൽ മൃഗശല്യം ഒരു പരിധി വരെ നിയന്ത്രിക്കാവുന്നതാണ്. പന്നി മുതലായ കാട്ടുമൃഗങ്ങളെ നിയന്ത്രിക്കാൻ നടപടിയെടുക്കണം.

10. വിപണന സൗകര്യങ്ങൾ

പഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിച്ച് ലോക്കൽ മാർക്കറ്റുകൾ സംഘടിപ്പിച്ച് കർഷകർക്ക് ഈ പഞ്ചായത്തിൽ തന്നെ വിപണന സൗകര്യം ഏർപ്പെടുത്തി ഇടത്തട്ടുകാരിൽ നിന്നും സംരക്ഷിക്കണം.

11. സംസ്ക്കരണം

ഉൽപന്നങ്ങൾ ഈ പഞ്ചായത്തിൽ തന്നെ സംസ്കരിക്കാനുള്ള വ്യവസായശാലകൾ സ്ഥാപിക്കണം.

12. വായ്പ

കർഷകർക്ക് ആവശ്യമുള്ള വായ്പ കൊടുക്കാൻ പാകത്തിൽ സഹകരണബാങ്കുകളെ ശക്തിപ്പെടുത്തണം.

13. മണ്ണൊലിപ്പ്

ഇത് പ്രധാനമായി നേരിടുന്ന കട്ടിലപൂവ്വം പ്രദേശം പുലിക്കണ്ണീ നീർമറി പ്രദേശമായി അംഗീകരിച്ച് കേന്ദ്രസർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തിയതുകൊണ്ട് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം പ്രസ്തുത പദ്ധതിയുടെ നടപ്പാക്കൽ മൂലം സാധ്യമാവുന്നതാണ്. മറ്റ് നീർമറികളിലും സമാന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

ട്രാക്ടർ റോഡുകൾ

താഴെ പറയുന്ന ട്രാക്ടർ റോഡുകൾ നിർമ്മിക്കുകയാണെങ്കിൽ കർഷകർക്ക് ട്രാക്ടർ ടില്ലർ വളം മുതലായവ കൊണ്ടുപോകുന്നതിന് സൗകര്യപ്പെടുന്നതാണ്.

1. മാടക്കത്തറ എളമ്പ്രക്കാവ്, വില്ലേജ് ഓഫീസ് വഴി ഒരു പുതിയ ട്രാക്ടർ റോഡ്

2. KNR റോഡിൽ നിന്ന് മഞ്ചേരി വളപ്പിൻെറ അരികിൽ കൂടി പോകുന്ന വഴി Tractor തുറക്കുന്നതിനായി ''റാമ്പ്'' നിർമ്മിക്കുക.

3. ഊരഞ്ചേരി വിൽവട്ടം ഫാം റോഡ്

4. മാടക്കത്തറ മുതൽ കുറ്റിക്കാട് വരെ ഫാം റോഡ്

5. പൗണ്ട് മുതൽ തോട് വരെയുള്ള വെഞ്ചാൽ അളന്നു തിട്ടപ്പെടുത്തി സംരക്ഷിച്ച് തോട്ടിലേക്ക് റാംബ്ബു കെട്ടണം.

6. കുന്നത്തേരി റോഡ് ചെന്നുമുട്ടുന്ന റോഡിൽ പാത്തി മാറ്റി പാലമാക്കി തോട്ടിലേക്ക് ഒരു 'റാംബ്' നിർമ്മിക്കണം വശം കെട്ടുകയും വേണം.

7. മുപ്പനാട് ലൈനിൽ പാടത്തേക്ക് ഇറങ്ങാനുള്ള വഴി ട്രാക്ടർ ഇറങ്ങാൻ പാകത്തിൽ സഞ്ചാരയോഗ്യമാക്കണം.

8. പാണ്ടിപറമ്പ് ഫാം റോഡ്

കീട രോഗ ബാധ

വിവിധ വിളകൾക്ക് നേരിടുന്ന കീട രോഗ ബാധ തടയാൻ ഏറ്റവും പ്രധാനം ബോധവൽക്കരണമാണ്. ഇതിന് നേരത്തെ പറഞ്ഞ പരിശീലന സന്ദർശന പരിപാടി മൂലം എളുപ്പം സാധിക്കുന്നതാണ്. ഇത് കൂടാതെ തെങ്ങ്, നെല്ല്, വാഴ, എന്നിവയുടെ രോഗങ്ങൾക്കും കീടങ്ങൾക്കും എതിരെയുള്ള കീടനാശിനികൾക്കും മറ്റും 50 ശതമാനം സബ്സിഡി അനുവദിക്കണമെന്ന നിർദ്ദേശവും ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്.

വൈദ്യുതി

വൈദ്യുതിയുടെ ദൗർലഭ്യം ഒരു പ്രധാന പ്രശ്നമാണ്. കൃഷിക്കുപയോഗിക്കുന്ന പമ്പുസെറ്റുകൾക്ക് എത്രയും പെട്ടെന്ന് കണക്ഷൻ നൽകേണ്ടതാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികളും സ്വീകരിക്കണം.

ഇതിനെല്ലാം പുറമെ മറ്റു കാർഷിക മേഖലകളായ പൂകൃഷി, ഔഷധ സസ്യകൃഷി, കൂൺകൃഷി തേനീച്ച വളർത്തൽ, മത്സ്യകൃഷി, സെറികൾച്ചർ എന്നീ കൃഷികളുടെ സാദ്ധ്യത ആരാഞ്ഞ് പഞ്ചായത്തിൽ പ്രാവർത്തികമാക്കാവുന്നവ സ്വീകരിക്കാവുന്നതാണ്.

❖ ❖ ❖

# (5) - 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

കൃഷി മുഖ്യ ഉപജീവനമാർഗമായ മാടക്കത്തറ പഞ്ചായത്തിൽ മൃഗസംരക്ഷണത്തിനുള്ള സാധ്യതയും നിലവിലുള്ള പങ്കും വളരെ പ്രസക്തമാണ്. എന്നാൽ 1996 ലെ ലൈവ് സ്റ്റോക്ക് സെൻസസ് കാണിക്കുന്നത് പഞ്ചായത്തിലെ 23% വീടുകളിൽ മാത്രമേ ക്ഷീരോൽപാദനം ലക്ഷ്യമാക്കി കന്നുകാലികളെ വളർത്തുന്നുള്ളൂ എന്നാണ്. 25.85% ഭവനങ്ങളിൽ ഒരു തരത്തിലുള്ള മൃഗപരിപാലനവും നടക്കുന്നില്ല എന്നാണ് കണ്ടെത്തുവാൻ കഴിഞ്ഞിട്ടുള്ളത്. ഇതു സംബന്ധിച്ച ഇനം തിരിച്ചുള്ള വിവരം പട്ടിക 1ൽ കൊടുക്കുന്നു.

പട്ടിക 1

| പശുക്കളും എരുമകളും ഉള്ള വീടുകൾ | ആടുകൾ ഉള്ള വീടുകൾ | പന്നികൾ ഉള്ള വീടുകൾ | കോഴികളെ വളർത്തുന്ന വീടുകൾ | വളർത്തുമൃഗങ്ങൾ ഒന്നും ഇല്ലാത്ത വീടുകൾ |
|---|---|---|---|---|
| 23% | 11.2% | 0.75% | 44.25% | 25.85% |

രണ്ടോ അതിലധികമോ പശുക്കളെ വളർത്തുന്നവരുടെ എണ്ണം വളരെ ചുരുക്കമാണ്. മാതൃകാ ഡയറി ഫാമുകൾ ഒന്നും തന്നെ ഇല്ലെന്നാണ് കണ്ടെത്തിയത്. പഞ്ചായത്തിലെ തൊഴിൽ സേനയിൽ 5% മാത്രമാണ് മൃഗസംരക്ഷണം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളത്. 1987, 1993 വർഷത്തിലെ വളർത്തുമൃഗങ്ങളുടെയും പക്ഷികളുടേയും വിവരങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

പട്ടികകളിൽ നിന്നും ആടു വളർത്തൽ, പന്നി വളർത്തൽ, കോഴി വളർത്തൽ എന്നിവ പരിമിതമായ തോതിലെ നടക്കുന്നുള്ളൂ എന്നു കാണാം. മുയൽ വളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ച ആരും തന്നെ പഞ്ചായത്തിൽ ഇല്ല. 1993 ലെ മൃഗസംരക്ഷണവകുപ്പിന്റെ കണക്കു പ്രകാരം പഞ്ചായത്തിലെ ഗർഭധാരണ ശേഷിയുള്ള പശുക്കളിൽ 65.42 % സങ്കര ഇനങ്ങളാണ്. വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ 6 വർഷക്കാലം കൊണ്ട് വന്നിട്ടുള്ള കുറവ് നോക്കുക. പശുക്കളുടെ എണ്ണം ഏതാണ്ട് പകുതിയായി കുറഞ്ഞിരിയ്ക്കുന്നു. കാളകളാണ് ഏറ്റവും കുറഞ്ഞിരിയ്ക്കുന്നത്. കാർഷികവൃത്തിയിൽ കാളകളെ ഉപയോഗിക്കുന്ന രീതി കുറഞ്ഞതാണിതിനു കാരണം. കോഴികളുടെ എണ്ണത്തിലും വമ്പിച്ച ഇടിവ് ഉണ്ടായിട്ടുള്ളതായി കാണാം. മൃഗസംരക്ഷണ മേഖല, പഞ്ചായത്തിന്റെ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് അപ്രധാനമായികൊണ്ടിരിക്കുന്നതിന്റെ സൂചനകളാണിവ.

പഞ്ചായത്തിൽ 6 ക്ഷീരോൽപാദക സഹകരണ സംഘങ്ങളാണ് നിലവിലുവള്ളത്. അവ പ്രതിവർഷം ഉദ്ദേശം 6 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നു. പട്ടിക 3 നോക്കുക.

പട്ടിക 2

| വർഷം | പശു | കാള | എരുമ | ആട് | കോഴി | പന്നി |
|---|---|---|---|---|---|---|
| 1987 | 2518 | 414 | 262 | 1057 | 19798 | 277 |
| 1993 | 1400 | 41 | 109 | 794 | 4411 | 20 |

അവലംബം : ലൈവ് സ്റ്റോക്ക് സെൻസസ് 1987.

പട്ടിക 3

| | ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ | | | | | |
|---|---|---|---|---|---|---|
| | കട്ടില പ്പൂവ്വം | പനമ്പിള്ളി | അക്കരപ്പുറം | മാറ്റാമ്പുറം | വെള്ളാനിക്കര | ചിറക്കാ ക്കോട് |
| **വാർഷിക പാൽ സംഭരണം** | 206574 | 83346 | 41796 | 104480 | 82157 | 83384 |
| **പ്രാദേശിക വിൽപ്പന** | 16463 | 20137 | 4583 | 27548 | 29471 | 15774 |
| **പുറത്തേയ്ക്ക് അയക്കുന്നത്** | 203939 | 63214 | 137192 | 68049 | 52685 | 69590 |
| S.N.F. | 8.3 | 8.2 | 8.3 | 8.4 | 8.5 | 8.2 |
| ഫാറ്റ് | 4.1 | 4.0 | 4.3 | 4.2 | 3.8 | 4.2 |

ഇതിൻെറ 18.94% പാൽ മാത്രമാണ് പ്രാദേശികമായി വില്പന നടത്തുന്നത്. ബാക്കിയുള്ളതു മുഴുവൻ മിൽമക്ക് കൈമാറുകയാണ് ചെയ്യുന്നത്. ഈ പാലിന് 8 രൂപയോളമാണ് ശരാശരി ഒരു ലിറ്ററിന് ലഭിക്കുന്നത്. മിൽമയുടെ വില്പന വില ലിറ്ററൊന്നിന് 11 രൂപയാണ്. ഈ അവസ്ഥയിൽ കർഷകന് ലിറ്ററൊന്നിന് 3 രൂപ വെച്ച് നഷ്ടം സഹിക്കേണ്ടിവരുന്നു.

രോഗനിവാരണത്തിനും മറ്റു പ്രതിരോധ മാർഗങ്ങൾക്കും കർഷകർ പ്രധാനമായും ആശ്രയിക്കുന്നത് സർക്കാർ മൃഗാശുപത്രികളെയാണ്. പഞ്ചായത്തിലെ 3 മൃഗാശുപത്രികളിൽ കട്ടിലപ്പൂവത്തെ മൃഗാശുപത്രിക്കു മാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. താണിക്കുടം മൃഗാശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. (ഇതു തന്നെ ഏതു നിമിഷവും ഒഴിപ്പിക്കപ്പെടുവാൻ സാധ്യതയുണ്ട്) . ചിറക്കാക്കോട് മൃഗാശുപത്രി ഇപ്പോൾ പ്രവർത്തിക്കുന്നത് വെള്ളാനിക്കര ക്ഷീര സഹകരണ സംഘം പ്രവർത്തിക്കുന്ന കെട്ടിടത്തിലാണ്. ഈ ഡിസ്പെൻസറികളിലൊന്നും ആവശ്യത്തിനുള്ള മരുന്നുകളോ ലഭ്യമല്ല.

ക്ഷീരോൽപാദനത്തെ കാര്യമായി ബാധിക്കുന്ന അകിടുവീക്കം, കുളമ്പുരോഗം,, കുരലടപ്പൻ, കാലി വസന്ത തുടങ്ങിയ രോഗങ്ങൾക്കുള്ള ചികിത്സാ ചെലവ് ഉയർന്നതാണ്. പ്രതിരോധ മാർഗങ്ങളിലൂടെ പല മാരകരോഗങ്ങളും തടയാം എന്നതിനെക്കുറിച്ച് കർഷകർ അജ്ഞരാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികളുടെ സേവനം കർഷകർ വേണ്ടത്ര പ്രയോജനപ്പെടുത്തിക്കാണുന്നില്ല.

നെൽപാടങ്ങളുടെ വിസ്തീർണ്ണം വൻതോതിൽ കുറഞ്ഞു വരുന്നത് കാലി വളർത്തൽ ശ്രമകരമാക്കി മാറ്റിയിരിക്കുന്നു. തീറ്റപുൽകൃഷി നടത്തുന്നതിനുള്ള കാര്യമായ ശ്രമങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ നടന്നിട്ടില്ല. ഇക്കാര്യത്തിൽ ബോധവൽക്കരണ ത്തിൻെറ അഭാവം കാര്യമായി പ്രതിഫലിക്കുന്നുണ്ട്. പഞ്ചായത്തിലെ 407 ഹെക്ടർ പ്രദേശത്തായി വ്യാപിച്ചുകിടക്കുന്ന കേരള കാർഷിക സർവകലാശാല മെയിൻ ക്യാമ്പസിൽ നിന്നും വർഷക്കാലത്തേക്ക് ധാരാളം പുല്ല് ലഭ്യമാണ്. ഇത് സൈലേജ് ആക്കി മാറ്റി സൂക്ഷിക്കുന്നതിനുള്ള സംവിധാനമോ, സാങ്കേതിക ജ്ഞാനമോ തദ്ദേശീയരായ കർഷകർക്ക് ലഭ്യമല്ല. ഇതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ കോഴി വളർത്തൽ അടുക്കള മുറ്റത്തു മാത്രമായി ഒതുങ്ങി നിൽക്കുകയാണ്. മുട്ടയുല്പാദനത്തിനുള്ള എഗ്ഗർ നേഴ്സറികൾ ഒന്നും തന്നെ നിലവിലില്ല. ഇറച്ചിക്കോഴി വളർത്തൽ വിരലിലെണ്ണാവുന്ന സ്ഥലങ്ങളിൽ മാത്രമേ നടക്കുന്നുള്ളൂ. കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുള്ള ബുദ്ധിമുട്ട്, തീറ്റയുടെ വിലവർദ്ധനവ്, ഇറച്ചിയുടെ വിലയിലുണ്ടാ കുന്ന ഏറ്റക്കുറച്ചിലുകൾ, മാരകരോഗങ്ങൾ എന്നിവ മൂലം ഈ

രംഗത്ത് വരുന്നവർ പിടിച്ചു നിൽക്കുവാൻ പാടുപെടുകയാണ്.

നിയമ വിധേയമായി പ്രവർത്തിക്കുന്ന ശാസ്ത്രീയ അറവുശാലകൾ ഒന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല. പുറമ്പോക്കുകളിലും നിരത്തുവക്കിലും താൽക്കാലികവും വൃത്തിഹീനവുമായ പരിതസ്ഥിതിയിലാണ് അറവും വിപണനവും നടക്കുന്നത്. ഇത്തരം 7 കേന്ദ്രങ്ങൾ പഞ്ചായത്ത് പരിധിയിലുണ്ട്. ശരിയായ പരിശോധനാ സമ്പ്രദായം നിലവിലില്ലാത്തതിനാൽ നിലവാരം കുറഞ്ഞ ഇത്തരം അറവുശാലകൾ ആരോഗ്യത്തിനു ഭീഷണിയാണ്.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ എണ്ണം പഞ്ചായത്തിൽ വളരെ കൂടുതലാണ്. വളർത്തു നായ്ക്കൾക്കുതന്നെ പേവിഷ ബാധക്ക് എതിരായ കുത്തിവെപ്പുകൾ നൽകുന്ന പതിവ് അപൂർവവുമാണ്.

പേവിഷബാധ സംബന്ധിച്ച സംഭവങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽ പെട്ടിട്ടില്ലെങ്കിൽ തന്നെയും ഈ സ്ഥിതിവിശേഷം ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ സാധ്യതയുണ്ട്.

## പ്രശ്നങ്ങൾ

1. ഉരുക്കളെ വാങ്ങുന്നതിനുള്ള സാമ്പത്തിക ശേഷി ഇല്ലായ്മ
2. തീറ്റയുടെ അമിതമായ വിലവർധന
3. തീറ്റപ്പുൽകൃഷിയുടെ അഭാവം
4. വൈക്കോലിൻെറ ലഭ്യതയിലുണ്ടായ കാര്യമായ കുറവ്
5. പാലിൻെറയും ക്ഷീരോൽപന്നങ്ങളുടെയും വിലയിലുള്ള കുറവ്
6. ഉയർന്ന രോഗപ്രതിരോധ ചെലവുകൾ കന്നുകാലി വളർത്തലിനെയും കോഴിവളർത്തലിനെയും പ്രതികൂലമായി ബാധിക്കുന്നു.
7. ചെറിയ ക്ഷീരസഹകരണ സംഘങ്ങൾക്ക് വരുന്ന ഭരണപരമായ ചെലവ്. ഇവക്ക് സ്വന്തമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാനുള്ള ശേഷിയില്ലായ്മ.
8. മുയലുകളെ ഇറച്ചിയാക്കുന്നതിനും അവയുടെ തുകൽ സംസ്കരണത്തിനുമുള്ള സൗകര്യങ്ങളുടെ അഭാവം.
9. ശാസ്ത്രീയമായ മൃഗസംരക്ഷണത്തെക്കുറിച്ച് കർഷകർക്കുള്ള അജ്ഞത

**മൃഗസംരക്ഷണ മേഖലയിലുള്ള സാധ്യതകൾ**

1. ബാങ്കുകളിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും ഉരുക്കളെ വാങ്ങുന്നതിന് വായ്പ ലഭ്യമാക്കൽ
2. കാലിത്തീറ്റ/കോഴിത്തീറ്റ ഉൽപാദിപ്പിക്കുന്നതിനുള്ള ഒരു യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിക്കുകയും അതിൽ നിന്നുള്ള ഉൽപന്നം സഹകരണ സംഘങ്ങൾ വഴി വിതരണം നടത്തുകയും ചെയ്യുക.
3. തീറ്റപുൽ കൃഷി പ്രോത്സാഹിപ്പിക്കുക, നീർത്തട വികസനപദ്ധതിയുമായി ബന്ധപ്പെടുത്തി തെങ്ങിൻ തോപ്പുകളിലും മറ്റും ഇത് ഫലപ്രദമായി ചെയ്യാവുന്നതാണ്. ഇതോടൊപ്പം സൈലേജ് നിർമാണത്തിൽ പരിശീലനം നൽകുകയും വേണം.
4. ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉൽപാദിപ്പിച്ച് വിൽപന നടത്തുന്നതിനുള്ള സംവിധാനം നമ്മുടെ ബ്ലോക്കിൽ/ജില്ലയിൽ ഉണ്ടാക്കേണ്ടതാണ്. ഇതിനായി സഹകരണ മേഖലയിൽ ചെറിയ ഹാച്ചറികൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതാണ്.
5. ഇറച്ചി, മുട്ട എന്നിവ സംഭരിക്കുന്ന തിനും വിപണനം നടത്തുന്നതിനും ഒരു സഹകരണസംഘം ആരംഭിക്കാവുന്നതാണ്. ഇതിൻെറ കീഴിൽ ആടുവളർത്തൽ, പന്നിവളർത്തൽ, മുയൽ വളർത്തൽ, കോഴി വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കാവുന്നതും അവയുടെ വിപണനത്തിനുള്ള സൗകര്യം ലഭ്യമാക്കേണ്ടതു മാണ്.
6. നിലവിലുള്ള ക്ഷീര സഹകരണ സംഘങ്ങളെ സംയോജിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. പഞ്ചായത്തിലാകെ പ്രവർത്തന പരിധിയുള്ള ഇത്തരം ഒരു സംഘം സ്വതന്ത്രമായി പ്രവർത്തിക്കാവുന്നതും മിൽമയോട് ബാധ്യതയില്ലാത്തതുമായിരിക്കണം. കാലത്തീറ്റ, പാലുൽപന്നങ്ങൾ, എന്നിവയുടെ ഉൽപാദനത്തിലും വിപണനത്തിലും ഏർപ്പെ ടാനും നിർദ്ദിഷ്ടസംഘത്തിനു കഴിയണം.

7. പഞ്ചായത്തിലെ രണ്ടു സ്ഥലത്തെങ്കിലും അറവു ശാലകൾ സ്ഥാപിക്കേണ്ടതും അനധികൃത അറവുശാലകൾ നിരോധിക്കേണ്ടതുമാണ്.

8. അടുക്കള മുറ്റത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് വർഷം തോറും കോഴികൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തേണ്ടതാണ്. ഇതിന് സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കാവുന്നതാണ്.

9. നായ്ക്കൾക്ക് പേവിഷബാധക്കെതിരായ കുത്തിവെയ്പ് നടത്തേണ്ടത് നിർബന്ധമാക്കേണ്ടതാണ്. ഇങ്ങനെ കുത്തിവെയ്പു നടത്താത്ത നായ്ക്കളുടെ ഉടമസ്ഥരിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്.

10. വർദ്ധിച്ചുവരുന്ന റബ്ബർ, തെങ്ങു കൃഷി പരിഗണിച്ച് തേനീച്ച വളർത്തൽ വ്യാപകമാക്കാവുന്നതാണ്.

11. ബയോഗ്യാസ് യൂണിറ്റുകൾ വ്യാപകമാക്കാൻ നടപടികൾ എടുക്കാവുന്നതാണ്.

12. ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിലൂടെ കാലിവളർത്തൽ അനിവാര്യമാണ് എന്ന് ബോധ്യപ്പെടുത്തുവാൻ കഴിയുന്നതാണ്.

13. എല്ലാ മൃഗാശുപത്രികൾക്കും ആവശ്യ മായ കെട്ടിട സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണ്. ചിറക്കാക്കോട് മൃഗാശുപത്രിക്ക് ആവശ്യമായ സ്ഥലം ചിറക്കാക്കോട് തന്നെ കണ്ടെത്തേണ്ടതാണ്.

14. ആടുകൾക്ക് കൃത്രിമ ബീജസങ്കലനത്തിന് ആവശ്യമായ സൗകര്യം ഉണ്ടാക്കേണ്ടതാണ്.

15. വെഞ്ചാൽ പുറമ്പോക്ക് കയ്യേറിയത് പിടിച്ചെടുത്ത് വഴി ശരിയാക്കി പടവുകൾ കെട്ടി കന്നുകാലികളെ കഴുകുവാൻ സൗകര്യമുണ്ടാക്കണം. കുരിയപ്പാടം, ഇല്ലിപ്പാടം എന്നിവിടങ്ങളിലെ പാലത്തിനും സമീപത്തും ഇപ്രകാരം സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. മറ്റു പുറമ്പോക്കു സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി നടത്താവുന്നതാണ്.

16. പുല്ലംകണ്ടം, വാരികുളം പ്രദേശത്ത്മിൽക്ക് സൊസൈറ്റിയുടെ പാൽ സംഭരണ കേന്ദ്രങ്ങൾ തുറക്കണം.

17. അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർക്ക് ശാസ്ത്രീയ മൃഗസംരക്ഷണത്തെക്കുറിച്ച് പരിശീലനം നൽകുക.

18. അത്യുൽപാദനശേഷിയുള്ള കന്നുകാലികൾ, പന്നി, കോഴി, എന്നിവയെ ഇൻഷുറൻസ് പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുവാൻ നടപടിയെടുക്കുക.

## മത്സ്യബന്ധനം

പഞ്ചായത്തിലൊട്ടാകെയായി 16 പൊതുകുളങ്ങളും ഒരു ചെറിയ ഡാമും, 9 ചിറകളും, 16 കി.മീ. പുഴയും 66 കി.മീ. ചെറുതോടുകളും ഏതാനും സ്വകാര്യ കുളങ്ങളും ലഭ്യമാണെങ്കിലും ആസൂത്രിത രൂപത്തിലുള്ള മത്സ്യബന്ധനമോ മത്സ്യകൃഷിയോ നിലവിലില്ല. പൊതു ജല സംഭരണികൾ പാട്ടത്തിനു നൽകിയോ സഹകരണ അടിസഥാനത്തിൽ സംഘടിപ്പിച്ചോ മത്സ്യകൃഷി നടത്താവുന്നതാണ്. സ്വകാര്യ കുളങ്ങളിലും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. പാറമടകളിലും (5,9 വാർഡുകളിൽ) മണ്ണെടുത്ത കുഴികളിലും (2ാം വാർഡ്) മത്സ്യകൃഷിക്കുള്ള സാധ്യതകൾ നിലവിലുണ്ട്.

മുണ്ടത്തി, വരാൽ, മൃഷു (മുഴി) തുടങ്ങിയ ശുദ്ധജലമൽസ്യങ്ങളാണ് പഞ്ചായത്തിലെ ജലാശയങ്ങളിൽ കണ്ടുവരുന്നത്. മുൻവർഷങ്ങളിലുണ്ടായ മൽസ്യരോഗം ഇവയുടെ എണ്ണം ഗണ്യമായി കുറയാനിടയാക്കി. വരാലുകളുടെ കാര്യത്തിലാണ് ഏറ്റവും കൂടുതൽ കുറവു വന്നിരിക്കുന്നത്.

മീൻ പിടിത്തം മുഖ്യതൊഴിലാക്കിയ ആരും തന്നെ പഞ്ചായത്തിലില്ല. എന്നാൽ മൽസ്യം വളർത്താവുന്ന വിധത്തിൽ വലുപ്പമുള്ള നാലഞ്ച് കുളങ്ങൾ ഇവിടെയുണ്ട്. ഈ സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്. കൃഷി ഇപ്പോഴും രെു പ്രധാന ഉല്പാദനമേഖലയായി നിലനിൽക്കുന്നതിൽ അനുബന്ധമേഖലകൾ എന്ന നിലയിൽ മൃഗസംരക്ഷണ, മൽസ്യമേഖലകളെകൂടിച്ചേർത്ത് ഒരു ഉൽഗ്രഥിത ഉല്പാദന സമ്പ്രദായം വളർത്തിയെടുക്കുന്ന കാര്യം സജീവമായി പരിഗണിക്കേണ്ടിയിരിക്കുന്നു.

❊ ❊ ❊

# 5.3 വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള പഞ്ചായത്താണ് മാടക്കത്തറ. എടുത്തു പറയാവുന്ന വ്യവസായ സ്ഥാപനങ്ങളോ, ഫാക്ടറികളോ ഒന്നും തന്നെ മാടക്കത്തറ പഞ്ചായത്തിന് അവകാശപ്പെടാനില്ല. 1954ൽ പൊങ്ങണം കാട്ടിൽ സ്ഥാപിതമായ വനജ ടെക്സ്റ്റൈൽസും, 1995ൽ ആരംഭിച്ച താണിക്കുടം ഭഗവതി മിൽസും ആണ് കൂടുതൽ തൊഴിലാളികൾക്ക് ജോലി നൽകുന്ന പഞ്ചായത്തിലെ പ്രധാന വ്യവസായ സ്ഥാപനങ്ങൾ. 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ 7484എണ്ണം വരുന്ന തൊഴിൽ സേനയുടെ നാലിലൊന്ന് മാത്രമെ വ്യാവസായിക മേഖലയിൽ തൊഴിലെടുക്കുന്നുള്ളു. വ്യവസായ തൊഴിലാളികളിൽ ഗണ്യമായൊരു ഭാഗം പഞ്ചായത്തിന് പുറത്തുള്ള സ്ഥാപനങ്ങളിലാണ് പണിയെടുക്കുന്നത്. അഭ്യാനശേഷിയുള്ളവരിൽ പകുതിയോളം (48%ത്തോളം) കാർഷിക മേഖലയിലാണ് തൊഴിലെടുക്കുന്നത്.

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 73 ചെറുകിട വ്യവസായ യൂണിറ്റുകളാണ് നിലവിലുള്ളത്. ഇതിൽ ഭൂരിഭാഗം യൂണിറ്റുകളും പത്തിൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്നവയാണ്. വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് പട്ടിക 6.1 കാണുന്നു.

പട്ടികയിൽ നിന്നും ഏറ്റവും കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നത് എന്ന് കാണാൻ കഴിയും.

പരമ്പരാഗത കൈത്തൊഴിൽ വ്യവസായങ്ങളായ ബീഡിതെറുപ്പ്, കളിമൺ പാത്ര നിർമ്മാണം മുതലായവ പഞ്ചായത്തിൽ നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. പൊങ്ങണംകാട് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു ബീഡി തെറുപ്പ് വനിതാ യൂണിറ്റിൽ 40ഓളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. 1975ൽ പ്രവർത്തനമാരംഭിച്ച ഈ യൂണിറ്റിലെ ഓരോ തൊഴിലാളിക്കും ശരാശരി 600 രൂപയോളം പ്രതിമാസവരുമാനം ലഭിക്കുന്നുണ്ട്. പഞ്ചായത്തിൻെറ ഒന്നാംവാർഡിൽ പരമ്പരാഗത കുടിൽ വ്യവസായമായ കളിമൺ പാത്ര നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന 23 കുടുംബങ്ങളിൽപ്പെട്ട 32 തൊഴിലാളിളുണ്ട്. കുശവൻ സമുദായത്തിൽ പ്പെട്ട ഈ വിഭാഗം തൊഴിലാളികളുടെ ജീവിത നിലവാരം വളരെ പരിതാപകരമാണ്. വ്യാവസായിക ഉല്പന്നങ്ങളായ അലുമിനിയം പാത്രങ്ങളുടെയും, പ്ലാസ്റ്റിക് പാത്രങ്ങളുടേയും വൻതോതിലുള്ള ഉപയോഗം കളിമൺപാത്രങ്ങളുടെ വിപണനം തകരാനിടയാക്കി. എന്നാൽ ചെടിച്ചട്ടി നിർമ്മാണം കളിമൺ വ്യവസായത്തെ നിലനിർത്താൻ സഹായിക്കുന്നുണ്ട്. വേണ്ടത്ര പ്രോത്സാഹനവും, ആധുനികവൽക്കരണവും കൊണ്ടുമാത്രമെ ഈ കൈത്തൊഴിലിനെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ കഴിയുകയുള്ളു. ഇവരെ സംഘടിപ്പിച്ച് സഹകരണ മേഖലയിൽ കൊണ്ടുവന്ന്വേണ്ടത്ര ധനസഹായവും വിപണന സൗകര്യവും ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

മറ്റൊരു പരമ്പരാഗത കൈതൊഴിലായ സ്വർണ്ണപ്പണി അടുത്ത കാലത്തായി പഞ്ചായത്തിൽ കൂടിവരുന്ന പ്രവണതയുണ്ട്. 20ഓളം സ്വർണ്ണാഭരണ നിർമ്മാണ യൂണിറ്റുകൾ ഇപ്പോൾ വിവിധവാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെല്ലാം പുരുഷന്മാരാണ് എന്ന പ്രത്യേകതയുമുണ്ട്.

പഞ്ചായത്തിലെ ആറാം വാർഡിൽ അക്കരപ്പുറത്ത് പ്രവർത്തച്ചിരുന്ന കൈത്തറി വ്യവസായ സഹകരണ സംഘം ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുകയാണ്. അൻപതോളം വനിതാ നെയ്ത്ത് തൊഴിലാളികളുണ്ടായിരുന്ന ഈ സ്ഥാപനം പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു. അംഗങ്ങളുടെ ഓഹരി മൂലധനവും സർക്കാരിൻെറ ധനസഹായവും കൊണ്ട് പ്രവർത്തനം നടത്തിയിരുന്ന ഈ കൈത്തറി കേന്ദ്രത്തിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച തൊഴിലാളികളുടെ ലഭ്യതകുറവും, ഉല്പാദിപ്പിച്ചിരുന്ന തുണിയുടെ ഗുണനിലവാരകുറവും ഇതിൻെറ

പട്ടിക 6.1

## വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ.

| വ്യവസായത്തിൻെറ തരം | വ്യവസായ യൂണിറ്റുകളുടെ എണ്ണം | | | |
|---|---|---|---|---|
| | 20ൽ കുറവ് തൊഴിലാളി കളുള്ളത് | 20-50 തൊഴിലാളി കളുള്ളത് | 50ന് മേൽ തൊഴിലാളി കളുള്ളത് | മൊത്തം യൂണി റ്റുകൾ |
| പരുത്തിനൂൽ /തുണി | 1 | 3 | 2 | 6 |
| തടി/പ്ലൈവുഡ് | 3 | - | - | 3 |
| ഭക്ഷ്യസംസ്ക്കരണം | 1 | - | - | 1 |
| ലതർ വർക്സ് | 3 | - | - | 3 |
| റൈസ് മിൽ /ഫ്ളവർ മിൽ/ ഓയിൽ മിൽ | 30 | - | - | 30 |
| പ്ലാസ്റ്റിക് ഉല്പന്ന നിർമ്മാണം | 9 | - | - | 9 |
| എഞ്ചിനീയറിങ്ങ് | 3 | - | - | 3 |
| റബ്ബർ അധിഷ്ടിതം | 2 | - | 1 | 3 |
| വൈരക്കൽ യൂണിറ്റ് | 6 | - | - | 6 |
| ബീഡിതെറുപ്പ് | - | 1 | - | 1 |
| മറ്റുള്ളവ | 8 | - | - | 8 |
| മൊത്തം | 66 | 4 | 3 | 73 |

പട്ടിക 6.2

| ക്രമ നമ്പർ | പ്രവർത്തി ക്കുന്നസ്ഥലം | വാർഡ് | തൊഴിലാളി കളുടെ എണ്ണം |
|---|---|---|---|
| 1. | ചിറക്കാക്കോട് (നൂൽനൂൽപ്പ്) | 5 | 65 |
| 2. | അയ്യംപാറ കുണ്ടുകാട് (നൂൽനൂൽപ്പ്) | 9 | 40 |
| 3. | മരോട്ടിച്ചുവട് (നെയ്ത്ത്) | 9 | 16 |

തുടർന്നുള്ള നടത്തിപ്പിന് വിഘാതമായി.

ഖാദിഗ്രാമ വ്യവസായ ബോർഡിൻെറ കീഴിൽ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഖാദിഗ്രാമ വ്യവസായ ബോർഡിൻെറ കീഴിലുള്ള നൂൽ നൂൽപ്പ് കേന്ദ്രങ്ങൾ, നെയ്ത്ത് കേന്ദ്രങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 6.2 ൽ കൊടുക്കുന്നു.

പട്ടിക 6.2ൽ കൊടുത്തിരിക്കുന്ന കേന്ദ്രങ്ങളിൽ സ്ത്രീ തൊഴിലാളികളാണ് പണിയെടുക്കു

ന്നത്. മരോട്ടിച്ചുവട് കേന്ദ്രമായിട്ടുള്ള നെയ്ത്തു കേന്ദ്രം ഇപ്പോൾ പ്രവർത്തനരഹിതമാണ്. സ്വന്തം സ്ഥലവും കെട്ടിട സൗകര്യങ്ങളുമുള്ള ഈ വനിതാ ഖാദി വ്യവസായ യൂണിറ്റുകളിലെ തൊഴിലാളികൾക്ക് പ്രതിദിനം 20 രൂപ വരുമാനമെ ലഭിക്കുന്നുള്ളു. അതുകൊണ്ടു തന്നെ പുതിയ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയു ന്നില്ല. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത ഈ യൂണിറ്റുകളെ യന്ത്രവൽക്കരിക്കുന്നതോടൊപ്പം ഉൽപ്പന്ന വൈവിധ്യവൽക്കരണവും നടത്തി തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികൾക്ക് വിദഗ്ദ്ധപരിശീലനം കൊടുത്ത് ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുകയും ചെയ്താൽ മാത്രമേ ഈ വ്യവസായ യൂണിറ്റുകളെ രക്ഷിക്കുവാൻ സാധിക്കുക യുള്ളൂ.

DWCRA പദ്ധതി പ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ള ഗ്രാമീണ വനിതകൾ കൂട്ടുചേർന്ന് ബാങ്ക് വായ്പയും, സർക്കാർ ധനസഹായവും ഉപയോഗിച്ച് 1994ൽ ആരംഭിച്ച പത്ത് സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന ഒരു മെറ്റൽ നിർമ്മാണ യൂണിറ്റ് ഒമ്പതാം വാർഡിൽ മുട്ടിക്കൽ ഗ്രാമത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇതേ പദ്ധതി പ്രകാരം 1995ൽ പഞ്ചായത്തിലെ ഒന്നാം വാർഡിൽ 10 പട്ടിക ജാതി വനിതാതൊഴിലാളികൾ ചേർന്ന് ആരംഭിച്ച ബാംബൂ യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. മറ്റ് ജോലി ലഭ്യമല്ലാത്ത അവസരങ്ങളിൽ തൊഴിൽ ഉറപ്പുവ രുത്തുന്നതിനു വേണ്ടി ആരംഭിച്ച പ്രസ്തുത യൂണിറ്റ് തൊഴിലാളികൾക്ക് വേണ്ടത്ര പരിശീല നവും, ബോധവൽക്കരണവും നൽകാതിരുന്നതു കൊണ്ടും നടത്തിപ്പിലുണ്ടായ പോരായ്മകൾ നിമിത്തവും ആരംഭദശയിൽ തന്നെ ഈ വ്യവസായ യൂണിറ്റിന് ലക്ഷ്യം കണ്ടെത്താനായില്ല. ഈ വ്യവസായ യൂണിറ്റിന്റെ പുനരുദ്ധാരണം പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിന് അത്യാവശ്യമാണ്.

ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടിയ 53 പേർ മാടക്കത്തറ പഞ്ചായത്തിലുണ്ട്. ഇവരിൽ 4 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം 34 ആണ്. ഈ വിഭാഗത്തിൽ ഇനിയും തൊഴിൽ ലഭിച്ചിട്ടില്ലാത്തവർ 15 പേരുണ്ട്.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (R.A.P.) അനുസരിച്ച് മാടക്കത്ര പഞ്ചായത്തിൽ സഹായം ലഭിച്ചവരുടെ പട്ടിക വാർഡ് അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു. പട്ടിക 6.3 കാണുക.

പട്ടികയിലെ സഹായം ലഭിക്കുവാൻ അർഹതയുള്ള അവശേഷിക്കുന്ന 32 പേർക്ക് കൂടി സഹായം ലഭ്യമാക്കുന്നതോടൊപ്പം തന്നെ നാളിതുവരെ സഹായം ലഭിച്ചവരുടെ കൈത്തൊഴിൽ യൂണിറ്റുകൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തി ഗുണഭോക്താക്കളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

**പട്ടിക 6.3**

| മേഖല | I.R.D.P. സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാരുടെഎണ്ണം | സഹായം ലഭിച്ചവർ | ഇനി സഹായം ലഭിക്കുവാൻ അർഹതയുള്ളവർ |
|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്, വെള്ളാനിക്കര | 33 | 10 | 23 |
| വി.ഇ.ഓഫീസ്, താണിക്കുടം | 18 | 9 | 9 |
| ആകെ | 51 | 19 | 32 |

മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായ മേഖല ക്വാറിയിങ്ങിലാണ്. ആയിരത്തിൽപരം തൊഴിലാളികൾ നിത്യവൃത്തിക്കു വേണ്ടി കഠിനാദ്ധ്വാനത്തിലേർപ്പെട്ടിരിക്കുന്ന ഈ വ്യവസായം പഞ്ചായത്തിലെ രണ്ട് വാർഡുകളിലായി വ്യാപിച്ചുകിടക്കുന്നു. കരിങ്കല്ല് പൊട്ടിച്ച് പല വലിപ്പത്തിലുള്ള ബോളറുകളും, മെറ്റലുകളുമായി മാറ്റുന്ന ഈ മേഖലയിൽ പുരുഷന്മാർക്ക് തുല്യമായി തന്നെ സ്ത്രീകളും പണി എടുക്കുന്നുണ്ട്.

ക്വാറികളിൽ നിന്നും കല്ല് സമീപപ്രദേശങ്ങളിൽ കൊണ്ടുപോയി അടിച്ചുടച്ച് ചെറുമെറ്റലുകളാക്കുന്ന അനവധി കുടുംബങ്ങൾ കരുവാൻ കാട്, മുട്ടിക്കൽ, ചെട്ടിക്കാട് ഗ്രാമപ്രദേശങ്ങളിലുണ്ട്. പഞ്ചായത്തിലെ വിവിധ ക്വാറികളിൽ പണിയെടുക്കുന്ന സ്ത്രീകളുടേയും, പുരുഷന്മാരുടേയും തരംതിരിച്ചുള്ള എണ്ണം പട്ടിക 6.4ൽ കൊടുക്കുന്നു.

പട്ടിക 6.4ൽ നിന്നും യന്ത്രവൽകൃത മെറ്റൽ ക്രഷറുകളിൽ വളരെ കുറവ് തൊഴിലാളികൾ മാത്രമേ പണിയെടുക്കുന്നുള്ളൂ എന്ന് മനസ്സിലാക്കാൻ കഴിയും. എന്നാൽ പരിസരമലിനീകരണം മുതലായ പരിസ്ഥിതി പ്രശ്നങ്ങൾ കൂടുതൽ വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ അനിയന്ത്രിതമായ ക്വാറിയിങ്ങ് നിമിത്തം ഈ പ്രകൃതി വിഭവം ധ്രുതഗതിയിൽ ശോഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അനിയന്ത്രിതവും, യന്ത്രവൽകൃതവുമായ ക്വാറിയിങ്ങിന് ഇക്കാരണങ്ങൾ കൊണ്ടുതന്നെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

ആയിരത്തിൽ പരം തൊഴിലാളികൾ പണിയെടുക്കുന്ന വളരെ പ്രധാനപ്പെട്ട വ്യാവസായിക മേഖലയായിരുന്നിട്ടും തൊഴിലാളികൾക്ക് വേണ്ടത്ര സുരക്ഷിതത്വമോ മറ്റ് ക്ഷേമപ്രവർത്തനങ്ങളോ നിലവിലില്ലാത്ത അവസ്ഥയുണ്ട്. ഏതു സമയവും അപകടം സംഭവിക്കാവുന്ന ഈ മേഖലയിലെ തൊഴിലാളികൾക്ക് അപകട ഇൻഷുറൻസോ മറ്റു കുടുംബക്ഷേമ സ്കീമുകളോ നിലവിലില്ല. സ്വകാര്യ വ്യക്തികളാണ് പഞ്ചായത്തിലെ മിക്കവാറും ക്വാറികളും നടത്തുന്നത്. എന്നാൽ പട്ടിക ജാതി സഹകരണസംഘം നടത്തുന്ന ഒരു ക്വാറി പാണ്ടിപറമ്പിൽ പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ തൊഴിലാളികളേയും പഞ്ചായത്തിന്റെ നേതൃത്വത്തിൽ അപകട ഇൻഷുറൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. സമീപ വിൽവട്ടം പഞ്ചായത്തിൽ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന ക്വാറിയിങ്ങ് വ്യവസായം ഈ പഞ്ചായത്തിലും പരീക്ഷിച്ചു നോക്കാൻ പ്രോത്സാഹനം നൽകാവുന്നതാണ്. തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ലഭിക്കുന്നതിനും കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഇത് സഹായകരമായിരിക്കും എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

**പട്ടിക 6.4**

| ക്രമനമ്പ് | ക്വാറി പ്രവർത്തിക്കുന്ന സ്ഥലം | വാർഡ് | തൊഴിലാളികളുടെ എണ്ണം | |
|---|---|---|---|---|
| | | | പുരുഷന്മാർ | സ്ത്രീകൾ |
| 1. | വേങ്ങപ്പാറ, കരുവാൻ കാട് | 9 | 255 | 300 |
| 2. | മുട്ടിക്കൽ | 9 | 275 | 175 |
| 3. | കച്ചിത്തോട്, പാണ്ടിപ്പറമ്പ് | 5 | 75 | 20 |
| 4. | മെറ്റൽ ക്രഷർ, പാണ്ടിപ്പറമ്പ് | 5 | 54 | 13 |
| | ആകെ | | 659 | 508 |

മാടക്കത്തറ ഗ്രാമപഞ്ചായത്തിൻെറ വ്യാവസായിക രംഗത്തിന് ഉണർവ്വും അഭിമാനവുമായി പ്രവർത്തിക്കുന്ന വനജ ടെക്സ്റ്റൈൽസും, താണിക്കുടം ഭഗവതി മിൽസും വളരെ ഏറെ വികസന സാധ്യതകളുള്ള രണ്ട് സ്ഥാപനങ്ങളാണ്. അഞ്ഞൂറ്റി അറുപത്തഞ്ചോളം സ്ഥിരം തൊഴിലാളികൾ പണിയെടുക്കുന്ന വനജ ടെക്സ്റ്റൈൽസ് മില്ലിൽ സമീപ പഞ്ചായത്തുകളിലുള്ള ധാരാളം പേർ ജോലി ചെയ്യുന്നുണ്ട്.

താണിക്കുടം ഭഗവതി മില്ലിൽ സ്ത്രീ തൊഴിലാളികളാണ് ജോലി ചെയ്യുന്നത് . മൂന്ന് ഷിഫ്റ്റായി പ്രവർത്തിക്കുന്ന പ്രസ്തുത മില്ലിൽ പരിശീലന തൊഴിലാളികൾ ഉൾപ്പെടെ 179 പേർ ജോലി ചെയ്യുന്നുണ്ട്. ഇപ്പോഴത്തെ നിലയിൽ മില്ലിൽ ആവശ്യമായ തൊഴിലാളികളുടെ എണ്ണം 89 മാത്രമാണെങ്കിലും വരും വർഷങ്ങളിൽ കൂടുതൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കാൻ സാദ്ധ്യതയുണ്ട്. ഇവിടെ ജോലി ചെയ്യുന്ന തൊഴിലാളികളിലധികവും സമീപ പഞ്ചായത്തുകളിലും ദൂരസ്ഥലങ്ങളിൽ നിന്നും മറ്റും വരുന്നവരാണ്. പഞ്ചാ യത്ത് നിവാസികളായ കൂടുതൽ തൊഴിലാളികൾക്ക് ഈ സ്ഥാപനത്തിൽ തൊഴിൽ നൽകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്. അതോടൊപ്പം തന്നെ താണിക്കുടം ഭഗവതി മില്ലിലെ സ്ത്രീ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് ഗ്രാമസഭയിൽ ഉയർന്നു വന്ന പ്രശ്നങ്ങൾക്ക് മാനേജ്മെൻറുമായി ചർച്ച നടത്തി പഞ്ചായത്തധികാരികൾ പരിഹാരമുണ്ടാക്കേണ്ടതാണ്.

മാടക്കത്തറ ഗ്രാമപഞ്ചായത്തിലെ മലയോര പ്രദേശങ്ങളുൾക്കൊള്ളുന്ന ഒൻപത്, പത്ത് വാർഡുകളിൽ വർഷം പ്രതി റബ്ബർ കൃഷി വർദ്ധിച്ചുവരുന്നുണ്ട്. പഞ്ചായത്തിലെ അഞ്ചാം വാർഡിലും ധാരാളം റബ്ബർ കർഷകരുണ്ട്. പഞ്ചായത്തിലെ വർദ്ധിച്ചുവരുന്ന പ്രകൃതി ദത്ത റബ്ബർ ഉല്പാദനം ഉപയോഗപ്പെടുത്തിക്കൊണ്ട് ആരംഭിക്കുവാൻ സാധിക്കുന്ന ചെറുകിട റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ സാധ്യതകൾ പരിശോധിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ പ്രധാന കൃഷിയാണ് തെങ്ങ്. ഇതിൻെറ പ്രധാന ഉല്പന്നമായ കൊപ്ര ഉപയോഗിച്ചു കൊണ്ട് ചെറുതും വലുതുമായ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ആരംഭിക്കുന്നത് കാർഷിക ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിദ്യാസമ്പന്നരായ തൊഴിൽ രഹിതർക്ക് ജോലി ലഭിക്കുന്നതിന് സാധിക്കും. പ്രാദേശികമായി സുലഭമായി ലഭിക്കുന്ന കാർഷിക ഉല്പന്നങ്ങളായ നേന്ത്രക്കായ, പൈനാപ്പിൾ, മാമ്പഴം, അടക്ക മുതലായവ ഉപയോഗിച്ചു കൊണ്ട് പഴം, പച്ചക്കറി സംസ്കരണയൂണിറ്റുകളും, ബേക്കറി ഉല്പന്ന യൂണിറ്റുകളും, സുപ്പാരി മുതലായവയുടെ നിർമ്മാണവും വിവിധ വാർഡുകളിൽ തുടങ്ങുന്നതിനുള്ള സാധ്യതകളും പരിശോധിക്കണം.

ആധുനിക വ്യവസായങ്ങൾ എന്ന് അവകാശപ്പെടാവുന്ന ഒരു സ്ഥാപനവും മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ നിലവിലില്ല. തെക്കേ ഇന്ത്യയിലെ ഏറ്റവും വലിയതും കേരളത്തിന് അഭിമാനകരവുമായ 400 K.V. സബ്ബ് സ്റ്റേഷനും, മറ്റ് അനുബന്ധ വൈദ്യുതി നിലയങ്ങളും നിലകൊള്ളുന്ന മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ ഒരു ആധുനിക വൻകിട വ്യവസായം ഉയർന്നുവന്നാൽ വൈദ്യുതിയുടെ ലഭ്യത ഒരു പ്രശ്നമാകുമെന്ന് തോന്നുന്നില്ല. 400 K.V. സബ്ബ് സ്റ്റേഷൻെറ നിർമ്മാണത്തോടനുബന്ധിച്ച് മാടക്കത്തറ ഗ്രാമപഞ്ചായത്തിലൂടെ തലങ്ങും വിലങ്ങും ചിലന്തി വല കണക്കെ വലിച്ച ഹൈടെൻഷൻ വൈദ്യുത കമ്പികൾ കാർഷിക മേഖലയിലെ വിളകൾക്ക് ഏല്പിച്ച മുറിവിൻെറ വേദന സഹിച്ച പഞ്ചായത്ത് നിവാസികൾക്ക് അനുയോജ്യമായ ഒരു ഉപകാരമെന്ന നിലക്ക് 400 KV സബ്ബ് സ്റ്റേ ഷനും KSEB ക്കും വരും കാലങ്ങളിൽ ആവശ്യം വരുന്ന യന്ത്രോപകരണങ്ങളും മറ്റും നിർമ്മിക്കുന്ന ഒരു ഫാക്ടറി മാടക്കത്തറയിൽ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാനപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു. 400 KV. സബ് സ്റ്റേഷനിൽ നിന്നും മാടക്കത്തറ പഞ്ചായത്തിൻെറ മുഴുവൻ പ്രദേശത്തും വൈദ്യുതി ലഭിക്കാനുള്ള നടപടികൾ KSEB യുടെ ഭാഗത്തുനിന്നും ഉണ്ടാകണം. പരുത്തി നൂൽ ഉല്പാദനവുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ ആധുനിക യന്ത്രവൽകൃത വസ്ത്ര നിർമ്മാണ മില്ല് ആരംഭിക്കുന്ന കാര്യം ഗൗരവമായി ചിന്തിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ വൈദ്യുതി ലഭ്യത

പ്രശ്നമാണ്.

2. ഖാദി തൊഴിലാളികളുടെ കൂലി നിരക്ക് മറ്റു മേഖലകളെ അപേക്ഷിച്ച് വളരെ കുറവാണ്.

3. പ്രവർത്തനം നിലച്ചിരിക്കുന്ന വനിത നെയ്ത്തുകേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ വേണ്ട നടപടി വേണം.

4. പരമ്പരാഗത കൈത്തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ആധുനിക നിർമ്മാണോപകരണങ്ങൾ ലഭ്യമാക്കുകയും വേണം. വേണ്ടിവന്നാൽ ധനസഹായവും നൽകേണ്ട താണ്.

5. നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളായ വനജ ടെക്സ്റ്റൈൽസ്, താണിക്കുടം ഭഗവതി മിൽസ്, മെറ്റൽ ക്രഷർ യൂണിറ്റ്, മേപ്പാടം റബ്ബർ ഫാക്ടറി എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ പരിസര വാസികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

6. സാങ്കേതിക വൈദഗ്ദ്ധ്യം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകാനുള്ള സംവിധാനം നിലവിലില്ല.

7. മുഖ്യകാർഷികോൽപന്നങ്ങളായ നാളികേരം, റബ്ബർ എന്നിവയിലധിഷ്ഠിതമായ വ്യവസായ യൂണിറ്റുകളൊന്നും തന്നെ നിലവിലില്ല.

## സാധ്യതകൾ

1. തൊഴിൽ രഹിതരായ വിദ്യാസമ്പന്ന ർക്കും സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ വർക്കും തൊഴിൽ അവസരങ്ങൾ നൽകു ന്നതിന് പഞ്ചായത്ത് സ്ഥലവും കെട്ടിടങ്ങളും ലഭ്യമാക്കി ഒരു ഇൻഡസ്ട്രി യൽ എസ്റ്റേറ്റ് തുടങ്ങാവുന്നതാണ്.

2. വനിതകൾക്ക് പൊതുവെ പഞ്ചായത്തിൽ തൊഴിലവസരങ്ങൾ കുറവാണ്. വനിത വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും വേണം.

3. നിലവിലുള്ള ഖാദി നെയ്ത്തു കേന്ദ്രങ്ങൾ യന്ത്രവൽക്കരിച്ചാൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയും.

4. നടീൽ വസ്തുക്കളും, അലങ്കാരച്ചെടി കളും ഉല്പാദിപ്പിക്കുന്ന നേഴ്സറി വ്യവസായം വിപുലപ്പെടുത്തി തൊഴിലവ സരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും.

5. പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ ലഭ്യമായ കരിങ്കൽ പാറ പൊട്ടിച്ചും നിലവിലുള്ള ക്രഷർ യൂണിറ്റുകളിലെ പാറപ്പൊടി, ബേബി മെറ്റൽ എന്നിവ ഉപയോഗിച്ചും വീട് നിർമ്മാണത്തിനാവശ്യമായ കോൺക്രീറ്റ് ഇഷ്ടിക, ജനൽ, കട്ടിള മുതലായവ വൻതോതിൽ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

6. കാർഷിക ഉല്പന്നങ്ങളുടേയും, ചെറുകിടകുടിൽ വ്യവസായ ഉല്പന്നങ്ങളുടേയും വിപണനസൗകര്യം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിൽ അനുയോജ്യമായ പ്രദേശത്ത് ഒരു പൊതു മാർക്കറ്റ് തുടങ്ങുന്നതിൻെറ സാധ്യത പരിശോധിക്കേണ്ടതാണ്.

7. വ്യവസായ മേഖലയിലെ വിദഗ്ദ്ധ അവിദഗ്ദ്ധ തൊഴിലാളികൾക്ക് പരിശീലനവും തൊഴിൽ സാധ്യതകളെക്കുറിച്ച് മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് പഞ്ചായത്തിൽ ഒരു സ്ഥിരം സംവിധാനത്തിനായി എംപ്ലോയ്മെൻറ് ട്രെയിനിങ്ങ് ആൻറ് ഗൈഡൻസ് ബ്യൂറോ ആരംഭിക്കേ ണ്ടതാണ്.

8. പഞ്ചായത്തിലെ ചിറക്കാക്കോട്, താണിക്കുടം, കട്ടിളപൂവ്വം, പൊങ്ങണംകാട്, മാടക്കത്തറ എന്നീ പ്രദേശങ്ങളിൽ അനുയോജ്യമായിടങ്ങളിൽ ഷോപ്പിങ്ങ് കോംപ്ലക്സുകൾ ആരംഭിക്കുവാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

9. പഞ്ചായത്തിൽ നിലവിലുള്ള യന്ത്രവൽകൃത മെറ്റൽ ക്രഷറുകളിൽ ആധുനിക രീതിയിലുള്ള മലിനീകരണ നിവാരണ മാർഗ്ഗങ്ങൾ ഏർപ്പെടുത്തി പരിസരമലിനീകരണം തടയാവുന്നതാണ്.

※ ※ ※

# 5 - 4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

സുഗമവും സുലഭവുമായ ഗതാഗത സൗകര്യവുമാണ് ഒരു പരിധിവരെ ഒരു പ്രദേശത്തിൻെറ സാമ്പത്തിക പുരോഗതിയെ സ്വാധീനിക്കുന്ന ഘടകം. മാടക്കത്തറ പഞ്ചായത്തിൻെറ തെക്കെ അതിരിനെ സ്പർശിച്ചുകൊണ്ട് 20 മീറ്റർ ദൂരത്തിൽ, കേരളത്തിനെയും തമിഴ്നാടിനെയും ബന്ധിപ്പിക്കുന്ന ദേശീയ പാത 47 അടക്കം ഒരു മീറ്ററിൽ താഴെ വീതിയുള്ള ഇടവഴികളും പാടവരമ്പുകളും കൂടി **80.89** കിലോമീറ്റർ നീളമുള്ള റോഡ് ശൃംഖല മാടക്കത്തറ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളെ ഒരു സിരാവ്യൂഹം പോലെ ബന്ധിപ്പിക്കുന്നു. എങ്കിലും ആവശ്യത്തിന് ഗതാഗത സൗകര്യം ഇനിയും ലഭ്യമായിട്ടില്ല. P.W.D.ഉടമസ്ഥതയില് ള്ളതും വ...പ്പോഴും മാത്രം ടാർ പൂശുന്നതുമായ **18.600** K.M. റോഡ് യഥാകാലങ്ങളിലുള്ള ക...മറ്റ... അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ യ...ന്ന യഥാർത്ഥത്തിൽ നരക തുല്യമാകുന്നുണ്ട്. ഇതിൽ പൊങ്ങണംകാട് മുതൽ കുണ്ടുകാട് വരെ പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിരിനെ സ്പർശിച്ചുകൊണ്ട് കടന്നുപോകുന്ന P.W.D. റോഡ്, കുണ്ടുകാട് ക്വാറികളിൽ നിന്ന കരിങ്കല്ലുകൊണ്ടുപോകുന്ന ലോറികളുടെ അനുസ്യൂത ഗമനാഗമനം താങ്ങാനാവാതെ ഒരു വർഷം കൊണ്ടുതന്നെ തകർന്നു പോകാനിടയാകുന്നു. 7,8,9,10 വാർഡുകളിലെ ജനങ്ങൾക്ക് പട്ടണത്തിൽ എത്തിപ്പെടാനുള്ള ഏകമാർഗ്ഗം തിരക്കേറിയ ഈ റോഡാണ്. ഇതു കൂടാതെ 1,2,3,4,5,6 വാർഡുകളിൽനിന്ന് K.N.P.R. റോഡും ചിറക്കാക്കോട് മണ്ണുത്തി റോഡും, തൃശ്ശൂർ പട്ടണവുമായി പഞ്ചായത്തിനെ ബന്ധിപ്പിക്കുന്നു. എന്നാൽ ഈ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിയ്ക്കുന്ന ഫലപ്രദമായ പൊതുഗതാഗതസൗകര്യം ഇല്ല. അതുകൊണ്ട് ഗതാഗതത്തിൻെറ കാര്യത്തിൽ പഞ്ചായത്ത് രണ്ട് വ്യത്യസ്ത ഭാഗങ്ങളായി അകന്നു കിടക്കുക യാണ്. മലയോരപ്രദേശങ്ങളും, താഴ്ന്ന സമതല ങ്ങ...ള ഈ പഞ്ചായത്തിൽ റോഡുകളുടെ സം...ം അത്യന്തം ശ്രമകരമാണ്. മഴക്കാലത്ത്, കു... ജലനിർഗ്ഗമന സൗകര്യങ്ങളുടെ അഭ...ിലാണ് ഏറെ റോഡുകളും തകർന്നു പോ...ത്.

മാടക്കത്തറ പഞ്ചായത്തിൽ വാഹന ഗതാഗതത്തിന് താരതമ്യേന യോഗ്യമായ റോഡുകളുടെ ടാർറോഡ് വിവരം ഇനം തിരിച്ച് പട്ടിക (1)ലും മൊത്തം പഞ്ചായത്ത് റോഡുകളുടെ കണക്ക് പട്ടിക (2)ലും ചേർക്കുന്നു.

### പട്ടിക (1)
### റോഡുകൾ

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| പഞ്ചായത്ത് | 1.365 | 1.600 | 0.835 | | 0.930 | 1.578 | 0.925 | 0.550 | 0.233 | 0.700 | 8.716 |
| PWD റോഡ് | 2.00 | 2.00 | 0.60 | 1.50 | 1.00 | 3.00 | 2.00 | 2.00 | 1..500 | 3.00 | 18.600 |

പട്ടിക 2

| വീതി (മീറ്റർ) / വാർഡ് | ടാർ ചെയ്യാത്ത റോഡ്(കി.മീ) | | | | | ടാർ ചെയ്ത റോഡ് (കി.മീ) | | | | |
|---|---|---|---|---|---|---|---|---|---|---|
| | 4 മീറ്ററിൽ കുറവ് | 4-5 | 5-6 | 6-8 | ആകെ | 4 മീറ്ററിൽ കുറവ് | 4-5 | 5-6 | 6-8 | ആകെ |
| 1 | 1.420 | 2.019 | 0.125 | 1.355 | 4.919 | 0 | 0.960 | 0 | 0.405 | 1.365 |
| 2 | 3.130 | 1.198 | 0.145 | 0.500 | 4.973 | 0 | 1.120 | 0 | 0.480 | 1.600 |
| 3 | 4.805 | 0.040 | 0.0 | 0.437 | 5.282 | 0 | 0.080 | 0.470 | 0.285 | 0.835 |
| 4 | 0.235 | 1.200 | 0.100 | 3.200 | 4.735 | | ലഭ്യമല്ല | | | |
| 5 | 1.100 | 1.125 | 0.100 | 1.700 | 4.025 | 0.230 | 0.700 | 0 | 0 | 0.930 |
| 6 | 0.200 | 0.720 | 0.0 | 1.102 | 2.022 | 0 | 1.100 | 0 | 0.478 | 1.578 |
| 7 | 1.075 | 0.927 | 1.576 | 0.725 | 4.303 | 0.235 | 0.350 | 0.350 | 0 | 0.925 |
| 8 | 2.860 | 0.500 | 1.035 | 2.910 | 7.305 | 0 | 0 | 0 | 0.550 | 0..550 |
| 9 | 0.725 | 2.200 | 0 | 3.537 | 6.462 | 0 | 0 | 0 | 0.233 | 0.233 |
| 10 | 1.970 | 2.208 | 0 | 5.350 | 9.528 | 0 | 0 | 0 | 0.700 | 0.700 |
| ആ:കെ | | | | | 53.554 | | | | | 8.716 |

ആകെ 80.89 കിലോമീറ്റർ റോഡ് ഉണ്ടെങ്കിലും വാഹന ഗതാഗത യോഗ്യമായ റോഡ് 27.316 കി.മീ. മാത്രമാണ്. ഒരു ചതുരശ്രകിലോമീറ്ററിൽ 3.16 കിലോമീറ്റർ വഴിയാണ് ഈ പഞ്ചായത്തിലുള്ളത്. പട്ടിക 2ൽ വിവിധ വാർഡുകളിലെ റോഡുകളുടെ വിശദാംശങ്ങൾ നല്കിയിരിക്കുന്നു. നാളിതുവരെപഞ്ചായത്തിൻെറ വരുമാനത്തിൻെറ ഭീമമായ ഒരു ഭാഗം നീക്കിവെക്കുന്നത്.റോഡ് അറ്റകുറ്റപ്പണികൾക്കാണ്. എന്നിട്ടും ഈ ശോച്യാവസ്ഥ നിലനിൽക്കുന്നതിൻെറ കാരണം പരിശോധക്കപ്പെടേണ്ടിയിരിക്കുന്നു. റോഡുകൾ സംബന്ധിച്ച് ഗ്രാമസഭയിൽ നിന്നും വന്ന വിവിധ നിർദ്ദേശങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നു. പട്ടിക 3 മുതൽ 8 വരെയുള്ള പട്ടികകൾ കാണുക.

**പട്ടിക 3**

**പുതുതായി നിർമിക്കേണ്ട റോഡുകൾ**

| വാർഡ് | ക്രമ നമ്പർ | റോഡിൻെറ പേര് |
|---|---|---|
| 1. | 1. | മാടക്കത്ര - തോട്ടാൻചിറ റോഡ് |
| | 2. | വില്ലടം - ഊരഞ്ചേരി റോഡ് |
| 2. | 3. | മാഞ്ചേരി വളപ്പ് റോഡ് - പടിഞ്ഞാറ്റും മുറി റോഡ് തമ്മിൽ ബന്ധിപ്പിക്കുക. |
| | 4. | ശങ്കരം കുളം വഴി ആറിലെ കുളം യൂണിവേഴ്സിറ്റി റോഡു തമ്മിൽ ബന്ധിപ്പിക്കുക |
| | 5. | മഞ്ചേരി വളപ്പ് റോഡ് - നെട്ടിശ്ശേരി വഴി റോഡ് തമ്മിൽ ബന്ധിപ്പിക്കുക |
| 3. | 6. | ടെൻസ് ഹാച്ചറീസ് റോഡു മുതൽ പടിഞ്ഞാറോട്ട് 200 മീറ്റർ റോഡ് നിർമ്മിക്കുക. |
| | 7. | ബോസ്കോ നഗർ വഴി വെട്ടി ക്കൽ മെയിൻ റോഡുവരെ |
| 4. | 8. | ആറാംകല്ല് NH മുതൽ ചിറക്കാക്കോട് ആനന്ദനഗർ വഴിയുള്ള അത്താണി ലയിൻ റോഡ് കച്ചിത്തോട് വരെ ദീർഘിപ്പിക്കുക. |
| | 9. | ചിറക്കാക്കോട് - വെള്ളാനിക്കര സമാന്തര റോഡുകളെ കാവുപറമ്പു വഴി ബന്ധിപ്പിക്കുക. |
| 6. | 10. | വെള്ളാനിശ്ശേരി മുതൽ തോട്ടാൻ സ്റ്റോപ്പു വരെ. |
| | 11. | വില്ലേജ് ഓഫീസ്സിന് വടക്കുഭാഗത്തുള്ള റോഡ. (വീതികൂട്ടേണ്ടത്) |
| | 12. | വെള്ളാനിശ്ശേരി മുതൽ ചോണോൽ കിണറുവരെ (വീതി കൂട്ടേണ്ടത്) |
| | 13. | പാണ്ടിപറമ്പ് -കള്ളാടം റോഡ്, ചിറക്കാക്കോട് PWD റോഡു വരെ നീട്ടുക. |
| | 14. | തണ്ണീച്ചാലുമായി ബന്ധപ്പെട്ടു കിടക്കുന്ന K.S. സുനിൽ നഗർ റോഡ് (വീതി കൂട്ടുന്നതിന്) |
| | 15. | പുല്ലാനിക്കാട് കോളനി റോഡ് (വീതി കൂട്ടുന്നതിന്) |
| | 16. | അക്കരപ്പുറം കൈത്തറി റോഡ് കള്ളായി റോഡിലേക്കും താണിക്കുടം റോഡിലേക്കും വീതി കൂട്ടി ബന്ധിപ്പിക്കുക. |
| | 17. | അക്കരപ്പുറം പെരുന്താണി വഴി വില്ലടം വരെ |
| | 18. | കല്ലപ്പുരയ്ക്കൽ റോഡ് ( വീതി കൂട്ടുക) |
| 7. | 19. | ചിറ്റിലപ്പിള്ളിത്താഴം റോഡ്- താണിക്കുടം റോഡ്, ലിങ്ക് റോഡ്,. |
| | 20. | പുതുവത്ത് ലൈൻ വീതികൂട്ടുക |
| | 21. | പുതുവത്ത് ലൈൻ (തെക്കോട്ടുള്ള വഴി) |
| | 22. | അമ്പഴപ്പിള്ളി റോഡ് (വീതി കൂട്ടുക) |
| | 23. | അമ്പഴപ്പിള്ളി റോഡ് നെല്ലിക്കാട് പേരേപ്പാടം റോഡ് ബന്ധിപ്പിയ്ക്കുന്ന ലിങ്ക്റോഡ് |
| 8. | 24. | കുറുമാംപുഴ ഷാജിയുടെ |

| | | |
|---|---|---|
| | | വീടുമുതൽ തോരക്കാട് വരെ 200മീ. |
| | 25. | കോതറ മാളികകുണ്ട് 3000മീ. |
| | 26. | ആനക്കുഴിങ്ങര (കനാലിന്റെ മുകൾഭാഗം) മുതൽ ചെങ്ക ല്ലിവരെ 1000 മീ. |
| | 27. | മാറ്റാംപ്പുറം വൈദ്യരുടെ വീടു മുതൽ പൂളാക്ക് പള്ളി വരെ 1000 മീ. |
| | 28. | ചിറ്റിലപ്പിള്ളി ഹരിജൻ കോളനി റോഡ് |
| | 29. | കൃഷിഭവൻ മുതൽ കന്നാലിച്ചാൽ വഴി കോതറ റോഡിലേക്ക് ലിങ്ക് റോഡ് |
| 10 | 30. | കട്ടിളപ്പൂവ്വം കല്ലുംച്ചാൽ റോഡ് പുല്ലംകണ്ടം തെക്കേക്കര റോഡ് ലിങ്ക് റോഡ് |
| | 31. | തൊഴുത്താല കല്ലുംച്ചാൽ റോഡ് (വീതികൂട്ടണം) |

**പട്ടിക 4**

**ടാർ ചെയ്യേണ്ട പഞ്ചായത്ത് റോഡ്**

| | | |
|---|---|---|
| 1. | 1 | മാടക്കത്ര K.N.R റോഡു മുതൽ സ്കൂളിന് വടക്കുവശത്തുകൂടി കിഴക്കോട്ട് 400 മീ. |
| | 2. | മാടക്കത്ര K.N.R റോഡു മുതൽ സ്കൂളിന് വടക്കുവശത്തുകൂടി കിഴക്കോട്ട് 450 മീ. |
| | 3. | മാടക്കത്ര K.N.R. റോഡ് പള്ളി ജംഗ്ഷൻ മുതൽ തെക്കോട്ട് 1500 മീ. |
| | 4. | മാടക്കത്ര പഞ്ചായത്ത് ഗ്രൗണ്ട് വഴി ലക്ഷം വീട് വരെ 5 0 0 മീ. |
| | 5. | മാടക്കത്ര പള്ളിക്ക് വടക്കോ ട്ടുള്ള വഴി |
| | 6. | മാടക്കത്രയിൽ നിന്ന് വൈശ്യ പ്പാട്ട് ലൈൻ 300 മീ. |
| | 7. | തള്ളപ്പടിയിൽ നിന്ന് തെക്കോട്ട് 200 മീ. |
| | 8. | KNR റോഡിൽ നിന്ന് 4 സെൻറ് വഴി 400 മീ. |
| 9. | 9. | മാടക്കത്ര സ്കൂളിൽ നിന്ന് തെക്കുവശം മഹാത്മറോഡ് 400 മീ. |
| 2. | 10. | ശങ്കരംകുളം ബൈ റോഡ് |
| | 11. | മഞ്ചേരി വളപ്പ് റോഡ് |
| | 12. | ബാലവാടി റോഡ് |
| 3. | 13. | ബോസ്കോ നഗർ റോഡ് - വിദ്യനഗർ റോഡ് 4 വഴി മൂപ്പൻ തെരുവ് 1700മീ. |
| | 14. | മൂപ്പൻ തെരുവിൽ നിന്ന് NH. 47 വരെ |
| 4. | 15. | പാറപ്പുറം റോഡ് 1000 മീ. |
| | 16. | കുറ്റിക്കാട് റോഡ് പൈനാപ്പിൾ മുതൽ I.C.A.R. വരെ |
| 5. | 17. | കുറ്റിക്കാട് മാങ്ങോട് |
| | 18. | ചിറ്ക്കാക്കോട് ആനന്ദനഗർ, മഹാത്മാ ക്ലബ്ബ് റോഡ് അവസാനം വരെ |
| 7. | 19 | പുളിക്കൻ റോഡ് |
| | 20. | മനയ്ക്കൽ ലൈൻ |
| | 21. | ലക്ഷംവീട് റോഡ് |
| | 22. | തിയത്തുറോഡ് മെയിൻ റോഡ് വരെ |
| | 23. | കടവ് റോഡ് |
| | 24. | പുതുവത്ത് ലൈൻ |
| | 25. | പുതുവത്ത് ലൈൻ (തെക്കോ ട്ടുള്ള വഴി) |
| | 26. | അമ്പഴപ്പിള്ളി റോഡ് (ടാറിങ്ങ്) റോഡ് |
| | 27. | ഉദയനഗർ റോഡ് |
| 8. | 28. | താണിക്കുടം അക്കരപ്പുറം റോഡ് 300 മീ. |
| | 29. | കള്ളായി പൊണ്ണാത്തി മുക്ക് റോഡ് 1000 മീ. |
| | 30. | പൊണ്ണാത്തിമുക്ക് കോളനി റോഡ് 400 മീ. |
| | 31. | കൃഷിഭവൻ റോഡ് 2 5 0 മീ. |
| | 32. | കള്ളായി വേലായുധൻ വീടു മുതൽ കുറുമാംപുഴ മണി |

| | | |
|---|---|---|
| | | എഴുത്തച്ഛൻ വരെ 150 മീ. |
| | 33. | താണിക്കുടം ദീർധാനി റോഡ് തമ്പുരാട്ടിപ്പാലം 500 മീ. |
| | 34. | പുതുനഗർ റോഡ് 300 മീ. |
| | 35. | താണിക്കുടം റേഷൻ കട മുതൽ മേപ്പാടം വരെ 500 മീ. |
| | 36. | പൂളാക്കൽ മേപ്പാടം 300 മീ. |
| 9. | 37. | കരുവാൻകാട് മുട്ടിയ്ക്കൽ മരോട്ടിച്ചോട് റോഡ് 3000 മീ. |
| | 38. | ആനക്കുഴിങ്ങര കടാംകുഴി മാളികകുണ്ട് റോഡ് |
| | 39. | മുട്ടിയ്ക്കൽ വാരിക്കുളം |
| | 40. | പനമ്പിള്ളി നടുത്തോട് റോഡ് |
| | 41. | തളിയംപാറ വെറ്റിലപ്പാറ ഹരിജൻ കോളനി 1000 മീ. |
| | 42. | അയ്യംപാറ മഞ്ചട്ടി റോഡ് |

പട്ടിക 5

**റീടാർ/ റിപ്പയർ ചെയ്യേണ്ട PWD റോഡ്**

1. മാടക്കത്ര PWD റോഡ്
2. മാടക്കത്ര ഉറവുമ്പാടം റോഡ്
3. മാടക്കത്ര കിഴക്കേ റോഡ്
4. മണ്ണുത്തി ചിറക്കാക്കോട് റോഡ്
5. പാണ്ടിപ്പറമ്പ് കട്ടിളപ്പൂവ്വം റോഡ്
6. പൊങ്ങണംകാട് മുതൽ മുടിക്കോട് വരെ
7. പാണ്ടിപ്പറമ്പ് ക്ഷേത്രം MLA റിങ്ങ് റോഡ്
8. കട്ടിളപൂവ്വം വാരിക്കുളം റോഡ്
9. പൊങ്ങണംകാട് മുതൽ കുണ്ടുകാട് വരെ
10. കട്ടിളപൂവ്വം പുല്ലംകണ്ടം വരെ.

പട്ടിക 6

**പഞ്ചായത്ത് ഏറ്റെടുക്കേണ്ട റോഡുകൾ**

| | | |
|---|---|---|
| 8. | 1. | തമ്പുരാട്ടിപാലം മുതൽ മെയിൻ കനാൽ വരെ 150 മീ. |
| | 2. | കള്ളായി ചെങ്കല്ലി കുന്ന് 2000 മീ. |
| | 3. | മിൽമ കൃഷിഭവൻ റോഡ് 200 മീ. |
| | 4. | താണിക്കുടം തോരക്കാട് റോഡ് അക്കരപ്പുറം റോഡ് ലിങ്ക് റോഡ് 400 മീ. |
| | 5. | തോട്ടപ്പടി അഞ്ചേരിപ്പുറം 5 0 0 മീ. കിഴക്കോട്ട് |
| | 6. | രണ്ട്വശത്തുകൂടി മണിയുടെ വീടുവരെ 150 മീ. |
| | 7. | തോട്ടപ്പടി മിച്ചഭൂമി 2 0 0 മീ. |
| | 8. | തോട്ടപ്പടി സോമദരന്റെ വീടിനു മുന്നിൽ കൂടി 3 0 0 മീ. |
| | 9. | മാറ്റാംപുറം വൈദ്യരുടെ പടി മുതൽ ഷാജിയുടെ വീട് വരെ 1 5 0 മീ. |
| | 10. | പൂളാക്കൽ പള്ളി റോഡ് 2 0 0 മീ. |
| | 11. | മേപ്പാടം ചാക്കോള മുതൽ താമരപ്പിള്ളി വരെ 2 0 0 മീ. |
| | 12. | മേപ്പാടം ഗൗരിയുടെ വീട് മുതൽ കുഞ്ഞലിയുടെ വീട് വരെ 150 മീ. |
| | 13. | തെങ്ങുംചേരി മണിയുടെ വീട് മുതൽ കരുവാൻ കാട് വരെ 1000 മീ. |
| | 14. | കള്ളായി ഇരുമ്പനാട് അയ്യപ്പക്ഷേത്രം റോഡ് 1 0 0 മീ. |
| | 15. | മാറ്റാംപുറം മൃഗാസ്പത്രിയുടെ സൈഡിൽ ഉള്ളത് 150 മീ. |
| | 16. | മാറ്റാംപ്പുറം K.P. യുടെ വീടിന്റെ സൈഡിൽ ഉള്ളത് 200 മീ. |
| 9. | 17. | മുട്ടിയ്ക്കൽ നടുത്തോട് റോഡ് |
| | 18. | മുട്ടിയ്ക്കൽ വാരിക്കുളം റോഡ് |

പട്ടിക 7

പാലങ്ങൾ, കൾവർട്ടുകൾ, വെയ്റ്റിങ്ങ് ഷെഡ്, സൈഡ് പ്രൊട്ടക്ഷൻ

| | | |
|---|---|---|
| 1. | | KNR റോഡ് കുരിയപ്പാടത്ത് കൽവർട്ട് |
| 2. | | പൈനാപ്പിൾ ബസ്സ് സ്റ്റോപ്പ് വൈറ്റിങ്ങ് ഷെഡ് |
| 3. | | കുറ്റിക്കാട് സൈഡ്പ്രൊട്ടക്ഷൻ |
| 4. | | ആനന്ദനഗർ ശ്മശാനത്തിലേയ്ക്കുള്ള വഴിയിൽ കോൾ കനാലിനും, മെയിൻ കനാലിനും കൂടെ പാലം |
| 4. | | അക്കരപ്പുറം കൈത്തറി വഴി താണിക്കുടം പാലം |
| 5. | | കോതറ കോൾ കനാലിന് കുറുകെ പാലം |
| 6. | | പുല്ലാനിക്കാട് സെൻറർ വെയിറ്റിങ്ങ് ഷെഡ് |
| 7. | | മാറ്റാംപ്പുറം ലക്ഷം വീട് കുരുടി ലിങ്ക് റോഡ് പാലം |
| | 8 | ഉദയനഗർ റോഡ്പാലം |
| | 9 | താണിക്കുടം വെയ്റ്റിംഗ്ഷെഡ് |
| | 10 | കള്ളായി തോരക്കാട് (ലിങ്ക് റോഡ്) കൾവർട്ട് |
| | 11. | കള്ളായി ഇരുമ്പനാട് അയ്യപ്പക്ഷേത്രംറോഡ് കൽവർട്ട് |
| | 12. | താണിക്കുടം തോരക്കാട് റോഡ് കൽവർട്ട് |
| | 13. | ദീർധാനി കനാൽ റോഡ് പാലം |
| | 14. | കള്ളായി കോതറപ്പാലം പാലം |
| | 15. | പുല്ലംകണ്ടം തെക്കുംകര റോഡ് പാലം |
| | | തൊഴുത്താല കല്ലുംചാൽ റോഡ് പാലം |

പട്ടിക 8

അറ്റകുറ്റപണികൾ ആവശ്യമുള്ള റോഡ്

| | | |
|---|---|---|
| 1. | 1. | മാടക്കത്ര കുറ്റിക്കാട് റോഡ് |
| | 2. | മാടക്കത്ര മണ്ണുറുണ്ണികുളം റോഡ് |
| 2. | 3. | തെക്കേ റോഡു മുതൽ ശങ്കരംകുളം റോഡ് |
| | 4. | വെള്ളാനിക്കരയിൽ നിന്ന് തെങ്ങ് വരമ്പ് റോഡുവരെ |
| | 5. | തണ്ണിച്ചാൽ പാണ്ടിപറമ്പ് റോഡ് |
| | 6. | പോളക്കുളം മാങ്ങോട് റോഡ് |
| | 7. | കുറ്റിക്കാട് പാണ്ടിപ്പറമ്പ് റോഡ് |
| | 8. | കുറ്റിക്കാട്ട് മാടക്കത്ര റോഡ് |
| | 9. | മേനോൻ റോഡ് റിക്രിയേഷൻ റോഡ് |
| 5 | 10. | ചിറക്കാകോട് ആനന്ദനഗർ മഹാത്മക്ലബ്ബ് റോഡ് |
| | 11. | പുല്ലാനിക്കാട് കോതറ വഴി മാളികകുണ്ട് വരെ |
| 6. | 12. | വെള്ളാനിക്കാട് പുല്ലാനിക്കാട് ലിങ്ക് റോഡ് |
| | 13. | പാണ്ടിപറമ്പ് കള്ളാടൻ റോഡ് |
| | 14. | അക്കരപ്പുറം തോരക്കാട് റോഡ് |
| 7. | 16. | ആനാട്ടുകുളം റോഡ് |
| | 17. | തീയത്ത് റോഡ് |
| 8 | 18. | താണിക്കുടം അക്കരപ്പുറം റോഡ് |
| | 19. | മാറ്റാംപുറം പുളാക്കൽ റോഡ് |
| | 20. | കള്ളായി പുല്ലാനിക്കാട് റോഡ് |
| | 21. | ദീർധാനി റോഡ് |
| | 22. | കള്ളായി ഉണ്ണിനായർ വീട് മുതൽ കോളനി വരെ |
| | 23. | കൃഷിഭവൻ റോഡ് |
| | 24. | മേപ്പാടം റേഷൻ കട മുതൽ മേപ്പാടം വരെ |
| | 25. | കള്ളായി കോതറ വഴി 1500 മീ. |
| | 26. | കള്ളായി പൊണ്ണ ാത്തി മുക്ക് റോഡ് 500 മീ. |
| | 27. | കള്ളായി ദിർധാനി റോഡ് 1500 മി. |

| | | |
|---|---|---|
| | 28. | കരുവാൻ കാട് ആനകുഴിങ്ങര 1500 മി. |
| | 29. | പൂളാക്കൽ മേപ്പാടം 500 മീ. |
| | 30. | ദീർഘാനി കള്ളായിച്ചിറ കരുവാൻ കാട് റോഡ് 1000 മീ. |
| 9. | 31. | അയ്യംപ്പാറ നടുത്തോട് റോഡ |
| | 32. | അയ്യംപാറ ചെട്ടിക്കാട് |
| | 33. | കട്ടിളപ്പൂവ്വം പുല്ലംകണ്ടം തെക്കേക്കരറോഡ് |
| | 34. | വാരിക്കുളം നിന്നുകുഴി |
| | 35. | കച്ചിത്തോട് നിന്നുകുഴി |
| | 36. | അയ്യംപാറ പേര |
| | 37. | കട്ടിളപൂവ്വം കല്ലുംചാല് |

### പ്രശ്നങ്ങൾ

1. കുറ്റമറ്റരീതിയിൽ നീർവാർച്ച ഉറപ്പുവരുത്തുന്നതിന് റോഡുകൾക്ക് ഉറപ്പുള്ള കാനകൾ ഇല്ല.
2. അറ്റകുറ്റപ്പണികൾക്കോ പുനർനിർമ്മാണത്തിനോ പഞ്ചായത്ത് ടെൻററ് വെക്കുമ്പോൾ കോൺട്രാക്ടർ കേന്ദ്രീകൃത സ്വഭാവം അഴിമതിക്ക് കാരണമാകുന്നു.
3. ആവശ്യത്തിന് റോഡുകൾ ഇല്ലാത്തതിനാൽ ഉള്ള റോഡുകളുടെ അമിത ഉപയോഗം അവയുടെ പൂർണമായ തകർച്ചക്ക് സാധ്യതയുണ്ടാക്കുന്നു.
4. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ബസ്സ് സർവ്വീസ് ഇല്ലാത്തത് വികസനത്തിൻെറ പാതയിൽ ഒരു തടസ്സമാണ്.
5. ബസ് സർവീസ് ഉള്ള റൂട്ടുകളിൽ തന്നെ മതിയായത്ര ബസ് ഇല്ലാത്തതുകൊണ്ട് ഓഫീസ് സ്കൂൾ സമയങ്ങളിൽ യാത്ര നരകതുല്യമാകുന്നു.

### സാധ്യതകൾ

1. റോഡുകളുടെ നിർമ്മാണത്തിൽ കാന ഒരു അവിഭാജ്യഘടകമായി ചേർക്കേണ്ടതും, അറ്റകുറ്റപ്പണി കാനകളെക്കൂടി ഉൾപ്പെടുത്തി പൂർണമായ നീർവാർച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.
2. റോഡ് നിർമ്മാണത്തിലും അറ്റകുറ്റപ്പണികൾക്കും കോൺട്രാക്റ്റർ രീതി പരമാവധി ഒഴിവാക്കുന്നതിന് ജനകീയ സമിതികളും അയൽക്കൂട്ടങ്ങളും രൂപീകരിക്കുക.
3. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന രീതിയിൽ പോങ്ങണംകാട് തിരിഞ്ഞുപോകുന്ന ബസ്സുകൾ ചിറക്കാക്കോടിലേക്കും ചിറക്കാക്കോട് ബസ്സുകൾ പൊങ്ങണംകാട്ടിലേക്കും സർവ്വീസ് നടത്തുക. ഇതിനായി പൊങ്ങണംകാട്ടിലേക്കും സർവ്വീസ് നടത്തുക. ഇതിനായി, പൊങ്ങണംകാട്, ചിറക്കാക്കോട് റോഡ് റീടാർ ചെയ്യുക.
4. തൃശ്ശൂർ വെള്ളാനിക്കര വഴി ചിറക്കാക്കോട്ടേക്കും, തൃശൂർ പൊങ്ങണം കാട് വഴി കട്ടിളപ്പൂവത്തേക്കും ഓരോ K.S.R.T.C. ബസ്സ് അനുവദിപ്പിക്കാൻ ശ്രമിക്കുക.
5. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ, വെയ്റ്റിങ്ങ് ഷെഡ് ഇല്ലാത്ത സ്ഥലങ്ങളിൽ, അവ നിർമ്മിക്കുക.
6. പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന മെയിൻ കനാലിൻെറ ബണ്ടിൽ ക്കൂടി റോഡുകൾ പണിയുന്നതിന് ജലസേചന വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്ക്കരിക്കുക.
7. പട്ടിക 3,4,5,6 എന്നിവയിൽ ചേർത്തിട്ടുള്ള മരാമത്തുപണികൾകാലതാമസം കൂടാതെ നടപ്പിലാക്കുക.
8. ഗ്രാമീണ റോഡുകൾ നിർമിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സന്നദ്ധപ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തുക.

# ഊർജ്ജം

ഗാർഹിക ഊർജ്ജാവശ്യത്തെ നിറവേറ്റുന്നതിൽ സുപ്രധാനമായ ഒരു പങ്കാണ് വിറകിനും മറ്റ് വൃക്ഷാവശിഷ്ടങ്ങൾക്കും ഉള്ളത്. പാചകകാവശ്യത്തിനായി വിറകും തെങ്ങിൻെറ ഓലയും മടലും ചുള്ളിയും, ഇലയും, അറക്കപ്പൊടിയും, മറ്റു വൃക്ഷാവശിഷ്ടങ്ങളുമാണ് ഉപയോഗിക്കുന്നത്. മൃഗങ്ങക്കു തീറ്റയുണ്ടാക്കുന്നതിനും വെള്ളം ചൂടാക്കുന്നതിനും മേൽ സൂചിപ്പിച്ച വസ്തുക്കൾ തന്നെ ഇപയോഗിക്കുന്നു. കുറച്ചു വർഷങ്ങൾ മുമ്പുവരെ വിറക് മാടക്കത്തറയിൽ വിലയില്ലാത്ത ഒരു വസ്തുവായിരുന്നു. തെങ്ങും, ധാരാളം മരങ്ങളും, വനത്തിൻെറ സാമീപ്യവും എല്ലാം വിറകിൻെറ ലഭ്യത എളുപ്പമാക്കി. വനനശീകരണവും റോഡുകൾക്കായി മരം വെട്ടി മാററിയതും വീട്ടുവളപ്പിലെ മരങ്ങൾ മുറിച്ചതും വനത്തിൽ നിന്നും വിറക് ശേഖരിക്കുന്നതിനുള്ള കർശനമായ നിയന്ത്രണവും വിറകിൻെറ ലഭ്യത കുറച്ചു വർദ്ധിച്ചുവരുന്ന ആവശ്യം കൂടിയായപ്പോൾ വിറകിന് ദൗർലഭ്യം രൂക്ഷമായി. ഇതും വില വർദ്ധനയ്ക്കു കാരണമായി. ഇന്ന് ഒരു കിലോ വിറകിന് 1.25 പൈസ വിലയുണ്ട്. ഊർജ്ജാവശ്യത്തിനായി വിറക് പൂർണ്ണമായും വങ്ങുന്നില്ല. സ്വന്തം പറമ്പിൽ നിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും കുറെ ശേഖരിക്കപ്പെടുന്നുണ്ട്. എന്നാൽ വിറകിൻെറ വാങ്ങുന്ന അളവ് ഓരോവർഷവും വർദ്ധിച്ചു വരികയാണ്.വിറകിൻെറ വില വർദ്ധനയുടെ ഫലമായി ഊജ്ജക്ഷമതകുറവായ ചുള്ളിയും അറക്കപ്പൊടിയും മറ്റു പാഴ്വസ്തുക്കളും ഉപയോഗിക്കുന്നതിന് നിർബന്ധിതരായി. ഏതാണ്ട് 93 ശതമാനം കുടുംബങ്ങളും പാചകത്തിനായി ആശ്രയിക്കുന്നത് വൃക്ഷ സംബന്ധിയായ വസ്തുക്കളാണ്. ഇതിൽ 98 ശതമാനം കുടുംബങ്ങളും ദക്ഷത കുറഞ്ഞ മൂന്നു കല്ലടുപ്പാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണയും, ഗ്യാസും ഉപയോഗിക്കുന്നവർ 7 ശതമാനം വരും. പാചകത്തിനായി വൈദ്യുതി ഉപയോഗിക്കുന്നില്ല.

വീടുകളിൽ വെളിച്ചത്തിനായി ആശ്രയിക്കുന്നത് വൈദ്യുതിയും മണ്ണെണ്ണയുമാണ്. പകുതി യോളം വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല എന്നത് മാടക്കത്തറയുടെ അവികസനത്തിൻെറ സൂചികയാണ്.




അവലംബം: റേഷൻ കടകാം

കാർഷിക മേഖലയിലെ ജലസേചനത്തിനായി ഉപയോഗിക്കുന്ന പ്രധാന ഊർജ്ജസ്രോതസ്സ് വൈദ്യുതിയും, മണ്ണെണ്ണ ഡീസലുമാണ വൈദ്യുതിപലഭാഗത്തും എത്തിയിട്ടില്ലാത്തതിനാൽ എൻജിൻ വ്യാപകമായി ഉപയോഗിക്കപ്പെടുന്നുണ്ട്. നിലം ഉഴുന്നതിനായി ട്രാക്ടറും ടില്ലറുമാണ് ഉപയോഗിക്കുന്നത്. ഇക്കാര്യത്തിന് മൃഗങ്ങളുടെ ഉപയോഗം വളരെ പരിമിതമാണിപ്പോൾ. കാർഷിക മേഖലയിലെ മറ്റു പ്രവർത്തനങ്ങളിൽ മനുഷ്യപ്രയത്നമാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

വ്യാപാരസ്ഥാപനങ്ങൾ വെളിച്ചത്തിനായി ഉപയോഗിക്കുന്നത് വൈദ്യുതിയാണ്.ഹോട്ടലുകൾ, ബേക്കറികൾ എന്നിവ പാചകാവശ്യത്തിനും പലഹാരങ്ങൾ ഉണ്ടാക്കുന്നതിനും വിറകാണ് ഉപയോഗിക്കുന്നത്.

വ്യാവസായിക മേഖല വെളിച്ചത്തിനും മോട്ടോർ പ്രവർത്തിപ്പിക്കുന്നതിനും ഉപയോഗിക്കുന്നത് വൈദ്യുതിയാണ്.

ദക്ഷിണേന്ത്യയിലെ പധാന വൈദ്യുതി വിതരണ കേന്ദ്രമായ 400 KV സബ് സ്റ്റേഷൻ മാടക്കത്തറയിലാണ്. തലങ്ങും വിലങ്ങും ഹൈടെൻഷൻ ലൈൻ വലിച്ചത് മൂലം ഇവിടെ വൃക്ഷ വിളകൾ നശിപ്പിക്കപ്പെട്ടു. എന്നാൽ, ഈ കേന്ദ്രത്തിൽ നിന്നും, നാമമാത്രമായ കണക്ഷൻ മാത്രമേ പഞ്ചായത്തിൽ നല്കിയിട്ടുള്ളൂ എന്നത് ശ്രദ്ധേയമാണ്.

വൈദ്യുതി വിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ വിശദാംശങ്ങൾ പട്ടിക 9 ലും 10 ലും നല്കിയിരിക്കുന്നു.

## രാമവ ർമ്മപുരം ഫീഡർ - പട്ടിക(9)

| ക്രമ നമ്പർ | കപ്പാസിറ്റി KVA | പേര് | നമ്പർ | കപ്പാസിറ്റി KVA | പേര് |
|---|---|---|---|---|---|
| 1 | 160 | അക്കരപ്പുറം | 8 | 100 | ജെ.എം.കെ |
| 2 | 63 | S.J.കോളനി | 9 | 160 | കുണ്ടുകാട് |
| 3 | 100 | മാറ്റാംപുറം | 10 | 63 | ചെട്ടിക്കാട് |
| 4 | 100 | താണിക്കുടം (1) | 11 | 100 | വാരിക്കുളം |
| 5 | 100 | താണിക്കുടം (2) | | | |
| 6 | 100 | കരുവാൻകാട് | 12 | 100 | പുല്ലംകണ്ടം |
| 7 | 63 | വെറ്റിലപ്പാറ | 13 | 100 | കള്ളായി |

## മണ്ണുത്തി ഫീഡർ പട്ടിക (10)

| ക്രമനമ്പർ | കപ്പാസിറ്റി | പേര് | നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|---|---|---|
| 1 | 315 | അനിയൻമാത്യു | 10 | 160 | R.T.K.AU |
| 2 | 100 | കോതറ | 11 | 250 | K.A.U എസ്റ്റേറ്റ് |
| 3 | 100 | ചിറക്കാക്കോട് | 12 | 100 | പ്രൊഫസർ ക്വാർട്ടേഴ്സ് |
| 4 | 63 | ഡ്യൂപ്ളക്സ് | 13 | 160 | ഹോർട്ടികൾച്ചർ കോളേജ് |
| 5 | 160 | മാങ്ങോട് | 14 | 100 | മാടക്കത്തറ (S.S) |
| 6 | 100 | N.B.P.G.R | 15 | 160 | മാടക്കത്തറ (S.S) |
| 7 | 63 | പെപ്പർ | 16 | 100 | വെള്ളാനിക്കര |
| 8 | 160 | ചാത്തൻപാല | 17 | 63 | പാണ്ടിപ്പറമ്പ് |
| 9 | 63 | ടെൻസ് | 18 | 63 | ചെല്ലിപ്പാടം |

വൈദ്യുതി കണക്ഷനായി കാത്തിരിക്കുന്ന 232 കുടുംബങ്ങളുള്ളവയുടെ വിശദാംശങ്ങൾ പട്ടിക 11-ൽ കൊടുത്തിരിക്കുന്നു.

പോസ്റ്റ് ആവശ്യമുള്ള കണക്ഷൻ 5 വർഷമായിട്ടും ലഭിച്ചിട്ടില്ല. പോസ്റ്റ് ആവശ്യമില്ലാത്തതിന് രണ്ടര വർഷമായിട്ടും കണക്ഷൻ ലഭിച്ചിട്ടില്ല.

**പട്ടിക 11**

**വിയ്യൂർ -സബ്ഡിവിഷൻ** | **മണ്ണുത്തി -സബ്ഡിവിഷൻ**

| വിഭാഗം | അവസാനം കൊടുത്ത കണക്ഷന്റെ അപേക്ഷ തിയ്യതി | വിഭാഗം | അവസാനം കൊടുത്ത കണക്ഷന്റെ അപേക്ഷ തിയ്യതി |
|---|---|---|---|
| ORDINARY W.P | 18.10.1993 | W.P | 24.3.1994 |
| O.H | 15.11.1991 | O.H | 30.0.1991 |
| O.T.P | 19.2.1996 | O.T.P | — |
| OYEC WP | 27.05.1996 | - | - |
| 0.H | 4.12.1995 | O.Y.E.C | 9.7.1996 |

W.P പോസ്റ്റ് ആവശ്യമില്ലാത്ത അപേക്ഷകർ

O.H പോസ്റ്റ് ആവശ്യമില്ലാത്ത അപേക്ഷകർ

O.T.P സംവരണാനുകൂലമുള്ള അപേക്ഷകർ

OYEC മുൻകൂർ പണമടച്ച അപേക്ഷകർ

ഇയധികം അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ളപ്പോൾ 95-96 ൽ ആകെ കൊടുത്തത് 117 കണക്ഷനുകൾ മാത്രമാണ് പട്ടിക 12 കാണുക.

പട്ടിക 12

| | |
|---|---|
| ഓർഡിനറി | 13 |
| OTP | 13 |
| OYEC | 91 |
| ആകെ | 117 |

ഈ നില തുടർന്നാൽ അടുത്ത നൂറ്റാണ്ടിന്റെ പകുതിയിൽ പോലും മാടക്കത്തറയിലെ മുഴുവൻ വീട്ടിലും വൈദ്യുതി എത്തുകയില്ല.

**തെരുവു വിളക്കുകൾ**

ആകെ 644 തെരുവുവിളക്കുകളാണ് പഞ്ചായത്തിലുള്ളത്. പട്ടിക 13 കാണുക.

**പട്ടിക 13 തെരുവു വിളക്കുകൾ**

| ഇനം | എണ്ണം |
|---|---|
| ബൾബ് | 581 |
| റ്റ്യൂബ് | 73 |

പഞ്ചായത്ത് 1,16,007 രൂപ 95-96 കാലത്ത് തെരുവ് വിളക്ക് കത്തിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തെരുവു വിളക്കുകൾ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്തിയിട്ടില്ല.

പാരമ്പര്യേതര ഊർജ്ജസ്രോതസുകൾ ഇവിടെ ഉപയോഗപ്പെടുത്തുന്നില്ല. ഏതാനും ബയോഗ്യാസ് പ്ളാന്റുകൾ ഉണ്ടെങ്കിലും അത് വേണ്ട രീതിയിൽ അറ്റകുറ്റപ്പണി നടത്താത്തതുകൊണ്ട് ശരിയായി പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

1. ഇന്ധനക്ഷമത തീരെ കുറഞ്ഞ പരമ്പരാഗത രീതിയിലുള്ള വിറകടുപ്പ് വിറകിൻെറ അമിത ഉപഭോഗത്തിന് പുറമെ വീട്ടമ്മമാരുടെ അനാരോഗ്യത്തിനും, പരിസ്ഥിതി മലിനീകണത്തിനും, കാരണമാകുന്നുണ്ട്. വിറകിൻെറ വിലക്കയറ്റം ജീവിതചിലവുവർദ്ധിപ്പിക്കുകയും ചെയ്യുന്നു.

2. കാർഷിക-ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ കൊടുക്കുന്നതിന് സിവിൽ ,സപ്ലൈസ് കോർപ്പറേഷൻ വൈമുഖ്യം കാണിക്കുന്നുണ്ട്. ഒരേക്കർ കൃഷി ഭൂമി ഒരു മാസം ജലസേചനം നടത്താൻ 5 ലിറ്റർ മണ്ണണ്ണയാണ് സബ്സിഡി പെർമിറ്റ്, പ്രതിമാസം 1800 രൂപയിൽ കൂടുതൽ വരുമാനമില്ലാത്തവർക്ക് സബ്സിഡി നിരക്കിൽ ഗാർഹികാവശ്യത്തിന് മണ്ണണ്ണ പെർമിറ്റ് നൽകുന്നില്ല.

3.കാർഷിക വൈദ്യുതി കണക്ഷന് വൈദ്യുതിബോർഡ് മുൻഗണന നൽകുന്നുണ്ടെങ്കിലും ഫലത്തിൽ അതിൻെറ ഗുണം കർഷകർക്ക് കിട്ടുന്നില്ല.

4. വ്യാപകമായിക്കൊണ്ടിരിക്കുന്ന പാചക വാതകത്തിന് മാടക്കത്തറ പഞ്ചായത്തിലോ അടുത്ത പ്രദേശങ്ങളിലോ വിതരണ കേന്ദ്രങ്ങൾ ഇല്ല.

5. പഞ്ചായത്തിലെ പകുതിയോളം വീടുകളിൽ വൈദ്യുതി ഇനിയും എത്തിയിട്ടില്ല.

6. പലപ്രദേശങ്ങളിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

7. തെരുവു വിളക്കുകൾ എല്ലാ പ്രദേശത്തും എത്തിയിട്ടില്ല. തെരുവുവിളക്കുകൾ പലതും കത്താറില്ല.

8.വൈദ്യുതി കണക്ഷൻ ലഭിക്കാൻ അനേകവർഷം കാത്തിരിക്കേണ്ടിവരുന്നു.

9. പാരസമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ ബയോഗ്യാസ് പ്ലാൻെറുകളുംടെ സാധ്യത ഉപയോഗിച്ചിട്ടില്ല.

## സാധ്യതകൾ

I പഞ്ചായത്തിലെ മുഴുവൻ വീടുകളിലും അനർട്ടിൻെറ സഹായത്തോടെ ദക്ഷതകൂടിയ വിറകടുപ്പുകൾ സ്ഥാപിക്കുക ഇതിനായി പഞ്ചായത്തിൻ പരിശീനം നേടിയ SEW മാരുടെ ഗ്രൂപ്പ് ഉണ്ടാക്കുക. യഥാകാലങ്ങളിൽ അടുപ്പുകളുടെ അറ്റകുറ്റപ്പണികൾക്കും,ഉപഭോക്താക്കൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഈ ഗ്രൂപ്പിനെ നിയോഗിക്കുക.

II. കാർഷിക വൈദ്യുതികരണത്തിന് 6 മാസത്തിനകം കണക്ഷൻ കൊടുക്കാൻ വൈദ്യുതി ബോർഡുമായി ധാരണ ഉണ്ടാക്കുക. ഗാർഹിക വൈദ്യുതിക്ക് ഇപ്പോൾ ഉള്ള കാലതാമസം ഒഴിവാക്കുന്നതിനും ബോർഡിനോട് ആവശ്യപ്പെടുക.

III. കാർഷിക-ഗാർഹികാവശ്യത്തിന് സബ്സിഡി നിരക്കിൽ കൊടുക്കുന്ന മണ്ണെണ്ണ പെർമിറ്റുകൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന പരിധി പുനർനിർണ്ണയം നടത്തുക. (കാർഷികം ലിറ്റർ/ഏക്കർഗർഹികം 500 രൂപ പ്രതിമാസവരുമാനം )ഇതിനായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുമായി ധാരണ ഉണ്ടാക്കുക.

IV. മാടക്കത്ര 400 K.V. സബ്സ്റ്റേഷൻ നിന്ന് പഞ്ചായത്തിൽ മുഴുവനായും വൈദ്യുതി വിതരണം നടത്തുന്നതിന് വൈദ്യുതി ബോർഡിൽ സമ്മർദ്ദം ചെലത്തുക.

V. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക, ഇതിനായി സ്പോൺസർമാരുടെ സഹായം ആവശ്യപ്പെടാവുന്നതാണ്.

VI. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവയുടെ ഉപയോഗം വ്യാപകമാക്കാൻ അനർട്ടു മായി
രചിച്ച് പദ്ധതികൾ ഉണ്ടാക്കുക, ഇത്തരം ഊർജ്ജ സ്രോതസുകളുടെ സാധ്യതകളെക്കുറിച്ച് ജനങ്ങൾ ബോധവൽക്കരിക്കുന്നതിന് ANERT ൻെറ പരിശീലനം നേടിയ ടീമിൻെറ സേവനം ലഭ്യമാക്കുക, ദക്ഷതകുറഞ്ഞ ബൾബുകൾ മാറ്റി ....(Compact flurecent lamp) വ്യാപകമാക്കുന്നതിന് ഈ ടീമിനെ ഉപയോഗപ്പെടുത്തുക.

VII. പഞ്ചായത്തിന്റെ പുറമ്പോക്ക് തരിശുകൾ നേരിട്ടോ സൺകാര്യ വ്യക്തികളെ ഏർപ്പിച്ചോ വൃക്ഷ കൃഷി നടത്തുന്നതും പ്രതുഹലം പഞ്ചായത്തിന് മുതൽ കൂട്ടാവുന്നതുമാണ്.

VIII. പഞ്ചായത്തിലെ എല്ലാ റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കാൻ പദ്ധതികൾ ഉണ്ടാക്കുക.

IX. വൈദ്യുതി എത്താൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ സൗരോജ്ജം ഉപയോഗപ്പെടുത്താനുള്ള സാധ്യതകൾ ആരായുക.

## മാർക്കറ്റ്

കാർഷിക പ്രധാനമായ മാടക്കത്തറയിൽ കാർഷികോൽപ്പന്നങ്ങളുടെ പ്രാദേശിക വിപണനത്തിന് താരതമ്യേന സാധ്യത കുറവാണ്. നേന്ത്രവാഴ,തെങ്ങ്, കവുങ്ങ്, കശുവണ്ടി, റബ്ബർ, തുടങ്ങി വിവധ തരം ഭക്ഷ്യ-ഭക്ഷ്യേതര ഉൽപ്പന്നങ്ങളും, സുഗന്ധ വ്യഞ്ജലനങ്ങളുമാണ് പ്രധാന ഉൽപന്നങ്ങൾ ഇവയുടെ വിപണനം പ്രധാനമായും തൃശൂർ മാർക്കറ്റ് കേന്ദ്രീകരിച്ചാണ് നടക്കുന്നത്.പക്ഷെ തൃശൂർ നഗരസഭയുടെയും,സ്വകാര്യ കച്ചവടക്കാരുടെയും നിർദ്ദയമായ ചൂഷണംമൂലം കർഷകർക്ക് ന്യയമായ വില കിട്ടുന്നില്ല. മൊത്തം വിലയുടെ 8% കമ്മീഷനായി നൽകേണ്ടിവരുന്നു. എന്നാൽ കർഷകർക്കാവശ്യമായ വളം, കീടനാശിനി, കാർഷികയന്ത്രോപകണങ്ങൾ, എന്നിവയുടെ പ്രാദേശിക വിപണത്തിലും ഇടത്തട്ടുകാർ കൊള്ളലാഭം എടുക്കുന്നു.

പച്ചക്കറികൾ പട്ടണത്തിൽ തന്നെ വിൽക്കുന്നതിന് സമാന്തര മാർക്കറ്റ് സാധ്യതകൾ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

സഹകരണ സംഘങ്ങൾ വഴി കപ്പ, അടക്ക, കുരുമുളക്,റബ്ബർ, നാളികേരം എന്നിവ സംഭരിക്കുന്നതിനും സംസ്കരിച്ച് വിപണനം നടത്തുന്നതിനും ശ്രമിക്കാവുന്നതാണ്. നാളികേരം സംസ്കരിച്ച് വെളിച്ചെണ്ണ കുപ്പകളിലാക്കി സീൽ ചെയ്ത് പ്രാദേശികമായും അല്ലാതെയും വിപണനം ചെയ്യാവുന്നതാണ്. സുഗന്ധ നാളികേരപാൻ, നാളികേരക്രീം, സംസ്കരിച്ച നാളികേര വെള്ളം എന്നിവയ്ക്ക് വൻസാധ്യതകൾ വളർന്നുവരുന്നുണ്ട്.

## പ്രശ്നങ്ങളും സാധ്യതകളും

കാർഷികോൽപ്പന്നങ്ങളുടെ കുറ്റമറ്റ വിപണനത്തിന് പ്രാദേശികവും അല്ലാ തെയും പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. പഞ്ചായത്തിലെ ഉൾനാടുകളെ പരസ്പരം ബന്ധിപ്പിക്കുന്ന രീതിയിൽ വാഹനഗതാഗസൗകര്യമില്ലാത്തതിനാൽ മലയോര കാർഷികോൽപ്പന്നങ്ങളുടെ പ്രാദേശിക വിപണനം ശ്രാമകരണമാണ്. പരസ്പര സഹായ സഹകരണസംഘങ്ങൾ വഴി ഇവയുടെ സംഭരണവും,വിപണനവും സാധ്യമാകുന്നതാണ്. ഈ സംഘങ്ങൾ വഴി വളം,കീടനീശിനി, ലഘു കാർഷികോപകരണങ്ങൾ, വിത്തുകൾ എന്നില വിപണനം നടത്താവുന്നതാണ്.

ഈ പ്രദേശത്ത് നിലവിലുള്ള എല്ലാ അറവുശാലകളും വളരെ വൃത്തിഹീനവും, അനാരോഗ്യകരവുമായ അന്തരീക്ഷത്തിലാണ് പ്രവർത്തിക്കുന്നത്. പ്രാകൃതമായ രീതിയിൽ മാംസവിപണനം നടത്തുന്നത് ഒട്ടും തന്നെ ആശാസ്യമല്ല. മാംസത്തിന്റെ സംസ്കരണത്തിനും, വിപണനത്തിനുമുള്ള ലൈസൻസ് നിയമങ്ങൾ കർശനമാക്കേണ്ടതാണ്.

വളർന്നു വരുന്ന ഉപഭോഗ സംസ്കാരം മുതലെടുത്ത് വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുകവഴി ഗ്രാമീണ തൊഴിൽ രംഗത്ത് അതിശയകരമായ മാറ്റം സൃഷ്ടിക്കാവുന്നതാണ്. സുശക്തമായ സംഭരണ സംസ്കരണ വിതരണത്തിൽ സമ്പ്രദായംഇടത്തട്ടുക്കാരുടെ ചൂക്ഷണത്തിൽ നിന്ന് ഉൽപാദകരെയും ഉപഭോക്താക്കളേയും രക്ഷിക്കുകയും തദ്ദേശ ജനങ്ങൾ സാമ്പത്തിക ഭദ്രത കൈവരിക്കുകയും, ജീവിത നിലവാരം ഉയരുകയും ചെയ്യും എന്നത് നിസ്സംശയമാണ്.

# 5-5 വിദ്യാഭ്യാസം

മാടക്കത്തറ ഗ്രാമപഞ്ചായത്തിൻെറ സമഗ്രമായവികസനത്തിനായുള്ള സാധ്യതകൾ ആരായുമ്പോൾ ഇവിടത്തെ വിദ്യഭ്യാസപരമായ പ്രശ്നങ്ങൾ വളരെ അടിസ്ഥാനപരമായ നിർണ്ണായകഘടകമാണെന്നു കാണാം. മാടക്കത്തറ പഞ്ചായത്തിൽ ഔപചാരികമായ വിദ്യാഭ്യാസം ആരംഭിക്കുന്നത് ക്രി.വ. 1926ൽ ആണ്. പ്രസ്തുതവർഷം കിഴക്കെ വെള്ളാനിക്കരയിലും, മാടക്കത്തറയിലും രണ്ട് ലോവർ പ്രൈമറി വിദ്യാലയങ്ങൾ ആരംഭിച്ചു. ഇവ ആരംഭിക്കുന്നതിന് വളരെ മുമ്പുതന്നെ തദ്ദേശവാസികൾ വിദ്യാഭ്യാസ കാര്യങ്ങളിൽ വിദ്യാഭ്യാസകാര്യങ്ങളിൽ തൽപരരായിരുന്നു. പരമ്പരാഗത രീതിയിൽ എഴുത്തച്ഛന്മാര ും, പണിക്കാർമാരും ഓരോ കരയിലും അതാതിടത്തെ പുരാതന തറവാടുകളിൽ കുട്ടികളെ ഒന്നിച്ചിരുത്തി വിദ്യ അഭ്യസിപ്പിച്ചിരുന്നു. അവർ ഫലത്തിൽ ഗ്രാമാദ്ധ്യാപകരായിരുന്നു. ഈ നാട്ടാചാര്യന്മാരുടെ ശിക്ഷണത്തിന് സമൂഹത്തിൻെറ പിന്തുണയും അംഗീകാരവും ഉണ്ടായിരുന്നു. നിലത്തെഴുത്ത്, കണക്ക്, സ്തോത്രങ്ങൾ, വാക്യം, അഭിവാക്യം തുടങ്ങി നാൾ, പക്കം വെക്കൽ ഉൾപ്പെട്ട ജ്യോതി ശാസ്ത്രത്തിന്നാവശ്യമായ ഏതാനും വിധികൾ എന്നിവയെല്ലാം ആദ്യപാഠമായി പഠിപ്പിച്ചിരുന്നു. ഇവരിൽ ചിലർ ഉപരിപഠനം നടത്തി ജോത്സ്യം, വൈദ്യം, മന്ത്രവാദം, തുടങ്ങിവിവധ മേഖലകളിൽ പ്രാവീണ്യം തേടിയിരുന്നതായി കാമുന്നു. പരമ്പരാഗതരീതിയിലുള്ള നിലത്തെഴുത്തു സമ്പ്രദായം മാടക്കത്ര പഞ്ചായത്തിൽ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. പത്താം വാർഡിലെ കട്ടിലപ്പൂവ്വത്ത് ശ്രീമതി സരോജിനി രാമകൃഷ്ണൻ കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകാലമായി സ്വവസതിയിൽ നിലത്തെഴുത്ത് നടത്തിവരുന്നുണ്ട്. കരിമ്പനയോലയിൽ എഴുതി നല്കുന്ന ആദ്യാക്ഷരപാഠങ്ങൾക്കായി ഇന്നും ധാരാളം കുട്ടികളെ ഇരുത്തുന്നുണ്ട് എന്നത് ശ്രദ്ധേയമായ കാര്യമാണ്.

പരമ്പരാഗത രീതിയിലുള്ള വിദ്യഭ്യാസം നടക്കുന്നതിനുബന്ധമായി സാമ്പത്തിക ഭദ്രതയുള്ള വീടുകളിലെ കുട്ടികൾ ഔപചാരിക വിദ്യഭ്യാസം ലഭിക്കുന്നതിന് ശ്രമിക്കാതിരുന്നില്ല. അതിന് അവർക്ക് ആശ്രയം നൽകിയത് സമീപപ്രദേശത്തെ വില്ലടം ജൂനിയർ ബേസിസ് സ്കൂളും രാമവർമ്മപുരം ഗവ:ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷനും ആയിരുന്നു. ഹൈസ്കൂൾ, കോളേജ് വിദ്യാഭ്യാസത്തിന് തൃശൂർ ടൗണിലും പരിസരത്തുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിച്ചിരുന്നത്. പത്തും, പതിനഞ്ചും നാഴിക ദൂരം നടന്നാണ് ഇവർ പൊയ്ക്കൊണ്ടിരുന്നത്. അക്കാലത്ത് ഒരു ചെറിയ ശതമാനം മാത്രമെ വിദ്യാഭ്യാസത്തെ ഒരു വെല്ലുവിളിയായി സ്വീകരിച്ചിരുന്നുള്ളൂ. അക്കാലത്ത് ഡിഗ്രി എടുത്തിട്ടുള്ള അപൂർവ്വം വ്യക്തികൾ ഈ പഞ്ചായത്തിൻെറ അഭിമാനമായിരുന്നു.

വെള്ളാനിക്കര റബ്ബർ എസ്റ്റേറ്റ് മാനേജരായിരുന്നു (കൊച്ചിൻ റബ്ബർ എസ്റ്റേറ്റ് വെള്ളാനിക്കര ) ഇംഗ്ലീഷുകാരൻ നോർമൻ സായിപ്പ് കൊല്ലവർഷം 1101 ഇടവം 22ന് (ക്രി.വ.1926) പഞ്ചായത്തിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനമായ ALPS വെള്ളാനിക്കര ആരംഭിച്ചു. ഇത് ഇത്തരം ഒരു ലോവർ പ്രൈമറി ആയി തന്നെ നിലനിൽക്കുന്നു. അതേ വർഷം തന്നെ മാടക്കത്രയിലെ ദേശവാസികൾ സംഘടിച്ച് വിദ്യാവർദ്ധന സമാജത്തിൻെറ പേരിൽ രണ്ടാമത്തെ സ്കൂൾ ആയ ൺഗ മാടക്കത്തറ ആരംഭിച്ചു. ഇതിൻെറ ജീവാത്മാവും പരമാത്മാവുമായി വർത്തിച്ചത് 'അപ്പുമാഷ്' എന്ന് അറിയപ്പെട്ടിരുന്ന യശ:ശരീരനായ കെ.എ. ഗോവിന്ദൻ എഴുത്തച്ഛൻ ആയിരുന്നു. ൺഗ ഗ പിന്നീട് യു.പി. ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടുവെങ്കിലും, താമസിയാതെ U.P. വിഭാഗം മണ്ണുത്തി വി.വി.എസ്.എച്ച്.എസ്സിലേക്ക് മാറ്റപ്പെടുകയായിരുന്നു.

ഒരു ഇടവേളക്കുശേഷം 1951ൽ താണിക്കുടത്തെ ചില പ്രധാന വ്യക്തികൾ ചേർന്ന് താണിക്കുടം അപ്പർ പ്രൈമറി സ്കൂൾ ആരംഭിച്ചു. ഒരു ഹൈസ്കൂൾ ആയി

ഉയർത്തപ്പെടാൻ എല്ലാ സാദ്ധ്യതകളും ഉള്ള യു.പി. സ്കൂളാണ് ഇത്. പഞ്ചായത്തിൻെറ മദ്ധ്യഭാഗത്ത് ഇത് നിലകൊള്ളുന്നു.

പഞ്ചായത്തിലെ ഏക ഗവ. ഹൈസ്കൂൾ പഞ്ചായത്തിൻെറ വടക്കുകിഴക്കെ അതിർത്തി പ്രദേശത്ത്, വെള്ളാനി മലയുടെ താഴ്‌വരയിൽ, കട്ടിലപൂവത്ത്1960 ൽ ലോവർ പ്രൈമറി സ്കൂളായി ആരംഭിച്ചു. സെൻറ് മേരീസ് പള്ളി വക കെട്ടിടത്തിലാണ് ആദ്യത്തെ ക്ലാസുകൾ ആരംഭിച്ചത്. തുടർന്ന് സ്വന്തം കെട്ടിടം പണിത് അദ്ധ്യയനം അവിടേക്ക് മാറ്റുകയായിരുന്നു. 1968ൽ ഈ സകൂൾ യു.പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. നാട്ടുകാരുടെ ശ്രമഫലമായി 1980ൽ ഇതൊരു ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 31.7.1981ൽ കേരളാ മുഖ്യമന്ത്രി ശ്രീ. ഇ.കെ.നായനാർ പ്രസ്തുത ഹൈസ്കൂളിൻെറ ഔപചാരിക ഉൽഘാടനം നിർവഹിച്ചു. ഇതിനു പിന്നിൽ പ്രധാനമായും പ്രവർത്തിച്ചത് ശ്രീ. ഉറുമ്പിൽ പൈലി നേതൃത്വത്തിലുള്ള നാട്ടുകാരുടെ കർമ്മസമിതിയും പ്രധാനാദ്ധ്യാപകനായിരുന്ന ശ്രീ. കെ.കെ.രാഘവൻ മാസ്റ്റർ, ശ്രീ. എം. നാരായണൻ മാസ്റ്റർ എന്നിവരുടെയും അവിശ്രമ അദ്ധ്വാനത്തിൻെറ ബഹിർസ്ഫുരണമാണ് അച്ചടക്കത്തിലും നിലവാരത്തിലും മാതൃകയായ ഇന്നു കാണുന്ന പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയം. ഈ ഹൈസ്കൂ ളിൻെറ ഒരു സവിശേഷത സ്കൂൾ തുടങ്ങാനാവശ്യമായ സ്ഥലം, കെട്ടിടം, ഫർണീച്ചറുകൾ മുതലായവ നാട്ടുകാർ സംഭാവനയായി നൽകിയതാണ്. കൂടാതെ പഞ്ചായത്തിൽ നിന്നും പ്രത്യേക ധനസഹായമായി 25000രൂപയും നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഏറ്റവും അവസാനമായി സ്ഥാപിതമായത് കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള KAU ഹൈസ്കൂൾ ആണ്. ഇവിടെ കാർഷിക സർവകലാശാലയിൽ ജോലി ചെയ്യുന്നവരുടെ മക്കളാണ് പ്രധാനമായും പഠിക്കുന്നത്. SSLC പരീക്ഷയിൽ ഉയർന്ന വിജയശതമാനം നിലനിർത്തുന്നതാണ് ഈ ഹൈസ്കൂൾ.

മാടക്കത്തറ പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായ അഞ്ചെണ്ണവും നാലു വാർഡുകളിയായി മാത്രം പരിമിതപ്പെട്ടിരിക്കുന്നു. പഞ്ചായത്തിലെ ജനസംഖ്യാനുപാതികമായി വിദ്യാലയങ്ങൾ ഇല്ല. പഞ്ചായത്തിലെ രണ്ടു ഹൈസ്കൂളുകൾ രണ്ടറ്റത്തായി സ്ഥിതി ചെയ്യുന്നു. ഈ സ്കൂളുകളിൽ എത്തിപ്പെടാൻ വിദ്യാർത്ഥികൾക്ക് ബഹുദൂരം നടക്കേണ്ടി വരുന്നു. ഈ വക കാരണങ്ങളാൽ പഞ്ചായത്തിലെ എല്ലാ കുട്ടികൾക്കും പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.

പഞ്ചായത്തിലെ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ പൊതു വിവരങ്ങൾ പട്ടിക 1ലും, സ്കൂളുകളിലേക്കുള്ള ശരാശരി ദൂരം പട്ടിക 2ലും കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ ആയിരത്തോളം വിദ്യാർത്ഥികൾ സമീപ പഞ്ചായത്തുകളായ തെക്കുംകരയിലെ നിർമ്മല ഹൈസ്കൂൾ കുണ്ടുകാട്, വിൽവട്ടം, ഒല്ലൂക്കര പഞ്ചായത്തിലെ ഗവ:ഹൈസ്കൂൾ വില്ലടം, ഒല്ലൂക്കര പഞ്ചായത്തിലെ V.V.S. ഹൈസ്കൂൾ, ഡോൺ ബോസ്കോ ഹൈസ്ക്കൂൾ, ഹോളിഫാമില കോൺവെൻറ് ഹൈസ്കൂൾ, ബത്‌ലഹേം കോൺവെൻറ് ഹൈസ്കൂൾ എന്നിവയിൽ പോകുന്നു. ഇതുകൂടാതെ തൃശൂർ ടൗണിലെ വിവിധ സ്കൂളുകളിലും നഴ്സറി തലം മുതൽ ഹൈസ്കൂൾ വരേയും വിദ്യാർത്ഥികൾ പഠിക്കുവാൻ ഈ പഞ്ചായത്തിൽ നിന്നും പോകുന്നുണ്ട്.

ഇതിന് പല കാരണങ്ങളുണ്ട്. മേൽ പറഞ്ഞ സ്കൂളുകളുടെ ആകർഷണം, രക്ഷിതാക്കളുടെ ഇംഗ്ലീഷ് മീഡിയം ഭ്രമം, പ്രാദേശിക സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ കുറവ്, അക്കാദമിക നിലവാരമില്ലായ്മ, സ്കൂൾ നടത്തിപ്പിൽ ജനപങ്കാളിത്തമില്ലായ്മ എന്നിവ ഇവയിൽ ചിലതു മാത്രമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം.

സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ വിവരങ്ങൾ പട്ടിക 3ൽ കൊടുത്തിരിക്കുന്നു. അക്കാദമിക സൗകര്യങ്ങളുടെ വിവരങ്ങൾ പട്ടിക 4 ലും കൊടുത്തിരിക്കുന്നു.

വിദ്യാലയ സർവെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളിൽ എണ്ണത്തിൽ മുൻതൂക്കം ആൺകുട്ടികൾക്കാണ്. ആൺകുട്ടികൾ 1486ഉം

## മാടക്കത്ര ഗ്രാമ പഞ്ചായത്ത്

## സ്കൂളിൻെറ പൊതുവിവരം

പട്ടിക 1

| സ്കൂളിൻെ പേര് 1 | ഹൈ സ്കൂൾ യു.പി. എൽ.പി. പ്രീപ്രൈമറി 2 | സർക്കാർ 3 | എയിഡഡ് 4 | അൺ എയിഡഡ് 5 | അംഗീകാരമില്ലാത്തത് 6 | ആൺ 7 | പെൺ 8 | ആകെ 9 | ആകെ അനുവദിച്ചപോസ്റ്റ് 10 | നിലവിലുള്ളവരുടെ എണ്ണം 11 | ഒഴിവുകളുടെ എണ്ണം 12 | ദീർഘകാല ലീവിലുള്ളവർ 13 | സ്കൂൾ ക്യാമ്പസിൻെ മൊത്ത് വിസ്തീർണ്ണം (ഏക്കറിൽ) 14 | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം (ഏക്കറിൽ) 15 | ഒന്നിനു ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം 16 | മറ്റു കുറിപ്പുകൾ, ചുറ്റുമതിൽ അറ്റകുറ്റപ്പണികൾ, ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| യു.പി.എസ്. താണിക്കുടം | യു.പി. | | × | | | 420 | 378 | 798 | 26 | 26 | - | - | 3.76 | 1.00 | ഇല്ല | |
| ഗവ: ഹൈസ്കൂൾ കട്ടിലപൂവ്വം | H.S. | × | | | | 382 | 378 | 760 | | 28 | - | - | 4.05 | 2.00 | ഇല്ല | |
| A.L.P.S വെള്ളാനിക്കര | L.P. | | | | | 135 | 107 | 242 | 8 | 8 | - | - | 0.26 | - | ഇല്ല | |
| N.S.L.P.S. മാടക്കത്ര | L.P. | | | | | 107 | 122 | 229 | 7 | 7 | - | - | 0.30 | - | ഇല്ല | |
| K.A.U.H.S. വെള്ളാനിക്കര | H.S. | | | ഓട്ടണമസ് (യൂണി:) | | 442 | 343 | 785 | 33 | 33 | - | - | 7.50 | 1.75 | 2.5 | |

## പട്ടിക 2
## സ്കൂളുകളിലേക്കുള്ള ശരാശരി യാത്രാ ദൂരം

| തരം | ശരാശരി | പരമാവധി |
|---|---|---|
| ലോവർ പ്രൈമറി | 1.25 | 2.0 |
| അപ്പർ പ്രൈമറി | 1.75 | 2.5 |
| ഹൈസ്കൂൾ | 2.25 | 4.0 |

## പട്ടിക3
## മാടക്കത്തറ
## ഗ്രാമപഞ്ചായത്ത്
## സ്കൂളിൻെറ ഭൗതിക സൗകര്യങ്ങളുടെ വിവരം

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | മുറികളുടെ എണ്ണം: സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | ഇനിയും കൂടുതൽ ആവശ്യമുള്ള മുറികളുടെ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാൻ സ്ഥലമുണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഉപയോഗിക്കുന്ന കുട്ടികളുടെ എണ്ണം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല കിണർ / പൈപ്പ് | വൈദ്യുതീകരണം ഉണ്ട് / ഇല്ല | പാചകപ്പുര | സ്റ്റാഫ് റൂം | നിലവിലുള്ള ഉപകരണങ്ങൾ മതിയോ | ഇനി ആവശ്യമായ വസ്തുക്കളുടെ എണ്ണം: ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| U.R.S. [illegible] | 21 | 3 | – | – | 24 | – | – | ഇല്ല | ഉണ്ട് | 2 | 20 | ഇല്ല | 3 | 0 | ഭാഗികം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | | | | | ഷെൽഫ് അലമാര |
| ഗവ ഹൈസ്കൂൾ [illegible] | 20 | 3 | – | – | 20 | – | – | ഇല്ല | ഉണ്ട് | 2 | 15 | | 2 | | ഭാഗികം | ഉണ്ട് | – | ഉണ്ട് | | | | | | |
| N.S.L.P.S മാടക്കത്തറ | 7 | 4 | – | – | 13 | – | – | ഇല്ല | ഇല്ല | 2 | 20 | 1 | 1 | 0 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | | | | | |
| A.L.P.S. വെള്ളാനിക്കര | 7 | 5 | – | – | 18 | – | – | ഇല്ല | ഇല്ല | 2 | 15 | ഇല്ല | 1 | 0 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാകും | | | | | |
| K.A.U.H.S വെള്ളാനിക്കര | 24 | 3 | – | – | 26 | – | – | ഇല്ല | ഉണ്ട് | 4 | 20 | ഇല്ല | 6 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | മതിയാകും | | | | | |

# പട്ടിക4
## മാടക്കത്തറ
## ഗ്രാമപഞ്ചായത്ത്
## അക്കാഡമിക്ക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല, പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | ലബോറട്ടറി/സയൻസ് ക്ലബ്ബുകൾ ഉണ്ട്/ഇല്ല, പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ, മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ ഉണ്ട്/ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം: റേഡിയോ | ടേപ്പ്റെക്കോർഡർ | ടി.വി. സെറ്റ് | വി.സി.ആർ/വി.സി.പി. | സിനിമാ പ്രൊജക്ടറുകൾ | സ്ലൈഡ് പ്രൊജക്ടറുകൾ | ഓവർഹെഡ് പ്രൊജക്ടറുകൾ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | 95-96-ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രത്യേക കാരണങ്ങളാൽ അവധികളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ് പി.ടി.എ. കൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| യു.പി.എസ് താണിക്കുടം | ഉണ്ട്. പ്രവർത്തിക്കുന്നില്ല. | ഉണ്ട്. പ്രവർത്തിക്കുന്നില്ല | ഉണ്ട് | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല | ഇല്ല | ഇല്ല | ഇല്ല. | ഇല്ല. | 22 | 22 | 194 | ഇല്ല. | 4 | സജീവം | ഇല്ല. |
| ഗവ. ഹൈസ്കൂൾ കട്ടിലപ്പൂവം | ഉണ്ട് പ്രവർത്തിക്കുന്നില്ല | ഉണ്ട് പ്രവർത്തിക്കുന്നില്ല. | ഉണ്ട് പ്രവർത്തിക്കുന്നില്ല | ഇല്ല. | - | ഇല്ല | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല. | 4 | [illegible] | 194 | ഇല്ല | 4 | സജീവം | ഇല്ല |
| N.S. U.P.S മാടക്കത്തറ | ഉണ്ട് | ഉണ്ട് ഇല്ല. | ഉണ്ട് | ഉണ്ട് | ഉണ്ട് പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല. | ഇല്ല. | 9 | 7 | 194 | 0. | 4 | ഉണ്ട് | ഇല്ല. |
| A.L.P.S വെള്ളാനിക്കര | ഉണ്ട് | ഇല്ല. | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല. | ഇല്ല. | ഇല്ല | 8 | 8 | 192 | 0 | 6 | ഉണ്ട്. | ഇല്ല |
| K.A.U.H.S വെള്ളാനിക്കര | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 എണ്ണം | 1 എണ്ണം | ഇല്ല | ഇല്ല. | ഇല്ല | 1 എണ്ണം | ഇല്ല. | ഇല്ല | 24 | 24 | 194 | 0 | 4 | ഇല്ല. | ഇല്ല. |

പെൺകുട്ടികൾ 1328ഉം ആണ്. പഞ്ചായത്തിൽ സ്കൂൾ വിദ്യാർത്ഥിനികൾ കുറവായിട്ടല്ല, പെൺകുട്ടികളിൽ ഒരു വിഭാഗം സമീപ പ്രദേശങ്ങളിലും, തൃശൂർ ടൗണിലും കോൺവെൻറു സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നു.

അദ്ധ്യാപകരിൽ ഭൂരിപക്ഷവും വനിതകളാണ്. പുരുഷന്മാർ 17. സ്ത്രീകൾ 89. പ്രൈമറി അദ്ധ്യാപകരിൽ പകുതിയിലേറെ ബിരുദധാരികളാണ്. ബിരുദാനന്തബിരുദമുള്ളവരും ഇക്കൂട്ടത്തിലുണ്ട്. എന്നാൽ ഭൂരിപക്ഷം അധ്യാപകരും ഇൻസർവീസ് ട്രെയിനിംഗ് ലഭിച്ചവരല്ല. അധ്യാപകരിൽ പലരും പഠനബോധന രീതിയിലെ കാലോചിതമായ മാറ്റം ഉൾക്കൊള്ളുന്നില്ല. പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാടിയിൻ കീഴിൽ രൂപീകൃതമായിട്ടുള്ള വികസന സമിതി കഴിഞ്ഞ ജൂൺ 14ാനു നടത്തിയ പ്രീ ടെസ്ററ് വിരൽ ചൂണ്ടുന്നത് മിക്ക വിദ്യാലയങ്ങളിലും പ്രാഥമിക ക്ലാസ്സുകളിൽ അക്ഷരജ്ഞാനവും അക്കജ്ഞാനവും വേണ്ട അളവിൽ ലഭിച്ചിട്ടില്ലാത്ത കുട്ടികളുടെ ഒരു നിര തന്നെ ഉണ്ടെന്നാണ്.

2,3,4 സ്റ്റാൻഡേർഡുകളിൽ നടത്തിയ പ്രീ.ടെസ്റ്റിലെ വിവരങ്ങൾ പട്ടിക5ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ സ്കൂളുകളിലെ ഈ അക്കാദമികമായ നിലവാരമില്ലായ്മ ഒരു വെല്ലുവിളിയായി സ്വീകരിച്ച് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറയാനുള്ള സാധ്യത കാണുന്നു. പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെ കഴിഞ്ഞ 5 വർഷങ്ങളിലെ എണ്ണം പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

കുട്ടികളുടെ അക്കാദമികമായ ഈ നിലവാരമില്ലായ്മ S.S.L.C. വിജയശതമാനത്തേയും കാലക്രമത്തിൽ ബാധിച്ചു കൂടായ്കയില്ല.

കട്ടിലപ്പൂവ്വം ഗവ: ഹൈസ്കൂളിലേയും ണ.സ്സ.ളള. സ്കൂളിലേയും ഏതാനു ് വർഷത്തെ S.S.L.C.വിജയശതമാനം പട്ടിക7 ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസ ഗുണനിലവാരമില്ലായ്മക്ക് പ്രധാന കാരണം ഭൗതിക സാഹചര്യങ്ങളുടെ കുറവാണ്. വെള്ളാനിക്കര K.A.U. ഹൈസ്കൂളിനെ ഒഴിച്ചു നിർത്തിയാൽ മറ്റു നാലു വിദ്യാലയങ്ങളുടെയും ഭൗതിക സാഹചര്യങ്ങൾ പരമ ദയനീയമാണെന്നു കാണാം. കട്ടിലപൂവ്വം ഹൈസ്കൂളിന് 24 ക്ലാസ്സുമുറികൾ ആവശ്യമുള്ളിടത്ത് 22 എണ്ണം മാത്രമെ ഉള്ളൂ. ഇതിൽ തന്നെ 4 എണ്ണം താത്ക്കാലിക ഓല ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നത്. ക്ലാസ്സുമുറികൾ ഒന്നും തന്നെ അടച്ചുറപ്പുള്ളതല്ല. ആവശ്യത്തിന് ഫർണീച്ചർ ഇല്ല. ഗ്രൗണ്ട് ഉണ്ടെങ്കിലും ഉപയോഗ യോഗ്യമല്ല. കലാകായികധ്യാപകരില്ല. ചുറ്റുമതിൽ ഇല്ല. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളില്ല. കുടിവെള്ള സൗകര്യമില്ല. ഉച്ചകഞ്ഞി പാകം ചെയ്യാൻ പ്രത്യേക മുറി ഇല്ല. മൂത്രപ്പുര ആവശ്യത്തിനില്ല. പഠനോപകരണങ്ങൾ ഇല്ല. ഈ ഏക ഗവ: ഹൈസ്കൂളിന് ഇല്ലായ്മയുടെ ഒരു നീണ്ട പട്ടികയാണുള്ളത്.

താണിക്കുടം സ്കൂളിൽ ക്ലാസ്സുമുറികൾ വേണ്ടത്ര ഉണ്ടെങ്കിലും അടച്ചുറപ്പുള്ളതല്ല. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങളില്ല. കലാകായികാധ്യാപകരില്ല. പഠനോപകരണമില്ല. ഗ്രൗണ്ട് സൗകര്യപ്രദമല്ല. പ്രാഥമിക സൗകര്യങ്ങൾ ആവശ്യത്തിനുണ്ട്.

മാടക്കത്തറ L.P. സ്കൂൾ ഒരു U.P. സ്കൂൾ ആയി ഉയർത്തുന്ന പക്ഷം പഞ്ചായത്തിലെ 1,2,6 വാർഡുകളിലെ കുട്ടികൾക്ക് അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിന് സാധിക്കുന്നതാണ്. ഈ സ്കൂളിന് ക്ലാസ്സുമുറികൾ ആവശ്യത്തിനുണ്ടെങ്കിലും ഒന്നും തന്നെ അടച്ചുറപ്പുള്ളതല്ല. കളിസ്ഥലമില്ല, റീഡിംഗ് റൂം, സൗകര്യമില്ല, പഠനോപകരണങ്ങൾ ഇല്ല. യൂറിനൽ സൗകര്യം വേണ്ടത്ര ഇല്ല.

വെള്ളാനിക്കര A.L.P. സ്കൂളിലും അടച്ചുറപ്പുള്ള ക്ലാസ്സുമുറികളോ, വേണ്ടത്ര ഫർണീച്ചറോ ഇല്ല. സ്വന്തമായി കളിസ്ഥലമില്ല. റീഡിംഗ് റൂം സൗകര്യമില്ല, പഠനോപകരണങ്ങൾ ഇല്ല.

പഞ്ചായത്തിൽ നഴ്സറി വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന ഇതുവരെയും ലഭിച്ചിട്ടില്ല. ചലനാത്മകമായ സ്നേഹത്തോടും, ശ്രദ്ധയോടും കൂടി നിലനിർത്തുകയും, വളർത്തുകയും, വികസിപ്പിക്കുകയും ചെയ്യേണ്ടുന്ന വിലമതിക്കാനാവാത്ത ദേശീയ സമ്പത്തും, വിഭവവുമാണ് മനുഷ്യൻ, ഈ ലക്ഷ്യത്തിന്

## പട്ടിക 5
## വിവിധ സ്കൂളുകളിൽ നടത്തിയ
## പ്രി - ടെസ്റ്റിൽ ലഭിച്ച മാർക്ക് ഗ്രേഡ് തിരിച്ച്

| സ്റ്റാൻഡേർഡ് | പങ്കെടുത്ത കുട്ടികളുടെ എണ്ണം | 0 - 20 | | | | 20 - 40 | | | | 40 - 60 | | | | 60 - 80 | | | | 80 - 100 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | മലയാളം | | ഗണിതം | | മലയാളം | | ഗണിതം | | മലയാളം | | ഗണിതം | | മലയാളം | | ഗണിതം | | മലയാളം | | ഗണിതം | |
| | | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % | എണ്ണം | % |
| II | 274 | 46 | 16.8 | 50 | 18.2 | 50 | 18.2 | 46 | 16.8 | 81 | 29.6 | 55 | 20 | 72 | 26.3 | 58 | 21.2 | 25 | 9.1 | 68 | 24.8 |
| III | 290 | 14 | 4.8 | 24 | 8.3 | 30 | 10.3 | 26 | 9 | 60 | 20.7 | 78 | 27 | 79 | 27.2 | 72 | 24.8 | 94 | 32.2 | 94 | 32.4 |
| IV | 250 | 26 | 10.4 | 36 | 14.4 | 38 | 15.2 | 60 | 24 | 70 | 28 | 57 | 22.8 | 67 | 26.8 | 70 | 28 | 41 | 16.4 | 51 | 20.4 |

## പട്ടിക 6
## കഴിഞ്ഞ അഞ്ചുവർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം

| സ്റ്റാൻഡേർഡ് | 92-93 | 93-94 | 94-95 | 95-96 | 96-97 |
|---|---|---|---|---|---|
| I | 339 | 376 | 369 | 378 | 346 |
| II | 346 | 339 | 387 | 360 | 351 |
| III | 343 | 341 | 364 | 348 | 353 |
| IV | 350 | 324 | 348 | 367 | 336 |
| V | 355 | 387 | 381 | 371 | 383 |
| VI | 234 | 276 | 301 | 306 | 290 |
| VII | 235 | 244 | 281 | 297 | 322 |
| VIII | 159 | 132 | 137 | 149 | 178 |
| IX | 128 | 156 | 129 | 135 | 134 |
| X | 85 | 101 | 125 | 104 | 121 |
| Total | 2574 | 2676 | 2822 | 2815 | 2814 |

## പട്ടിക 7
## എസ്.എസ്.എൽ.സിയിലെ വിജയശതമാനം

| കെ.എം.വി. ഹൈസ്കൂൾ. വെള്ളാരിക്കര | | ഗവ: ഹൈസ്കൂൾ. കട്ടിലപ്പൂവം | |
|---|---|---|---|
| വർഷം | വിജയശതമാനം | വർഷം | വിജയശതമാനം |
| 91-92 .... | 96 % | 93...94 ... | 42.5 % |
| 92-93 .... | 100 % | 94-95 ... | 40 % |
| 93-94 .... | 100% | 95-96 | 92.4 % |
| 94-95 ..... | 98% | | |
| 95-96 .... | 96% | | |

ചൊട്ട മുതൽ തന്നെ ശരിയായ പരിശീലനം ശിശുവിന് ലഭിക്കേണ്ടതുണ്ട്. കുട്ടിയുടെ ആവശ്യങ്ങൾ താത്പര്യങ്ങൾ, അഭിഭാവങ്ങൾ കഴിവുകൾ എന്നിവ പരിപോഷിപ്പിക്കാൻ ആവശ്യമായ സുസജ്ജമായ നഴ്സറി സ്കൂൾ പഞ്ചായത്തിൻെറ ഏറ്റവും വലിയ സ്വത്താണ് . മാടക്കത്തറ പഞ്ചായത്തിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒറ്റ നഴ്സറി സ്കൂൾ പോലുമില്ല. ചിറക്കാക്കോട് , പാണ്ടിപറമ്പ്, പൊങ്ങണംകാട്, മാറ്റാംപുറം, താണിക്കുടം, K.A.U. സ്കൂൾ ഇവിടങ്ങളിലെല്ലാം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന നഴ്സറികൾ ഉണ്ടെങ്കിലും ഒന്നും തന്നെ വേണ്ടത്ര കെട്ടിട സൗകര്യമുള്ളവയോ, കളിക്കോപ്പുകളോ, പഠനോപകരണങ്ങളോ മറ്റു ഭൗതകിക സൗകര്യങ്ങളോ ഉള്ളവയല്ല. പഞ്ചായത്തിലെ എല്ലാ സ്കൂളുകളോടും ചേർന്ന് മാതൃകാപരമായ പ്രവർത്തനക്ഷമമായ നഴ്സറി സ്കൂളുകൾ അഭിലഷണീയമാണ്.

പഞ്ചായത്തിൽ മൊത്തം 5 ബാലവാടികളാണുള്ളത്. സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ മൂന്നും B.S.S. നു കീഴ ിൽ രണ്ടും ബാലവാടികളാണുള്ളത്. ഒരിടത്തും വേണ്ടത്ര കെട്ടിടസൗകര്യമോ, കളിക്കോപ്പുകളോ, പഠനോപകരണങ്ങളോ ഇല്ല. ഇവയൊന്നും മാതൃകാപരമായ ബാലവാടികൾ എന്നു പറയാൻ പറ്റില്ല. പഞ്ചായത്തിൽ ഒറ്റ അംഗനവാടി പോലുമില്ല. ഓരോ വാർഡിലും ഓരോ ബാലവാടികളും, അങ്കണവാടികളും സുസജ്ജമായ രീതിയിൽ ആരംഭിക്കുന്നത് വിദ്യാഭ്യാസത്തിന് ശരിയായ അടിത്തറ പാകാൻ സഹായകമായിരിക്കും.

വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്നത് കുട്ടിയുടെ ശാരീരികവും, മാനസികവും, വൈകാരികവുമായ സമഗ്ര വികാസമാണ്. അതിനാൽ പാഠ്യവിഷയങ്ങളിലെന്ന പോലെ പാഠ്യേതര വിഷയങ്ങളിലും ശ്രദ്ധിക്കേണ്ടതുണ്ട്. കുട്ടിയുടെ കായികവും കലാപരവും പ്രവർത്തിപരവും, ആരോഗ്യപരവുമായ എല്ലാ മേഖലകളിലുമുള്ള വളർച്ചയ്ക്ക് അനുഗുണമായ പഠന ബോധന സൗകര്യങ്ങൾ വിദ്യാലയങ്ങളിൽ ഉണ്ടായിരിക്കണം. കലാവിദ്യാഭ്യാസം പഠനത്തിലും, ജിജ്ഞാസ നിലനിർത്തുന്നതിലും ആനന്ദവും സന്തോഷവും ഉളവാക്കുന്നു. അധ്യാപകരും, വിദ്യാർത്ഥികളും ഒന്നിച്ചു ചേർന്ന് സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഇതു പ്രേരണനയാകുന്നു. സ്കൂളുകവിൽ ആഴ്ചയിലൊരിക്കലെങ്കിലും കലാപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. അതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് ആരോഗ്യ കായിക വിദ്യാഭ്യാസം. ആരോഗ്യത്തിനനുസരിച്ച് വിദ്യാർത്ഥികളെ തരം തിരിച്ച് അനുയോജ്യമായ കായിക പ്രവർത്തനങ്ങൾ നൽകേണ്ടതാണ്. പ്രവൃത്തി പരിചയ പരിപാടികൾ കുട്ടികളുടെ കഴിവുകൾക്കും, താത്പര്യങ്ങൾക്കും, ആവശ്യങ്ങൾക്കും അനുസരണമായി സംഘടിപ്പിക്കേണ്ടതാണ്. പ്രവൃത്തിയോട് അഭിമുഖ്യം വളർത്താൻ ഇത് ഉപകരിക്കും. എന്നാൽ ഇന്നത്തെ സാഹചര്യങ്ങൾ നമ്മുടെ വിദ്യാലയങ്ങളിൽ ഒന്നിൽ പോലും ഇതിനുള്ള സൗകര്യങ്ങൾ ഇല്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

ഔപചാരികമായ വിദ്യഭ്യാസ രീതി കൊണ്ടുമാത്രം മൊത്തം സമൂഹത്തിൻെറ വിദ്യഭ്യാസലക്ഷ്യങ്ങൾ നേടാനാവില്ല. പഠനത്തിനിടക്കുവെച്ചു കൊഴിഞ്ഞു പോകുന്ന ഒരു ചെറിയ വിഭാഗം കുട്ടികളും സാമൂഹ്യവും, സാമ്പത്തികവുമായ പിന്നോക്കാവസ്ഥ മൂലം പഠിക്കാൻ കഴിയാത്ത ഒരു ന്യൂനപക്ഷവും, സമൂഹത്തിൻെറ ഭാഗമായുണ്ട്. അവരെ ഉദ്ദേശിച്ച് അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതാണ്. ഈ ദിശയിൽ കാര്യമായ പ്രവർത്തനം പഞ്ചായത്തിലില്ല. താണിക്കുടം ഗ്രാമീണ വായനശാലയും, വെള്ളാനിക്കര വായനശാലയും തുടർസാക്ഷരതാ പ്രവർത്തനം ഏറ്റെടുത്തിട്ടുണ്ട്. പഞ്ചായത്തിലെ സാക്ഷരതാ ശതമാനം 90 ആണ്.

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമെ ഉന്നത വിദ്യാഭ്യാസ പഠനത്തിന് തൽപരരായവർക്ക് പഞ്ചായത്തിലും സമീപപ്രദേശത്തുമായി ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളുടെ ഒരു നിര തന്നെയുണ്ട്.

ദേശീയ തലത്തിൽ തന്നെ ശ്രദ്ധേയമായ സ്ഥാനമുള്ള കാർഷിക മേഖലയിലെ ഉന്നത ഗവേഷണ സ്ഥാപനമായ കേരള കാർഷിക സർവകലാശാലയുടെ മെയിൻ കാമ്പസ്സ് മാടക്കത്തറ പഞ്ചായത്തിലാണെന്നത് സവിശേഷ പ്രാധാന്യമർഹിക്കുന്നു. ഉന്നത ഗവേഷണ സ്വഭാവമുള്ള ഹോർട്ടികൾച്ചറൽ കോളേജ്, ഫോറസ്ട്രി കോളേജ്, തുടങ്ങിയ സ്ഥാപനങ്ങൾ ഇവിടെയാണ്. കൃഷിശാസ്ത്രജ്ഞന്മാരെ വാർത്തെടുക്കുന്ന ഈ മഹത് സ്ഥാപനം മാടക്കത്തറയുടെ തൊടുകുറിയായി പരിലസിക്കുന്നു.

കാർഷിക സർവകലാശാലയോട് അനുബന്ധമായിട്ടുള്ള വെറ്ററിനറി കോളേജ് പഞ്ചായത്തിന് തൊട്ടുകിടക്കുന്ന മണ്ണുത്തിയിലാണ് തൃശൂർ ഗവ: എഞ്ചിനീയറിങ്ങ കോളേജ്, വിമലാ കോളേജ് എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും 4 കി.മീ. ഉള്ളിൽ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിൽ നിന്ന് 10-15 കി.മീ. ചുറ്റളവിൽ പ്രസിദ്ധമായ സെൻറ് തോമാസ്കോ ളേജ്, സെൻറ്മേരീസ്കോളേജ്, ശ്രീ കേരള വർമ്മാ കോളേജ്, ഗവ: ലോ കോളേജ്, തൃശൂർ മെഡിക്കൽ കോളേജ് എന്നീ മഹത് സ്ഥാപനങ്ങൾ ഉന്നതപഠനത്തിന് എല്ലാ സൗകര്യവും പ്രദാനം ചെയ്യുന്നു. അതിനാൽ ഉന്നത പഠനത്തിനുള്ള സൗകര്യം മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് മാടക്കത്തറ പഞ്ചായത്തും ജനതയും അനുഗ്രഹീതമാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ജനസംഖ്യാനുപാതികമായി വിദ്യാലയങ്ങൾ വേണ്ടത്ര ഇല്ല.
2. L.P. സ്കൂൾ U.P. സ്കൂളായും, U.P. സ്കൂൾ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്യപ്പെടാൻ കഴിയാത്ത അവസ്ഥ.
3. അൺ എയ്ഡഡ് അൺ റെക്കഗ്നൈസ്ഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
4. മിക്ക സ്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. (കക്കൂസ്, കിണർ, മൂത്രപ്പുര, പാചകപ്പുര, കളിസ്ഥലം)
5. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയാനുള്ള സാധ്യത മിക്ക സ്കൂളുകളിലും നിലനിൽക്കുന്നു.
6. കെട്ടിടങ്ങളുടെ അറ്റകുറ്റപണി യഥാസമയം നടക്കുന്നില്ല.
7. വിദ്യാർത്ഥികളുടെ നിരക്ഷരത ഇപ്പോഴും ഗണ്യമായ തോതിൽ നിലനിൽക്കുന്നു.
8. നഴ്സറി വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യമില്ല.
9. അങ്കണവാടികൾ ഒന്നുപോലുമില്ല.
10. ബാലവാടികളിൽ ആവശ്യത്തിന് പഠനോപകരണങ്ങളോ, കളിക്കോപ്പുകളോ ഇല്ല. സ്ഥലസൗകര്യം കുറവാണ്.
11. അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിത പരിപാടികൾ ഇല്ല.
12. കലാകായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.
13. അനക്കാദമിക പ്രവർത്തനങ്ങൾ വേണ്ടത്ര തോതിൽ നടക്കുന്നില്ല.
14. പഠന ബോധന സമ്പ്രദായത്തിലെ കാലോചിതമായ മാറ്റങ്ങൾ അധ്യാപകർ ഉൾക്കൊള്ളുന്നില്ല.
15. അധ്യാപകർക്ക് ഇൻ സർവീസ് ട്രെയിനിങ്ങ് യഥാസമയം ലഭിക്കുന്നില്ല.
16. പഞ്ചായത്തിൽ തൊഴിലധിഷ്ഠിതമോ, സാങ്കേതിക സ്വഭാവമുള്ളതോ ആയ ഒറ്റ വിദ്യാഭ്യാസ സ്ഥാപനവും ഇല്ല.
17. കട്ടിലപൂവ്വം ഗവ: ഹൈസ്കൂളിലെ S.S.L.C. വിജയശതമാനം ഓരോ കൊല്ലവും കൂടിയും, കുറഞ്ഞും നിൽക്കുന്നു.
18. സ്കൂളുകളുടെ നല്ല നടത്തിപ്പിന് സമൂഹ പങ്കാളിത്തമോ പിന്തുണയോ വേണ്ട അളവിൽ ഇല്ല.
19. കാർഷിക സർവകലാശാല ഹൈസ്കൂളിൽ വെള്ളാനിക്കര എൽ.പി. സ്കൂളിൽ നിന്നും പഠനം പൂർത്തീകരിച്ചുവരുന്ന കുട്ടികൾക്ക് തുടർപഠന സൗകര്യം അനുവദിക്കുന്നില്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ജനസംഖ്യാനുപാതികമായി പുതിയ വിദ്യാലയങ്ങൾ ആവശ്യമുള്ളിടത്ത് സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുക.
2. നിലവിലുള്ള വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യാനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

3. നിലവിലുള്ള വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.

4. ഓരോ വിദ്യാലയത്തിൻെറയും അനുഭവങ്ങളും, സജ്ജീകരണങ്ങളും പൊതുവായി പങ്കിട്ട് പഞ്ചായത്തിൻെറ പൊതു വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്കൂൾ കോംപ്ലക്സ് പരിപാടി ഊർജ്ജിതമായി പുന:സംഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

5. വായനശാലകൾ പോലുള്ള സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തുടർ സാക്ഷരതാ പ്രവർത്തനം ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

6. ഓരോ വാർഡിലും എല്ലാ സൗകര്യങ്ങളോടും കൂടിയ നഴ്സറി വിദ്യാലയങ്ങൾ ആരംഭിക്കുക.

7. സന്നദ്ധ പ്രവർത്തനത്തന ആവശ്യമായ പ്രവർത്തകരെ ലഭിക്കുന്നതിന് അയൽക്കൂട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

8. പഞ്ചായത്തിലെ വിദ്യാർത്ഥികളെ അതാത് പ്രാദേശിക സ്കൂളുകളിൽ തന്നെ നിലനിർത്തി പഠിപ്പിക്കാൻ കഴിയുമാറ് രക്ഷകർത്താക്കളെ സന്നദ്ധരാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

9. കാർഷിക സർവകലാശാല ഹൈസ്കൂളിൽ മാടക്കത്തറ പഞ്ചായത്തിലെ വിദ്യാർത്ഥികൾ കൂടി പ്രവേശനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

※ ※ ※

# 5 - 6 കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

പൊതുവെ കുടിനീർക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്താണ് മാടക്കത്തറ. പഞ്ചായത്തിലെ 6ഠം വാർഡ് ഒഴിച്ച് മറ്റെല്ലാ വാർഡിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഏറ്റവും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നത് 9,10 വാർഡുകളിലും 8,5 വാർഡുകളിലെ മലയോര മേഖലകളിലുമാണ്. വേനൽക്കാലത്ത് 3ഉം 4ഉം കിലോമീറ്റർ യാത്ര ചെയ്ത് കുടിവെള്ളം ശേഖരിക്കേണ്ട പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ 34.42% പ്രദേശവും മഴക്കാലത്ത് മാത്രം വെള്ളം ലഭ്യമായതാണ്. 20.75% പ്രദേശത്ത് വളരെ കുറഞ്ഞ തോതിൽ വെള്ളം ലഭ്യമാവുമ്പോൾ ധാരാളം വെള്ളം ലഭിയ്ക്കുന്നത് 20.32% പ്രദേശത്ത് മാത്രമാണ്.

കിണറുകളാണ് പഞ്ചായത്തിലെ മുഖ്യകുടിനീർ പഞ്ചായത്തിൽ 1600 വറ്റാത്ത കിണറുകളും 950 വറ്റുന്ന കിണറുകളുമുണ്ട്. സ്രോതസ്സ്. 64.4% ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് സ്വന്തം കിണറുകളെയാണ്. എന്നാൽ ഈ കിണറുകളിൽ ഭൂരിഭാഗവും സംരക്ഷണ ചുമതല ഇല്ലാത്തവയാണ്. ഇത് ശുദ്ധജല ലഭ്യതയ്ക്ക് കാര്യമായ തടസ്സം സൃഷ്ടിക്കുന്നുണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 19 പൊതു കിണറുകളും 8 കുഴൽ കിണറുകളും 19 പൊതു ടാപ്പുകളും നിലവിലുണ്ട്. കിള്ളന്നൂർ പഞ്ചായത്തിൽ പെട്ട പൂളാക്കിലെ കുഴൽ കിണറിൽ നിന്നുള്ള വെള്ളമാണ് പഞ്ചായത്തിലെ 19 ടാപ്പുകൾ വഴി വിതരണം ചെയ്യുന്നത്. ജനങ്ങളിൽ 15.85% പേർ പൊതു കുടിവെള്ള വിതരണ സംവിധാനത്തെ ആശ്രയിക്കുന്നവരാണ്. ഈ ടാപ്പുകൾ ഒക്കെത്തന്നെ പൊട്ടിപൊളിഞ്ഞ് ധാരാളം ജലനഷ്ടം സൃഷ്ടിച്ചു കൊണ്ടിരിക്കുന്നവയാണ്.

ലഭ്യമായ പൊതു കുടിവെള്ള സംവിധാനം തന്നെ വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല. പൊതുകിണറുകൾ പലതിന്റെയും നില ശോചനീയമാണ്. കുഴൽ കിണറുകൾക്ക് ഒന്നിനും തന്നെ മോട്ടോർ സൗകര്യം ഇല്ല. ഹാൻറ് പമ്പ് സ്ഥാപിച്ചിട്ടുള്ള കുഴൽ കിണറുകളുടെ തന്നെ സമയാസമയത്ത് പണികൾ നടക്കുന്നില്ല. ഇതിനാവശ്യമായ വിദഗ്ദ്ധരെ ലഭിക്കാത്തത് ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുകയാണ്. മോട്ടോർ സൗകര്യവും സംഭരണവിതരണ സൗകര്യവും ഏർപ്പെടുത്തിയാൽ കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ സഹായിക്കുന്നവയാണ്. പട്ടിക 1ൽ കൊടുത്തിട്ടുള്ള കുഴൽ കിണറുകൾ.




അവലംബം: സാമൂഹ്യസാമ്പത്തിക സർവ്വേ

ചിത്രം 1



പട്ടിക 1

| ക്രമ നമ്പർ | സ്ഥലം | ജല ലഭ്യത മണിക്കൂറിൽ |
|---|---|---|
| 1 | പേരകോളനി | 90,000 ലിറ്റർ |
| 2. | വെള്ളാനിക്കര, ശങ്കരം കുളം റോഡ് | 40,000 ലിറ്റർ |
| 3. | പുല്ലാനിക്രാട് | 20,000 ലിറ്റർ |

വേണ്ട രീതിയിൽ സംരക്ഷിച്ചാൽ കുടിവെള്ള വിതരണത്തിന് സഹായിക്കുന്നവയാണ് താഴെ കൊടുത്തിരിക്കുന്ന കുളങ്ങളും ചിറകളും. 1. മണ്ണുറുണ്ണി കുളം. 2. ആലില കുളം 3. ശങ്കരംകുളം 4. പനഞ്ചകം ചിറ (5) കച്ചിത്തോട് ഡാം. (6) പുല്ലു കുളം (7) അരുവാക്കുളം (8) കോതകുളം (9) ആനാട്ടുകുളം (10) നീർത്ഥാനി ജല ഉറവ. പഞ്ചായത്തിലെ തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ചും കുടിവെള്ള ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്.

പഞ്ചായത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ട് വർഷങ്ങൾവളരെ കഴിഞ്ഞിരിക്കുന്നു. വളരെയേറെ ശ്രമഫലമായാണ് പീച്ചിയിൽ നിന്നും വെള്ളം ലഭ്യമാക്കി മാടക്കത്തറയിൽ ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുന്നതിന് അനുമതി കിട്ടിയത്. ഇതിന്റെ ആവശ്യത്തിനായി 2.20 കോടി രൂപ L.I.C.യിൽ നിന്നും വായ്പയെടുത്ത് വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടിയെങ്കിലും പദ്ധതിയുടെ പണി ആരംഭിച്ചിട്ടില്ല.

രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ സഹായത്തോടെ കള്ളായി ഹരിജൻകോളനിയിൽ കുടിവെള്ള മെത്തിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ പണി നടന്നുകൊണ്ടിരിക്കുന്നു. കുഴൽ കിണർ കുഴിച്ച് പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. മലയോര വാർഡുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
3. പ്രാദേശികമായ കുടിനീർ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നില്ല.
4. സമഗ്ര കുടിനീർ പദ്ധതിയുടെ പണി ആരംഭിച്ചിട്ടില്ല.

ചിത്രം 3



5. പുതുനഗർ കോളനിയിൽ വർഷം മുഴുവൻ കുടിനീർ ക്ഷാമം അനുഭവപ്പെടുന്നു.

**സാധ്യതകൾ**

1. സമഗ്രശുദ്ധജല പദ്ധതി എത്രയും പെട്ടെന്ന് പൂർത്തിയാക്കുക.
2. പഞ്ചായത്തു കിണറുകൾ ആണ്ടിൽ ഒരിക്കൽ വൃത്തിയാക്കി സൂക്ഷിക്കുക.
3. വെള്ളാനിക്കരയിലെ (വാർഡ് 4) പഞ്ചായത്ത് കിണർ ആഴം വർദ്ധിപ്പിക്കണം.
4. കച്ചിത്തോട് ഡാം, കുളങ്ങൾ എന്നിവ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉപയോഗപ്പെടുത്തണം
5. പഞ്ചായത്തിലെ തോടുകളിൽ ചെക്കുഡാമുകൾ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഉപയോഗപ്പെടുത്തണം.
6. നീർതട വികസന പദ്ധതി നടപ്പിലാക്കണം.
7. പീച്ചി കനാലിൽ കൂടി വേനൽക്കാലത്ത് പല പ്രാവശ്യമായി 15 ദിവസമെങ്കിലും വെള്ളം തുറന്നു വിടുന്നതിന് സൗകര്യം ഉണ്ടാക്കേണ്ടതാണ്.
8. പേരകോളനിയിലെ കുഴൽ കിണറുകൾ ഉപയോഗപ്പെടുത്തി 9,10 വാർഡുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.
9. ശങ്കരം കുളം റോഡ്, പുല്ലാനിക്കാട് എന്നിവിടങ്ങളിലെ കുഴൽ കിണറുകൾ ഉപയോഗിച്ച് 1,2,3,4 വാർഡുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.
10. നീർത്ഥാനിയിലെ നീരുറവ ഉപയോഗപ്പെടുത്തി പ്രസ്തുത പ്രദേശത്ത് കുടിവെള്ള സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

# പൊതുജനാരോഗ്യം

പഞ്ചായത്തിലെ പ്രധാന സർക്കാർ ആരോഗ്യ കേന്ദ്രമായ മാടക്കത്തറ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 1995-1996 വർഷത്തിൽ റിപ്പോർട്ടു ചെയ്ത രോഗികൾ 19,870 ആണ്. ഇതിൽ 60% വും സ്ത്രീകളും കുട്ടികളുമാണ്. പഞ്ചായത്തിനു പുറത്തുള്ള ആശുപത്രികളിൽ അഭയം തേടുന്നവരുടെ എണ്ണം ഇതിലും കൂടുതലാണ്. പി.എച്ച.സി.യിൽ 95 96 വർഷത്തിൽ റിപ്പോർട്ടു ചെയ്ത പ്രധാനരോഗങ്ങ പട്ടിക 2ൽ കൊടുക്കുന്നു.

**പട്ടിക 2**

| | |
|---|---|
| വയറിളക്കം | 4800 |
| ത്വക്ക് രോഗം | 1932 |
| അപകടങ്ങൾ | 3382 |

പി.എച്ച്.സി.യുടെ പരിസര പ്രദേശങ്ങളിലായി പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറി കളാണ് ഇത്രയധികം അപകടങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനു കാരണം.

പഞ്ചായത്തിൻെറ മൊത്തം ആരോഗ്യസ്ഥിതിയെ വിശകലനം ചെയ്യുന്നതിന് വളരെയേറെ സഹായകമാകുന്ന ജനന മരണ രജിസ്റ്റർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ലഭ്യമല്ല. സാങ്കേതിക കാരണങ്ങളാൽപഞ്ചായത്ത് ഓഫീസിൽ ജനന മരണങ്ങൾ കൃത്യമായി രജിസ്റ്റർ ചേയ്യാത്തതും പഞ്ചായത്തിൻെറ മൊത്തം ആരോഗ്യസ്ഥിതിയെ വിലയിരുത്തുന്നതിന് തടസ്സമാകുന്നു. പ്രധാനമായും കണ്ടുവരുന്ന പകർച്ച വ്യാധികൾ വയറിളക്കം, ചെങ്കണ്ണ്, ചിക്കൻ പോക്സ് എന്നിവയാണ്. പഞ്ചായത്തിലെ ആരോഗ്യ രംഗത്ത് പഞ്ചായത്തിനു പുറത്തുള്ള ആരോഗ്യകേന്ദ്രങ്ങളാണ് പ്രധാന പങ്കു വഹിക്കുന്നത്.

ഒരു മിനി P.H.C. അതിൻെറ കീഴിലുള്ള മൂന്നുകുടുംബക്ഷേമ കേന്ദ്രങ്ങളുമാണ് ഉള്ളത്. പഞ്ചായത്തിലെ ആരോഗ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പഞ്ചായത്തിൽ മറ്റൊരു P.H.C കൂടി സ്ഥിതിചെയ്യുന്നുണ്ടെങ്കിലും അതിൻെറ പ്രവർത്തനമേഖല സമീപ പഞ്ചായത്തായ പാണഞ്ചേരിയാണ്. കൂടാതെ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും സ്വകാര്യ ചികിത്സ നടത്തുന്ന ഡോക്ടർമാരും ക്ലിനിക്കുകളും ഉണ്ട്.

പഞ്ചായത്തിലെ സർക്കാർ ആയുർവേദ വിഷ വൈദ്യ ഡിസ്പെൻസറി പടിഞ്ഞാറെ വെള്ളാനിക്കരയിൽ സ്ഥിതിചെയ്യുന്നു. ഇവിടെ വിഷചികിത്സയ്ക്കാണ് പ്രാധാന്യം നൽകുന്നത്. ഹോമിയോ ചികിത്സാ രംഗത്ത് താണിക്കുടം കള്ളായി ഭാഗത്ത് ഒരു സർക്കാർ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. ഒട്ടേറെ പരാധീനതകളുള്ള ഈ

ഡിസ്പെൻസറിയിൽ എത്തിചേരുന്ന രോഗികളുടെ എണ്ണം കുറവാണ്. കൂടാതെ പാരമ്പര്യ വൈദ്യവിധിപ്രകാരം ചികിത്സ നടത്തുന്ന നാട്ടുവൈദ്യൻമാരും വിഷചികിത്സയിൽ പ്രാവീണ്യം നേടിയവരും പഞ്ചായത്തിൻെറ ആയുർവേദ ചികിത്സാ രംഗത്തെ പരിപോഷിപ്പിക്കുന്നു.

ആരോഗ്യരംഗത്തെ സർക്കാർ കേന്ദ്രങ്ങളെ കുറിച്ചുള്ള ലഘുരൂപം താഴെ പട്ടിക 1ൽ കൊടുക്കുന്നു.

**1. അലോപതി**

a. കരുവാൻകാട് P.H.C.പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മിനി P.H.C. യുടെ കീഴിൽ മൂന്ന് സബ്ബ് സെൻററുകൾ പൊങ്ങണംകാട്, മാടക്കത്തറ, കട്ടിലപൂവ്വം പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. നാല് കേന്ദ്രങ്ങളിലും കൂടി 16 ജീവനക്കാരാണ് ഉള്ളത്. 3 തസ്തിക ഒഴിഞ്ഞുകിടക്കുന്നു. 199596 വർഷത്തിൽ 19,870 രോഗികൾ വന്നതായി റിപ്പോർട്ടു ചെയ്യുന്നു. ജനന -മരണ രജിസ്റ്റർ ഇവിടെയില്ല. ശിശുമരണ വിവരങ്ങളും ഇവിടെ ലഭ്യമല്ല. ഒരു മിനി P.H.C. യ്ക്ക് വേണ്ട സൗകര്യങ്ങൾ ഇവിടെയില്ല. 10 കിടക്കകളുള്ള ആശുപത്രിയ്ക്ക് അനുവാദം കിട്ടിയിട്ടുണ്ടെങ്കിലും ഫണ്ടില്ലാത്ത തിനാൽ കെട്ടിടം പണി തുടങ്ങിയിട്ടില്ല. ഡ്രസ്സിംഗ് റൂം, കൺസൾട്ടിംഗ് റൂം, ഓഫീസ് റൂം എന്നിവ വേർതിരിച്ചിട്ടില്ല. കെട്ടിടത്തിൻെറ അറ്റകുറ്റപ്പ ണികൾചെയ്യാത്തതിനാൽ കെട്ടിടം ചോർന്നൊ ലിക്കുന്നു. സുരക്ഷിതത്വകുറവ് വേനൽക്കാ ലത്തെ ജലക്ഷാമം, കട്ടിലപൂവ്വം സബ് സെൻററിന് സ്വന്തമായി കെട്ടിടമില്ല. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ മരുന്നും മറ്റുസഹായങ്ങളും എത്തിയ്ക്കുന്നതിന് വാഹന സൗകര്യമില്ല. മരുന്നുകളുടെ ലഭ്യതയിലുള്ള കുറവ് എന്നിങ്ങനെ ഒട്ടേറെ പരാധീനതകൾ നിലനിൽ ക്കുന്നതാണ് ഈ സ്ഥാപനം. പഞ്ചായത്തിൽ ഈ സ്ഥാപനത്തിൻെറ കീഴിൽ ആരോഗ്യപരിപോഷണത്തിനും രോഗപ്രതിരോധത്തിനുമായി വിവിധ പദ്ധതികൾ വഴി 25,800 രൂപ കഴിഞ്ഞ വർഷം (9596) ചെലവാക്കിയിട്ടുണ്ട്.

b. പഞ്ചായത്തിൻെറ തെക്ക് കിഴക്കേ അറ്റത്ത് പാണഞ്ചേരി പഞ്ചായത്തിൻെറ അതിർത്തിയിൽ 12 കിടക്കകളുള്ള ഒരു ആശുപത്രി (ബ്ലോക്ക് പി.എച്ച്സി) സ്ഥിതി

പട്ടിക 1

സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ചികിത്സാ രീതി | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1. | പ്രാഥമിക ആരോഗ്യ | അലോപ്പതി | സ്വന്തം | 16 | | 1. മൂന്ന് സ്റ്റാഫ് കുറവ്<br>2. രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള സൗകര്യമില്ല<br>3. സ്ഥിരമായി വെള്ളം ലഭിയ്ക്കുന്നതിനുള്ള സംവിധാനമില്ല |
| 2. | ഗവർമ്മേണ്ട് ആയുർവേദ വിഷവൈദ്യ ആശുപത്രി | ആയുർവേദ | വാടക | 5 | 1984 | 1. രണ്ട് സ്റ്റാഫ് കുറവ്<br>2. സ്വന്തം കെട്ടിടമില്ല.<br>3. ഉപകരണങ്ങൾ കുറവ്<br>4. മരുന്ന് ആവശ്യത്തിന് ലഭ്യമല്ല |
| 3 | ഗവൺമേൻറ് ഹോമിയോ ഡിസ്പെൻസറി മാടക്കത്തറ | ഹോമിയോ | വാടക | 4 | 1991 | 1. പാർട്ട് ടൈം സ്വീപ്പർ തസ്തികക ഒഴിവ്<br>2. അലമാരിയില്ല.<br>3. വെള്ളവും വൈദ്യുതിയുമില്ല.<br>4. സ്വന്തമായി കെട്ടിടമില്ല.<br>5. പരിശോധന മുറിയില്ല |

ചെയ്യുന്നുണ്ട്. സമീപ പഞ്ചായത്തായ പാണഞ്ചേരിയാണ് ഇതിന്റെ പ്രവർത്തനമേഖല. മാടക്കത്തറ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും അവിടേയ്ക്കു പഞ്ചായത്തിലെ ജനങ്ങൾക്ക് എത്തിച്ചേരാനുള്ള ഗതാഗത സൗകര്യകുറവുമൂലം അതിന്റെ സൗകര്യങ്ങൾ പഞ്ചായത്ത് നിവാസികൾക്ക് ലഭ്യമല്ല.

### 2. ആയുർവേദം

പടിഞ്ഞാറെ വെള്ളാനിക്കരയിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ വിഷവൈദ്യആശുപത്രി കഴിഞ്ഞ 12 വർഷമായി വാടകക്കെട്ടിടത്തിലാണ് സ്ഥിതിചെയ്യുന്നത്.

ഇവിടെ ദിവസവും 90നും 100നും ഇടയ്ക്ക് രോഗികൾ വരുന്നതായി റിപ്പോർട്ടു ചെയ്യുന്നു. വിഷവൈദ്യ ചികിത്സയാണ് ഇവിടെ പ്രധാനമായും നടക്കുന്നത്. കെട്ടിടം പണിയ്ക്കായി ഒരു സ്വകാര്യ വ്യക്തി 13 സെന്റ് സ്ഥലം സംഭാവന ചെയ്തിട്ടുണ്ട്. മരുന്നുകൾ കൃത്യമായി ലഭിയ്ക്കുന്നില്ല. ചികിത്സ്ക്ക വേണ്ട ഉപകരണങ്ങളുടെ കുറവും ഇവിടെയുണ്ട്. സ്റ്റാഫിന്റെ കുറവുണ്ട്. സ്വന്തമായി കെട്ടിടം പണിയുന്നതിന്റെ ഭാഗമായി ആശുപത്രി വികസനസമിതി രൂപീകരിച്ചിട്ടുണ്ട്.

ആയുർവേദ ചികിത്സയിൽ പ്രാവീണ്യം നേടിയ പാരമ്പര്യ വൈദ്യൻമാരും പഞ്ചായത്തിലുണ്ട്. മാറ്റാംപുറത്ത് സ്ഥിതിചെയ്യുന്ന ആതുര സഞ്ജീവനി ആയുർവേധ വൈദ്യശാല ഈ രംഗത്ത് ശോഭിച്ചുനിൽക്കുന്ന ഒരു സ്ഥാപനമാണ്. ഇവിടെ വിഷചികിത്സ മറ്റു ആയുർവേദ ചികിതസ്കളും നടത്തുന്നു. കൂടാതെ നാട്ടുവൈദ്യൻമാരും വിഷാന്തകൻമാരും ആയുർവേദ ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്നു.

### 3. ഹോമിയോ

പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി താണിക്കുടം കള്ളായി ഭാഗത്ത് പ്രവർത്തിക്കുന്നു. ഹോമിയോ ചികിത്സ സ്വീകരിക്കുന്ന രോഗികൾ നാമമാത്രമാണ്. ഇടത്തരക്കരാണ് കൂടുതലായും ഈ ചികിത്സാ രീതി സ്വീകരിക്കുന്നത്. ഡിസ്പെൻസറിയ്ക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾഒന്നു തന്നെയില്ലാത്ത ഈ സ്ഥാപനം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വെള്ളവും വെളിച്ചവും ലഭിക്കുന്നില്ല. റിക്കാർഡുകൾ സൂക്ഷിക്കുവാൻ സംവിധാനങ്ങളില്ല. പരിശോധനയ്ക്ക് പ്രത്യേക മുറിയില്ല.

### കക്കൂസ്

പഞ്ചായത്തിലെ ആരോഗ്യസ്ഥിതിയെ പ്രതികൂലമാക്കുന്ന പ്രധാന ഘടകം, സെപ്റ്റിക് ടാങ്കുകളുള്ള കക്കൂസുകളുടെ കുറവാണ് എന്നതാണ്. ഇത്തരം കക്കൂസുകൾ 52.68 ശതമാനം മാത്രമാണ്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കക്കൂസില്ലാത്ത വീടുകൾ പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളായ 8,9,10 വാർഡുകളിലാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പട്ടിക (2) ഇതിൽ കക്കൂസുകൾ നിർമ്മിക്കാൻ സാമ്പത്തികശേഷി ഉള്ളവരും ഇല്ലാത്തവരുമുണ്ട്. ആയതിനാൽ ഈ രംഗത്ത് ബോധവൽക്കരണം അത്യാവശ്യമാണ്. പഞ്ചായത്തിന്റെ ജലസ്രോതസുകളുടെ തീരങ്ങളിലുള്ള ജനങ്ങളുടെ പ്രാഥമികാവശ്യ നിർവ്വഹണം ജല ജനാരോഗ്യങ്ങൾക്ക് കാരണമാകുന്നു.

കൊതുക്. ഈച്ച എന്നീ പകർച്ച വ്യാധികളായ രോഗകാരികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നില്ല.അടുക്കളയിൽ പണിയെടുക്കുന്ന സ്ത്രീകളിൽ ശ്വാസകോശരോഗങ്ങൾ, വിളർച്ച, അലർജി മുതലായവയും കുട്ടികളിൽ ന്യൂമോണിയ ശ്വാസകോശരോഗങ്ങൾ എന്നിവയ്ക്കും പുകയാണ് കാരണം എന്ന അറിവ് ഇല്ലാത്തതുകൊണ്ടായിരിയ്ക്കാം, പഞ്ചായത്തിലെ 91.94% വീടുകളിലും സാധാരണ വിറകടുപ്പാണ് ഉപയോഗിയ്ക്കുന്നത്.

#### പ്രശ്നങ്ങൾ

1. കുടുംബക്ഷേമ കേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഡോക്ടർ കൃത്യമായി വരുന്നില്ല
2. ഹെൽത്ത് വിസിറ്റേഴ്സ് കൃത്യമായി ഗൃഹ ങ്ങൾ സന്ദർശിക്കുന്നില്ല.
3. സാനിറ്റേഷൻ സൗകര്യം എല്ലാ വീടുകളിലും

പട്ടിക 2

**കക്കൂസില്ലാത്ത വീടുകൾ**

| വാർഡ് | I | II | III | IV | V | VI | VII | VIII | IX |
|---|---|---|---|---|---|---|---|---|---|
| സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | 95 | 115 | 91 | 114 | 140 | 177 | 241 | 234 | 222 |

അവലംബം: 1992 ലെ ഐ.ആർ.ഡി.പി. സർവ്വേ

ഇല്ല

4. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തപ്പെടുന്നില്ല.
5. കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം കുറവ്.
6. ഡിസ്പെൻസറികളിലും ഹെൽത്ത് സെൻററുകളിലും അവശ്യം ആവശ്യമായ മരുന്നുകളുടെ ലഭ്യതക്കുറവ്
7. ജീവനക്കാരുടെ കുറവ്, ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, ഗതാഗത സൗകര്യക്കുറവ് എന്നിവ ഡിസ്പെൻസറികളേയും, ഹെൽത്ത് സെൻററുകളേയും സാരമായി ബാധിക്കുന്നു.
8. പകർച്ച വ്യാധികൾക്ക് കാരണമായ ഈച്ചകൊതുക് എന്നിവയുടെ നിർമ്മാർ ജ്ജന പ്രക്രിയ കാര്യക്ഷമമമായി നടക്കു ന്നില്ല.
9. മാലിന്യങ്ങൾ, ചപ്പുചവറുകൾ എന്നിവ പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ കെട്ടികിടക്കുന്നു.
10. കിണറുകൾ, കുളങ്ങൾ എന്നിവ മതിയായ രീതിയിൽ സംരക്ഷിക്കാത്തതുകൊണ്ട് മാലിന്യങ്ങൾ ഒഴുകിയെത്തുന്നു.
11. കാനകൾ, അഴുക്കുചാലുകൾ എന്നിവ ഉപയോഗയോഗ്യമല്ലാത്തതുകൊണ്ട് അഴുക്കു ജലം കെട്ടിക്കിടക്കുന്നു.
12. പോഷകാഹാരകുറവ്.
13. കിടത്തി ചികിത്സിക്കുന്നതിന് ആശുപത്രി കൾ ഇല്ല.
14. അഞ്ചാം വാർഡിലെ പഞ്ചായത്ത് ശ്മശാനം മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
15. പഞ്ചായത്തിൽ പൊതു മൂത്രപ്പുരകൾ ഇല്ല.

സാധ്യതകൾ

1. കുടുംബക്ഷേമ കേന്ദ്രങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ആഴ്ചയിൽ 3 ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം.
2. ആവശ്യത്തിന് മരുന്ന് ലഭ്യമാകുന്ന സംവി ധാനം ഉണ്ടാകണം.
3. മാടക്കത്തറ P.H.C. ഇൻ പേഷ്യൻറ് വിഭാഗം കൂടി ഉൾപ്പെടുത്തക്ക വിധം സൗകര്യങ്ങൾ ഉണ്ടാകണം. ഡോക്ടർമാരെ സ്ഥിരമായി നിയമിയക്കുകയും സ്ഥാപനപരമായ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യേ ണ്ടത് അത്യാവശ്യമാണ്.
4. കൊതുക്, ഈച്ച മുതലായ പകർച്ച വ്യാധികളുടെ നിർമ്മാർജ്ജന പ്രക്രിയ കാലാകാലങ്ങളിൽ ശരിയായ രീതി യിൽ നടത്തേണ്ടതാണ്.
5. അഴുക്കുചാലുകൾ, കാനകൾ എന്നിവ ഉപയോഗ യോഗ്യ മാക്കുക. പൊതുകുളങ്ങളും കിണറുകളും ഭിത്തി കെട്ടി സംരക്ഷിക്കുക.
6. P.H.C. യിൽ റിക്കാർഡുകൾ കൃത്യമായി സൂക്ഷിക്കുന്നിതിനുള്ള സംവിധാനം ഉണ്ടാകണം
7. തോട്ടപ്പടിയിൽ സ്ഥിതി ചെയ്യുന്ന അലോപ്പതി ആശുപത്രിയിലക്കുള്ള ഗതാഗതസൗകര്യം ലഭ്യമാക്കുന്നതിന് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ വടക്കേ അറ്റത്തുള്ള (സ്കൂളിനടുത്ത്) അടച്ചിട്ടുള്ള ഗേറ്റു തുറന്നുകൊടുക്കുകയും അതിലൂടെ ബസ് ഗതാഗതം ആരംഭിയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും വേണം.
8. യാത്രാ സൗകര്യങ്ങൾ കുറവുള്ള മലയോരപ്രദേശങ്ങളിൽ പുതുതായി ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.
9. കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയും, സാമ്പത്തിക മായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന് സൗജന്യമായി കക്കൂസ് നിർമിച്ചുകൊടുക്കുകയും വേണം.
10. പോഷകാഹാരകുറവ് പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.
11. മേപ്പാടം റബ്ബർ ഫാക്ടറിയിൽ നിന്നുണ്ടാകുന്ന പരിസര മലിനീകരണം നിയന്ത്രിക്കേണ്ടതാണ്.
12. വിറക് കത്തിക്കുന്ന വീടുകളിൽ പുകയേൽക്കാത്ത അടുപ്പുകളുടെ നിർമ്മാണം നിർബന്ധിതമാക്കണം.
13. കൃഷിയിലെ അമിതമായ കീടനാശിനി പ്രയോഗം നിയന്ത്രിക്കേണ്ടതും അത്യാവശ്യമാണ്.
14. കരിങ്കൽ തൊഴിലാളികൾക്ക് സൗജന്യ ഇൻഷുറൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, ഏഴാം വാർഡിൽ ഒരു E.S.I. സ്ഥാപിക്കേണ്ടതും ഉണ്ട്. ഇത് കരിങ്കൽ ക്വാറി തൊഴിലാളികൾക്കും വളരെയേറെ ഗുണം ചെയ്യുന്നതായിരിക്കും.
15. സാംക്രമിക രോഗങ്ങൾക്കെതിരെ സമയാസമയങ്ങളിൽ കുത്തിവെപ്പു നടത്തുകയും എല്ലാത്തിനുമപരി ജനങ്ങൾക്ക് ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ എല്ലാ പ്രദേശങ്ങളിലും നടത്തുകയും വേണം.
16. വെള്ളാനിക്കര ആയുർവേദ വിഷവൈദ്യ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൻെറ ഭാഗമായി ആശുപത്രിക്ക് ലഭ്യമായിട്ടുള്ള സ്ഥലത്ത് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കേണ്ടതും, വിഷവൈദ്യ ചികിത്സയ്ക്കുപരി ആയുർവേദത്തിൽ മറ്റു രോഗങ്ങൾക്കുള്ള ചികിത്സയും ഇവിടെ ലഭ്യമാക്കുകയും വേണം.
17. സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ ശോചനീയാവസ്ഥ പരിഹരിക്കണം, സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കിയെടുക്കുകയും വേണം.
18. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കണം.
19. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പൊതുസ്ഥാപനങ്ങളോടനുബന്ധിച്ച് മൂത്രപ്പുരകൾ സ്ഥാപിക്കേണ്ടതാണ്.
20. നിലവിലുള്ള മെറ്റൽ ക്രഷർ യൂണിറ്റിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കേണ്ടതും പുതിയവ അനുവദിക്കുമ്പോൾ മതിയായ മലിനീകരണ നിയന്ത്രണ സംവിധാനം ഉണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്
21. ജനന മരണങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാവുന്ന തരത്തിൽ നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്.

# 5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

മലയോരഗ്രാമങ്ങളും കാർഷിക പ്രധാനമായ ഭൂപ്രദേശങ്ങളും ഉൾപ്പെടുന്ന മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ പാർപ്പിട സൗകര്യം സാമാന്യം തൃപ്തികരമാണെന്ന് വിലയിരുത്താവുന്നതാണ്. കരിങ്കൽ ക്വാറി ജോലിക്കായി വരുന്ന അന്യസംസ്ഥാനക്കാരൊഴികെ കടത്തിണ്ണകളിൽ അന്തിയുറങ്ങേണ്ടിവരുന്ന ഭവനരഹിതർ പഞ്ചായത്തിലില്ല. എങ്കിലും മഴക്കാലങ്ങളിൽ ചോർന്നൊലിയ്ക്കുന്ന തൃപ്തികരമല്ലാത്ത കുടിലുകളിലും കൂരകളിലും താമസിക്കുന്ന കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

പഞ്ചായത്ത് രജിസ്ട്രഷൻ നൽകിയിട്ടുള്ള 5954 കെട്ടിടങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഇതിൽ 611 എണ്ണം ഓലയോ വൈക്കോലോ മേഞ്ഞവയാണ്. പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വാർഡ്തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിയുടെ പ്രതിഫലനമാണ് പാർപ്പിട സൗകര്യം സൂചിപ്പിക്കുന്നത്. 91 ലെ സെൻസസ്സ് പ്രകാരം കേരളത്തിലെ 51.6% വീടുകൾ മെച്ചപ്പെട്ട സൗകര്യങ്ങളുള്ള ഓടുമേഞ്ഞതോ, കോൺക്രീറ്റ് നിർമ്മിതമോആണ്.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെസ്വഭാവം | | | |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1 | 554 | 118 | 373 | 49 | 14 |
| 2 | 459 | 166 | 265 | 20 | 8 |
| 3 | 583 | 28 | 249 | 38 | 15 |
| 4 | 452 | 102 | 313 | 25 | 12 |
| 5 | 476 | 90 | 318 | 66 | 2 |
| 6 | 767 | 207 | 484 | 51 | 25 |
| 7 | 692 | 176 | 461 | 28 | 27 |
| 8 | 743 | 141 | 453 | 138 | 11 |
| 9 | 685 | 86 | 473 | 120 | 6 |
| 10 | 543 | 47 | 418 | 76 | 2 |
| ആകെ | 5954 | 1414 | 3807 | 611 | 122. |




എന്നാൽ മാടക്കത്തറ പഞ്ചായത്തിലെ ഇപ്പോഴത്തെ സ്ഥിതി വളരെ മെച്ചപ്പെട്ടതാണെന്ന് ചിത്രത്തിൽ നിന്നും കാണാവുന്നതാണ്.തറ, ചുമർ, മേൽപുര, വിസ്തീർണ്ണം എന്നീ ഘടകങ്ങൾ പരിശോധിച്ചാൽ തൃപ്തികരമല്ലാത്തതും അടിയന്തിരമായ മാറ്റം ആവശ്യമുള്ളതുമായ 10% വീടുകൾ പഞ്ചായത്തിലുണ്ടെന്ന് കാണാം 2% വീടുകൾ വിവിധയിനം ഷീറ്റുകൾ മേഞ്ഞവയാണ്. ഇപ്പോഴത്തെ വീടുകളിൽ 64% ഓടുമേഞ്ഞതാണെങ്കിലും കോൺക്രീറ്റ് വീടുകളുടെഎണ്ണം വ ർ ഷം തോറുംകൂടിവരുന്ന പ്രവണത ഉണ്ട്.പഞ്ചായത്തില 80% വീടുകളുടെയും ചുമർ ഇഷ്ടിക, വെട്ടുകല്ല് മുതലായവ കൊണ്ട് നിർമ്മിതമാണ് ഏകദേശം 10% മൊസൈക്ക്തറയുള്ള വീടുകളാണ്. എന്നാൽ പഞ്ചായത്തിലെ നല്ലൊരു ഭാഗം വീടുകളുടെയും അകം പരമ്പരാഗത രീതിയിൽ ചാണകമെഴുകിയതാണ്.

പഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ മെച്ചപ്പെട്ട പാർപ്പിട സൗകര്യമുള്ളത് പനഞ്ചകം കോളനിയിൽ മാത്രമാണ്. കള്ളായി, മാറ്റാംപുറം, വെറ്റിലപ്പാറ, പേര(കട്ടിളപൂവ്വം) ചെട്ടിക്കാട് എന്നീ കോളനികളിലെ വീടുകളുടെ അവസ്ഥ വളരെ മോശമാണ്.

പഞ്ചായത്തിൽ മൂന്ന് 'ലക്ഷം വീട് 'കോളനിയും രണ്ട് മിച്ചഭൂമി കോളനിയും ഒരു നാലു സെൻറ് കോളനിയുണ്ട്. ഈ കോളനികളിലെ കുടുംബങ്ങളുടെ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| കോളനിയുടെ സ്വഭാവം | സ്ഥിതിചെയ്യുന്ന സ്ഥലം | വാർഡ് | വീടുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| ലക്ഷംവീട് | മാറ്റാംപുറം | 7 | 18 ഡുപ്ലെക്സ് | 36 |
| ലക്ഷംവീട് | മാടക്കത്ര | 1 | 14 ഡുപ്ലെക്സ് | 28 |
| മിച്ചഭൂമി | താണിക്കുടം | 8 | 11 | 11 |
| മിച്ച ഭൂമി | കരുവാൻകാട് | 8 | 32 | 32 |
| 4 സെൻറ് കോളനി | മാടക്കത്ര | 1 | 51 | 51 |
| | ആകെ | | 144 | 194 |

ഈ കോളനികളിലെ പാർപ്പിട സൗകര്യം തൃപ്തികരമല്ല.

1992-ലെ ഐ. ആർ.ഡി.പി. സർവ്വേപ്രകാരം പഞ്ചായത്തിൽ ഭവന നിർമ്മാണ സഹായം ആവശ്യമുള്ള കുടുംബങ്ങളുടെ കണക്ക് പട്ടിക മൂന്നിൽ കൊടുക്കുന്നു.

636 വീടുകൾക്ക് ഭവനനിർമ്മാണ സഹായം ആവശ്യമുണ്ടായിരിക്കെ വെറും 15 കുടുംബങ്ങൾക്കാണ് സഹായം ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 621 കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം മെച്ചപ്പെടുത്താനുള്ള അടിയന്തിര സഹായം എത്തിക്കേണ്ടിരിക്കുന്നു.

റോഡ് പുറമ്പോക്കിലും മറ്റും അനധികൃതമായി കുടിൽ കെട്ടി താമസിക്കുന്ന 66 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

പാടം നികത്തി വീടുപണിയുന്ന പ്രവണത പഞ്ചായത്തിൽ താരമേന്യ കുറവാണ്. ഗൾഫ് പണത്തിന്റെ സ്വാധീനവും ദുർവ്വിനിയോഗവും പാർപ്പിട നിർമ്മാണ രംഗത്ത് കാര്യമായി പഞ്ചായത്തിലുണ്ടായിട്ടില്ല. എങ്കിലും ഭൂമിയുടെ വിലയും കെട്ടിട നിർമ്മാണ സാധനങ്ങളുടെ വിലയും ക്രമാധീതമായി അടുത്ത വർഷങ്ങളിലായി വർദ്ധിക്കുകയുണ്ടായിട്ടുണ്ട്. കഴിഞ്ഞ നാലു വർഷം കൊണ്ട് ഗൃഹനിർമ്മാണ വസ്തുക്കളുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് പട്ടികയിൽ കൊടുത്തിരിക്കുന്നു.

കെട്ടിടനിർമ്മാണ തൊഴിലാളികളുടെ കൂലിയിലും വൽദ്ധനവുണ്ടായിട്ടുണ്ട്. 1992-ൽ മേസന്റെ കൂലി 70 രൂപയായിരുന്നത് 96-ൽ 160 രൂപയായിട്ടുണ്ട് എന്ന് പട്ടികയിൽ നിന്നും കാണാം.

| ഇനം | അളവ് | 1992 ലെ വില രൂപ | 1996 ലെ വില രൂപ | വർദ്ധനവ് ശതമാനം |
|---|---|---|---|---|
| കല്ല് | 1 ലോറി | 375 | 800 | 113.3% |
| ചൂള ഇഷ്ടിക | 1000 | 600 | 1700 | 183.3% |
| മെറ്റൽ | 1 യൂണിറ്റ് | 575 | 1100 | 91.3% |
| മണൽ | 1 ലോറി | 575 | 1200 | 108.7% |
| സിമൻറ് | 1 ചാക്ക് | 112 | 200 | 78.6% |
| കമ്പി | 1കി | 11.7 | 16.4 | 40.17% |

**പട്ടിക 3**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|
| വീട് ആവശ്യമുള്ള കുടുംബങ്ങൾ | 34 | 50 | 127 | 68 | 135 | 16 | 82 | 79 | 45 |

| വിദഗ്ധതൊഴിലാളി | 92 ലെ കൂലി രൂപ | 96 കൂലി.രൂപ |
|---|---|---|
| മേസൺ | 70 | 160 |
| മരാശാരി | 70 | 150 |
| അവിദഗ്ധ തൊഴിലാളി | | |
| പുരുഷൻ | 60 | 130 |
| സ്ത്രീ | 50 | 100 |

മറ്റ് കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കൂലിയിലും ഇക്കാലയളവിൽ ഇരട്ടി വർദ്ധനവുണ്ടായിട്ടുണ്ട്. ഇക്കാരണങ്ങൾ കൊണ്ടു തന്നെ സമൂഹത്തിലെ താഴെക്കിടയിലുള്ള ഭൂരിപക്ഷ ജനസമൂഹത്തിന് ഭവന നിർമ്മാണം

ഇന്നൊരുമരീചികയായിമാറികൊണ്ടിരിക്കുകയാണ് ചിലവുകുറഞ്ഞവീടുകളുടെനിർമ്മാണ രീതികളെക്കുറിച്ച് ജനങ്ങളെബോധവൽക്കരിക്കുകയാണ് ഇതിനൊരു പരിഹാരം.

മാടക്കത്തറ പഞ്ചായത്തിന് മാത്രമായി ഒരു ഭവന നിർമ്മാണ സഹകരണസംഘമില്ല. മാടക്കത്തറ, ഒല്ലൂക്കര, വിൽവട്ടം എന്നീ പഞ്ചാത്തുകൾക്കായി ഒരു ഹൗസിംങ് സഹകരണ സംഘം മണ്ണൂത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപിതമായിട്ട് മൂന്ന് പതിറ്റാണ്ട് കഴിഞ്ഞുവെങ്കിലും ഈ സഹകരണ സംഘത്തിന് കാര്യമായ നേട്ടങ്ങൾ കൈവരിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.

മാടക്കത്തറ പഞ്ചായത്തിലെ 15 കുടുംബങ്ങൾക്ക് മാത്രമെ നാളിതുവരെ ധനസഹായം ലഭിച്ചിട്ടുള്ളു. വായ്പ കൊടുത്ത മൊത്തം തുക 342630 രൂപ മാത്രമാണ്. ഇന്നും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഭവന നിർമ്മാണ സഹകരണ സംഘത്തിന് ഒരു സ്ഥിരമായ സെക്രട്ടറിയോ മറ്റ് ജീവനക്കാരോ ഇല്ലാത്ത ശോചനീയാവസ്ഥയുണ്ട്. അപേക്ഷകർ ധാരാളമുണ്ടെങ്കിലും എല്ലാവർക്കും വായ്പ നൽകാനുള്ള സ്വന്തം ധനശേഷിയോ മറ്റ് സംവിധാനമോ ഈ സംഘത്തിനില്ല. ഈ ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി ആവശ്യക്കാർക്കെല്ലാം വായ്പ നൽകാനുള്ള സാഹചര്യം അടിയന്തിരമായി ഉണ്ടാക്കേണ്ടതുണ്ട്.

കേരളത്തിന്റെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കണമെങ്കിൽ 2000 കോടി രൂപയോളം വേണ മെന്നാണ് വിലയിരുത്തിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സഹായമൊന്നുകൊണ്ടുമാത്രം പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാനാവില്ല. ഇതുകൊണ്ട തന്നെ സമൂഹത്തിലെ സമ്പന്ന വിഭാഗത്തിന്റെയും സന്നദ്ധ സംഘടനകളുടെയും ആത്മാർത്ഥമായ സഹകരണം തേടേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. ഭൂമിയുടെയും കെട്ടിടനിർമ്മാണ വസ്തുക്കളുടെയും ഭീമമായ വിലക്കയറ്റം പാർപ്പിട പ്രശ്നം ഗുരുതരമാക്കുന്നു.
2. മിതമായ പലിശയ്ക്കും ലളിതമായ വ്യവസ്ഥകളിലും ഭവന നിർമ്മാണ വായ്പ ലഭിക്കുന്നില്ല.

3. അനവധി വർഷങ്ങളായി കൃഷി ചെയ്തു കൊണ്ടിരിക്കുന്ന കൈവശ വനഭൂമിയുടെ ഈടിന്മേൽ ധനകാര്യ സ്ഥാപനങ്ങൾ ബവനനിർമ്മാണ വായ്പ നൽകുന്നില്ല.

4. ഭവനനിർമ്മാണ സഹകരണ സംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

5. വിദഗ്ദ ഭവനനിർമ്മാണ തൊഴിലാളികളുടെ ലഭ്യത കുറവ്.

6. സ്വന്തമായി വീടില്ലാത്ത, വാടക വീട്ടിൽ കഴിയുന്ന കുടുംബങ്ങൾ അനവധിയുണ്ട്.

7. ചിലവു കുറഞ്ഞ വീടുനിർമ്മാണ സാങ്കേതിക വിദ്യയിൽ വൈദഗ്ധ്യമുള്ളവർ പഞ്ചായത്തിൽ ലഭ്യമല്ല.

8. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ നിലവിലില്ല.

9. ലക്ഷം വീട് കോളനികളിലെ ഓരാ കുടുംബങ്ങൾക്കും പ്രത്യേകം കക്കൂസ്, കുളിമുറി മുതലായ സൗകര്യങ്ങൾ ഇല്ലാത്തത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

10. ലക്ഷം വീട് കോളനികളിലെ വീടുകളുടെ അറ്റകുറ്റ പണി നടത്താത്തതുകൊണ്ട് ചോർന്നൊലിക്കുന്ന അവസ്ഥയുണ്ട്.

**സാധ്യതകൾ**

1. നിലവിലുള്ള ഭവനനിമ്മാണ സഹകരണ സംഘത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കി പഞ്ചായത്തിലെ ആവശ്യക്കാർക്കു മുഴുവൻ ധന സഹായം ലഭ്യമാക്കാവുന്നതാണ്.

2. ചിലവു കുറഞ്ഞ കെട്ടിടനിർമ്മാണ രീതി പ്രചരിപ്പിയ്ക്കുന്നതിന് കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം കൊടുക്കണം.

3. പണിയുന്ന വീടിൻെറ ഈടിന്മേൽ ധനകാര്യ സ്ഥാപനങ്ങൾ വഴി ഭവനനിർമ്മാണ വായ്പകൾ ലഭ്യമാക്കണം.

4. കരിങ്കൽ ക്വാറികൾ ധാരാളമുള്ള പഞ്ചായത്തിൽ കെട്ടിടനിർമ്മാണ വസ്തുക്കളായ കോൺക്രീറ്റ് ഇഷ്ടിക, കട്ടിള, ജനാല മുതലായവ സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ച് കുറഞ്ഞ വിലയ്ക്ക് നൽകാൻ സാധിക്കും.

5. റോഡ് പുറമ്പോക്കിലും മറ്റും താമസിക്കുന്ന കുടുംബങ്ങളെ ലഭ്യമായ മറ്റ് അനുയോജ്യ റവന്യൂപുറമ്പോക്ക് പതിച്ചുകൊടുത്ത് പുനരധിവസിപ്പിക്കാവുന്നതാണ്.

6. അനുയോജ്യമായ സ്ഥലത്ത് പഞ്ചായത്ത് ഫ്ളാറ്റുകൾ നിർമ്മിച്ച് പുറമ്പോക്ക് നിവാസികളെയുംമറ്റും പുനരധിവസിപ്പിയ്ക്കേണ്ടതാണ്.

# സാമൂഹ്യ ക്ഷേമം

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ഈ പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതും തൊഴിൽ നൈപുണ്യം ഉയർത്തുന്നതുമായ പലപരിപാടികളും ഇതിൽ പെടുന്നു. 1992 ലെ IRDP സർവ്വെ പ്രകാരം പഞ്ചായത്തിലെ ദാരിദ്രരേഖക്കു താഴെയുള്ളവരുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ പട്ടിക ആറിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 6 - ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുംടുംബങ്ങൾ**

പഞ്ചായത്തിലെ 4268 കുടുംബങ്ങളിൽ40 ശതമാനവും ദാരിദ്ര രേഖക്കു താഴെ വരുന്നവയാണ്. ഏതാണ്ട് 250 പട്ടികജാതി കുടുംബങ്ങളാണ് ഇവിടെയുള്ളത്. അവരിൽ 80 ശതമാനത്തോളം ദാരിദ്രരേഖക്കു താഴെയാണ്. സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത 1392 നിർബദ്ധന കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. കക്കൂസുകൾ ഇല്ലാത്തവരുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു. പഞ്ചായത്തിലെ 8,9,10 വാഡുകളിലാണ് കക്കൂസുകൾ ഇല്ലാത്ത കുടുംബങ്ങളിൽ ഏറെയുംഎന്ന് കാണാം. അദ്ധ്യായം 5-6 ൽ പട്ടിക 4 നോക്കുക.

ജനങ്ങളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഉള്ള ജ.ആർ.വൈ. പദ്ധതി സംബന്ധിച്ച കണക്കുകൾ പട്ടിക മൂന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക -7

ജെ.ആർ.വൈ പദ്ധതിയിൽ 1995-96 ൽ ചെലവഴിച്ച തുക ആകെ 354700 രൂപയാണ് അതിനാൽ 72700 രൂപ (20.5ശ.മാ) പട്ടികജാതി പട്ടികവർഗത്തിനായി ചെലവഴിച്ചത്. പൊതുവിഭാഗത്തിൽ ചെലവഴിച്ച മുഴുവൻ തുകയും റോഡ് നിർമ്മാണത്തിനാണ് വിനിയോഗിച്ചത്.

1996-97 ലെ ആക്ഷൻ പ്ലാനിൽ 2,73,600 രൂപയാണ് ചെലഴിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 79200 (30ശതമാനം) പട്ടികജാതി പട്ടികവർഗ വിഭാഗത്തിനാണ്ട് ചെലവഴിക്കാനാണ് തീരുമാനം. സാനിട്ടറി കക്കൂസ് നിമ്മാണത്തിനായി 16000 രൂപയും ബാക്കി വീട് നിർമ്മാണത്തിനുമാണ് നീക്കി വെച്ചിട്ടുള്ളത് റോഡു നിർമ്മാണത്തിനാണ് പൊതുവിഭാഗത്തിലെ വിനിയോഗിക്കുക.

പഞ്ചായത്തിൽ ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ നൽകുന്ന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം സഹായങ്ങൾക്ക് അഹർതയുള്ള 51 പേരിൽ 18 പേർക്കുമാത്രമെ ധമസഹായം ലഭിച്ചിട്ടുള്ളു. ബാക്കിയുള്ളവർക്ക് ധനസഹായം ലഭ്യമാക്കേണ്ടിയിരിക്കുന്നു. മരപ്പണി, ഇരുമ്പുപണി,സ്വർണ്ണപണി എന്നിവക്കാണ് ധനസഹായം നൽകിയിട്ടുള്ളത്.കളിമൺപാത്രനിർമ്മാണംസസ്യനേഴ്സറി,കുട്ടനെയ്ത്ത്,സൈക്കിൾ റിപ്പയറിംഗ്,ടൈലറിംഗ് എന്നീ കൈത്തൊഴിലുകാർക്ക് ഇനിയും സഹായം നൽകേണ്ടതായിട്ടുണ്ട്.

ട്രൈസം തൊഴിൽ പരിശീലന പദ്ധതി പ്രകാരം മാടക്കത്തറ പഞ്ചായത്തിൽ പരിശീലനം തേടിയവരുടെ വിവരങ്ങൾ പട്ടിക എട്ടിൽ കൊടുത്തിരിക്കുന്നു.

പട്ടിക IV കൊടുക്കുക.

പഞ്ചായത്തിൽ 53 പേർ പരിശീലനം നേടിയെങ്കിലും സ്വയം തൊഴിൽ കണ്ടത്തിയവർ 4 പേർ മാത്രമാണ്. 34 പേർ ഇതര തൊഴിലിലേർപ്പെട്ടിട്ടുണ്ട്. ശേഷിക്കുന്ന 15 പേർ വിദഗ്ദ്ധ പരിശീലനത്തിനുശേഷംവും തൊഴിൽ രഹിതരായി കഴിയുന്നു.ഇത് കാണിക്കുന്നത് ഗുണഭോക്താക്കൾക്ക് താൽപര്യത്തിനനുസരണമായുള്ള പരിശീലമനല്ല ലഭിച്ചത് എന്നാണ്.

DWCRA പദ്ധതിപ്രകാരം വനിതകൾ പണിയെടുക്കുന്ന രണ്ടു യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒരു യൂണിറ്റ് ഇപ്പോൾ ശരിയായി പ്രവർത്തിക്കുന്നുല്ല. ശരിയായനേതൃത്വത്തിൻെറ അഭാവമാണ് പ്രതിസന്ധിക്കുകാരണം.

സാമൂഹ്യ വനവൽക്കരണ പരിപാടിയുടെ ഭാഗമായി മാടക്കത്തറ പഞ്ചായത്തിൽ മഹിളാ സമാജങ്ങൾ, വായനശാലകൾ സാമീഹ്യ സംഘടനകൾ സാധാരണ ജനങ്ങൾ, മറ്റും വഴിയായി വൃക്ഷത്തൈകൾ നട്ടു പിടിപ്പിടിക്കുന്ന പരിപാടികൾ നടത്തിയിട്ടുണ്ട് വനം വകുപ്പാണ് തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തത്.

സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന I C D S ക്ഷേമപരിപാടിളൊന്നും മാടക്കത്ര പഞ്ചായത്തിൽ നിലവിലില്ല. ആയിരം പേർക്ക് ഒരു അങ്കണവാടിയെന്നതാണ് ICDS ൻെറ ലക്ഷ്യമെങ്കിലും പഞ്ചായത്തിൽ നാളിതുവരെ ഒന്നുപോലും ആരംഭിച്ചിട്ടില്ല. ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.ഒല്ലൂക്കരബ്ലോക്കിൻെറ കീഴിൽ മൂന്നു ബാലവാടികളും.BSS ൻെറ കീഴിൽ രണ്ട് ബാലവാടികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

1996 ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ വിവിധ സാമൂഹ്യക്ഷേമ ധനസഹായങ്ങൾ ലഭിക്കുന്നവരുടെ എണ്ണം പട്ടിക 9 ൽ കൊടുക്കുന്നുണ്ട്.

പട്ടിക- 9

പഞ്ചായത്തിൽ ധനസഹായം ലഭിക്കുന്നവരെല്ലാം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നതിനുപോലും സാങ്കേതിക ബുദ്ധിമുട്ടുകളും കാലതാമസവും നേരിടുന്നു.നിയമത്തിൻെറ നൂലാമാലകൾക്കിടയിൽ കുടുങ്ങി അർഹിക്കുന്ന നിരവധി പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നില്ല.

കെട്ടിട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന കുറെ തൊഴിലാളികൾ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ വേണ്ടത്ര ബോധവൽക്കരണമില്ലാത്തതുകൊണ്ട് പലരും ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടില്ല. അപകടസാദ്ധ്യതയുള്ള ഈ തൊഴിലിലേർപ്പെട്ടിരിക്കുന്ന എല്ലാവരേയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതായിട്ടിണ്ട്. സ്വർണ്ണാഭരണ നിർമ്മാണത്തിലേർ പ്പട്ടിരിക്കുന്ന 20 യൂണിറ്റുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. ഈ മേഖലയിലെ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. തയ്യൽ, ബാർബർ, കൊല്ലൻ, തെങ്ങുകയറ്റ തൊഴിലാളികൾ, ബീഡിതൊഴിലാളികൾ എന്നീ വിഭാഗങ്ങളിൽ ഉള്ളവർക്ക് ക്ഷേമനിധി ഉണ്ടങ്കിലും ആരും ഇതിൽ അംഗങ്ങളായിട്ടില്ല.

പൊതു വിതരണം

മാടക്കത്തറ പഞ്ചായത്തിൽ (എട്ട്) പൊതുവിതരണകേന്ദ്രങ്ങൾ ഉണ്ട്. ഇവയിലും പഞ്ചായത്തിന് പുറത്തുള്ള മറ്റൊന്നിലും കൂടി മൊത്തം 4387 കാർഡുടമകൾ ഉണ്ട്, പഞ്ചായത്തിൽ നിലവിലുള്ള പൊതുവിതരണ കേന്ദ്രങ്ങൾ കാർഡുടമകളുടെ എണ്ണം, മൊത്തം ഗുണഭോക്താക്കൾ എന്നിവ തരംതിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക - 10

പൊതുവിതരണ രംഗത്ത് ഒരേ ഒരു മാവേലി സ്റ്റോർ മാത്രമാണ് പൊതുവിതരണ കേന്ദ്രങ്ങളെ കൂടാതെ മാടക്കത്തറയിൽ ഉള്ളത്. ഇത് പഞ്ചായത്തിലെ ആറാം വാർഡിൽ സ്ഥിതിചെയ്യുന്നു. പൊതു വിതരണകേന്ദ്രങ്ങളിലൂടെയുള്ള അവശ്യസാധനങ്ങളുടെ വിതരണത്തെക്കുറിച്ച് സാധാരണക്കാർക്ക് പരാതികൾ ഏറെ ഉണ്ട്. പൊതുവിതരണം പഞ്ചായത്തിൻെറ പൂർണ്ണനിയന്ത്രണത്തിലാക്കിയാൽ ഇതിനൊരു പരിധി വരെ പരിഹാരം കാണാവുന്നതാണ്.

പ്രശ്നങ്ങൾ

1. സാമൂഹ്യക്ഷേമ പരിപാടികൾ അർഹരായ ഗുണഭോക്താക്കൾക്ക് മുഴുവൻ ലഭിക്കുന്നില്ല.
2. പെൻഷൻ ധനസഹായങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുവാനുള്ള കാലതാമസം.
3. പടിഞ്ഞാറെ വെള്ളാനിക്കരയിലുള്ള ബാലവാടി കെട്ടിടത്തിന് ചുറ്റുമതിൽ അത്യാവശ്യമാണ്.
4. സാമൂഹ്യക്ഷേമവകുപ്പിൻെറ കീഴിലുള്ള അങ്കണവാടികൾ പഞ്ചായത്തിലില്ല.
5. സ്ത്രീകൾ ജോലിചെയ്യുന്ന പ്രധാന വ്യവസായസ്ഥാവപനങ്ങളിൽ ശിശുഗൃഹങ്ങൾ നിലവിലില്ല.
6. മഹിളാസമാജങ്ങൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല.
7. തൊഴിലില്ലായ്മ വേതനം ഗുണഭോക്താക്കൾക്ക് യഥാസമയങ്ങളിൽ ലഭിക്കുന്നില്ല.
8. ക്ഷേമനിധികളിൽ അർഹരായ എല്ലാതൊഴിലാളികളും അംഗത്വം എടുത്തിട്ടില്ല.

## സാദ്ധ്യതകൾ

1.സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ചും,ധനസഹായങ്ങളെക്കുറിച്ചും പഞ്ചായത്ത് തലത്തിൽവാർഡ് തലത്തിൽബോധവൽക്കരണ ക്ലാസുകൾ നൽകുക.

2.ആവശ്യമായ നിയമഭേദഗതികൾ വരുത്തിയിട്ടാണെങ്കിലും സാമൂഹ്യക്ഷേമധന സഹായ പദ്ധതികൾ അർഹിക്കുന്ന എല്ലാവർക്കും ലഭ്യമാക്കണം.

3.പഞ്ചായത്തിലെ 10 വാർഡിലും ICDS ന്റെ കിഴീൽ അങ്കണവാഡികൾ ആരഭേക്കേണ്ടതാണ്.

4. പൊതു വിതരണകേന്ദ്രങ്ങൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കണം.

5.പഞ്ചായത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുക.

ട്രൈസാ പരിശീലന നേടിയ പലരും സ്വയം തൊഴിൽ കൊടുക്കുവാൻ മുന്നോട്ടു വന്നിട്ടില്ല. ശരിയായ കാരണം മനസ്സിലാക്കി തൊഴിൽ മേഖലയിൽ പവർത്തിക്കുന്നതിനുള്ള സാധ്യതകൾ ആചരാചണം.

പഞ്ചായത്തിൽ സാനിട്ടിറി കക്കൂസുകൾ ഇല്ലാത്ത അനേകം കുടുംബങ്ങളുണ്ട്. വിവിധ സ്കീമുകളിൽ കൂടിയോ, പഞ്ചായത്തിന്റെ സ്വന്തം ഫണ്ടുപയോഗിച്ചോ കൂടുതൽ കക്കൂസുകൾ നിർമ്മിച്ചി നൽകേണ്ടത്.

### പട്ടിക -6 ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ.

| വാർഡ് നമ്പർ | | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 161 | 20 | വാർഡ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല | 20 |
| II | 215 | 17 | | 17 |
| III | 185 | 8 | | 8 |
| IV | 244 | 2 | | 2 |
| V | 196 | 36 | | 36 |
| VI | 187 | 16 | | 16 |
| VII | 241 | 64 | | 64 |
| VIII | 196 | 30 | | 30 |
| IX | 65 | 7 | | 7 |
| | 1690 | 198 | 251 | 198 |

## പട്ടിക -8 ട്രൈസം ട്രെയിനിംഗ് ലഭിച്ചവർ

| ക്രമ നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതുവരെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | വെൽഡിംങ് | 1 | - | | 1 |
| 2. | ഓട്ടോ ഡ്രൈവർ | 1 | - | 1 | - |
| 3. | ഡയമണ്ട് പോളിഷിങ്ങ് | 4 | | 3 | 1 |
| 4. | മുയൽവളർത്തൽ | 1 | 1 | - | - |
| 5. | ഇലക്ട്രോണിക്സ് | 5 | 1 | - | 4 |
| 6. | കുടയൂണിററ് | 1 | - | 1 | - |
| 7. | മിഠായി | 5 | - | - | 5 |
| 8 | കൈത്തറി | 19 | - | 17 | 2 |
| 9. | കോറപുല്ല് | 1 | - | - | 1 |
| 10. | ടി.വി. വി.സി.ആർ | 2 | 1 | 1 | - |
| 11. | അപ്ഹോൾസ്റ്ററി | 2 | 1 | 1 | - |
| 12. | വാച്ച് റിപ്പയറിംങ് | 3 | - | 3 | - |
| 13. | പ്ലംബിങ്ങ് | 1 | - | 1 | - |
| 14. | ഇലക്ട്രിഷ്യൻ | 5 | - | 5 | - |
| 15. | റെഡിമെയ്ഡ് | 1 | - | | 1 |
| 16. | ചൂരൽ നിർമ്മാണം | 1 | - | 1 | - |
| ആകെ | | 53 | 4 | 34 | 15 |

## പട്ടിക 7 ജെ.ആർ.വൈ. പദ്ധതി സംബന്ധിച്ച കണക്ക്

| ക്രമ നമ്പർ | പണിയുടെ പേര് | പൊതുവിഭാഗം | SC/STവിഭാഗം | ആകെ തുക |
|---|---|---|---|---|
| 1. | ഭവന നിർമ്മാണം | - | 63200-00 | 63200-00 |
| 2. | കക്കൂസ് നിർമ്മാണം | - | 16000-00 | 16000-00 |
| 3. | റോഡ് റീടാറിംഗ് | 94400-00 | - | 94400-00 |
| 4. | റോഡ് അഭിവൃദ്ധിപ്പണി | 100000-00 | - | 100000-00 |

## പട്ടിക 9

### വിവിധ സാമൂഹ്യ ക്ഷേമ പദ്ധതിയിലൂടെ സഹായം ലഭിക്കുന്നവർ

| ക്രമ നമ്പർ | ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1. | വിധവ / അഗതി പെൻഷൻ | 85 |
| 2. | വികലാംഗ പെൻഷൻ | 57 |
| 3. | തൊഴിലില്ലായ്മ വേതനം | 158 |
| 4. | കർഷക തൊഴിലാളി പെൻഷൻ | 194 |
| 5 | വാർദ്ധ്യക്യകാലപെൻഷൻ | 72 |

## പട്ടിക-10 പൊതുവിതരണകേന്ദ്ര സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | കടസ്ഥിതി ചെയ്യുന്ന സ്ഥലം | കാർഡ് ഉടമകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | മേജർ | മൈനർ | ആകെ |
| 1. | മാടക്കത്തറ വെസ്ററ് | 682 | 2687 | 512 | 3199 |
| 2. | മാടക്കത്തറ ഈസ്റ്റ് | 340 | 1262 | 232 | 1494 |
| 3. | ചിറക്കാകോട് | 758 | 2942 | 606 | 3548 |
| 4. | വെള്ളാനിക്കര ഈസ്റ്റ് | 431 | 1454 | 401 | 1855 |
| 5. | പൊങ്ങണം കാട് | 441 | 2066 | 480 | 2546 |
| 6. | താണികുടം | 506 | 1966 | 399 | 2365 |
| 7. | അക്കരപ്പുറം | 411 | 1594 | 374 | 1968 |
| 8 | കട്ടിലപൂവം | 692 | 2887 | 427 | 3314 |
| 9. | പൂളാക്കൽ (പഞ്ചായത്തിന് പുറത്ത്) | 126 | 469 | 129 | 595 |
| | ആകെ | 4387 | 17327 | 3560 | 20887 |
| | | | | | |

# 5.8 സംസ്ക്കാരം

പ്രോജ്ജ്വലമായ ഒരു പ്രാക് ചരിത്രം മതിയായ തെളിവുകളില്ലാതെ ചരിത്രത്താളുകളിൽ സ്ഥാനം നേടാതെ വിസ്മൃതമാക്കപ്പെട്ട തിൻെറ ഒട്ടനവധി അവശിഷ്ടങ്ങൾ മാടക്കത്തറയുടെ വൈവിധ്യമാർന്ന ഭൂപ്രദേശങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. ശാസ്ത്രീയമായി കാലപ്പഴക്കം നിർണ്ണയിച്ചുകൊണ്ടുള്ള ഒരു ഭൂതകാല പര്യവേഷണത്തിൻെറ അനിവാര്യതയിലേക്ക് വെളിച്ചം പകരാൻ പര്യാപ്തമായ തെളിവുക ാകാം ഈ അവശിഷ് ടങ്ങൾ. വെള്ളാനി ഗിരി ശീർഷത്തിലെ ബാണൻ കോട്ട മണ്ണടിഞ്ഞുപോയ ഒരു സുവർണ്ണ കാലഘട്ടത്തിൻെറ സാസ്കാരികപ്പൊലിമ വെളിപ്പെടുത്തിക്കൂടെന്നില്ല.

സാസ്കാരികമായും സാമൂഹ്യമായും ഔന്നത്യം നേടിയ ഒരു ഗതകാല സംസ്കൃതിയുടെ ബാക്കിപത്രങ്ങളാണ് അനുഷ്ടാന നാടൻ കലാരൂപങ്ങൾ. തലമുറകളിൽ നിന്നും തലമുറകളിലേക്ക് അനുക്രമമായി അവ കൈമാറ്റം ചെയ്യപ്പെടുകയും അത് പിൽകാല പരിഷ്കൃത രംഗകലകൾക്ക് വിത്തിടുകയും ചെയ്തിട്ടുണ്ട്.

നൂറ്റാണ്ടുകളുടെ പഴമയും ഒട്ടേറെ ഐതിഹ്യങ്ങളും കേരളത്തിലെ പുരാതന ക്ഷേത്രങ്ങളെ ചുറ്റിപ്പറ്റി നിലനില്ക്കുന്നു. അത്തരം ഐതിഹ്യ കഥകൾ, ഗീതകങ്ങൾ നാടൻശീലുകൾ എന്നിവ നമ്മുടെ പൊയ്പ്പോയ ഇന്നലെകളുടെ സാംസ്കാരിക പൈതൃകം കൂടിയാണ്. മാടക്കത്തറയുടെ സമീപ സ്ഥലങ്ങളിലൂടെയുള്ള വിപുലമായ അന്വേഷണം ഈദൃശ കലാസാംസ്ക്കാരിക പശ്ചാത്തലങ്ങളുടെ ചിത്രം പ്രദാനം ചെയ്യുന്നുണ്ട്. താണിക്കുടം ഭഗവതി ക്ഷേത്രം വെള്ളാനിക്കര ആണ്ടുണ്ണി തേവർ ക്ഷേത്രം തുടങ്ങിയ പുരാതനത്ത്വം പേറുന്ന ക്ഷേത്രങ്ങൾ അനുഷ്ടാന കലകളുടെ കേളീരംഗങ്ങളായിരുന്നു. വിവിധ ജാതിവിഭാഗങ്ങളുടെ നേതൃത്ത്വത്തിൽ പരമ്പരാഗതമായി അനുഷ്ടിച്ചു വരുന്ന ദേവീദേവ പ്രീതിക്കായുള്ള കലാ പ്രകടനങ്ങൾ സാംസ്കാരിക വിനിമയത്തിൻെറ കൂടി നിദർശനമായി കാണാവുന്നതാണ്.

വിഷുവേല മഹോത്സവം, ധനുമാസത്തിലെ പത്താമുദയാഘോഷം എന്നീ ഉൽസവങ്ങളോടനുബന്ധിച്ച് താണിക്കുടം ക്ഷേത്രത്തിൽ വൈവിധ്യമാർന്ന അനുഷ്ടാനകലാരൂപങ്ങൾ അരങ്ങേറിയിരുന്നു. വിഷുസംക്രമവേലയോടനുബന്ധിച്ച് പൊയ്ക്കുതിരകളെ കെട്ടി എഴുന്നള്ളിക്കുന്ന ആഘോഷം തെക്കുപുറം വടക്കുംപുറം ദേശക്കാർ മൽസരാടിസ്ഥാനത്തിലാണ് നടത്തിവരുന്നുണ്ട്. 1967 മുതൽ ആനയെഴുന്നെള്ളിപ്പ് പ്രധാന ആഘോഷമായി മാറുകയും കുതിര വേല നാമമാത്രമാവുകയും ചെയ്തു. തിറയാട്ടവും പൂതങ്കളിയും പ്രാചീന കലകളുടെ പര്യായമായി ഇന്നും നിലനില്ക്കുന്നു. ദാരികൻ, കാളി, മൂക്കൻ ചാത്തൻ, കരിങ്കാളി എന്നീ തിറയാട്ടം താഴ്ന്ന ജാതിക്കാരുടേതെന്നല്ല എല്ലാ വിഭാഗം ജനങ്ങളുടേയും ശ്രദ്ധയാകർഷിച്ചിരുന്നു. കാളകളി, തോറ്റംപാട്ട്, ഐവർകളി എന്നിവ ഇക്കൂട്ടത്തിൽ അവതരിപ്പിക്കപ്പെട്ടിരുന്ന കലാരൂപങ്ങളാണ്. മലബാർ പ്രദേശത്ത് അവതരിപ്പിക്കപ്പെടുന്ന തെയ്യവും തിറയും ചരിത്രപരമായി ഇതിനോട് സാമ്യമുള്ളതാണ്. ഈ അനുഷ്ടാനകലകൾ താണിക്കുടം കേന്ദ്രമായി ഉണ്ടായിരുന്ന ഒരു വലിയ ഭൂപ്രദേശത്ത് അധിവസിച്ചിരുന്ന കർഷകസമൂഹത്തിൻെറ കലാസാസ്കാരിക സമന്വയം കൂടിയായിരുന്നു.

വെള്ളാനിക്കര അയ്യപ്പാൻകാവിന്* കിഴക്കായി പോത്തോട്ടം വേല നിന്നിരുന്നു. ഉച്ചത്തിലുള്ള വാദ്യമേളങ്ങളും ആൾക്കൂട്ടത്തിൻെറ ആരവങ്ങളും കൊണ്ടു മുഖരിതമായ അന്തരീക്ഷത്തിൽ പോത്തോട്ടത്തറക്കു ചുറ്റും പോത്തുകളെ ഓടിക്കുന്നു. തുലാമാസത്തിലെ തിരുവോണനാളിൽ നടത്തപ്പെട്ടിരുന്ന ഈ പോത്തോട്ട പന്തയ വേല നിലനിന്നിരുന്ന ഒരു കാർഷിക സമൃദ്ധിയുടെ കൂടി പ്രതിഫലനമാണ്.

പ്രാചീന കലാരൂപങ്ങളിൽ പലതും വിസ്മൃതമായിക്കൊണ്ടിരിക്കുകയാണ്. ഒരു കാലഘട്ടത്തിൽ മണ്ണിൽ പണിയെടുക്കുന്നവൻെറ കലാരൂപങ്ങൾക്ക് അംഗീകാരവും അർഹതയുമുണ്ടായിരുന്നു. എന്നാൽ ആ സാംസ്കാരികത്തനിമ ഇന്ന് അന്യം നിന്നുപോവുകയാണ്. പുതിയ തലമുറ ഇത് തുടർന്നുപോകുന്നത് അഭിലഷിക്കുന്നില്ല, എന്നോ അവയെക്കുറിച്ചറിയുന്നവരാകട്ടെ അത്

പകർന്നു നല്കാൻ ഇഷ്ടപ്പെടാതിരിക്കുകയോ ചെയ്യുന്നുണ്ട് എന്ന് കരുതേണ്ടിയിരിക്കുന്നു.

ദേശീയ പ്രസ്ഥാനത്തിൻെറ വളർച്ചയും അമ്പതുകളുടെ മദ്ധ്യത്തോടെ വേരോട്ടം നേടിയ കർഷക സംഘം പോലുള്ള ജനകീയ മുന്നേറ്റവും കലാസാംസ്കാരിക സംഘടനകളുടെ വികാസത്തിന് കളമൊരുക്കി. ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായുണ്ടായ ആവേശത്തിൽ മാടക്കത്തറയുടെ പരിവർത്തന ചക്രം തിരിച്ച ആദ്യ ജനകീയ സംഘാടനത്തിൻെറ സൃഷ്ടിയാണ് 1939ലാരംഭിച്ച മാടക്കത്തറ ഗ്രാമീണവായനശാല. മാടക്കത്തറ എൽ.പി.സ്കൂളിനോടനുബന്ധിച്ചാണ് ഈ വായനശാല ആരംഭിച്ചത്. ദേശീയ ബോധത്തിൻെറ വഴിത്താര വെട്ടിത്തുറന്നത് ഈ വായനശാലയിൽ നിന്നാണ്. മാടക്കത്തറ സ്കൂളിൻെറ സ്ഥാപകരിൽ പ്രമുഖനായിരുന്ന അപ്പുമാഷ്, കെ.ശങ്കുണ്ണി മേനോൻ, ഇട്ടി എഴുത്തച്ഛൻ, എന്നിവരായിരുന്നു ഈ ശ്രമങ്ങൾക്ക് പ്രേരകശക്തിയായത്.ഇട്ടി എഴുത്തച്ഛൻ വളരെക്കാലം വായനശാലാ ലൈബ്രറിയേനായി പ്രവർത്തിച്ചു. മാടക്കത്തറയെ കലാസാംസ്കാരിക അഭിവൃദ്ധിയിലേക്ക് നയിക്കുന്നതിൽ ഈ സാസ്കാരിക സ്ഥാപന ത്തിൻെറ പങ്ക് അദ്വിതീയമാണ്. പൊതുവായന ശാല സ്കൂൾ കെട്ടിടത്തിൽ നിന്ന് പിന്നീട് സംഭാ വനയായി ലഭിച്ച സ്ഥലത്തേക്ക് മാറ്റി സ്ഥാ പിച്ചു. മാടക്കത്തറ ഗ്രാമീണ വായനശാലയുടെ പ്രവർത്തനത്തിൻെറ അലയൊലികൾ വെള്ളാനിക്കരയിലേക്കും വ്യാപിച്ചു. 1946 മാർച്ച് 18 (1117 കുംഭം 30)ന് ഉൽക്കർഷേച്ഛുക്കളായ നാട്ടുകാരുടെ ശ്രമഫലമായാണ് വെള്ളാനിക്കര ഗ്രാമീണ വായനശാല ജന്മമെടുത്തത്. അവിലിശ്ശേരി അയ്യപ്പൻ, നൊട്ടത്ത് കുഞ്ഞുണ്ണി നായർ, അപ്പുമാസ്റ്റർ എന്നിവരാണ് ഈ വായനശാലയുടെ ഉത്ഭവത്തിന് നേതൃത്വം നല്കിയത്. ഇന്നു സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ വായനശാല 1995ൽ സുവർണ്ണ ജൂബിലി ആഘോഷിച്ചു.

വിദ്യാലയങ്ങളുടെയും വായനശാലകളുടേയും ആവിർഭാവം സാമൂഹ്യ പരിവർത്തനത്തിന് ആക്കം കൂട്ടിയ അമ്പതുകളിൽ കലാ സമിതികളുടെ തുടക്കത്തിന് പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ഇടയായി. വിദ്യുത് ദീപ പ്രഭയുടെ യാതൊരു തിളക്കവുമില്ലാതെ പെട്രോമാക്സിൻെറ മാത്രം വെളിച്ചത്തിൽ അരങ്ങേറിയ നാടകങ്ങൾ മാടക്കത്തറ പ്രദേശങ്ങളിൽ പുത്തനുണർവിന് നിദാനമായി. മാടക്കത്തറ, പടിഞ്ഞാറേ വെള്ളാനിക്കര, പാണ്ടിപ്പറമ്പ്, ചെട്ടിക്കാട് തുടങ്ങിയ മിക്ക സ്ഥലങ്ങളിലും ഇത്തരം നാടകാവതരണ വേദികൾ ധാരാളം നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇത് കലാ സാംസ്കാരിക രംഗത്ത് എടുത്തു പറയാവുന്ന ചലനങ്ങളുണ്ടാക്കിയെങ്കിലും എഴുപതുകളുടെ അവസാനത്തോടെ മിക്കവാറും അസ്തമിച്ചു. ഇത്തരം കലാസമിതികൾ ഇന്ന് ഓർമ്മകളിൽ മാത്രമാണ് ജീവിക്കുന്നത്.

കുടിയേറ്റം മാടക്കത്തറയുടെ വടക്കു കിഴക്കൻ മലയോരങ്ങളിൽ കലാസാംസ്കാരിക മുന്നേറ്റങ്ങളുടെ വേദിക പണിതുയർത്തിയിട്ടുള്ള ചരിത്രമുണ്ട്. 1956 കാലഘട്ടത്തിൽ കേരളത്തിലങ്ങോളമിങ്ങോളം പുരോഗമന പ്രസ്ഥാനങ്ങളുടെ സമ്മേളനവേദികൾ നാടകാവതരണത്തോടെയാണവസാനിച്ചിരുന്നത്. കട്ടിലപ്പൂവ്വം കേന്ദ്രമായി മലയോരകർഷകരുടെ ആദ്യസമ്മേളനത്തിൽ തന്നെ നാട്ടിലെ പുരോഗമനേച്ഛുക്കളായ ചെറുപ്പക്കാർ ചേർന്ന് നാടകം അവതരിപ്പിച്ചു. ആധുനിക സങ്കേതങ്ങളൊന്നും ലഭ്യമല്ലാതിരുന്ന അക്കാലത്ത് ഇത്തരം വേദികൾ ആബാല വൃദ്ധം ജനങ്ങളുടേയും സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതമായിരുന്നു. തിരുവിതാംകൂർ പ്രദേശത്ത് പ്രചുരപ്രചാരം നേടിയിരുന്ന ക്രിസ്തീയ പാരമ്പര്യകലയായ ചവിട്ടുനാടക വേദിക്കും മലയോര പ്രദേശം കളമൊരുക്കിയിട്ടുണ്ട്. 12 മണിക്കൂറിലേറെ അവതരണ ദൈർഘ്യമുള്ള 'ജനോവ' എന്ന കഥാനായികയെ ഉപജീവിച്ചുള്ള ചവിട്ടുനാടകം 3 പ്രാവശ്യം കട്ടിലപ്പൂവത്ത് അരങ്ങേറിയിട്ടുണ്ട്. അരങ്ങത്ത് ആംഗ്യാഭിനയവും പിന്നണിയിൽ പാട്ടും ഒത്തുചേരുന്ന ചവിട്ടുനാടകത്തിന് മുദ്രകളുടേയും മറ്റും കാര്യത്തിൽ കഥകളിയോട് സാമ്യമുണ്ട്. ഇരുപത്തഞ്ചിലേറെ കലാകാരൻമാർ അരങ്ങത്ത് വേഷമിടുന്ന 'ജനോവ' നാടകത്തിൻെറ മുഖ്യശില്പികളായിരുന്ന ഉറുമ്പിൽ പൈലി, നെടുമ്പാറ പൗലോസ് തുടങ്ങിയ കലാകാരൻമാരാരും ഇന്നു നമ്മോടൊപ്പമില്ല.

25.04ചതുരശ്രകിലോമീറ്റർ ചുറ്റളവിൽ വിസ്തൃതമായി കിടക്കുന്ന മാടക്കത്തറ പഞ്ചായത്തിൽഗ്രാമീണ സർവകലാശാലകൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന ഗ്രന്ഥശാലകൾ എണ്ണത്തിലും ഗുണത്തിലും പിന്നിലാണ് എന്നു സമ്മതിക്കാതെ തരമില്ല. പഠിക്കാനും

അറിയാനും ആഗ്രഹിക്കുന്നവരുടെ സംരംഭങ്ങൾ ഇന്നും പരമിതമായി തന്നെ തുടരുന്നത് ഖേദകരമാണ്. വായിച്ചു വിളയാനിഷ്ടമില്ലാതെ ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ ദൂഷിത വലയത്തിലാണ്ടുപോവുകയാണ് ഇന്നത്തെ തലമുറ എന്നുവേണം കരുതാൻ, നിലവിലുള്ള വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും വിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

മ്പിള്ളി നെഹ്റു വായനശാല, മാടക്കത്തറ ഗ്രാമീണവായനശാല എന്നിവയുടെ പ്രവർത്തനം നാമമാത്രമാണ്. 1939ലാരംഭിച്ച മാടക്കത്തറ ഗ്രാമീണവായനശാലയ്ക്ക് ഏറെ സാധ്യതകളുണ്ട്. സ്വന്തമായി കെട്ടിട മുള്ള ഈ വായനശാലയിൽ, ഇന്ന് ലഭ്യമല്ലാത്ത അനേകം അപൂർവ്വഗ്രന്ഥങ്ങളുടെ ശേഖരമുണ്ട് എന്ന വസ്തുത എടുത്തുപറയേണ്ടിയിരി ക്കുന്നു.

| ക്രമനമ്പർ | തുടങ്ങിയ വർഷം | പേര് | വാർഡ് | പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 1939 | ഗ്രാമീണ വായനശാല, മാടക്കത്തറ | 1 | 7500 |
| 2. | 1946 | ഗ്രാമീണ വായനശാല, പ.വെള്ളാനിക്കര | 2 | |
| 3. | 1957 | ഗ്രാമീണവായനശാല, താണിക്കുടം | 8 | 6952 |
| 4. | 1968 | ഗ്രാമീണവായനശാല, കട്ടിലപ്പൂവം | 10 | 4005 |
| 5. | 1972 | നെഹ്റു സ്മാരക വായനശാല, പനമ്പിള്ളി | 9 | 3624 |
| 6. | 1988 | മാടക്കത്തറ ഗ്രാമപഞ്ചായത്ത് ലൈബ്രറി | 6 | 1598 |

പഞ്ചായത്തിൽപ്രവർത്തിക്കുന്ന വായനശാലകളുടെ പ്രവർത്തനം തീർത്തും തൃപ്തികരമല്ല. ഒരു ഘട്ടത്തിൽ സാംസ്കാരിക പ്രവർത്തനങ്ങളുടെ നായകത്വം വഹിച്ച ഈ സ്ഥാപനങ്ങൾ ഇന്ന് നിർജ്ജീവമായിരിക്കുന്നു. പ്രവർത്തിക്കുന്ന വായനശാലകളാകട്ടെ വായനക്കാരില്ലാത്ത ദുരവസ്ഥയിലാണ്. പ്രവർത്തന പാതയിൽ 50 വർഷം പിന്നിട്ട പടിഞ്ഞാറേ വെള്ളാനിക്കര ഗ്രാമീമ വായനശാല നാലു പതിറ്റാണ്ടു പിന്നിട്ട താണിക്കുടം ഗ്രാമീണ വായനശാല എന്നിവ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്

വെള്ളാനിക്കര വായനശാല സുവർണ്ണ ജൂബിലി ആഘോഷിച്ച വേളയിൽ ജൂബിലി സ്മരണിക പുറത്തിറക്കുകയുണ്ടായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

കട്ടിലപ്പൂവ്വം ഗ്രാമീണവായനശാല, പന

എല്ലാ വായനശാലകൾക്കും സ്വന്തമായി കെട്ടിടവും അവശ്യം വേണ്ട സൗകര്യങ്ങളുമുണ്ട്. പ്രവർത്തിക്കുന്ന നാടിന്റെ തുടിപ്പുകളായ ചെറുപ്പക്കാരേയും സഹൃദയരേയും കാത്തിരിക്കുന്ന ഈ ഗ്രന്ഥാലയങ്ങളെ സജീവതയിലേക്ക് കൈപിടിച്ചു നയിക്കുവാൻ പരിഷ്കൃതരെന്നഭിമാനിക്കുന്ന നാമോരോരുത്തരുടേയും കടമയാണ്.

### വായനക്കണക്കുകൾ

ആനുകാലിക പ്രസിദ്ധീകരണങ്ങളും ദിനപ്പത്രങ്ങളും വാങ്ങി വായിക്കുന്ന കാര്യത്തിൽ പഞ്ചായത്തിലെ ജനങ്ങൾ പിന്നിലല്ല. പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പത്രമാസികകൾ സംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത് അഞ്ചിലൊന്ന് വീടുകളിൽ ഏതെങ്കിലും ദിനപത്രം വരുത്തുന്നുണ്ട്

എന്നാണ്. വാരിക, മാസിക വാങ്ങി വായിക്കുന്നവരുടെ എണ്ണം പഞ്ചായത്തിലെ ജനസംഖ്യയടെ 45% ത്തിൽ അധികമല്ല. ശേഷിക്കുന്ന ആളുകൾ പ്രസിദ്ധീകരണങ്ങൾക്ക് വായനശാലയെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. (പക്ഷേ, പഞ്ചായത്തിലെ 4 വാർഡുകളിൽ വായനശാലകളില്ല) പ്രസിദ്ധീകരണങ്ങളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

വാദ്യകലാകാരന്മാർ 8ാം വാർഡിലെ കള്ളായിയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചവാദ്യം, നാദസ്വരം എന്നീ വാദ്യമേള ട്രൂപ്പുകൾ കള്ളായിയിലുണ്ട്. ഇതിനുള്ള പരിശീലനവും കള്ളായിയിലുണ്ട്. 6ാം വാർഡിലെ വെള്ളാനിശ്ശേരിയിലും നാദസ്വര ട്രൂപ്പ് പ്രവർത്തിക്കുന്നുണ്ട്. 9ാം വാർഡിൽ ചെട്ടിവാദ്യകലാകാരന്മാർ എഴുപതുകളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെച്ചിരുന്നതായി കാണുന്നു.

**ദിനപ്പത്രങ്ങൾ**

| മാതൃഭൂമി | മലയാള മനോരമ | ദേശാഭിമാനി | ദീപിക | എക്സ പ്രസ്സ് | മാദ്ധ്യമം | കേരള കൗമുദി | ഇന്ത്യൻ എക്സ് പ്രസ്സ് | ഹിന്ദു |
|---|---|---|---|---|---|---|---|---|
| 802 | 645 | 189 | 5 | 10 | 3 | 5 | 27 | 10 |

**ദ്വൈവാരികകൾ/വാരികകൾ**

| | |
|---|---|
| മാതൃഭൂമി | 55 |
| മലയാള മനോരമ | 515 |
| മംഗളം | 495 |
| കലാകൗമുദി | 10 |
| ഇന്ത്യാ ടുഡേ (മലയാളം) | 40 |
| കേരളശബ്ദം | 15 |
| വനിത | 125 |

കലാസാംസ്കാരിക കായിക രംഗങ്ങളിൽ വളർന്നുവരുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിൽ 24 ക്ലബ്ബുകൾ പിറന്നു വീണിട്ടുണ്ട്. അതിൽ ജീവിച്ചിരിക്കുന്നവയോ വിരളവും! ബൃഹത്തായ പരിപാടികളും ലക്ഷ്യങ്ങളും രേഖപ്പെടുത്തിയ വിശിഷ്ടമായ ഭരണഘടനയുള്ള കലാകായിക ക്ലബ്ബുകൾ ലക്ഷ്യവും പരിപാടികളും മറന്ന് അനഭിലഷണീയ രംഗങ്ങളുടെ വേദികളായി അധ:പതിച്ചിരിക്കുന്നുവെന്നത് ദൗർഭാഗ്യകരമാണ്. സ്വന്തമായി കെട്ടിടവും പൊതു ടി.വി, റേഡിയോ സെറ്റുകളും ഉള്ള ക്ലബ്ബുകൾ പോലും മൃതാവസ്ഥയിലായി പോകാൻ ഇടയായ കാരണങ്ങൾ പഠനവിധേയ മാക്കേണ്ടതാണ്.

**ബാലമാസികകൾ**

| | |
|---|---|
| ബാലരമ | 104 |
| പൂമ്പാറ്റ | 79 |
| ബാലഭൂമി | 40 |
| കളിക്കുടുക്ക | 50 |
| യുറീക്ക | 300 |
| ശാസ്ത്രകേരളം | |
| ശാസ്ത്രഗതി | |

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാകായിക ക്ലബ്ബുകളുടെ വിശദാംശ വിവരം പട്ടികയായി ചേർക്കുന്നു.

* പാരമ്പര്യവും പഴമയും പേറുന്ന മാടക്കത്തറ, തനിമയാർന്ന സൗഹാർദ്ദത്തിന്റെ ഉദാത്ത മാതൃക കൂടിയാണ്. പ്രധാന മതങ്ങളിൽപ്പെട്ടവരെല്ലാം ഒരുമയോടെ കഴിയുന്ന മാടക്കത്തറയിൽ 72.5% ഹിന്ദുക്കളും 24.49% ക്രിസ്ത്യാനികളും 2.80% മുസ്ളീമുകളും ഉണ്ട്.

പെരുന്നാളുകൾ ഉൽസവങ്ങൾ തുടങ്ങിയ എല്ലാ ആഘോഷങ്ങളിലും ജാതിമതഭേതമെന്യേ ജനങ്ങൾ സഹകരിക്കുകയും പങ്കാളികളാവുകയും ചെയ്യുന്നുണ്ട്. വിശ്വാസത്തിനും ദൈവങ്ങൾക്കുമതീതമായി മനുഷ്യനെ അറി

* സാമൂഹ്യസാമ്പത്തിക സർവേ 1993

| പേര് | സ്ഥലം | വാർഡ് |
|---|---|---|
| 1. സുപ്രിയാ തീയ്യറ്റേഴ്സ് | മാടക്കത്തറ | 1 |
| 2. പ്ലേ ബോയ്സ് | മാടക്കത്തറ | 1 |
| 3. ബേസിക്ക് | മാടക്കത്തറ | 1 |
| 4. പ്രതിഭ സ്പോർട്ട്സ് ക്ലബ്ബ് | മാടക്കത്തറ | 1 |
| 5. റിക്രിയേഷൻ സെൻറർ | വെള്ളാനിക്കര | 2 |
| 6. റോബിൻ ആർട്ട്സ് ക്ലബ്ബ് | പടി. വെള്ളാനിക്കര | 2 |
| 7. ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | കോട്ടേപ്പാടം | 3 |
| 8. വന്ദന ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | കോട്ടേപ്പാടം | 3 |
| 9. ആനന്ദ് നഗർ റിക്രിയേഷൻ ക്ലബ്ബ് | ആനന്ദ് നഗർ | 5 |
| 10. ചിറക്കാക്കോട് ഇലവൻസ് | ചിറക്കാക്കോട് | 5 |
| 11. പഞ്ചായത്ത് റിക്രിയേഷൻ സെൻറർ | പാണ്ടിപ്പറമ്പ് | 5 |
| 12. മഹാത്മാ ആർട്ട്സ് ആൻറ്സ്പോർട്ട്സ് ക്ലബ്ബ് | ചിറക്കാക്കോട് | |
| 13. കവിത ആർട്ട്സ് സ്പോർട്ട്സ് ക്ലബ്ബ് | ചിറക്കാക്കോട് | 5 |
| 14. ദർശൻ കലാസമിതി | പുല്ലാനിക്കാട് | 6 |
| 15. അക്ഷര സ്പോർട്ട്സ് ക്ലബ്ബ് | അക്കരപ്പുറം | 6 |
| 16. പുല്ലാനിക്കാട് ഇലവൻസ് | പുല്ലാനിക്കാട് | 6 |
| 17. ഉദയം തീയ്യറ്റേഴ്സ് | പൊങ്ങണംകാട് | 7 |
| 18. യുവദർശൻ | കുറിച്ചിക്കര | 7 |
| 19. ഭാവന ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | മാറ്റാംപുറം | 7 |
| 20. റീഡേഴ്സ് സ്പോർട്ട്സ് ക്ലബ്ബ് | കള്ളായി | 8 |
| 21. കോതറ ഇലവൻസ് | കോതറ | 8 |
| 22. ലേബേഴ്സ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് | വേങ്ങപ്പാറ | 9 |
| 23. ഭാവന ആർട്ട്സ് ആൻസ്പോർട്ട്സ് ക്ലബ്ബ് | പുല്ലംകണ്ടം | 10 |
| 24. ദർശന ആർട്ട്സ് ആൻറ്സ്പോർട്ട്സ് ക്ലബ്ബ് | മരോട്ടിച്ചുവട് | 10 |

യുന്ന ഒരു സാസ്കാരികാവബോധത്തിൻെറ ഭാഗമായാണ് ഇത് സാധ്യമായിട്ടുള്ളത്.

പട്ടികജാതിയിലെ മിക്കവാറും വിഭാഗങ്ങളിൽപെട്ട ആള്ുകൾ പഞ്ചായത്തിലുണ്ട്.

നൂറ്റാണ്ടുകളുടെ പഴക്കം അവകാശപ്പെടുന്ന തെലുങ്കുസംസാരിക്കുന്ന കുംബാരൻ, കൊങ്ങിണിസംസാരിക്കുന്ന കുടുംബികൾ, പട്ടാണി മുസ്ളീമുകൾ തുടങ്ങി എല്ലാ ന്യൂനപക്ഷജാതി വിഭാഗങ്ങളും മാടക്കത്തറയിലുണ്ട്. മലയോര വാർഡുകളിൽ ക്രിസ്ത്യാനികൾ തിങ്ങിപ്പാർക്കുന്നു.

കേരളോത്സവം പോലുള്ള മൽസരവേദികളിൽ പങ്കെടുക്കുന്നതിന് താൽക്കാലികമായ തട്ടിക്കൂട്ടുന്ന ക്ലബ്ബുകൾ പലതും യഥാർത്ഥ ലക്ഷ്യം നേടുവാൻ പര്യാപ്തമാകുന്നില്ല എന്ന സ്ഥിതിയാണ് നിലനില്ക്കുന്നത്.

പുരോഗമന കലാസാഹിത്യസംഘം, സമന്വയം സാമൂഹ്യ പ്രവർത്തക വേദി, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, മാതൃഭൂമി സ്റ്റഡി സർക്കിൾ, ഇന്ദിരാ പ്രിയദർശിനി സ്റ്റഡി സർക്കിൾ ദേശീയ ശാസ്ത്രവേദി തുടങ്ങിയ സാമൂഹ്യ സന്നദ്ധ സംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

### കായികരംഗം

കായികരംഗങ്ങളിൽ എടുത്തു പറയത്തക്ക സ്ഥാനം നേടിയെടുക്കുവാൻ മാടക്കത്തറയ്ക്ക് ഇനിയുമായിട്ടില്ല. ദേശീയ നിലവാരത്തിൽ ശ്രദ്ധേയരായ കായിക പ്രതിഭകളെ മാടക്കത്തറ ജന്മം നല്കിയിട്ടില്ല.

കായികരംഗം മെച്ചപ്പെടുത്താനാവശ്യമായ ആസൂത്രിതവും ബോധപൂർവുമായ ശ്രമം നടക്കുന്നില്ല. ഫുട്ബാൾ, വോളിബോൾ കളി ടീമുകളും മൽസരങ്ങളും പഞ്ചായത്തിൽ പലപ്രദേശങ്ങളിലും ഉണ്ടായിരുന്ന ഒരു ഭൂതകാലം ഇന്നലെകളിൽ എടുത്തുകാട്ടാനുണ്ട്. എഴുപതുകളുടെ മദ്ധ്യത്തിൽ മാടക്കത്തറ പഞ്ചായത്തിൽ നടന്നിട്ടുള്ള കായിക കലാ മേളകൾ ഇന്നു ഓർമ്മകളിൽ മാത്രമേയുള്ളൂ. സ്പോർട്ട്സ് ക്ലബ്ബുകൾ

# 5 - 9 വനിത

കാലഘട്ടത്തിൻെറ ഉൾത്തുടിപ്പേറ്റുവാങ്ങി സാമൂഹ്യ മാറ്റങ്ങളുടെ ഉണർത്തു ഗായകർക്കൊപ്പം സ്ത്രീ ശബ്ദം ഏറെ മുഴങ്ങിക്കേൾക്കുന്നില്ല എന്ന ദുരവസ്ഥ ഇന്നും നമ്മുടെ നാട്ടിൽ നിലനില്ക്കുന്നു. ഉപഭോഗ സംസ്കാരത്തിൻെറ ഏറ്റവും ക്രൂരമായ ചൂഷണത്തിനിരയായി സ്ത്രീത്വം പീഡിപ്പിക്കപ്പെടുമ്പോൾ, പ്രതിരോധ ശബ്ദമുയർത്തുന്ന വനിതാ പ്രസ്ഥാനങ്ങളുടെ തനതു പ്രവർത്തനങ്ങളും ബഹുജന പ്രസ്ഥാനങ്ങളുടെ സജീവ ഇടപെടലുകളും നമ്മുടെ സഹോദരീ സമൂഹം അറിയാനിഷ്ടപ്പെടുന്നില്ല എന്ന് സംശയിക്കേണ്ടിരിക്കുന്നു.

സാമൂഹ്യവും ഗാർഹികവുമായ വിലക്കുകളുടെ ലക്ഷ്മണരേഖ മുറിച്ചുകടന്നുപോയ സ്ത്രീകൾ മാടക്കത്തറയുടെ ഭൂതകാലത്തിലില്ല. പരമ്പരാഗത സമ്പ്രദായങ്ങളുടെ കുരുക്കുകളിൽ തള്ളപ്പെട്ട ഇവർ ബാല്യത്തിലേ വിവാഹിതരാവുകയോ കാർഷിക തൊഴിലുകളിലേക്ക് സ്വാഭാവികമായി വ്യാപൃതരാക്കപ്പെടുകയോ ആണ് സംഭവിച്ചിരുന്നത്. ഔപചാരിക വിദ്യാലയങ്ങളുടെ ആവിർഭാവം ഇതിനു നേരിയ മാറ്റം വരുത്തി തുടങ്ങി. കൊല്ലവർഷം 1101 ഇടവം 22- ാം തിയ്യതി (1926 ജൂൺ) കിഴക്കേ വെള്ളാനിക്കരയിലാരംഭിച്ച ലോവർ പ്രൈമറി വിദ്യാലയത്തിലെ ഒന്നാമത്തെ വിദ്യാർത്ഥി കെ. ഐ. രുഗ്മണി എന്ന പെൺകുട്ടിയായിരുന്നു അക്കാലത്തുപോലും പ്രാഥമിക വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ എണ്ണം കുറവായിരുന്നില്ല എന്നു കാണുന്നു. എന്നാൽ തുടർപഠന സൗകര്യം മാടക്കത്തറ നാറ്റീവ് സമാജം ലോവർ സെക്കൻററി സ്കൂൾ വിട്ടാൽ തൃശൂരിൽ മാത്രമേ ലഭ്യമായിരുന്നുള്ളൂ. എല്ലാ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചും ഉന്നതവിദ്യാഭ്യാസം നേടിയ വനിതകൾ മാടക്കത്തറയിലുണ്ടായിരുന്നു. മാടക്കത്രയിലെ ആദ്യ ബിരുദധാരിണി ശ്രീമതി കെ. ഐ. പത്മാവതി ടീച്ചറാണ്.

1991 ലെ കനേഷ്മാരി പ്രകാരം പഞ്ചായത്തിലെ ജനസംഖ്യയിൽ 51.46% സ്ത്രീകളാണ് പട്ടികജാതിക്കാർക്കിടയിലും സ്ത്രീകൾ പുരുഷന്മാരെക്കാൾ അധികമുണ്ട്. സ്ത്രീപുരുഷ അനുപാതമാകട്ടെ സംസ്ഥാന ജില്ലാ ശരാശരിയേക്കാൾ കൂടുതലാണ്. പഞ്ചായത്തിലെ സ്ത്രീപുരുഷ അനുപാതം 1060 ആണ്.! പക്ഷേ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ ആൺകുട്ടികൾക്കാണ് മുൻതൂക്കം കാണുന്നത്. ഏതെങ്കിലും മേഖലയിലോ, വിഭാഗത്തിലോപെടുന്ന പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നതുകൊണ്ടല്ല മറിച്ച് തൃശൂർ പട്ടണത്തിലേയും സമീപ പ്രദേശങ്ങളിലേയും പെൺകുട്ടികൾക്കുമാത്രമായുള്ള സ്കൂളുകളിലേക്ക് കുട്ടികൾ പോകുന്നതുകൊണ്ടാണ് ഈ വ്യത്യാസം വരുവാൻ ഇടയായിട്ടുള്ളത്. പട്ടിക കാണുക

| ലോവർ പ്രൈമറി | | അപ്പർപ്രൈമറി | | ഹൈസ്കൂൾ | |
|---|---|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 730 | 652 | 541 | 444 | 214 | 218 |

ലോവർ പ്രൈമറി, അപ്പർപ്രൈമറി വിഭാഗങ്ങളിലാണ് ഈ ഏറ്റക്കുറച്ചിൽ കൂടുതലായുള്ളത്. ഹൈസ്കൂൾ രംഗത്ത് പെൺകുട്ടികളുടെ എണ്ണത്തിൽ നേരിയ വ്യത്യാസമുണ്ട്.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് പുരുഷന്മാരേക്കൾ കുറവാണ്. തൊഴിൽ രഹിതരായിട്ടുള്ളവരുടെ എണ്ണത്തിലും ഈ അന്തരം രൂക്ഷമായി നിലനില്ക്കുന്നു. പഞ്ചായത്തിലെ 4983 പുരുഷൻമാർ തൊഴിൽരഹിതരെങ്കിൽ സ്ത്രീകൾ 8497 പേരാണ്. കാർഷിക - വ്യവസായിക സേവന മേഖലകളിലും സ്ഥിതി വ്യത്യസ്തമല്ല. വ്യാവസായിക മേഖലകളിലും സ്ഥിതി വ്യത്യസ്തമല്ല. വ്യാവസായിക മേഖലയിൽ 1921 പുരഷന്മാർ തൊഴിലെടുക്കുമ്പോൾ സ്ത്രീകൾ കേവലം 344 പേർ മാത്രമാണ്. സേവന മേഖലയിൽ 45% മാത്രമേ സ്ത്രീ പങ്കാളിത്തുമുള്ളൂ. പട്ടിക കാണുക,

| വ്യാവസായിക മേഖല | | കാർഷിക മേഖല | | മറ്റു സേവന മേഖല | |
|---|---|---|---|---|---|
| പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 1921 | 374 | 2279 | 1298 | 802 | 496 |

1991 കാനേഷുമാരി പ്രകാരം

**സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക്**

21.24% മാത്രമാകുന്നു. ഇതിനു പുറമെ സ്ത്രീ തൊഴിലാളികളിൽ 51 ശതമാനവും ഭാഗിക തൊഴിലാളികാണുതാനും. എണ്ണത്തിലേറെയുള്ള സ്ത്രീകളുടെ അദ്ധ്വാനശേഷി പ്രയോജനപ്പെടുത്തുന്നതിൽ ഗൗരവമായ ശ്രദ്ധ അനിവാര്യമാ

ണെന്നാണ് മേൽകാണിച്ച കണക്കുകൾ സൂചി പ്പിയ്ക്കുന്നത്. തൊഴിൽ വിതരണത്തിലെ ഈ അസന്തുലിതാവസ്ഥ പരിഹരിച്ചാൽ മാത്രമെ കാർഷിക വ്യാവസായിക രംഗത്തെ വളർച്ചാ മാന്ദ്യം പരിഹരിയ്ക്കാനാവൂ. വിവിധ തൊഴിൽ തുറകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ സ്ത്രീ പങ്കാളിത്തത്തിൻെറ ശതമാനം പട്ടികയിൽ ചേർക്കുന്നു.

| തൊഴിൽ മേഖല | തൊഴിൽ ശതമാനം |
|---|---|
| കൃഷിക്കാർ | 19.75 |
| കർഷകതൊഴിലാളികൾ | 44.67 |
| മൃഗസംരക്ഷണം | 34.17 |
| ഖനനം (പാറപൊട്ടിക്കൽ) | 34.07 |
| കുടിൽവ്യവസായം | 28. |
| കുടിലേതര വ്യവസായം | 20.29 |
| കെട്ടിട നിർമ്മാണം | 28.16 |
| വാണിജ്യം | 1.98 |
| ഗതാഗതം | 2.01 |
| മറ്റുസേവന മേഖല | 38.21 |

തൊഴിൽ തുറകളിൽ സ്ത്രീകൾ ബോധപൂർവ്വം അകറ്റി നിർത്തപ്പെടുന്ന സ്ഥിതിവിശേഷം ചൂണ്ടികാണിക്കാനവില്ലെങ്കിലും, വിദഗ്ദ, അവിദഗ്ദ തൊഴിൽ തുറകളിലെല്ലാം സ്ത്രീകളുടെ പ്ങ്കാളിത്തം കുറവാണ് എന്ന വസ്തുത ഈ കണക്കുകൾ കാണിക്കുന്നു. എന്നാൽ പ്രത്യേക തൊഴിലുകളിലേർപ്പെടാതെ ഗാർഹിക തൊഴിലുകളിൽ മാത്രം ഏർപ്പെട്ടിരിക്കുന്ന വനിതകളുടെ അദ്ധ്വാനത്തെ നാമാരും പരിഗണിക്കുന്നു പോലുമില്ല എന്നത് ദുസ്സഹമാണ്./

സമീപകാലത്ത് സ്ത്രീകളുടെ പങ്കാളിത്തം പൊതുപ്രവർത്തന മേഖലയിൽ വളർത്തുന്നവരുമുണ്ട്. സമ്പൂർണ്ണ സാക്ഷരതാ യഞ്ജത്തിൻെറ മുന്നണി പ്രവർത്തകരായി വന്നവർ ഭൂരിഭാഗവും വനിതകളായിരുന്നു. 1991 ൽ നടന്ന വിഭവ ഭൂപട സർവ്വെയിലും, 1993 ൽ സംഘടിപ്പിച്ച സാമൂഹ്യ സാമ്പത്തിക സർവ്വേയിലും സ്ത്രീകളുടെ നേതൃത്ത്വപരമായ പങ്ക് ഉണ്ടായിരുന്നുവെന്നത് സവിശേഷ ശ്രദ്ധയാകർഷിയ്ക്കേണ്ട വസ്തുതയാണ്.

പൊതു പ്രവർത്തന മേഖലയിൽ സ്ത്രീകൾക്ക് അർഹമായ അംഗീകരാമില്ലായ്മയും സാമൂഹ്യ ഉത്തരവാദിത്തം ഏല്പ്പിക്കുന്നതിൽ സമൂഹം കാണിക്കുന്ന വൈമുഖ്യവുമാണ് അവർ നേതൃനിരയിൽ നിന്ന് അകന്നു പോകുന്നതിന് ഇടയാക്കുന്നത്.

ഉത്തരവാദിത്തങ്ങൾ ഏല്പിച്ചുകൊടുത്താൽ ഭംഗിയായും ചിട്ടയായും ചെയ്തുതീർക്കാൻ സ്ത്രീകൾ സന്നദ്ധരാണെന്ന ചരിത്രമാണ് അടുത്തയിടെയുള്ള മേൽപറഞ്ഞ പ്രവർത്തനങ്ങളിൽ നിന്നും മനസ്സിലാകുന്നത്. എന്നാൽ വിഭ്യാഭ്യാസം നേടിയ വനിതകളിൽ തന്നെ നാമമാത്രമായ പ്രവർത്തകരാണുണ്ടാവുന്നത്. ഇത് ശോചനീയമാണ്. സ്ത്രീകളുടെ വായനാനിലവാരം മെച്ചപ്പെട്ടതാണെന്നു പറയാനാവില്ല. ആനുകാലിക പ്രിസിദ്ധീകരണ ഗണത്തിൽ പൈങ്കിളിവാരികളല്ലാതെ മറ്റൊന്നും വായിക്കാൻ ഇന്നു ഭൂരിപക്ഷവും ഇഷ്ടപ്പെടുന്നില്ല. സ്കൂൾ കോളേജ് വിദ്യാഭ്യാസം നേടിയ ഭേദപ്പെട്ട തൊഴിൽ മേഖലയിലെത്തിപ്പെട്ട സ്ത്രീകൾ പോലും വായനയുടെ ഗതിമാറ്റി വിടുന്നില്ല. മാടക്കത്തറയിൽ പ്രവർത്തിക്കുന്ന വായനശാലകളിലെ സ്ത്രീ വായനക്കാരുടെ എണ്ണം 1% പോലും ഇല്ലെന്നുകാണന്നു. ലൈബ്രേറിയന്മാരായി സ്ത്രീകൾ പ്രവർത്തിക്കുന്ന വായനശാലകളിൽ പോലും സ്ത്രീ വായനക്കാരുടെ എണ്ണം വർദ്ധിക്കാനിടയാക്കിയിട്ടില്ല എന്ന അനുഭവമാണ് നമ്മുടെ മുന്നിലുള്ളത്. വിപുലമായ ഒരു വായാ സർവ്വേയും കൂടുതൽ സ്ത്രീകളെ വായിച്ചു വളരാൻ പര്യാപ്തമാക്കുന്ന ബോധപൂർവ്വ പ്രവർത്തനം ഏറ്റെടുക്കേണ്ടതുണ്ട്.

സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം നാമമാത്രമാണ്. ഈ രംഗങ്ങളിൽ ഒരു പ്രസ്ഥാനത്തിൻേറയും നേതൃസ്ഥാനങ്ങളിൽ സ്ത്രീകളില്ല. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നപ്പോൾ മാടക്കത്തറ ഗ്രാമപഞ്ചായത്തിൻെറ പ്രസിഡണ്ട്വനിതയായി നിശ്ചയിക്കപ്പെട്ടു എന്നതിനാൽ പഞ്ചായത്തിൽ സ്ത്രീ നേതൃത്വം ഉണ്ട് എന്ന് ആശ്വസിയ്ക്കാം.

യാതൊരിടപെടലുമില്ലാതെ തനതു പ്രവർത്തനം നടത്തുന്ന മഹിളാ സംഘടനകൾ പോലും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. രാഷ്ട്രീയ മഹിളാപ്രസ്ഥാനങ്ങൾ നാമമാത്ര പ്രവർത്തനം നടത്തുന്നുണ്ട്. ഗ്രാമ ക്ഷേമ വകുപ്പിൻെറ കീഴിൽ ഏതാനും മഹിളാ സമാജങ്ങൾ നിലവിലുണ്ട്. ഇവയുടെ ആഭിമുഖ്യത്തിൽ പടിഞ്ഞാറെ വെള്ളാനിക്കര, അക്കരപ്പുറം, കട്ടിലപൂവ്വം, പുല്ലംകണ്ടം എന്നീ കേന്ദ്രങ്ങളിലെ സമാജങ്ങൾ വഴി പോഷകാഹാര വിതരണം നടത്തിവരുന്നുണ്ട്. ഇവകളുടെ പ്രവർത്തനങ്ങളാകട്ടെ ഒരു നേതൃത്വത്തെ ഉയർത്തികൊണ്ടുവരുവാൻ പര്യാപ്തവുമല്ല.

സ്ത്രീകൾ നേതൃത്വം നല്കി പ്രവർത്തിക്കുന്ന ഖാദി ബോർഡിൻെറ കീഴിൽ 3 നൂൽ നൂല്പ് കേന്ദ്രങ്ങളും ഒരു കൈത്തറി കേന്ദ്രവും പ്രവർത്തനം നടത്തിയിരുന്നു. ഇതിൽ 9 ാം വാർഡിലെ മരോട്ടിച്ചുവട്ടിൽ പ്രവർത്തിച്ചിരുന്ന കൈത്തറി ത്തുണിയുല്പാദന കേന്ദ്രം അടച്ചുപൂട്ടിയിട്ട് വർഷങ്ങളായി. അക്കരപ്പുറത്താരംഭിച്ച കൈത്തറി സഹകരണ സംഘവും അടഞ്ഞു കിടപ്പാണ്. മാടക്കത്ര 9 ാം വർഡിൽ കട്ടില പൂവ്വത്തു പ്രവർത്തിക്കുന്ന നൂൽനൂൽപ്പ് കേന്ദ്രവും 4 ാം വാർഡിലെ ചിറയ്ക്കാക്കോട് പ്രവർത്തിക്കുന്ന നൂൽനൂൽപ്പ് സംഘവും ഏതാനും വനിതകളെ വെച്ച് പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ തുച്ഛമായ വേതനമാണ് ഈ രംഗത്തു നിലനില്ക്കുന്നവർക്ക് നല്കപെടുന്നത്.

ബീഡി തെറുപ്പ് തൊഴിൽ നടത്തുന്ന ഒരു സ്വകാര്യ സ്ഥാപനം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 40 സ്ത്രീകൾ ഇവിടെ ബീഡി വ്യവസായത്തിൽ തൊഴിലെടുക്കുന്നുണ്ട്. വേതന നിരക്ക് കുറഞ്ഞ മേഖലയാണിതെങ്കിലും വിവാഹിതരായാൽ തൊഴിൽ തുടർന്നു നല്കുവാൻ ആസ്ഥാപനത്തിൻെറ മാനേജ്മെൻറ് തയ്യാറാകുന്നില്ല.

വൻകിട വ്യവസായ രംഗത്ത് വനിതകൾ മാത്രം തൊഴിലെടുക്കുന്ന സ്ഥാപനം താണിക്കുടത്തു പ്രവർത്തിക്കുന്ന ഭഗവതി മിൽസ്‌വനിത, തൊഴിലാളികളെ നിഷ്ഠൂരമായ ചൂഷണത്തിന് വിധേയമാക്കുന്നതായി കാണുന്നു. 155 പേർ പണിയെടുക്കുന്ന പ്രസ്തുത കമ്പനിയിൽ സ്ത്രീകളുടെ ട്രെയിനിംഗ് കാലയളവ് അഞ്ചുവർഷം എന്നാണ് നിശ്ചിയിച്ചിട്ടുള്ളത്. നാമമാത്രമായ വേതനം നല്കുകയും 3 ഷിഫ്റ്റായി തൊഴിലെടുപ്പിക്കുകയും ചെയ്യുന്നു. പഞ്ചായത്തിൻെറ സമീപപട്ടണങ്ങളിലെ വ്യാപാര സ്ഥാപനങ്ങളും ഇവിടെത്തന്നെയുള്ള ചെറുകിട സ്ഥാപനങ്ങളും സ്ത്രീ തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിന് പുത്തൻ തന്ത്രങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലും കാർഷിക മേഖലയിലും ഇതിലും മെച്ചപ്പെട്ട വേതനം ലഭ്യമായിട്ടും തുച്ഛവേതനത്തിൽ അധികസമയം ജോലിചെയ്യേണ്ട ഇത്തരം സ്ഥാപനങ്ങളെ യുവതികൾ തെരഞ്ഞെടുക്കുന്ന പ്രവണതയാണ് ഈ ദൃശ്യ ചൂഷണത്തിന് ആക്കം കൂട്ടുന്നത്. വെള്ളകോളർ തൊഴിൽ നേടാനുള്ള ആഭിമുഖ്യമാണ് ഇത്തരമൊരു സ്ഥിവിശേഷത്തിന് കളമൊരുക്കുന്നത്.

തുല്യ വേതനത്തിന് അർഹതയുണ്ടായിട്ടും സ്ത്രീകൾക്ക് കൂലി കുറച്ചു നല്കുന്ന പ്രവണത കാർഷിക - നിർമ്മാണ തൊഴിൽ മേഖലകളിൽ നിലനില്ക്കുന്നു. അദ്ധ്വാനശേഷിയേയും തൊഴിൽ കാര്യക്ഷമതയേയും അളക്കുന്നതിൽ ലിംഗപരമായ മാനദണ്ഡം ഒരു പരിഷ്കൃത സമൂഹത്തിലും നിലവിലിരിക്കുന്നു എന്നത് ഖേദകരമാണ്.

## പ്രശ്നങ്ങൾ

1. പൊതുരംഗത്തെ വനിതാ പങ്കാളിത്തം നാമമാത്രമാണ്.
2. പൊതു പ്രവർത്തനത്തിൽ പെങ്കടുക്കുന്നതിന് ഭർത്താക്കൻമാർ ഏർപ്പെടുത്തുന്ന വിലക്ക്
3. അവിവാഹിതകളായ സ്ത്രീകളുടെ മുൻകൈയിൽ തുടങ്ങുന്ന പ്രവർത്തനങ്ങൾ (ഉദാ: DWCRA യൂണിറ്റുകൾ) അവരുടെ വിവാഹത്തോടെ നിലച്ചുപോകുന്നു.
4. വനിതകൾക്ക് ഉത്തരവാദിത്വമുള്ള പ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നതിന് രാഷ്ട്രീയ പ്രവർത്തകർ ധൈര്യം കാണിക്കുന്നില്ല.
5. തങ്ങൾ ഭരിക്കപ്പെടാനുള്ളവരാണ് എന്നാണ് ഭൂരിഭാഗം സ്ത്രീകളുടെയും വിശ്വാസം
6. സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന വ്യവസായ ശാലകളിൽ നൈറ്റ്ഷിഫ്റ്റ് (ഉദാ : താണിക്കുടം ഭഗവതി മിൽസ്) നിലനില്ക്കുന്നു.
7. സർക്കാർ, അർദ്ധസർക്കാർ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളെ അതാതു ജില്ലയിൽ തന്നെ നിയമനങ്ങളും മാറ്റങ്ങളും നടപ്പിലാക്കാത്തത്.
8. സ് ത്രീധന സമ്പ്രദായവും, വർദ്ധിച്ചുവരുന്ന വിവാഹ ആർഭാട ഭ്രമവും കൊണ്ടുള്ള പ്രത്യാഘാതങ്ങൾ
9. തൊഴിലില്ലായ്മ - സ്വയം തൊഴിൽ ചെയ്യാനുള്ള അറിവില്ലായ്മ, സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ഔദ്യോഗിക രംഗത്ത് നേരിടേണ്ടിവരുന്ന നിയമത്തിൻെറ നൂലാമാലകൾ

## സാദ്ധ്യതകൾ

1. സ്ത്രീകൾക്കുമാത്രമായുള്ള നേതൃത്വ പരിശീലന പരിപാടികൾ സംഘടിപ്പിയ്ക്കുക
2. വിജയപരാജയ സാധ്യതകളെക്കുറിച്ച് ഉൽക്കണ്ഠപ്പെടാതെ സ്ത്രീകൾക്ക് ഉത്തരവാദിത്വമുള്ള ജോലികൾ കൊടുക്കുക.
3. പുതിയ സംരംഭങ്ങളുടെ നേതൃനിരയിൽ വിവാഹിതരായ സ്ത്രീകൾ ഉണ്ടെന്ന് ഉറപ്പു

വരുത്തുക.

4. പഞ്ചായത്തിൽ പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക
5. പഞ്ചായത്തിലെ വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ വനിതാ സഹകരണ സംഘം രൂപീകരിക്കുക, തൊഴിൽ സാദ്ധ്യതകളെ കുറിച്ച് ബോധവൽക്കരണം ക്ലാസ്സുകൾ സംഘടിപ്പിക്കുക
6. ക്ഷീര സഹകരണ സംഘങ്ങൾ വഴി സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നൽകുക, അവയ്ക്കുള്ള വിപണന സൗകര്യങ്ങൾ കണ്ടെത്തുക
7. പെൺകുട്ടികൾക്ക് സൈക്ലിങ്ങ്, ഡ്രൈവിങ്ങ് പരിശീലനം എന്നിവ നല്കുന്നതിനുള്ള ബോധവൽക്കണം മഹിളാസമാജങ്ങൾവഴി നടപ്പിലാക്കുക.
8. പഞ്ചായത്തിലെ, പ്രവർത്തനം നിലച്ചുപോയ ഖാദി , കൈത്തറി നൂൽനൂല്പ് കേന്ദ്രങ്ങൾ പു:നരുദ്ധരിക്കുക (അക്കരപ്പുറം - കട്ടിലപ്പൂവ്വം) നാമമാത്രമായി പ്രവർത്തിയ്ക്കുന്നത് പഞ്ചായത്ത് മുഖേന സഹായ സഹകരണം നല്കി കൂടുതൽ സത്രീകളെ ഉൾപ്പെടുത്തി കൂടുതൽ കാര്യക്ഷമമാക്കുക
9. തുല്യജോലിക്കു തുല്യവേതനം ഉറപ്പുവരുത്തുക
10. പഞ്ചായത്തിലെ തൊഴിൽ രഹിതരായ യുവതികളെ യൂണിറ്റുകളായി തിരിച്ച് പുതിയ നിർമ്മാണ - വ്യവസായ യൂണിറ്റുകൾ തുടങ്ങുക
11. നേഴ്സറികളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുക. കൂലി ഏകീകരിയ്ക്കുക
12. പഞ്ചായത്തിൽ ആവശ്യമുള്ള എല്ലാ വർഡിലും മഹിളാ സമാജങ്ങൾ, വനിതാ വേദികൾ, വനിതാ ക്ഷേമ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കണം
13. പെൺകുട്ടികൾക്കുമാത്രമായി ഒരു സംഘടനാ രൂപവും മഹിളാ സമാജങ്ങളോടനുബന്ധിച്ച് ഉണ്ടാക്കണം

# 5-10 സഹകരണം

സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് 1936 ൽ രൂപീകരിക്കപ്പെട്ട വിൽവട്ടം സർവ്വീസ് സഹകരണ സംഘമാണ് പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിനു വിത്തുപാകിയത്. മാടക്കത്തറ പഞ്ചായത്തിലെ 6 ാം വാർഡിന്റെ പകുതി ഭാഗവും 7, 8 വാർഡുകൾ പൂർണ്ണമായും ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. മറ്റൊരു വായ്പാ സഹകരണ സംഘമായ വെള്ളാനിക്കര സർവ്വീസ് സഹകരണ സംഘം പഞ്ചായത്ത് രൂപീകരണത്തിനു മുൻപ് 1946 ൽ വെള്ളാനിക്കര പരസ്പര സഹായ സഹകരണ സംഘം എന്ന പേരിൽ പ്രവർത്തനമാരംഭിച്ചു. കൂടാതെ പഞ്ചായത്തിന്റെ വായ്പേതര സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. മാടക്കത്ര പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഹരിജൻ സഹകരണ സംഘം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 6 ക്ഷീരോത്പാദക സഹകരണസംഘങ്ങൾ, വ്യാവസായിക മേഖലയിലെ അക്കരപ്പുറം കൈത്തറി സഹകരണ സംഘം, പട്ടുനൂൽപുഴു വളർത്തലിനുവേണ്ടി രൂപം കൊണ്ട വേറൊരു സംഘവും ഉൾപ്പടെ പഞ്ചായത്തിൽ 11 സഹകരണസംഘങ്ങൾ ഉണ്ട്. കൂടാതെ പഞ്ചായത്തിന്റെ രണ്ടു വാർഡുകൾ മാത്രം പ്രവർത്തന പരിധിയിൽ വരുന്ന,സമീപ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അമ്പലപ്പാട്ട് സർവ്വീസ് സഹകരണ സംഘവും പഞ്ചായത്തിന്റെ സാമ്പത്തിക - വികസന പ്രവർത്തനങ്ങളിൽ കാര്യമായ പങ്കുവഹിക്കുന്നു.

പഞ്ചായത്തിന്റെ മൊത്തം ജനസംഖ്യ 20964 ഉം പഞ്ചായത്തിൽ സഹകരണ ബാങ്കുകളിലെ അംഗങ്ങളുടെ എണ്ണം 10162 ഉം ആകുന്നു. ഇതിൽ നിന്നും ജനസംഖ്യയുടെ 48.5% ജനങ്ങളും വായ്പാ സഹകരണ സംഘങ്ങളിൽ അംഗങ്ങളാണ്. കൂടാതെ പഞ്ചായത്തിലെ വോട്ടർമാരിൽ 60% പേരും അംഗങ്ങളാണ്. പഞ്ചായത്തിൽ വായ്പേതര സഹകരണ സംഘത്തേക്കാൾ കൂടുതലും വായ്പാ സഹകരണ മേഖലയ്ക്കാണ് വേരോട്ടമുള്ളത്.

## വായ്പാ സഹകരണ സംഘങ്ങൾ

### 1. 337 ാം നമ്പർ വിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക്

1936 ൽ രൂപം കൊണ്ട ഈ സഹകരണ സ്ഥാപനമാണ് പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കമിട്ടത്. 337 ാം നമ്പർ ശ്രീ നാരായണ വിലാസം പരസ്പര സഹായ സംഘം എന്ന പേരിൽ ശ്രീ. വരടിയാട്ടിൽ പറങ്ങോടന്റെ നേതൃത്വത്തിൽ 11 അംഗങ്ങൾ ഉള്ള ഒരു സംഘമാണ് ആദ്യം രൂപം കൊണ്ടത്. പിന്നീട് കർഷക സഹകരണസംഘം, വിൽവട്ടം ഗ്രാമീണ സഹകരണ

## വായ്പാ സഹകരണസംഘങ്ങൾ

| സഹകരണ സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | മാടക്കത്ര പഞ്ചായത്തിലെ അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| വിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 1936 | 11515 | 3034 |
| വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്ക് | 1946 | 6668 | 6668 |
| അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 1949 | 7946 | 460 |

പട്ടിക 1

## വായ്പേതര സഹകരണ സംഘങ്ങൾ

പട്ടിക . 2

| സഹകരണ സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| കട്ടിലപ്പൂവ്വം ക്ഷീരോത്പാദക സഹകരണസംഘം | 1979 | 650 | 3 |
| ചിറക്കാക്കോട് ക്ഷീരോത്പാദക സഹകരണ സംഘം | 1976 | 470 | 3 |
| കണ്ടുകാട് ക്ഷീ രോത്പാദക സഹകരണ സംഘം | 1963 | 498 | 3 |
| അക്കരപ്പുറം ക്ഷീരോത്പാദക സഹകരണ സംഘം | 1987 | 279 | 2 |
| മാറ്റാംപുറം ക്ഷീരോത്പാദക സഹകരണ സംഘം | | 426 | 3 |
| വെള്ളാനിക്കര ക്ഷീര വ്യവസായ സഹകരണ സംഘം | 1976 | 440 | 3 |
| പട്ടികജാതി സർവ്വീസ് സഹകരണ സംഘം | 1985 | 137 | 1 |
| അക്കരപ്പുറം കൈത്തറി വ്യവസായ സഹകരണ സംഘം | രജിസ്റ്റർ ലഭ്യമല്ല | | |
| പട്ടുനൂൽ പുഴു വളർത്തൽ സഹകരണ സംഘം | രജിസ്റ്റർ ലഭ്യമല്ല | | |

സംഘം, വിൽവട്ടം ഗ്രാമീണ റീജിനൽ സഹകരണ ക്രെഡിറ്റ് സംഘം, വിൽവട്ടം സർവ്വീസ് സഹകരണ സംഘം എന്നീ മേഖലകളിൽ പ്രവർത്തിച്ച 1976 ൽ വിൽവട്ടം സർവ്വീസ് സഹകരണ ബാങ്കായി പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.പഞ്ചായത്തിൽ 6 ാം വാർഡിന്റെ പകുതി ഭാഗവും 7, 8 വാർഡുകളും പ്രവർത്തന പരിധിയിൽ വരുന്ന ഈ ബാങ്കിന്റെ കൂടുതൽ പ്രവർത്തനങ്ങൾ സമീപ പഞ്ചായത്തിലാണ്. പഞ്ചായത്തിൽ നിന്നും 3034 പേർ അംഗങ്ങളായിട്ടുള്ള ഈ സ്ഥാപനം കാർഷിക - കാർഷികേതര വായ്പകൾ നൽകുന്നുണ്ട്. മൊത്തം വായ്പയുടെ 0.04% മാത്രമാണ് കാർഷിക വായ്പനൽകിയിട്ടുള്ളത്. പഞ്ചായത്തിന് കാർഷിക മേഖലയിൽ കാര്യമായ സംഭാവനയൊന്നും ഈ സ്ഥാപനം നൽകുന്നില്ല. തൊഴിൽ മേഖലയിലും പ്രസ്തുതസ്ഥാപനം നൽകിവരുന്ന വായ്പകൾ വളരെ പരിമിതമാണ്. മൊത്തം വായ്പയുടെ 0.012% മാത്രമാണ് ഐ. ആർ. ഡി. പി. വായ്പയായി നൽകിയിട്ടുള്ളത്. കാർഷിക - തൊഴിൽ മേഖലയിൽ ഈ ബാങ്കിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

### 2. 545 ാം നമ്പർ വെള്ളാനിക്കര സർവ്വീസ് ബാങ്ക്

പഞ്ചായത്ത് രൂപീകരണത്തിനു മുമ്പ് പാണഞ്ചേരി പഞ്ചായത്തിന്റെ ഭാഗമായിരുന്ന വെള്ളാനിക്കര പ്രദേശത്ത് 1946 ൽ വെള്ളാനിക്കര പരസ്പര സഹായ സഹകരണ സംഘം എന്ന പേരിൽ രൂപീകരിക്കപ്പെട്ട ഈ സംഘം മാടക്കത്ര പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശത്തേയും വികസന പ്രവർത്തനത്തിൽ സുപ്രധാനമായ പങ്കുവഹിക്കുന്നു. പഞ്ചായത്തിന്റെ 1. 2. 3. 4. 5 എന്നീ വാർഡുകളും 6ാം വാർഡിന്റെ പകുതി ഭാഗവും ഈ സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. 6668 പേർ അംഗങ്ങളുള്ള

ഈ സ്ഥാപനം കാർഷിക - കാർഷികേതര വായ്പകൾ നൽകുന്നു. കാർഷിക വായ്പയേക്കാൾ പ്രാധാന്യം കാർഷികേതര വായ്പകൾക്കാണ് നൽകുന്നത്.

### 3. 759 ാം നമ്പർ അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക്

മാടക്കത്തറ പഞ്ചായത്തിലെ 9, 10 വാർഡുകൾ മാത്രം പ്രവർത്തന പരിധിയിൽ വരുന്ന ഈ ബാങ്കിൽ രണ്ടു വാർഡുകളിൽ നിന്നുമായി 460 അംഗങ്ങൾ ഉണ്ട്. കാർഷിക - കാർഷീകേതര വായ്പകൾ നൽകുന്ന ഈ സ്ഥാപനത്തിൽ കാർഷിക വായ്പക്കാണ് പ്രാധാന്യം നൽകുന്നത്. മൊത്തം വായ്പയുടെ പകുതിയിലധികവും കാർഷിക വായ്പയായി നൽകുന്നു.

വായ്പാ സഹകരണ സംഘങ്ങൾ വായ്പകൾ കൂടാതെ മറ്റു മേഖലകളിലും പ്രവർത്തിക്കുന്നു. വളം, കീടനാശിനി വിൽപന എന്നിവയും നടത്തുന്നുണ്ട്. ഓണക്കാലത്ത് ഓണചന്തകളും താൽക്കാലിക സംരംഭങ്ങൾ എന്ന നിലയ്ക്കും നടത്തുന്നു.

പട്ടിക 3. പരിശോധിക്കുമ്പോൾ കാർഷിക മേഖലയിലും തൊഴിൽ മേഖലയിലും സംഘങ്ങളുടെ പ്രവർത്തനം വളരെ കുറവാണ് എന്ന വസ്തുതയിലേക്കാണ് ഈ കണക്കുകൾ വിരൽ ചൂണ്ടുന്നത്. ആയതുകൊണ്ട് കാർഷിക തൊഴിൽ മേഖലയിലേക്ക് സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കേണ്ടതാണ്. പഞ്ചായത്ത് ഇക്കാര്യത്തിൽ സംഘങ്ങളുമായി കൂടിയാലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

വായ്പ തിരിച്ചടയ്ക്കുന്നതിൽ അംഗങ്ങൾ വീഴ്ച വരുത്തുന്നതും നിക്ഷേപങ്ങൾ പഞ്ചായത്തിലും പുറത്തുള്ള ബാങ്കുകളിലേക്ക് പോകുന്നതും സംഘത്തിൻെറ വളർച്ചക്കും പ്രവർത്തനത്തിനും വലിയ തോതിൽ തടസ്സം നേരിടുന്നുണ്ട് എന്ന് കാര്യം മറച്ചു വെയ്ക്കാനാവുന്നതല്ല. ഇതിനായി സഹകാരികൾക്ക് ബോധവർക്കരണം അനിവാര്യമായി കാണുന്നു.

### വായ്പേതര സഹകരണ സംഘങ്ങം :

പഞ്ചായത്തിലെ ആപ്കോസിനു കീഴിലുള്ള 5 ക്ഷീരോത്പാദക സഹകരണ സംഘങ്ങളും ഒരു സ്വതന്ത്ര ക്ഷീരോത്പാദക സഹകരണ സംഘവും പഞ്ചായത്തിലെ പാൽസംഭരണത്തിലും പാൽ വിതരണത്തിലും പ്രധാന പങ്കുവഹിക്കുന്നു. പ്രതിവർഷം ശരാശരി 601635.5 ലിറ്റർ പാൽ സംഭരിക്കുകയും പ്രാദേശികമായി 113757.8 ലിറ്റർ വിപണനം നടത്തുകയും 487877.7 ലിറ്റർ പാൽ ആപ്കോസിനു നൽകുകയും ചെയ്യുന്നുണ്ട്. ഈ സഹകരണ സംഘങ്ങൾ വഴി കറവമാടുകളെ വാങ്ങുന്നതിനു നേരിയതോതിൽ മാത്രം സാമ്പത്തിക സഹായവും നൽകുന്നുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ആകെ വായ്പ രൂപ | കാർഷിക വായ്പ രൂപ | ഐ. ആർ. ഡി. പി. വായ്പ രൂപ |
|---|---|---|---|---|
| 1. | വിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 35185471 | 14202 (.04) | 43370 ((0.012 |
| 2. | വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്ക് | 32482286 | 3918735 (12.06) | 522575 (1.61) |
| 3. | അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് | 21016755 | 10892130 (51.83) | 89829 (0.43) |

ആകെ വായ്പയുടെ ശതമാനമാണ് ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നത്.

പട്ടിക 3

ക്ഷീരോൽപാദക സഹകരണസംഘങ്ങൾ വഴി നാമമാത്ര തീറ്റ വിതരണം മാത്രമേ നടക്കുന്നുള്ളൂ. പാലുൽപ്പന്നങ്ങളുടെ നിർമ്മാണവും ചില സംഘങ്ങളിൽ ചെറിയ രീതിയിൽ നടത്തുന്നുണ്ട്.

പഞ്ചായത്തിൽ മാടക്കത്തറ പ്രദേശത്ത് ഒരു പട്ടികജാതി സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾക്കായി 1985 ൽ രൂപം കൊണ്ട ഈ സംഘത്തിൽ 137 അംഗങ്ങളാണ് ഉള്ളത്. പഞ്ചായത്തിൽ 1760 ൽ പരം പട്ടികജാതിക്കാർ ഉണ്ട്, എന്നിരിക്കെ 12.84% പേർ മാത്രമാണ് ഈ സംഘത്തിൽ അംഗങ്ങളായിട്ടുള്ളത്. സംഘത്തിന്റെ കീഴിൽ ഒരു കരിങ്കൽ ക്വാറിയും ഒരു ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ടെങ്കിലും മാനേജ്മെന്റ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. കൂടുതൽ പേർക്ക് അംഗത്വം നൽകേണ്ടതും അത്യാവശ്യമാണ്.

പഞ്ചായത്തിൽ വ്യാവസായിക സഹകരണ സംഘങ്ങൾ എന്നു പറയാവുന്ന രണ്ട് സഹകരണ സംഘങ്ങളും ഇന്ന് പ്രവർത്തന ക്ഷമമല്ല. പഞ്ചായത്തിലെ 6 ാം വാർഡിൽ അക്കരപ്പുറത്ത് പ്രവർത്തിച്ചിരുന്ന കൈത്തറി വ്യവസായ സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. അമ്പതോളം വനിതാ നെയ്ത്ത് തൊഴിലാളികളുണ്ടായിരുന്ന ഈ സ്ഥാപനം ഇന്ന് പ്രവർത്തന രഹിതമാണ്. കൂടാതെ പഞ്ചായത്തിൽ പട്ടുനൂൽപുഴു വളർത്തൽ സഹകരണ സംഘം രൂപീകരിക്കുകയും അത് ബാല്യത്തിൽ തന്നെ മൃത്യംവരിയ്ക്കുകയും ചെയ്തു.

## പ്രശ്നങ്ങൾ :

1. വായ്പാ സഹകരണ സംഘങ്ങളിൽ വർദ്ധിച്ച പലിശനിരക്ക്
2. കാർഷിക വായ്പ നൽകുന്നതിലുള്ള വൈമുഖ്യം
3. സഹകാരികൾക്ക്ബോധവൽക്കണത്തിന്റെ കുറവ്
4. കാലിത്തീറ്റ വിലവർദ്ധനവ്
5. ക്ഷീരോൽപാദക സംഘങ്ങളുടെ എണ്ണം കൂടുതൽ കാരണം കർഷകർക്ക് ലാഭവിഹിതത്തിൽ വരുന്ന കുറവ്
6. ഉത്പാദന മേഖലയിലെ സംഘങ്ങളുടെ :
   1 മാനേജ് മെന്റിന്റെ കാര്യക്ഷമതയില്ലായ്മ
   2. തൊഴിലാളികളുടെ പങ്കാളിത്തകുറവ്
   3. സാങ്കേതിക നവീകരണത്തിന്റെ അഭാവം
   4. സാമ്പത്തിക ബുദ്ധിമുട്ടുകൾ

## സാധ്യതകൾ / നിർദ്ദേശങ്ങൾ

1. വിൽവട്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ താണിക്കുടത്തും , വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ പാണ്ടിപറമ്പിലും അമ്പലപ്പാട് സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ കട്ടിലപ്പൂവ്വത്തും സ്ഥാപിക്കേണ്ടതാണ്.
2. പഞ്ചായത്തിൽ വോട്ടവകാശമുള്ള എല്ലാവരെയും സഹകരണ സംഘങ്ങളിൽ അംഗങ്ങളായി ചേർക്കുക. അപ്രകാരം സംഘങ്ങളുടെ പ്രവർത്തന മൂലധനം വർദ്ധിപ്പി ക്കുക.
3. വായ്പകളുടെ പലിശനിരക്ക് കുറയ്ക്കുക
4. കാർഷിക വായ്പകൾ ഉദാരമാക്കുക അവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക. വളം, കീടനാശിനി, വിത്ത് എന്നിവ സഹകരണ സംഘങ്ങൾ വഴി നൽകുന്നത് കൂടുതൽ കാര്യക്ഷമമാക്കുക. കാർഷികോപകരണങ്ങൾ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിനും വേണ്ട സംവിധാനം രൂപപ്പെടുത്തുക
5. മരുന്നുകൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്നതിന് സംവിധാനമുണ്ടാക്കുക.
6. പട്ടയം കിട്ടാത്ത ഭൂമിയ്ക്കുള്ള വായ്പാതോത് ഉയർത്തുക.
7. തൊഴിൽ മേഖല കാര്യക്ഷമമാക്കുന്നതിന് ഉൽപാദനത്തിനു വേണ്ടിയുള്ള വായ്പകൾക്ക് മുൻഗണനനൽകി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
8. സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് വിസയുടെ ഉറപ്പിൻമേൽ വായ്പനൽകുന്നതിനും സഹകരണ സംഘങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.
9. വായ്പ തിരിച്ചടയ്ക്കുന്നതിന് വായ്പക്കാരനിൽ നിന്നും പണം പിരിക്കുന്നതിന് ആളെ നിശ്ചയിക്കുക. (ആഴ്ചയിലോ മാസത്തിലോ ആകാം പിരിവ്)
10. പഞ്ചായത്തിലെ ജനങ്ങളുടെ മിച്ച സമ്പാദ്യം

പഞ്ചായത്തിലെ സഹകരണ സംഘങ്ങളിൽ തന്നെ നിക്ഷേപിക്കുന്നതിനും വേണ്ട ബോധവത്കരണം നടത്തുക. വിദേശത്ത് ജോലി ചെയ്യുന്നവരുടെ സമ്പാദ്യവും സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുവാൻ വേണ്ട പ്രോത്സാഹനം നൽകുക. ആഴ്ച ഡെപ്പോസിറ്റ്, ദിവസ ഡെപ്പോസിറ്റ് എന്നിവയ്ക്ക് അംഗങ്ങളെ കാണാനും പണം പിരിച്ചെടുക്കുവാനും സംവിധാനം ഉണ്ടാക്കണം.

11. വെള്ളാനിക്കര സഹകരണ ബാങ്കിനു കീഴിലുള്ള കുഴംമ്പാടത്ത് മണ്ണെടുത്ത സ്ഥലത്ത് മത്സ്യ കൃഷി നടത്തുന്നതിന് ബാങ്ക് മുൻകൈ എടുക്കണം

12. ക്ഷീരോത്പാദക സഹകരണസംഘങ്ങളുടെ പാലുൽപാദനം കൂട്ടുന്നതിന് സംഘങ്ങൾ എല്ലാം കൂട്ടിചേർത്ത് ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങിയാൽ കാലത്തീറ്റ കുറഞ്ഞ നിരക്കിൽ ക്ഷീര കർഷകർക്ക് സംഘം മുഖേന വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. ക്ഷീര കർഷകർക്ക് കറവ മാടുകളെ വാങ്ങുന്നതിന് സംഘം മുഖേന സാമ്പത്തികസഹായം നൽകുകയും തീറ്റ പുല്ലു വളർത്തുന്നതിന് വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും വേണം. ഇങ്ങനെ ചെയ്യുകയാണെങ്കിൽ പഞ്ചായത്തിൻെറ മൊത്തം പാലുൽപാദനം കൂട്ടാൻ സാധിക്കും.

13. പാലുൽപന്ന വിതരണ യുണിറ്റുകൾ തുടങ്ങാവുന്നതാണ്.

14. പുല്ലംകണ്ടം , കച്ചിത്തോട് ഭാഗങ്ങളിൽ പാൽ സംഭരണകേന്ദ്രങ്ങൾ രൂപീകരിക്കേണ്ടതാണ്.

15. കാർഷികോൽപന്നങ്ങളിൽ മുഖ്യ പങ്കുവഹിക്കുന്ന നാളികേരം സംഭരിച്ച് ഒരു നാളികേര സംസ്കരണ യുണിറ്റും റബ്ബറിൻെറ ലഭ്യത കണക്കിലെടുത്ത് ഒരു റബ്ബർ സംസ്കരണ യുണിറ്റും സഹകരണ മേഖലയിൽ പഞ്ചായത്തിൽ ആരംഭിയ്ക്കാവുന്നതാണ്.

16. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരെ സംഘടിപ്പിച്ച് തൊഴിലാളി സഹകരണ സംഘങ്ങൾക്ക് രൂപം നൽകാവുന്നതാണ്.

ഉദാ: മാടക്കത്ര ഭാഗത്ത് കളിമൺ പാത്ര നിർമ്മാണ യൂണിറ്റ് താണിക്കുടം - കള്ളായി ഭാഗത്ത് കുട്ട, പായ നെയ്ത്ത് യൂണിറ്റും തുടങ്ങാനുള്ള സാധ്യതകൾ ഉണ്ട്.

17. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. ഇതിലൂടെ സ്ത്രീകളുടെ തൊഴിൽ രാഹിത്യം പരിഹരിയ്ക്കാവുന്നതാണ്.

ഉ: വസ്ത്രം, ബേക്കറി, കറിപ്പൊടി, റെഡിമെയ്ഡ് യൂണിറ്റുകൾ, ക്രഷൻ യൂണിറ്റുകൾ, നേഴ്സറി (ചെടി) യൂണിറ്റുകൾ

18. പഞ്ചായത്തിലുള്ള കൈത്തറി യൂണിറ്റുകളെ സഹകരണ സംഘത്തിനുകീഴിൽ കൊണ്ടുവരികയും അവയുടെ പ്രവർത്തനം ഏകീകരിയ്ക്കുയും കാര്യക്ഷമമാക്കുകയും വേണം

19. പട്ടികജാതി സഹകരണ സംഘത്തിൽ കൂടുതൽ പേർക്ക് അംഗത്വം നൽകുകയും അതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്തിൻെറ സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകേണ്ടതും അനിവാര്യമാണ്.

20. പഞ്ചായത്തു തലത്തിൽ മുയൽ വളർത്തൽ സഹകരണ സംഘം രൂപീകരിക്കുകയും കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനും വളർച്ചയെത്തിവയെ തിരിച്ചെടുക്കുന്നതിനും ഉറച്ചി വിപണം നടത്തുന്നതിനും അവയുടെ തോൽ സംസ്കരിക്കുന്നതിനും ഒരു യൂണിറ്റ് ഈ സംഘത്തിൻെറ കീഴിൽ സ്ഥാപിയ്ക്കുകയും അതിലൂടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യാവുന്നതാണ്.

21. സഹകരണാടിസ്ഥാനത്തിൽ മുട്ടകോഴി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങാവുന്നതാണ്.

22. പഞ്ചായത്തിനു തനതായ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

# 5 - 11 പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

1991ലെ കാനേഷുമാരി പ്രകാരം 846 പുരുഷൻമാരും 920 സ്ത്രീളുമടക്കം 1766 പട്ടികജാതിക്കാരാണ് മാടക്കത്തറ പഞ്ചായത്തിലുള്ളത്. പറയൻ, പുലയൻ, വേട്ടുവൻ, കണക്കൻ, പാണൻ, മണ്ണാൻ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ഇവരുടെ ജീവിത നിലവാരം വേണ്ടത്ര വളർന്നുവെന്ന് കരുതാൻ വയ്യ. സർക്കാരിൻെറ നിരവധി പദ്ധതികൾ കഴിഞ്ഞുപോയിട്ടും ഈ വിഭാഗത്തിനായി നീക്കിവെച്ച പദ്ധതി ഗുണഫലങ്ങൾ അളവിലും ഗുണത്തിലും ശരിയാം വണ്ണം അവരിൽ എത്തിയില്ല എന്നതിൻെറ സൂചനയാണിത്. ദാരിദ്ര്യത്തിലും കടുത്ത ജീവിത പ്രയാസങ്ങളിലും ഇന്നും ഉഴലുന്ന കുടുംബങ്ങളാണ് പഞ്ചായത്തലേറെയും എന്ന് ഐ.ആർ.ഡി.പി. സർവേ കണക്കുകൾ കാണിക്കുന്നത്.

259 പട്ടികജാതി കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളത്. എന്നാൽ ഒരു പട്ടികവർഗ്ഗകുടുംബം പോലും മാടക്കത്തറ പഞ്ചായത്തിലില്ല.

ഭൂരിഭാഗം പട്ടിക ജാതി കുടുംബങ്ങളും കോളനികളിലാണ് വസിക്കുന്നത്. പ്രസ്തുത കോളനികൾ രേഖകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ മെച്ചപ്പെട്ടവയായിരിക്കും.എന്നാൽ വസ്തുതകൾ നേരെ മറിച്ചാണെന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ടിയിരിക്കുന്നു.

കോളനികളുടെ വിശദാംശങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

എല്ലാ കോളനികളും ഗതാഗത സൗകര്യം ഉള്ളവയാണ്. പൊതു നിരത്തിൽ നിന്നും കോളനികളിലേക്ക് കിലോമീറ്ററിൽ താഴെ ദൂരമേയുള്ളൂ. പനഞ്ചകം, വെറ്റിലപ്പാറ കോളനി പൂർണ്ണമായും വൈദ്യുതികരിച്ചിട്ടുണ്ട്,. എന്നാൽ മറ്റിടങ്ങളിൽ കോളനിക്കടുത്തുവരെ വൈദ്യുതി എത്തി എന്നു പറയാനെ നിവൃത്തിയുള്ളു. അമ്പതു ശതമാനം കോളനികളിൽ കുടിവെള്ളമില്ല. ്കോളനികളിലല്ലാതെ താമസിക്കുന്ന 107 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. അവർക്ക് ഇത്തരം അടസിഥാന സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല എന്നാണ് സാമൂഹ്യ സാമ്പത്തിക സർവ്വേ സൂചിപ്പിക്കുന്നത്. 1992 ലെ IRDP സർവ്വേ പ്രകാരം പഞ്ചായത്തിൽ ദാരിദ്ര്യരേഖക്കു താഴെയുള്ള 198 പട്ടികജാതി കുടുംബങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിലെല്ലാവർക്കും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവരിലാരും ദാരിദ്ര്യരേഖക്കു മുകളിലെത്തിയെന്നു പറയാനാവില്ല.

പനഞ്ചകം കോളനി സമസ്ത രംഗങ്ങളിലും മറ്റു കോളനികൾക്കു മാതൃകയാണ്. പ്രാഥമിക അടിസ്ഥാന സൗകര്യങ്ങൾ പ്രസ്തുത കോളനിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. കക്കൂസ്, വൈദ്യുതി, കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവയെല്ലാം ഈ കോളനിയിൽ ലഭ്യമാണ്. ശുചിത്വം, വിദ്യാഭ്യാസം, കലാകായിക രംഗം എന്നീ തുറകളിലെല്ലാം ഇവർ ഉന്നത നിലവാരം നേടിയിട്ടുണ്ട്. പ്രൊഫഷണൽ ബിരുദങ്ങളായ M.B.B.S,

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | വീടുകളുടെ എണ്ണം പട്ടികജാതി | വീടുകളുടെ എണ്ണം മറ്റുള്ളവർ | വൈദ്യുതീകരിച്ചതാണോ | കുടിവെള്ളം ലഭ്യമാണോ | ഗതാഗത സൗകര്യം |
|---|---|---|---|---|---|---|---|
| 1 | I | മാടക്കത്തറ (4സെൻറ്) | 23 | 28 | അല്ല | ഇല്ല | ഭാഗികം |
| 2 | III | പനഞ്ചകം(IHDP) | 23 | 5 | അതെ | അതെ | ഉണ്ട് |
| 3 | VI | തേറമ്പം | 14 | 5 | ഭാഗികം | അതെ | ഉണ്ട് |
| 4 | VII | മാറ്റാം പുറം | 10 | 6 | അല്ല | അതെ | ഭാഗികം |
| 5 | VIII | കള്ളായി (IHDP) | 29 | 17 | ഭാഗികം | ഇല്ല | ഉണ്ട് |
| 6 | IX | വെറ്റിലപ്പാറ | 19 | 7 | അതെ | ഇല്ല | ഉണ്ട് |
| 7 | X | ചെട്ടിക്കാട് | 14 | 1 | ഭാഗികം | ഇല്ല | ഉണ്ട് |
| 8 | X | പേര കോളനി | 10 | 2 | അതെ | അതെ | ഉണ്ട് |
| | | ആകെ | 152 | 71 | | | |

LLB, Bsc. അഗ്രിക്കൾച്ചർ തുടങ്ങിയവക്കു പുറമേ ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും നേടിയിട്ടുള്ളവരും ഇവരുടെ ഇടയിൽ വിരളമല്ല. എന്നാൽ പഞ്ചായത്തിലെ പൊതു സ്ഥിഥി ആശാവഹമല്ല. പ്രീഡിഗ്രിക്കു മുകളിലേക്ക് പഠിക്കാൻ തയ്യാറാകുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണ്.

മേല്പറഞ്ഞ കോളനികളിൽ നിന്ന് ഏറ്റവും അടുത്ത വിദ്യാലയങ്ങളിലേക്കുള്ള കുറഞ്ഞദൂരം 1/2 കി.മീറ്ററും, കൂിയ ദൂരം രണ്ടു കിലോ മീറ്ററും ആകുന്നു. വുിദ്യഭ്യാസത്തിൻെറ കാര്യത്തിൽ ശ്രദ്ധാപൂർവ്വമായ പദ്ധതികൾ ഇനിയും ആവശ്യമായിരിക്കുകയാണ്. സ്റ്റൈപ്പെൻറും, ഗ്രാൻറും കൊണ്ടുമാത്രം പട്ടികജാതിക്കാരുടെ മക്കൾ വിദ്യാഭ്യാസം നേടുകയില്ല. നിലവിലുള്ള സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾ അവൻെറ ജീവിത നിലവാരത്തേയും ബൗദ്ധീക വളർച്ചയേയും സ്വാധീനിക്കുന്നുണ്ട്. സമൂഹത്തിലെ ഇതര ജനവിഭാഗങ്ങളുടെ ഒപ്പം വളർന്നെത്തുവാൻ അവർക്ക് ഇന്ന് അവസരങ്ങളുണ്ടാകാം. പക്ഷേ, അവനെ വളർത്തിക്കൊണ്ടുവരുന്ന മാതാപിതാക്കളാകാട്ടെ അന്ധവിശ്വാസികളും അജ്ഞരുമാണ്. അർഹതപ്പെട്ട അവകാശങ്ങൾ യഥാവിധി നേടിയെടുക്കാൻ അവർക്കറിയാത്ത സ്ഥിതിയും നിലനിൽക്കുന്നുണ്ട്.

പട്ടികജാതിക്കാരിലധികവും ദിവസക്കൂലിക്കാരാണ്. കൃഷി, നിർമ്മാണ പ്രവർത്തനം എന്നീ മേഖലകളിലാണ് കൂടുതൽ പേരും തെഴിൽ ചെയ്യുന്നത്. പരമ്പരാഗത തൊഴിലായ കുട്ട, പനമ്പ്, പായ നെയ്ത്ത് മുതലായവ ഇന്ന് വളരെയധികം വിരളമായിരിക്കുന്നു. പുതിയ തലമുറ പരമ്പരാഗത തെഴിലിൽ താൽപര്യമോ വൈദഗ്ദ്യമോ നോടാൻ ഇഷ്ടപ്പെടന്നുമില്ല.

സാമൂഹ്യ സാംസ്കാരിക രംഗത്ത് പട്ടികജാതിക്കാരുടെ സജീവ സാന്നിദ്ധ്യം ഈ പഞ്ചായത്തിലുണ്ട്. എന്നാൽ രാഷ്ട്രീയ, സാമൂഹ്യ സാംസ്കാരിക സംഘടനകളുടെ നേതൃനിരയിൽ പട്ടികജാതിക്കാരുടെ സാന്നിദ്ധ്യം പ്രകടമല്ല. സാമ്പത്തിക പിന്നോക്കാവസ്ഥ നിലനിൽക്കുന്നുണ്ടെങ്കിലും മുഖ്യധാരയിൽ നിന്നും ഈ വിഭാഗത്തെ അകറ്റി നിർത്തുന്ന പ്രവണത ഒരു രംഗത്തും കാണാനാവില്ല. പഞ്ചായത്തിലെ 10 വാർഡിൽ ഒരു വാർഡ് പട്ടികജാതികക്കാർക്കായി സംവരണം ചെയ്തിട്ടുണ്ട്.

സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതിക്കാർ പുറമ്പോക്കു ഭൂമിയിൽ വീടു വെച്ചു തമാസിക്കുന്നവരാണ്. പ്രസ്തുത ഭൂമി അവരുടെ പേരിൽ പതിച്ചു നൽകി പട്ടയം നൽകിയിട്ടില്ല.

## പ്രശ്നങ്ങൾ

1. പട്ടികജാതി ജനവിഭാഗങ്ങളുടെ പൊതുജനാരോഗ്യ സ്ഥിതി വളരെ ശോചനീയമാണ്.
2. വ്യക്തി ശുചിത്വം, കുടുംബശുചിത്തം എന്നീ കാര്യങ്ങളിൽ ശ്രദ്ധിക്കാത്തതിനാൽ പകർച്ചവ്യാധികൾ കോളനികളിൽ പെട്ടെന്നു പടർന്നു പിടിക്കാനുള്ള സാധ്യത നിലനൽക്കുന്നു.
3. സാനിറ്ററി കക്കൂസുകൾ ഭൂരിഭാഗം വീടുകളിലും ഇല്ല.
4. ഹരിജൻ കോളനികളിൽ ശുദ്ധ ജലവിതരണ സംവിധാനം പര്യാപ്തമല്ല.
5. സർക്കാർ ധന സഹായ പദ്ധതികൾ സമയാസമയങ്ങളിൽ ഈ വിഭാഗങ്ങൾ അറിയുന്നില്ല.
6. വിദ്യാഭ്യാസം നേടുന്നതിന് അർഹിക്കുന്ന പ്രാധാന്യം നൽകുന്നില്ല.
7. യുവജനങ്ങളിൽ മദ്യം, മയക്കുമരുന്ന്, കഞ്ചാവ് എന്നിവയോടുള്ള ആസക്തി കൂടിവരുന്നു.
8. പട്ടികജാതിക്കാരുടെ പേരുിൽ ആനുകൂല്യങ്ങൾ മറ്റു വിഭാഗങ്ങൾക്കായി (ഉദാ : വൈദ്യുതി, ശുദ്ധജല വിതരണ പദ്ധതി മുതലായവ) ഉപയോഗിക്കപ്പെടുന്നു.

## സാധ്യതകൾ

1. കുട്ടികളെ നിർബന്ധമായും സ്കൂളിൽ അയക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ചെറുകിട കുടിൽ വ്യവസായങ്ങൾ സഹകരണ സംഘം മുഖേന നടപ്പിലാക്കാവുന്നതാണ്.
3. പരമ്പാരഗത കൈതൊഴിലുകളായ കുട്ടനെയ്ത്ത് , പായനെയ്ത്ത് എന്നിവക്ക് പ്രോത്സാഹനം നൽകാവുന്നതാണ്.
4. കാലി വളർത്തൽ, കോഴിവളർത്തൽ എന്നീ മേഖലകൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള ബോധവൽക്കരണ പ്രവർത്തനം നടപ്പിലാക്കുന്നത് ഇവർക്കിടയിൽ തൊഴിലവസരം സൃഷ്ടിക്കുന്നതിന് വമ്പിച്ച സാധ്യതയുണ്ട്.

5. പട്ടികജാതിക്കാരായ എല്ലാ വീട്ടുകാർക്കും സ്ഥിരമായികക്കൂസ് നിർമ്മിക്കേണ്ടതാണ്.

6. ജലക്ഷാമം അനുഭവപ്പെടുന്ന കോളനി പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കേണ്ടതാണ്. പ്രവർത്തനത്തിലിരിക്കുന്ന എല്ലാ കുടിവെള്ള പദ്ധതികളും സമയബന്ധിതമായി ചെയ്ത് തീർത്ത് കുടിവെള്ളം എത്തിക്കാനുള്ള സാഹചര്യം ഉണ്ടാക്കിയെടുക്കേണ്ടതാണ്.

7. പുകയേൽക്കാത്ത അടുപ്പിൻെറ ഗുണങ്ങളെക്കുറിച്ച് ബോധവാൻമാരാക്കേണ്ടതുണ്ട്.

8. മദ്യം, മയക്കുമരുന്ന് എന്നിവയാടെ ദോഷവശങ്ങളെകുറിച്ച് പ്രചരണവും ബോധവൽക്കരണവു ം നടത്തേണ്ടതുണ്ട്.

9. സ്വന്തമായി ഭൂമിയില്ലാത്തവരും പുറമ്പോക്കിൽ താമസിക്കുന്നവരുമായ പട്ടികജാതിക്കാർക്ക് വീടുവെക്കുന്നതിന് സ്ഥലം അനുവദിക്കേണ്ടതാണ്.

10. സ്വന്തമായി വീടില്ലാത്ത പട്ടികജാതിക്കാർക്ക വീട് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്,

11. പട്ടികജാതിക്കാരായ എല്ലാ വീടുകളും വൈദ്യുതീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. പട്ടയം ലഭിക്കാത്ത പട്ടികജാതിക്കാർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

13. സാക്ഷരതാ പ്രവർത്തനം കോളനികളിൽ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

14. പഞ്ചായത്തിനു കീഴിൽ ചുരുങ്ങിയത് ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കേണ്ടതാണ്

15. കോളനികളിലേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കേണ്ടതാണ്.

16. നിലവിലുള്ള പട്ടികജാതി സഹകരണസംഘത്തിൻെറ പ്രവർത്തന മേഖല വ്യാപിപ്പിക്കേണ്ടതും മെച്ചപ്പെടുത്തേണ്ടതുമാണ്.

17. 10ൽ കൂടുതൽ ഉള്ള പട്ടികജാതിക്കാരുടെ വീടുകൾ ഉൾപ്പെടുന്ന മേഖല പട്ടികജാതി കോളനിയായി അംഗീകരിക്കുകയും അതിൻെറ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

18. വയസ്സായ പട്ടികജാതിക്കാർക്ക് വാർധക്യകാല പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

19. സ്കൂളുകളിൽ പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ഗവൺമെൻറ് ഗ്രാൻറ് വർദ്ധിപ്പിക്കുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

20. ബഹുജന സംഘടനാ പ്രവർത്തനങ്ങളിൽ പട്ടികജാതിക്കാരായവർക്ക് അംഗത്വം നൽകുകയും അവർക്ക് പ്രോത്സാഹനം നൽകേണ്ടതുമുണ്ട്.

# 5_12 വിഭവസമാഹരണം

പഞ്ചായത്തിൻെറ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ സഹായിക്കുന്ന മാനദണ്ഡങ്ങളിൽ ഒന്നാണ് വരവു ചെലവു കണക്കുകൾ. പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗങ്ങൾ എന്താണെന്നും എങ്ങനെ ചെലവഴിക്കപ്പെടുന്നു എന്നും മനസ്സിലാക്കുന്നതു പ്രയോജനകരമാണ്. മാടക്കത്തറ ഒരു ഒന്നാം ഗ്രേഡ് പഞ്ചായത്താണ്. പഞ്ചായത്തിൻെറ വരുമാനസ്രോതസ്സ് വളരെ പരിമിതമാണ്. കെട്ടിട നികുതി, തൊഴിൽ നികുതി സർക്കാർ ഗ്രാൻറുകൾ എന്നവയാണ് പ്രധാന ധനാഗമന മാർഗ്ഗങ്ങൾ.

**പഞ്ചായത്തിൻെറ വരവ്**

1. 1995-96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിലേക്കുള്ള വരവ് സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 1ൽ നൽകിയിരിക്കുന്നു.പ്രധാന വരുമാന സ്രോതസ്സ് തൊഴിൽ നികുതിയാണ്.പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേരള കാർഷിക സർവകലാശാലയും മാടക്കത്തറ 400 കെ.വി.സബ്സ്റ്റേഷനും ഈ വരുമാനസ്രോതസ്സ് വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.

പഞ്ചായത്തിൻെറ വരുമാനത്തിലേക്ക് ഏറ്റവും തുച്ഛമായസംഭാവന നൽകുന്ന ഇനം ലൈസൻസ് ഫീസുകളാണ്.

വരവിൻെറ വിവരങ്ങൾ ചിത്ര രൂപത്തിൽ താഴെ ചേർക്കുന്നു.

ചിത്രം.1




കെട്ടിട നികുതി - 17.17%
ലൈസൻസ് ഫീസ് - 0.19%
വസ്തു കൈമാറ്റ നികുതിയുടെ 75 % - 11.19%
വസ്തു കൈമാറ്റ നികുതിയുട 25% - 2.20%
ഡെപ്പോസിറ്റ് - 2.39%
സർക്കാർ ഗ്രാൻറിതര വരുമാനങ്ങൾ. - 16.80
തൊഴിൽ നികുതി - 26.99%
മറ്റുള്ളവ - 23.-3%

| ഇനങ്ങൾ | വരവ് | മൊത്തത്തിൻെറ ശതമാനം |
|---|---|---|
| കെടിട നികുതി | 3,90.041.00 | 17.17% |
| തൊഴിൽ നികുതി | 6,13,147.00 | 26.99% |
| ലൈസൻസ് ഫീസ് | 4,359.50 | 00.19% |
| വസ്തുകൈമാറ്റ നികുതിയുടെ 75 ശതമാനം | 2,54,311.00 | 11.19% |
| വസ്തുകൈമാറ്റ നികുതിയുടെ 25% | 50,000.00 | 02.20% |
| സർക്കാർ ഗ്രാൻറിതര വരവുകൾ | 3,81,654.35 | 16.80% |
| ഡെപ്പോസിറ്റ് | 54,387.00 | 02.37% |
| മറ്റുള്ളവ | 5,23,190.00 | 23.03% |
| ആകെ | 22,71,089.85 | 100% |

പഞ്ചായത്തിൻെറ വരുമാനത്തിൽ തനതു വരുമാനം (പഞ്ചായത്ത് നികുതികൾ,ലൈസൻസ് ഫീസുകൾ) വരുമാനത്തിൻെറ 46.08% ആണ്സർക്കാരിൻെറ ഗ്രാൻറുകൾ അൺടൈഡ് ഫണ്ട്,പ്രത്യേക സ്കീമുകൾക്കുള്ള സഹായം, സർക്കാർ പിരിച്ചെടുത്ത് പഞ്ചായത്തിനു നൽകുന്നത് മുതലായവയാണ് ശേഷിച്ച ഭാഗം.

പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗങ്ങളിലൊന്നായ വിനോദ നികുതി, ഇവിടടെ പ്രദർശനശാലകൾ ഇല്ലാത്തതിനാൽ ലഭ്യമല്ല. പിരിച്ചെടുക്കാനുള്ള നികുതി, സർക്കാരിൻെറ ഗ്രാൻറുകൾ അൺടൈഡ് ഉണ്ട്. ഇതിൽ സർക്കാർ ഗ്രാൻറിതര വരുമാനമായ 6242.25 രൂപ അഥവാ 00.27% വും ഉൾപ്പെടുന്നു. അതായത് 00.05% മാത്രമാണ് പിരിച്ചെടുക്കുവാനുള്ളത്.

### 3. ചെലവുകൾ

1. 1995-96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിൻെറ ചെലവു സംബന്ധിച്ച വിവരങ്ങൾ പട്ടിക 2ൽ നൽകിയിരിക്കുന്നു.ഭരണപരമായ ചെലവ് പഞ്ചായത്തിൻെറ സാധാരണ വരുമാനത്തിൻെറ33.43%ആണ് (നോർമൽ വരുമാനം) സാധാരണ വരുമാനം തനതുവരുമാനവും വസ്തു കൈമാറ്റ നികുതിയും ഉൾപ്പെട്ടതാണ്. മൊത്തം ചെലവിൻെറ 47.5% പൊതുമരാമത്തിനായാണ് വിനിയോഗിക്കുന്നത്. ഇതിൽ, 92.50% പഞ്ചായത്തിലെ റോഡുകൾക്കായി ചെലവഴിക്കുന്നു.

ചെലവിൻെറ വിവരങ്ങൾ ചിത്രരൂപത്തിൽ താഴെ കൊടുക്കുന്നു

**ചിത്രം 2**
**മൊത്തം ചിലവ് ശതമാനത്തിൽ**




*പൊതുമരാമത്ത് ചെലവിൻെറ 92.50% റോഡുകൾക്കു വേണ്ടിമാത്രം ചെലവു ചെയ്യുന്നു. ബാക്കി 07.50% മാത്രമെ ഇതിന്കീഴിലുള്ള മറ്റിനങ്ങൾക്ക് ചെലവഴിക്കുന്നുള്ളു.

1995-96 സാമ്പത്തിക വർഷത്തെ പൊതു സാമ്പത്തിക നിലയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 3 ൽ കൊടുക്കുന്നു.

പട്ടിക 2

| ഇനങ്ങൾ | ചെലവ് | മൊത്തത്തിൻെറ ശതമാനം |
|---|---|---|
| ഭരണം | 4,74,539.00 | 14.63 |
| പൊതുമരാമത്ത് | 15,40,416.50 | 47.50 |
| വിദ്യാഭ്യാസം | 36,986.05 | 01.14 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 86,467.00 | 02.66 |
| തെരുവുവിളക്കുകൾ | 1,16,007.00 | 03.59 |
| മറ്റുള്ളവ | 9,85,532.50 | 30.48 |
| ആകെ | 32,42,948.05 | 100 |

പട്ടിക.3 സംക്ഷിപ്ത കണക്ക്

| ഇനം | പൊതു കണക്ക് | മൂലധന കണക്ക് | കടം സംബന്ധിച്ച് |
|---|---|---|---|
| വരവ് | 30,88,749.73 | 7,63,142.00 | 204057.80 |
| ചെലവ് | 24,83,926.05 | 624763.00 | 134259.00 |

പഞ്ചായത്ത് കണക്കിൽ ചെറുതല്ലാത്ത തുക മിച്ചം (ക്യാഷ് ബാലൻസ്) കാണുന്നുണ്ട്. ഇതിനർഥം പഞ്ചായത്ത് സാമ്പത്തിക സ്ഥിതി മെച്ചമാണെന്നല്ല. പഞ്ചായത്തിൻെറകടം കണക്കിലെടുത്തുകൊണ്ടുമാത്രമെ വിലയിരുത്തൽ സാധ്യമാവൂ.

1995-96 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും പഞ്ചായത്തിന് 12,80,397 രൂ. ഗ്രാൻറിനത്തിൽ ലഭിച്ചിട്ടുണ്ട്.ഇതിൻെറ 27.22% ജവഹർ റോസ്ഗാർ യോജന 21.45% അൺടൈഡ്ഫണ്ട്, 02.14 സ്പെഷ്യൽ ഗ്രൻറ്, എന്നീ ഇനങ്ങളിലാണ്. ബാക്കി 48.99% മറ്റ് നികുതിയിനങ്ങളുടെ വിഹിതങ്ങളാണ്. ജെ.ആർ. വൈ. അനുസരിച്ച് ഏറ്റെടുത്ത പണികൾ പട്ടിക 4 ൽ സൂചിപ്പിക്കുന്നു.

ജെ.ആർ.വൈ പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗത്തിനുള്ള പണം വീടു നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക പൂർണമായി വിനിയോഗിച്ചിട്ടില്ല. പൊതു വിഭാഗത്തിലുള്ള പദ്ധതികൾ റോഡ് ടാറിങ്ങിനാണ് മുഴുവനായും ഉപയോഗിച്ചിട്ടുള്ളത്. സാമൂഹ്യ ആസ്തി നിർമ്മാണം ഏതാണ്ട് മുഴുവനും റോഡ്നിർമ്മാണമാണ്. റോഡിനായി കൂടുതൽ പണം ചെലവഴിക്കുന്നതിൻെറ പ്രധാന കാരണം മലപ്രദേശങ്ങളിൽ റോഡ് സൗകര്യം കാര്യമായി ഇല്ല എന്നുള്ളതാണ്.കൂടാതെ,കുടിയേറ്റക്കാർ വന്ന് താമസം തുടങ്ങിയത്. ഉൾപ്രദേശങ്ങളിലാണ്. ഉൾപ്രദേശങ്ങളിലെ ജനസാന്ദ്രത ഉയർന്നതുകൊണ്ട് റോഡിൻെറ വികസനം ആവശ്യമായി വന്നു. എന്നാൽ സാമൂഹ്യ ആസ്തി നിർമിക്കുമ്പോൾ ഉൽപാദനത്തെ നേരിട്ടു സഹായിക്കുന്ന മേഖലകളെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

പഞ്ചായത്തിൻെറ കഴിഞ്ഞ ആറുവർഷങ്ങളിലെ വരവ്ചെലവുകണക്കുകളുടെ താരതമ്യപഠനം ഇനി തുടരുന്നു. പട്ടിക 5 ശ്രദ്ധിക്കുക.

പഞ്ചായത്തിൻെറ വരുമാനത്തിലുണ്ടായ വാർഷിക വർദ്ധനാ നിരക്ക് ചെലവിൻെറ

**പട്ടിക -4**

| ഇനം | ജനറൽ | | പട്ടികജാതി/പട്ടിക വർഗം | |
|---|---|---|---|---|
| | എസ്റ്റിമേറ്റ് | തുക നൽകിയത് | എസ്റ്റിമേറ്റ് | തുക നൽകിയത് |
| വീടു നിർമ്മാണം | - | - | 79,000.00 | 72,700.00 |
| റോഡ്ടാറിംഗ് | 2,52,000 | 2,52,000.00 | | |

**പട്ടിക -5**

| വർഷം | മൊത്തം വരവ് | വർധന നിരക്ക് | മൊത്തം ചെലവ് | വർധന നിരക്ക് |
|---|---|---|---|---|
| 1990-91 | 84,590-4.42 | - | 8,35, 108.01 | - |
| 1991-92 | 1060731.44 | 25.39 | 8,16,354.87 | 02.29 |
| 1992-93 | 1091963.92 | 02-94 | 9,44,206-33 | 13.54 |
| 1993-94 | 1895362-70 | 73.57 | 10,04,415.60 | 05.99 |
| 1994-95 | 1830 504.82 | 03-42 | 18,17,771.58 | 44.74 |
| 1995-96 | 22 71089.85 | 24.06 | 32,42,948.05 | 43.94 |

വർദ്ധനാ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ വർദ്ധന കാണിക്കുന്നത് ചെലവിലാണ്.

മാടക്കത്തറ പഞ്ചായത്തിന്റെ കഴിഞ്ഞ ആറുവർഷത്തെ നികുതി വരുമാനത്തിന്റെ വളർച്ച 6 -ൽ സുചിപ്പിക്കുന്നു.

പട്ടിക. -6- (1) കെട്ടിട നികുതി

| വർഷം | നികുതി വരവ് | വാർഷിക വർദ്ധന നിരക്ക് % |
|---|---|---|
| 1990-91 | 1,45,094.00 | |
| 1991-92 | 1,56,639.00 | 07.90 |
| 1992-93 | 1,64,483.00. | 0.5.80 |
| 1993-94 | 3,23,031.00 | 96.40 |
| 1994-95 | 3,50,179.00 | 08.40 |
| 1995.96 | 3,90,041.00 | 11.38 |

കെട്ടിടനികുതിയുടെ വാർഷിക ശരാശരി വർധനവ് 28.13 ആണ്. ഈ വർദ്ധനക്ക് ഒരു പ്രധാന കാരണം 1993-94 വർഷത്തിൽ നടത്തിയ നികുതിനിരക്കുവർദ്ധനവാണ്.

പട്ടിക 6 (2) തൊഴിൽ നികുതി.

| വർഷം വർദ്ധന | നികുതി വരവ് | വാർഷിക നികുതി വർദ്ധന നിരക്ക്. |
|---|---|---|
| 1990-91 | 239230.00 | |
| 1991-92 | 292326.00 | 22.20 |
| 1992-93 | 332701.00 | 13.80 |
| 1993-94 | 420357.00 | 26.34 |
| 1994-95 | 505771.00 | 20.32 |
| 1995-96 | 613147.00 | 21.23 |

തൊഴിൽ നികുതിയുടെ വാർഷിക ശരാശരി വർദ്ധന നിരക്ക് 26.05 ശതമാനമാണ്.

ക്രമാനുഗതമായ വർദ്ധന ഈ നികുതിയിൽ കാണിക്കുന്നുണ്ട്.

പട്ടിക.6(3) ലൈസൻസ് ഫീസ്.

| വർഷം | നികുതിവരവ് | വാർഷികവർദ്ധന നിരക്ക് |
|---|---|---|
| 1990-91 | 2624.00 | |
| 1991-92 | 2704.00 | 03.80 |
| 1992-93 | 3213.00 | 18.71 |
| 1993-94 | 3457.00 | 07.60 |
| 1994-95 | 3738.50 | 07.50 |
| 1995-96 | 4359.00 | 16.59. |

ലൈസൻസ് ഫീസിന്റെ വാർഷിക ശരാശരി വർധന കേവലം 11.02 ശതമാനം മാത്രമാണ്.

പട്ടിക.6(4)
വസ്തു കൈമാറ്റ നികുതിയുടെ
(75% 25%)

| വർഷം | നികുതിവരവ് | വാർഷിക വർദ്ധന |
|---|---|---|
| 1990-91 | 98340.10 | |
| 1991-92 | 146996.00 | 49.50 |
| 1992-93 | 144752.00 | -1.5 |
| 1993-94 | 364233.00 | 151.60 |
| 1994-95 | 214727.00 | -41 |
| 1995-96 | 304311.00 | 41.71 |

വാർഷിക ശരാശരി വർധന (വസ്തുകൈമാറ്റ നികുതിയുടെ 75-25). 34.90 ശതമാനമാണ്. എന്നാൽ ഇതിന്റെ വർദ്ധനയിൽ വലിയ ഏറ്റകുറച്ചിൽ ഉണ്ട്. ആ നികുതി സർക്കാർ പിരിക്കുകയും പഞ്ചായത്തിനു കൈമാറുകയാണ്. ആ കൈമാറ്റത്തിലുണ്ടാകുന്ന കാലതാമസവും കുടിശ്ശികയും ഈ വ്യതിയാനത്തിനു കാരണമാവുന്നു.

വസ്തു കൈമാറ്റങ്ങൾ നിരവധി നടക്കുന്ന ഈ കാലഘട്ടത്തിൽ ആനുപാതികമായ വർദ്ധനവ് നികുതി ശരാശരിയിൽ ദൃശ്യമല്ല. വസ്തുവിന്റെ വില കുറച്ചു കാണിച്ചു കൈമാറ്റം നടത്തുന്ന രീതി പരക്കെയുണ്ട് ഇത് പഞ്ചായത്തിന്റെ വരുമാനത്തെ ചോർത്തിക്കളയുന്നു.

പട്ടിക .6(5) സർക്കാർ ഗ്രാൻറിതര വരവുകൾ

| വർഷം | ഇതരവരവുകൾ | ഒരോ വർഷത്തെയും വർദ്ധന ശതമാനം |
|---|---|---|
| 1990-91 | 133752.28 | |
| 1991-92 | 24906.54 | 81.37 |
| 1992-93 | 19503.17 | -21.69 |
| 1993-94 | 215675.70 | 1005.85 |
| 1994-95 | 377497.32 | 75.03 |
| 1995-96 | 381 654.35 | 01.10 |

ഗ്രാൻറിതര വരവുകളുടെ വാർഷിക ശരാശരി വർധന നിരക്ക്30.89 ശതമാനമാണ്. ആ വരുമാനത്തിലും വാർഷിക വ്യതിയാനം കാണുന്നുണ്ട്.

പട്ടിക .6(6) മറ്റുള്ള വരവുകൾ

| വർഷം | മറ്റുള്ള വരവുകൾ | ഓരോ വർഷത്തെയും വർധനനിരക്ക് |
|---|---|---|
| 1990-91 | 2080 63-00 | |
| 1991-92 | 425236.00 | 104.37 |
| 1992.93 | 364886.00 | -14.19 |
| 1993-94 | 556706.00 | 52.56 |
| 1994-95 | 33 1955.00 | -40.37 |
| 1995-96 | 523190.00 | 57.60 |

മറ്റു വരവുകളുടെ വാർഷിക വർദ്ധനയിൽ വലിയ ഏറ്റക്കുറച്ചിൽ ദൃശ്യമാണ്

പഞ്ചായത്തിന്റെ തനത് വരുമാനങ്ങൾ അല്ലാത്ത സ്രോതസ്സുകളിൽ വാർഷിക ഏറ്റക്കുറച്ചിൽ ദൃശ്യമാണ് പലതും സർക്കാർ പിരിച്ചു കൈമാറുന്നതാണ്. ഗ്രാൻറുകളിലും വാർഷിക വ്യതിയാനം ഉണ്ടാകുന്നു. ഇതെല്ലാം ചേർന്ന് പഞ്ചായത്തിന്റെ വരുമാനത്തിൽ വലിയ ഏറ്റക്കുറച്ചിലിന് കാരണമാകുന്നു.

മാടക്കത്ര പഞ്ചായത്തിന്റെ കഴിഞ്ഞ 6 വർഷങ്ങളിലെ ചെലവുകൾ സംബന്ധിച്ച താരതമ്യപഠനം താഴെ പട്ടിക 7 ൽ ചേർക്കുന്നു.

പട്ടിക.7 (1) ഭരണ ചെലവ്.

| വർഷം | ചെലവ് | മൊത്ത ശതമാനം | വാർഷിക വർധനനിരക്ക് |
|---|---|---|---|
| 90-91 | 2 54 895.60 | 30.5 | |
| 91-91 | 2 82 808.70 | 10.3 | 10.90 |
| 92-93 | 2 80 260.00 | 14.4 | 00.90 |
| 93-94 | 355 620.62 | 35.4 | 26.90 |
| 94-95 | 413 336.00 | 22.7 | 16.22 |
| 95.96 | 474 539.00 | 14.63 | 14.80 |
| ആകെ | 2061459.92 | 100.00 | |

ഭരണ ചെലവിന്റെ ശരാശരി വാർഷിക വർദ്ധന 14.36 ശതമാനമാണ്. മൊത്തം ചെലവിൽ ഭരണ ചെലവിന്റെ പങ്ക് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കുറഞ്ഞിട്ടുണ്ട്.എന്നാൽ ഭരണച്ചെലവിന്റെ തുക ഓരോ വർഷവും വർദ്ധിക്കുന്നു.

പട്ടിക. 7(2) മരാമത്ത് ചെലവ്.

| വർഷം | ചെലവ് | മൊത്ത ചെലവിന്റെ ശതമാനം | വാർഷിക വർധന നിരക്ക് |
|---|---|---|---|
| 90-91 | 220 669.66 | 26.4 | |
| 91-92 | 252 946.52 | 9.1 | 14.62 |
| 92-93 | 76121.77 | 3.9 | -69.90 |
| 93-94 | 81 080.60 | 8.1 | 6.51 |
| 94-95 | 277389.00 | 15.3 | 242.11 |
| 95-96 | 1540 416.50 | 47.5 | 455.32 |
| ആകെ | 2448624.05 | 100.00 | |

മരാമത്ത് പണിയുടെ വിഹിതത്തിൽ വലിയ വ്യതിയാനം കാണുന്നുണ്ട്. മരാമത്ത് ചെലവ് ഓരോ വർഷവും വർദ്ധിച്ചു വരുകയാണ്.

പട്ടിക 7(4) ജലവിതരണ ചെലവുകൾ

| വർഷം | ചെലവ് | മൊത്ത ചെലവിന്റെ നിരക്ക് | വാർഷിക വർധന |
|---|---|---|---|
| 90-91 | 00.00 | 00.00 | |
| 91-92 | 6212.00 | 0.20 | |
| 92-93 | 16853.00 | 0.90 | 171.29 |
| 93-94 | 5007.00 | 0.50 | 70.29 |
| 94-95 | 70250.30 | 3.90 | 1303.04 |
| 95-96 | 86467.00 | 2.66 | 21.66 |
| ആകെ | 184787.30 | 100.00 | |

ജലവിതരണത്തിനായി ചെലവഴിക്കുന്ന പണവും മൊത്തം ചെലവിൽ അതിന്റെ പങ്കും വർദ്ധിച്ചു വരികയാണ്. വർദ്ധിച്ചു വരുന്ന രൂക്ഷമായ ജലക്ഷാമത്തിന്റെ സൂചനകൂടിയാവാം ഇത്.

പട്ടിക.7(5) തെരുവു വിളക്ക് ചെലവ്.

| വർഷം | ചെലവ് | ചെലവിന്റെ ശതമാനം | വാർഷിക വർധന നിരക്ക് |
|---|---|---|---|
| 90-91 | 130 293.00 | 15.6 | |
| 91-92 | 67 601.00 | 2.5 | -48.11 |
| 92-93 | 69228.00 | 3.5 | 2.40 |
| 93-94 | 1061 78.85 | 10.6 | 53.37 |
| 94-95 | 135 750.00 | 7.5 | 27.85 |
| 95-96 | 116 007.00 | 3.59 | -14.54 |
| ആകെ | 625057.85 | 100.00 | |

തെരുവുവിളക്കിനായി ചെലവഴിക്കുന്ന തുകയിൽ വാർഷിക വ്യതിയാനം കാണാൻ കഴിയുന്നുണ്ട്. ചിലവർഷങ്ങളിൽ കൂടുതൽ പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതു കൊണ്ടാണ് ഈ വ്യതിയാനം. പഞ്ചായത്തിന്റെ വർദ്ധിച്ചുവരുന്ന ഒരു പ്രധാനചെലവായിരിക്കും ഇത്

പട്ടിക 7(6)
മറ്റ് ചെലവുകൾ

| വർഷം | ചെലവ് | മൊത്ത ചെലവിന്റെ ശതമാനം | വാർഷിക വർദ്ധന നിരക്ക് |
|---|---|---|---|
| 90-91 | 228049.75 | 0.273 | |
| 91-92 | 205 686.65 | 29.0 | 09.80 |
| 92-93 | 493 213.81 | 25.3 | 139.78 |
| 93-94 | 441925.80 | 44.00 | 10.39 |
| 94-95 | 910 256.00 | 50.1 | 105.97 |
| 95-96 | 988 532.50 | 30.48 | 08.59 |
| ആകെ | 3267664.51 | 100.00 | |

പഞ്ചായത്തിൻെറ മറ്റു പ്രവർത്തനങ്ങൾക്കുള്ള ചിലവുകൾ വർദ്ധിക്കുന്നുണ്ട്.

### പട്ടിക 8

**1990-91 മുതൽ 1994-95 വരെയുള്ള വരവുചെലവുകണക്കുകളുടെ സംഷിപ്തവിവരം ശതമാനത്തിൽ**

| ശരാശരി വരവ് | മൊത്തവാർഷികവരുമാനത്തിൽ |
|---|---|
| കെട്ടിട നികുതി | 16.62% |
| തൊഴിൽ നികുതി | 27.21% |
| ലൈസൻസ് ഫീസ് | 01.13% |
| വസ്തു കൈമാറ്റനികുതിയുടെ 75% | 09.89% |
| വസ്തു കൈമാറ്റനികുതിയുടെ 25% | 03.82% |
| സർക്കാർ ഗ്രാൻറിതര വരവുകൾ | 10.38% |
| ഡെപ്പോസിറ്റ് വരവുകൾ | 2.44% |
| മറ്റു വരവുകൾ | 29.11% |
| **ശരാശരി ചിലവ്** | **മൊത്തവാർഷികചിലവിൽ** |
| ഭരണ ചെലവ് | 30.60% |
| മരാമത്ത് ചെലവ് | 17.75% |
| വിദ്യാഭ്യാസ ചെലവ് | 00.65% |
| ജലവിതരണ ചെലവ് | 01.38% |
| തെരുവു വിളക്ക് ചെലവ് | 09.85% |
| മറ്റു ചെലവുകൾ | 39.76% |

1990-91 മുതൽ 1994-95 വരെയുള്ള വരവു ചെലവ് ശതമാനക്കണക്കിൽ സൂചിപ്പിച്ചിരിക്കുകയാണ് പട്ടിക എട്ടിൽ

1995-96 ലെ സ്ഥിതിവുമായി തട്ടിച്ചു നോക്കുമ്പോൾ പഞ്ചായത്തിൻെറ വരുമാനത്തിൽ കാര്യമായ വ്യത്യാസം കാണിക്കുന്നത് സർക്കാർ ഗ്രാൻറിതരവരുമാനത്തിലുംമറ്റു വരുമാനത്തിലും മാത്രമാണ്.

### പ്രശ്നങ്ങൾ

**പഞ്ചായത്തിൻെറ വരുമാന സ്രോതസ്സ് വളരെ പരിമിതമാണ് . കെട്ടിട നികുതിയിലൂടെയോ തൊഴിൽ നികുതിയിലൂടെയോ വലിയ വരുമാന വർദ്ധനക്ക് സാധ്യതയില്ല. എന്നാൽ** പഞ്ചായത്തിന് ചുമത്താൻ കഴിയുന്ന പരസ്യനികുതി ഈടാക്കുന്നില്ല. 1990-95 കാലഘട്ടത്തിലെ ലൈസൻസ് ഫീസ് മൊത്ത വരവിൻെറ 01.13% അയിരിന്നു. 1995-96 സാമ്പത്തിക വർഷത്തിൽ .19% ആയി കുറഞ്ഞിരിക്കുന്നു. ശരാശരി വാർഷിക വർദ്ധന കേവലം 7.5 മാത്രമാണ് ഇത് കാലോചിതമായി വർദ്ധിക്കേണ്ടതാണ് ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

തൊഴി നികുതി ചുമത്താൻ കഴിയുന്ന എല്ലാവരിൽ നിന്നും പിരിക്കുന്നുണ്ടോ എന്ന പരിശോധന ആവശ്യമാണ്. 60 ദിവസത്തിൽ കൂടുതലായി താമസിച്ച് പണിയെടുക്കുന്ന എല്ലാവരിൽ നിന്നും നി കുതി പിരിക്കാവുന്നതാണ്.

സേവന നികുതികൾ ചുമത്തുന്നില്ല. കേബിൾ ടി.വി. നികുതി ചുമത്താവുന്ന മേഖലയാണ്. വസ്തു കൈമാറ്റ നികുതിയുടെ 25% സർക്കാർ ഇഷ്ടമനുസരിച്ചാണ് നൽകുന്നത്. ഇതിന് കൃത്യതയില്ല. സർക്കാർ ഗ്രാൻറ് നൽകുന്നതിലുള്ള ഏറ്റക്കുറച്ചിൽ പഞ്ചായത്തിൻെറ വരുമാനത്തിൽ വ്യതിയാനമുണ്ടാക്കുന്നു. പഞ്ചായത്തുകൾക്ക് പദ്ധതികൾ ആവിഷ്കരിക്കുവാൻ ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു.

ചിലവിൽ പ്രധാനം പൊതുമരാമത്താണ്. അതിൽ കൂടുതൽ റോഡിനും. അറ്റകുറ്റപ്പണികൾക്കായി ഓരോവർഷവും വളരെ കൂടുതൽ പണം ചെലവഴിക്കുന്നുണ്ട്. ചെയ്യുന്ന പണിയുടെ മേൻമക്കുറവുകൊണ്ടാണോ എന്ന് പരിശോധിക്കേണ്ടതാണ്. പൊതുമരാമത്തിന് കോൺട്രാക്ടറെ പൂർണമായും ആശ്രയിക്കുന്നത് വിഭവചോർച്ചക്ക് കാരണമാവുന്നു. വഴിവിളക്കിനും, കുടിവെള്ളത്തിനുമുള്ള ചെലവ് വർദ്ധിച്ചുവരുന്നു. ഇനിയും വർദ്ധിക്കനാണ് സാധ്യത.

**പ്രത്യുൽപാദനപരമായ മേഖലയി ൽ കാര്യമായ ചെലവ് പഞ്ചായത്ത് ചെയ്യുന്നില്ല. കാർഷിക മേഖലയുടെ ഉൽപാദന വളർച്ചയെ നേരിട്ട് സഹായിക്കുന്ന രീതിയിലുള്ള ചെലവുകൾ ചെയ്തതായിക്കാണുന്നില്ല.**

വിദ്യാഭ്യാസമേഖലയിൽവളരെ തുച്ഛമായ തുകയേ പഞ്ചായത്ത് ചെലവഴിക്കുന്നുള്ളൂ. ഈ മേഖലയിൽ കൂടുതൽ പണം ചെലവഴിക്കുന്നത് ഇതിൻെറ വളർച്ചക്ക് സഹായകമായിരിക്കും.

## സാധ്യതകൾ

(1) ഏതൊരു ഭരണ സംവിധാനത്തിൻെറയും പ്രധാനവരുമാന മാർഗ്ഗമായ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിൻെറ ഭഗമായി അതാതുകാലങ്ങളിലെ നികുതികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.നികുതി ഈടാക്കാവുന്ന മേഖലകളുടെ മിനിമം നിരക്ക് ചെറിയ തോതിൽ ഉയർത്തുക വഴി വിഭവ സമാഹരണം വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്. കൂടാതെ പുതിയ സേവന മേഖലകൾ ആരംഭിക്കുകയും നിലവിലുള്ളവ വൈവിധ്യവൽക്കരിക്കുകയും ചാർജ്ജുകൾ, ലൈസൻസ് ഫീസുകൾ, സെസുകൾ എന്നിവ വർധിപ്പിക്കാവുന്നതുമാണ്. പഞ്ചായത്തുരാജ് നിയമങ്ങൾ വഴി ഭരണഘടന ഉറപ്പു നൽകുന്ന പുതിയ നികുതിയധികാരങ്ങൾ പൂർണമായും ഉപയോഗപ്പെടുത്തേണ്ടതാണ്.

(2) കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും വിവിധ ധനസഹായ ഏജൻസികളിൽ നിന്നും പ്രത്യേക പ്രോജക്റ്റുകൾ ലഭിക്കുവാൻ സാധ്യതയുണ്ട്.ഇത്തരത്തിലുള്ള സഹായം നേടുന്നതിന് ശ്രമിക്കാം ഉദാഹരണം. നീർമറിവികസനം

(3) മാടക്കത്തറ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ധനകാര്യസ്ഥാപനങ്ങളായ വെള്ളാനിക്കര സർവ്വീസ് സഹകരണ ബാങ്ക്, വിൽവട്ടം സഹകരണ ബാങ്ക് അമ്പലപ്പാട് സഹകരണ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, എന്നിവയുടെശാഖകളും, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എക്സ്റ്റൻഷൻ കൗണ്ടർ എന്നിടവിടങ്ങളിലെ നിക്ഷേപങ്ങൾ കാർഷിക-വ്യവസായിക-വികസന പ്രവർത്തനങ്ങൾക്കായി ഈ പഞ്ചായത്തിൽ കൂടുതലായി വായ്പ ഇനത്തിൽ

അനുവദിച്ച് വിനിയോഗിക്കാവുന്നതാണ്, മാത്രമല്ല തപാലാഫീസുകളിലെ ദേശീയ സമ്പാദ്യ പദ്ധതികളിലെ നിക്ഷേപങ്ങളും ഇതേ നീതിയിൽ വിനി യോഗിക്കാവുന്നതാ ണോ എന്ന് പരിശോധിക്കണം.

(4)സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ വാർഷിക ഇടപാടുകൾ പഞ്ചായത്ത് പരിശോധിക്കുകയും ലാഭശതമാനത്തിനനുസരിച്ചുള്ള ചാർജ്ജുകൾ ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുകയും വേണം.

(5) പഞ്ചായത്തിലെ പടിഞ്ഞാറെ വെള്ളാനിക്കരയിലുള്ള കുഴമ്പാടക്കുളം, ചിറക്കാക്കോടുള്ള പുല്ലുകുളം,അരുവാക്കുളം,കച്ചിത്തോട് ഡാം, താണിക്കുടം പുഴ തുടങ്ങിയ ജലാശയങ്ങൾ മത്സ്യകൃഷിക്കായി ലേലം ചെയിത് കൊടുക്കാവുന്നതാണ്. ഒരു വർഷത്തിനുള്ളിൽ പൂർണ വളർച്ച എത്തുന്ന മത്സ്യ വിത്തുകൾ ഇതിന് ഉപയോഗിക്കാവുന്നാതാണ്. ഇതിൽ നിന്നുള്ള ആദായം പഞ്ചായത്തിന് മുതൽകൂട്ടാവുന്നതണ്.

(6). പഞ്ചായത്തിൻെറ മർമപ്രധാനമായ കേന്ദ്രങ്ങളായ കട്ടിളപ്പൂവം, ചിറക്കാക്കോട്, മാടക്കത്തറ, താണിക്കുടം എന്നിവിടങ്ങളിൽ സ്ഥലം അകVയർ ചെയ്ത് വാണിജ്യ കേന്ദ്രങ്ങൾ നിർമ്മിച്ച് മുറികൾ വാടകക്ക് കൊടുക്കാവുന്നതാണ്. കൂടാതെ പഞ്ചായത്തിൻെറ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശത്ത് ഒരു കല്ല്യാണ മണ്ഡപം നിർമ്മിച്ച് വിവിധ പരിപാടികൾക്ക് നൽകി വാടക ഈടാക്കാവുന്നതാണ്. ഈ വക വരുമാനങ്ങളെല്ലാം പഞ്ചായത്തിൻെറ ഇന്നത്തെ സാമ്പത്തിക സ്ഥിതി വളരെധികം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നതാണ്.

(7) പഞ്ചായത്തിൻെറ പരിധിയിൽപെടുന്ന നിരത്തുവക്കുകളിലും കനാൽ പുറമ്പോക്കുകളിലും മറ്റ് പതിച്ചു നൽകിയിട്ടില്ലാത്ത തരിശു ഭൂമിയിലും തേക്ക്,മാഞ്ചിയം, ഈട്ടി, മഹാഗണി തുടങ്ങിയ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ച് സൗന്ദര്യവൽക്കരിക്കുവാനും, പരിസ്ഥിതി സംരക്ഷിക്കുവാനും, ദീർഘകാലാടിസ്ഥാനത്തിലും ദീർഘ വീക്ഷണത്തോടും വിഭവസമാഹരണം നടത്താനും കഴിയുന്നതാണ്.

(8) പഞ്ചായത്തിലെ അഭ്യസ്തവിദ്യരും അല്ലാത്തവരുമായ തൊഴിൽ രഹിതരുടെ മാനവശേഷി ഉപയോഗപ്പെടുത്തി വമ്പിച്ച വിഭവസമാഹരണം നടത്തുവാനും തൊഴിലാല്ലായ്മ ഒരു പരിധിവരെ നിയന്ത്രിക്കുവാനും കഴിയുന്നതാണ്.സന്നദ്ധ സംഘടനകൾ സന്നദ്ധ പ്രവർത്തകർ, യുവജന സംഘടനകൾ എന്നിവയുടെ സഹകരണവും ഈ മേഖലയിൽ വിനിയോഗിക്കാവുന്നതാണ്.

(9) പഞ്ചായത്തിൻെറ അധികാര പരിധിയിൽപെടുന്ന പ്രദേശങ്ങളിൽ പരസ്യപ്രദർശനങ്ങൾ നടത്തുന്നതിനും പരസ്യബോർഡുകൾ, ബാനറുകൾ,പോസ്റ്ററുകൾ, തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനും പ്രത്യേകാനുവാദം വാങ്ങേണ്ട നിബന്ധന വെക്കുകയും ചെറിയ തോതിൽ പരസ്യ ചാർജ്ജുകൾ.ഈടാക്കുകയും അതുവഴി വിഭവസമഹരണം നടത്തുകയും ചെയ്യാം

(10) പുറമ്പോക്ക്,പതിച്ചു കൊടുക്കാവുന്ന ഭൂമി എന്നി ഇനങ്ങളിലായി 479.44 ഹെക്ടർ,76.4207 ഹെക്ടർഎന്ന ക്രമത്തിൽ ഭൂമിയുള്ളതായി കാണുന്നു. ഇവയെല്ലാം സംരക്ഷിക്കേണ്ടതും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നതുമാണ്. പുറമ്പോക്ക് സമീപ വാസികളു ടെ അധീനതയിലുള്ളതാണെങ്കിലും അതിൽ നിന്നും നികുതിപിരിക്കുവാൻ കഴിയുന്ന വിധത്തിൽ പഞ്ചായത്തി ൻെറ ഉടമസ്ഥാവകാശം പുന.സ്ഥാപിക്കകയോ വിലക്കു വിൽക്കുകായോ ചെയ്യേണ്ടത ാണ്.

(11) കരിങ്കൽ ക്വാറികളിൽ നിന്നും പിരിക്കുന്ന ഫീസാ പഞ്ചായത്തുകളുടെ വരുമാന പരിധിയിലേക്ക് വരുത്തുവാൻ വേണ്ട നടപടികൾ ചെയ്യണം.

(1'2) വൻകിട കർഷകരിൽ നിന്നും അവരുടെ , വാർഷിക വരുമാനത്തിനനുസൃതമായ ഒരു ചെറിയ നികുതി ഈടാക്കുന്നതും വിഭവസമാഹരണത്തിന് സഹായകമായിരിക്കും.

(13) നിലവിലുള്ള ലൈസൻസ് ഫീസുകൾ കാലാനുസൃതമായി പുതുക്കിയാൽ പഞ്ചായത്തിൻെറ വരുമാനം വർധിപ്പിക്കാം. ഇതിനുവേണ്ടനയപരമായതീരുമാനമെടുക്കുവാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

(14)പഞ്ചായത്തിൻെറ സകലവിധ വികസന വികസനപ്രവർത്തനങ്ങളും തദ്ദേശീയരായ തൊഴിൽ രഹിതരെ ഉപയോഗിച്ചും ജനകീയ കമ്മറ്റികളുണ്ടാക്കി വ്യക്തമായ സേവന വേതന ഉടമ്പടി പ്രകാരവും നടപ്പിലാക്കുക വഴി തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കുവാനും വിഭവ ചോർച്ച തടയുവാനും കഴിയുന്നു. മാത്രമല്ല ചൂഷകരമായ ഇടനിലക്കാരെ ഒഴിവാക്കാനും ഒരു പരിധിവരെ അഴിമതി തടയുവാനും ഇത് സഹായകരമായിത്തീരും.

(15) ഭരണ പരമായ ചെലവുകൾ കുറയ്ക്കുവാൻ കഴിഞ്ഞില്ലെങ്കിൽ തന്നെയും ഇനിയും വർധിക്കുന്നതു തടയുവാൻ പ്രത്യേക ശ്രദ്ധ അനിവാര്യമാണ്. തൊഴിലവസരങ്ങൾ തടയാതെ തന്നെ ഭാഗികമായ കമ്പ്യൂട്ടർ വൽക്കരണവും മറ്റും ഇതിന് സ്വീകരിക്കാവുന്നതാണ്.

(16) പഞ്ചായത്തിൻെറ പ്രവർത്തനങ്ങളി സുതാര്യതയും ബഹുജന പങ്കാളിത്തവും നൽകുന്നതോടെ പഞ്ചായത്തിൻെറ വിഭവ നഷ്ടം പരമാവധിതടയുവാൻ ജനങ്ങൾശ്രദ്ധിക്കുന്നതാണ്.

(17) പഞ്ചായത്തിൻെറ നോർമൽ വരുമാന മാർഗങ്ങളെഉപയോഗപ്പെടുത്തുന്നതിലുപരിയായിസൂക്ഷ്മമായപഠനങ്ങളോവിലയിരുത്തലുകളോ നടക്കുന്നില്ല. ആയതുകൊണ്ട് സുനിശ്ചിതമായ ചില വരുമാന സ്രോതസുകൾ ബോധപൂർവമല്ലെങ്കിൽക്കൂടി പൂർണമായോ, ഭാഗികമായോ ചൂഷണംചെയ്യപ്പെടാതിരിക്കുവാൻസാധ്യതയുണ്ട്. ഉദാഹരണമായി പറഞ്ഞ ാൽ അത്യാഢംബര പൂർണമായ വീടുകളുടെ നികുതി നിശ്ചയിക്കുമ്പോൾ ആഢംബരനികുതി എന്നോ എക്സട്രാ ഓർഡിനറി കംഫർട്ട് ടാക്സ് എന്ന പേരിലോ അധിക നികുതിഈടാക്കാവുന്നതാണ്.

# ഒടുവിൽ ഒരു വാക്കുകൂടി......

പഞ്ചായത്തിന്റെ സമഗ്ര വികസനരേഖ മാടക്കത്തറയിലെ പൗരാവലിക്കു മുമ്പാകെ സാദരം സമർപ്പിക്കുകയാണ്. പഞ്ചായത്തിലെ സമസ്തപ്രശ്നങ്ങളും പരിശോധിക്കപ്പെട്ടിട്ടുള്ള സമഗ്രരേഖയാണ് ഇതെന്നു അവകാശപ്പെടുന്നില്ല. എന്നാൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി വിലയിരുത്തപ്പെടേണ്ട എല്ലാ പ്രശ്നങ്ങളും അവതരിപ്പിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന ജനവികാരങ്ങൾ പ്രതിഫലിപ്പിക്കാൻ ഒട്ടൊക്കെ കഴിഞ്ഞിട്ടുണ്ട് എന്ന് നിസ്സംശയം പറയാം.

നമ്മുടെ പഞ്ചായത്തിന്റെ നിലവിലുള്ള സ്ഥിതി, പ്രശ്നങ്ങൾ, സാധ്യതകൾ എന്ന നിലയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഈ രേഖ – നാളെയുടെ പദ്ധതി രൂപങ്ങൾക്കുള്ള മാർഗ്ഗരേഖയാണ്. ഈ രേഖയുടെ വിജയം ഇതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിയുന്ന വികസന പദ്ധതികളാണ്. പദ്ധതികൾ പ്രാവർത്തികമാക്കുവാൻ വികസനമാഗ്രഹിക്കുന്ന, കക്ഷിരാഷ്ട്രീയ മത പരിഗണനകൾക്കതീതമായ, ജനകീയശക്തി ഉയർത്തിക്കൊണ്ടുവരണം. അതിനായുള്ള യത്നങ്ങൾക്ക് കർമ്മസേനയുടെ പ്രവർത്തനം സുസജ്ജമാക്കണം.

നിരവധി പേരുടെ അഹോരാത്ര പരിശ്രമത്തിന്റെ ഉല്പന്നമാണ് ഈ രേഖ. മാടക്കത്തറയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളും സ്കൂളുകളും മറ്റു തൊഴിൽ സ്ഥാപനങ്ങളും റിപ്പോർട്ട് തയ്യാറാക്കാൻ നമ്മോട് സഹകരിച്ചിട്ടുണ്ട്.

സാംസ്കാരിക ചരിത്ര പഠനങ്ങളുടെ ഭാഗമായി സഹകരിച്ച അനവധി പേരുണ്ട്. അവരെയെല്ലാം നന്ദിപൂർവ്വം സ്മരിക്കുന്നു.

മാർസ് കമ്മ്യൂണിക്കേഷൻസ് ഉടമ മോഹനൻ, ജയശങ്കർ, സന്തോഷ്, കേശവൻ തുടങ്ങിയ ജീവനക്കാർ, ഇവരോടെല്ലാമുള്ള അകൈതവമായ നന്ദി ഹൃദയത്തിൽ സൂക്ഷിക്കുന്നു.

ഒരു പുതിയ മാറ്റത്തിന്റെ വഴിത്താര വെട്ടിത്തുറന്നു മുന്നേറാൻ നമുക്കൊത്തൊരുമിച്ച് ശ്രമിക്കാം.

സാദരം

9.11.1996

കെ.ഡി.അപ്പച്ചൻ,
എഡിറ്റർ

## റിപ്പോർട്ടിൻെറ ഭാഗമായി മുഖാമുഖത്തിന് സഹകരിച്ച പ്രമുഖരിൽ ചിലർ

1. വി.ആർ. കൃഷ്ണനെഴുത്തച്ഛൻ (സ്വാതന്ത്ര്യസമരസേനാനി)
2. സ്വാമി സ്വരൂപാനന്ദ പൊങ്ങണംകാട്
3. കുളങ്ങര രാമൻകുട്ടി നായർ. മാടക്കത്തറ
4. സി.കെ.ഗോവിന്ദൻമാസ്റ്റർ അക്കരപ്പുറം
5. കൃഷ്ണൻ നമ്പൂതിരി ചിറയ്ക്കാക്കോട്
6. കൂത്തുപറമ്പിൽ അയ്യപ്പൻ കള്ളായി
7. കെ.ഇ.ചിന്നക്കാമൻ മാടക്കത്തറ
8. സെയ്തുമുഹമ്മദ് കുറ്റിക്കാട് (കുറ - ഒല്ലൂക്കര)
9. കെ.കെ. സുരേന്ദ്രൻ (പ്രഥമ പ്രസിഡൻറ്)
10. ചെമ്പകശ്ശേരി രാമൻകുട്ടി (പാണ്ടിപ്പറമ്പ്)
11. സി.വി.നാരായണൻ മാസ്റ്റർ വെള്ളാനിശ്ശേരി
12. പി.ജെ.മാത്തിരിടീച്ചർ മണ്ണുത്തി
13. വരടിയാട്ടിൽ നാരായണൻ മാറ്റാംപുറം
14. ഡോ.ടി.കെ.ശിവദാസൻ CIFT കൊച്ചി
15. എ.എസ്. അച്യുതൻ വെള്ളാനിക്കര

**വികസനറിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്**

ഇ.എൻ.ശശിധരൻ

ടി.വി.ബാബു

കെ.എൻ. കുട്ടമണി

സി.കെ.സുനന്ദാഭായ്

കെ.സി.സഹദേവൻ മാസ്റ്റർ

എ.വി.ശാന്ത

ശ്രീദേവി വിശ്വനാഥൻ

ഇ.കെ. ജയകുമാർ

എം.പി.സുമംഗലി

വാസന്തി കെ.ആർ.

മഞ്ജുള വി.എസ്.

എൻ.കെ. അരവിന്ദാക്ഷൻ

എ.വി.സത്യൻ

എം.എം. അവറാച്ചൻ

എ.കെ. അച്യുതൻ

ശശിധരൻ കള്ളാടത്തിൽ

BIBLIOGRAPHY


1. വിഭവഭൂപടം 1991
2. സാമൂഹ്യസാമ്പത്തിക സർവേ 1993
3. GALASA റിപ്പോർട്ട് 1991
4. Changing Landuse and Environment Consequences A study - by Narayann
5. കേരളത്തിലെ സ്ഥലനമചരിത്രം: വി.വി.കെ. വാലത്ത്
6. കേരളചരിത്രം : എ.ശ്രീധരമേനോൻ
7. കാനേഷുമാരി 1991







